# സാഹിത്യ
# ഗവേഷണമാല
(ഒന്നാം ഭാഗം)

4251

ഗ്രന്ഥകർത്താ:
ഏ. ബാലകൃഷ്ണപിള്ള

AMINA BOOK STALL,
TRICHUR-1.

PUBLISHERS:
THE MANGALODAYAM LTD.,
TRICHUR.

1954/1129

ഒന്നാംപതിപ്പ്:
കോപ്പി 1000.

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചത്.

വില:
രണ്ടുറുപ്പിക

4257

4257

ഇരുമ്പ് 1

"ഓരോ രാജ്യത്തിലേയും ജനങ്ങൾ തങ്ങളുടെ ജീവിതരീതി സ്വയംഭൂവാണെന്നു വിചാരിച്ചുവരുന്നു. ഏററവും പ്രാചീനരായ രാജ്യക്കാരുടെ ഇടയ്ക്കുപോലും, അവരുടെ ജീവിതരീതിയുടെ പത്തിലൊൻപതു ഭാഗവും വാസ്തവത്തിൽ പുറമേനിന്നു സ്വീകരിച്ചവയായിരിക്കും. ഓരോ രാജ്യക്കാൎക്കും അനന്യസദൃശമെന്നു വൎണ്ണിക്കാവുന്ന ഒന്നുണ്ടെന്നും തത്സമയത്തുതന്നെ സമ്മതിച്ചേ മതിയാവൂ. എന്താണു് ഇതു്? പല ശതകങ്ങൾകൊണ്ടു് അന്യരിൽനിന്നു നേടിയ അസംഖ്യം ആചാരവിജ്ഞാനഘടകങ്ങളെ അവയുടെ പുതിയ പരിതസ്ഥിതികളോടു തുടരേ ഇണക്കി രൂപഭേദപ്പെടുത്തിയിട്ടുള്ളതിൽനിന്നു് ഉത്ഭവിച്ച സമഗ്രമായ സംസ്കാരരീതിയത്രേ ഇതു്."

**പ്രൊഫസർ ഡാരിൽ ഫോർഡ്.**

# മുഖവുര

പല മാസികകളിലും ഞാൻ പ്രസിദ്ധീകരിച്ചിരുന്ന സംസ്കൃതചെന്തമിഴ്സാഹിത്യചരിത്രസംബന്ധികളായ ചില ലേഖനങ്ങളുടെ ഒരു സമാഹാരത്തിൻെറ ഒന്നാംഭാഗമാണ് പ്രകൃതകൃതി. ഇവയെ ഇതിൽ തിരുത്തിപ്പരിഷ്ക്കരിച്ചു വിപുലീകരിച്ചിട്ടുണ്ടു്. ശാസ്ത്രീയമായ സാഹിത്യചരിത്രഗവേഷണത്തെസ്സംബന്ധിച്ച് അന്യപരിഷ്കൃതരാജ്യക്കാരുടെ വളരെയധികം പിന്നിൽ നില്ക്കുന്നു ഭാരതം എന്നു നിഷ്പക്ഷപാതികൾ സമ്മതിക്കുകതന്നെ ചെയ്യും. ഇതിനു പ്രധാനമായ കാരണം സ്ഥലകാലനിർണ്ണയങ്ങളെ സംബന്ധിച്ചുള്ള ഇന്നത്തെ പ്രാചീന ഇന്ത്യാചരിത്രരചനയുടെ ശോചനീയമായ സ്ഥിതിയാണ്. അന്യരാജ്യചരിത്രങ്ങളിലും ചരിത്രഐതിഹ്യങ്ങളിലുംകൂടി ദൃഷ്ടി പതിപ്പി[illegible]ാതെയും, യുക്തിക്കു പുറമേ ഒരു ശാസ്ത്രജ്ഞനു് അപരിത്യാജ്യമായ രണ്ടു കാര്യങ്ങൾ — അപരോക്ഷാനുഭൂതിയും, ഇതിൻെറ പരീക്ഷണവും — പ്രയോഗിക്കാതെയും, ചരിത്രരചനയിൽ പ്രവേശിച്ചതാണ് പ്രസ്തുതദുസ്ഥിതി വരുത്തിവെച്ചതു്.

കാലത്തോടു ചേൎന്നു് ഒലിച്ചുകൊണ്ടിരിക്കുന്ന സംഭവ[illegible]ളുടെ പ്രവാഹത്തിൻെറ പഠനമല്ല, പിന്നെയോ, അതു വെളിപ്പെടുത്തുന്ന സ്ക്രൂസദൃശമായ മാനുഷികസ്വഭാവത്തിൻെറ പഠനമാണ് ശാസ്ത്രീയമായ ചരിത്രത്തിൻെറ കേന്ദ്രമെന്നാണ് ആധുനികമതം. മനുഷ്യമനസ്സു ശരീരത്തിൻെറ ഒരു പ്രവൎത്തനമാണെന്നും, ഇവയ്ക്കു തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടെന്നും ഇന്നത്തെ എൻ

ഡോക്രിനോളജിശാസ്ത്രജ്ഞർ സ്ഥാപിച്ചിട്ടുണ്ടു്. ശരീരം ശൂന്യത്തിൽ അല്ലല്ലോ പാക്കുന്നതു്. സ്ഥലകാലങ്ങളുടങ്ങിയ ഒരു പരിതസ്ഥിതി ഇതിനുണ്ടു്. ഈ പരിതസ്ഥിതിയും, ചെറിയ തോതിൽ നരവംശവും കൂടിച്ചേൎന്നു സൃഷ്ടിക്കുന്നതാണു് മനുഷ്യമനസ്സു്. ഇതുകാരണം സ്ഥലകാലങ്ങൾക്കു സൂക്ഷ്മതയില്ലെങ്കിൽ, മനുഷ്യന്റെ ചിത്തവൃത്തിയുടെ ഗതി ശരിയായി ഗ്രഹിക്കുവാൻ സാധിക്കുന്നതല്ല. ഒരു മനുഷ്യനായ കവിയുടെ കൃതികൾ സ്ഥലകാലങ്ങളെ സൂക്ഷ്മമാക്കാതെ പഠിക്കുന്നതായാൽ, അതിന്റെ ഫലം സത്യത്തിൽനിന്നു വളരെ അകന്നേ നില്ക്കുകയുള്ളു. ഒരു രാഷ്ട്രത്തിലെ ജനതയ്ക്കു സൂക്ഷ്മമായ ചരിത്രജ്ഞാനമുണ്ടായി, അതിന്റെ വെളിച്ചത്തിൽ പണ്ടത്തെ തെറ്റുകൾ തിരുത്തുകയും, അന്നത്തെ നല്ല കാൎയ്യങ്ങൾ പുതിയ പരിതസ്ഥിതിക്കു് അനുയോജ്യമാക്കി സ്വീകരിക്കുകയും ചെയ്താൽമാത്രമേ, അതിനു യഥാൎത്ഥമായ മുൻഗതി ഉണ്ടാകുകയുമുള്ളു.

സാൎവ്വലൌകികമായ ചരിത്രപഠനംമുഖേന ഞാൻ കണ്ടുപിടിച്ചിട്ടുള്ള അതിപ്രാചീനമായ കല്പഗണിതം പ്രയോഗിച്ചു പ്രസ്തുതദുസ്ഥിതി പരിഹരിക്കുവാനുള്ള ഒരു എളിയ പരിശ്രമമാണു് പ്രകൃതഗ്രന്ഥം. ഇതിന്റെ പ്രസ്സ് കോപ്പി ബുദ്ധിമുട്ടിപ്പകത്തിത്തന്നതിനു ശ്രീ: പറവൂർ ശിവനോടു് എനിക്കുള്ള കൃതജ്ഞതയും രേഖപ്പെടുത്തിക്കൊള്ളട്ടെ.

പറവൂർ,
1953.

എ. ബാലകൃഷ്ണപിള്ള

# ആമുഖം

പ്രകൃതകൃതി അച്ചടിച്ചുകൊണ്ടിരിക്കുമ്പോൾ, പുതിയ ഗവേഷണംമൂലം ഞാൻ കണ്ടുപിടിച്ചിട്ടുള്ള അതിലെ രണ്ടുമൂന്നു തെറ്റുകളുടെ തിരുത്തലും, ഒരു കൂടുതൽവിവരവും ഇതിൽ ചേർത്തുകൊള്ളുന്നു. ഇവയോടുകൂടി പ്രകൃതകൃതി വായിക്കണമെന്നു് അപേക്ഷിക്കുന്നു.

ഗ്രന്ഥാവതാരലേഖനത്തിൽ മേനന്ദരുടെ (ഇതാണു് ശരിയായ ഉച്ചാരണം) ജനനഗ്രാമമായ കലശ രാജൌരിയാണെന്നു പറഞ്ഞിട്ടുള്ളതു തിരുത്തി ഇമൌസ(ലങ്കാപുരി) ആയ പിണ്ഡി-ദഡൻ-ഖാൻ ആണെന്നു വായിക്കണം. ബൌദ്ധജയിനമതകൃതികളിൽ ലങ്കാപുരിയുടെ സംരക്ഷകദേവതയായി കലശോദരയക്ഷനെ പ്രസ്താവിച്ചിട്ടുണ്ടു്. ഇതിൽനിന്നു കലശ പിണ്ഡി-ദഡൻ-ഖാൻ ആണെന്നു മനസ്സിലാക്കാം.

രാജൌരിയെ ഹിയുൻസ്യാങ്ങ് ഹൊലൊഷെപുലോ എന്നു പേരിട്ടിട്ടുള്ളതു കലശപുരമെന്നതിൻെറ ചീനരൂപമെന്നു പറഞ്ഞിരിക്കുന്നതു തിരുത്തി കാരുഷപുരം എന്നതിൻെറ ചീനരൂപമെന്നു വായിക്കണം. സാൽവവംശത്തിനും, അതിൻെറ ഒരു ഉപവംശമായ മദ്രക്കും യഥാക്രമം കാരകുക്ഷികളെന്നും, മദ്രകാരരെന്നും പേരുകളുണ്ടു്. ഇവയിൽനിന്നു മദ്രതലസ്ഥാനമായ സാകല-രാജൌരിക്കു കാരുഷ എന്ന നാമം ലഭിച്ചു.

മേനന്ദർ എന്ന നാമം ഗ്രീക്കിൽ ചന്ദ്രനെന്നു് അർത്ഥമുള്ള മേനേ എന്ന പദത്തിൽനിന്നു ജനിച്ചതാണു്. 'മഞ്ജുശ്രീമൂലകല്പ'ത്തിൽ, മേനന്ദരെ ശേ-തചന്ദ്രനെ

നും, സാതവാഹനൻ എന്നും പേരുകൾ നൽകിയിരിക്കു ന്ന ഭാഗം ചുവടെ ഉദ്ധരിക്കുന്നു:—

"ദക്ഷിണാം ദിശിമാശ്രിത്യ സസമുദ്രാം വസുന്ധരാം
രാജാ ശ്വേതസുചന്ദ്രശ്ച സാതവാഹന ഏവ തു."

ഇതിലെ ദക്ഷിണദിക്കിനെ ആശ്രയിച്ചുകിടക്കുന്ന സമുദ്രദേശത്തോടുകൂടിയ രാജ്യം, ഇൻഡസിനും ജലം നദിക്കുമിടക്കുള്ള സിന്ധുസാഗരദ്വീപിനോടുകൂടിയ മേനാന്ദരുടെ ഗൌഡരാജ്യമാണു്.

പഞ്ചാബിലെ പ്രമഗധയുടെ (കീകടത്തിൻെറ) രാജധാനി ഗിരിവ്രജം രാജ്യേശ്വരിയാണെന്നു പ്രകൃതകൃതിയിൽ പറഞ്ഞിട്ടുള്ളതു തിരുത്തി പൂഞ്ചു്(അളക)നഗരമെന്നു വായിക്കണം. ഗിരിവ്രജത്തിൻെറ പര്യായങ്ങളായ കുസുമപുരി, പുഷ്പപുരി, പാടലീപുരം, വസുപുരം, വിശാല എന്നിവ ഇതു സ്ഥാപിക്കുന്നുണ്ടു്. ഗൃധ്രകൂടം, ഋഷിഗിരി, വൈഭാരം അഥവാ വൈഹാരം, വിപുലഗിരി, പാണ്ഡവഗിരി എന്നീ നാമങ്ങളുള്ള അഞ്ചു കുന്നുകളിൽകൂടിയാണു് ഗിരിവ്രജം സ്ഥാപിക്കപ്പെട്ടിരുന്നതു്. വസു എന്നതിനു ധനമെന്ന അത്ഥമുണ്ടു്. കുബേരരാജധാനിയായ അളക-പൂഞ്ചിനു തന്നിമിത്തം വസുപുരമെന്ന പേരു കിട്ടും. കുബേരവിമാനമായ പുഷ്പകത്തിൽനിന്നു് ഇതിനു പുഷ്പപുരി (കുസുമപുരി) എന്നും, കുബേരാക്ഷി എന്ന പര്യായമുള്ള പാടലി (പാതിരി) വൃക്ഷത്തിൻെറ പേരിൽനിന്നു പാടലിപുരമെന്നും, വിശാലമെന്ന പര്യായമുള്ള വിപുല(ഗിരി)യുടെ പേരിൽനിന്നു വിശാലയെന്നും നാമങ്ങൾ ഗിരിവ്രജത്തിനു ലഭിച്ചു.

കാളിദാസനു് ഈ ബിരുദം നൽകിയ ദേവീപീഠമായ ചംബാനഗരമാണു് ഹിന്ദുപുരാണങ്ങളിലെ ബ്രഹ്മവേദികളിൽ ഒന്നായ പുഷ്കരവേദിയെന്നു ഞാൻ പിന്നീടു കണ്ടുപിടിക്കുകയുണ്ടായി. വരുണന്റെ പുത്രനു പുഷ്കരനെന്നു പേരുണ്ടു്. വരുണപുത്രൻ എന്നു് ആസ്ത്രോ ഏഷ്യാററിക്ക്ഭാഷാകുടുംബത്തിൽ അത്ഥമുള്ള പാശികന എന്ന നാമം ടോളമി എന്ന ഗ്രീക്കഭൂമിശാസ്ത്രജ്ഞൻ ചംബാനഗരത്തിനു നല്കിയിരിക്കുന്നു. എ. ഡി. 500–676 എന്ന കാലത്തിനിടയ്ക്കു രചിച്ച ഇന്നത്തെ പത്മപുരാണപാഠത്തിനു മുമ്പു്, ഒരു ആദിപത്മപുരാണപാഠമുണ്ടായിരുന്നു. ഈ പൂർവ്വപാഠം രചിച്ചതു ചംബയായ പുഷ്കരത്തിൽവെച്ചാണു്. ഈ പൂർവ്വപാഠത്തെ തന്റെ ശാകുന്തളം, രഘുവംശം എന്നീ കൃതികളിൽ കാളിദാസൻ ആശ്രയിച്ചിട്ടുണ്ടു്. അദ്ദേഹം ഈ രാജ്യക്കാരനായിരുന്നതുനിമിത്തം ഇതു് എളുപ്പത്തിൽ സാധ്യവുമാണു്. കേരളത്തിലെ വിക്രമാദിത്യഹഷനായ രാമവമ്മൻ കുലശേഖരപ്പെരുമാൾ ഒന്നാമനും, (641–657 എ. ഡി) തന്റെ വാത്മീകിരാമായണവ്യാഖ്യാനമായ 'തിലകം' എന്നതിൽ, പത്മപുരാണത്തിന്റെ പൂർവ്വപാഠത്തിൽനിന്നാണു് പല ഭാഗങ്ങളും ഉദ്ധരിച്ചിട്ടുള്ളതു്. ഈ പുരാണത്തിന്റെ രണ്ടാംപാഠത്തെ എ. ഡി. എട്ടാംശതാബ്ദത്തിന്റെ പൂർവ്വാദ്ധത്തിൽ ജീവിച്ചിരുന്ന ഭവഭൂതി തന്റെ കൃതികളിൽ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു.

പറവൂർ,
1958 } എ. ബാലകൃഷ്ണപിള്ള

# വിഷയവിവരം


I. ഗുണാഢ്യൻ

II. കാളിദാസന്റെ ഊരും പേരും കാലവും

III. അനുബന്ധം: ഭൂപടങ്ങൾ

(1) പഞ്ചാബും കാശ്മീരവും

(2) രാമഗിരി

# സാഹിത്യ
# ഗവേഷണമാല

## 1. ഗുണാഢ്യൻ

പണ്ടൊരിക്കൽ പശ്ചിമോത്തരഭാരതത്തിലെ ഒരു മലയിൽ രണ്ടു ബ്രാഹ്മണർ ഒന്നിച്ചു തപസ്സുചെയ്തുകൊണ്ടിരുന്നു. ഇവരിൽ ഒരുത്തൻ അടുത്ത ജന്മത്തിൽ ഒരു രാജാവായും, മററവൻ അടുത്ത ജന്മത്തിൽ-നിർവാണമടഞ്ഞു മോക്ഷം പ്രാപിക്കുന്ന ഒരു മഹായോഗിയായും ജനിക്കണമെന്നുള്ള ആഗ്രഹങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. ഇവ അനുസരിച്ചു് അടുത്ത ജന്മത്തിൽ ഒന്നാമൻ മിളിന്ദൻ, മിലൻ, നന്ദൻ, ശതവാഹനൻ, അന്തിവാഹനൻ, നരവാഹനൻ, ഉദയനൻ മുതലായ ബിരുദങ്ങളുള്ള സിന്ധുരാജ്യനൃപനായി കലശഗ്രാമത്തിൽ ജനിച്ചു. മദ്രരാജ്യതലസ്ഥാനമായിരുന്ന സാകലനഗരമായിരുന്നു ഈ രാജാവിൻെറ രാജധാനി. അപരനാകട്ടെ ജനിച്ചതു കിപിൻ എന്ന ദേശത്തെ വിദർഭരാജ്യത്തിലെ വേദാലിപുരത്തിലായിരുന്നു. നാഗനെന്നു പേരുള്ള ഒരു ബ്രാഹ്മണബാലനായിട്ടാണു് രണ്ടാമൻ ജന്മംകൊണ്ടതു്. പിതാവു കുട്ടിയുടെ ജാതകം ജോത്സ്യന്മാരെക്കൊണ്ടു ഗണിപ്പിച്ചപ്പോൾ, അവൻ ഗണ്ഡാ

ന്തയോഗത്തിൽ പിറന്നവനാണെന്നും, തന്നിമിത്തം ഏഴു ദിവസംമാത്രമേ ജീവിച്ചിരിക്കുകയുള്ളു എന്നും അവർ പറഞ്ഞു. ഈ ബാലാരിഷ്ടത്തിനു പരിഹാരമായി നൂറു ഭിക്ഷുക്കൾക്ക് അന്നദാനം ചെയ്താൽ, ഒരു പക്ഷേ അവൻ ഏഴു വയസ്സുവരെ ജീവിച്ചിരിക്കുമെന്നും അവർ പിതാവിനെ ധരിപ്പിച്ചു. പ്രസ്തുതോപദേശമനുസരിച്ചു പിതാവു പ്രവർത്തിക്കുകയും ചെയ്തു.

കുട്ടിക്ക് ഏഴുവയസ്സ് അടുക്കാറായി. മാതാപിതാക്കന്മാർ യാതന അനുഭവിച്ചു. ഏകപുത്രമരണം കാണാതെയിരിക്കുവാൻ പിതാവ് അവനെ ഭൃത്യസഹിതം ദൂരെയുള്ള ഒരു വിജനസ്ഥലത്ത് അയച്ചു പാർപ്പിച്ചു. മരണദിനം സമീപിച്ചപ്പോൾ ഒരിക്കൽ, മഹാകരുണനെന്നുള്ള തന്റെ ബിരുദം അർത്ഥവത്താക്കത്തക്കവണ്ണം, അവലോകിതേശ്വരബോധിസത്വൻ വേഷംമാറി കുട്ടിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. നാലന്ദവിഹാരത്തിൽ പോയി ദീക്ഷ സ്വീകരിച്ച് ഒരു ഭിക്ഷുവായാൽ, മരണം വരുന്നതല്ലെന്ന് അദ്ദേഹം അവനോട് ഉപദേശിച്ചു.

നാഗൻ നാലന്ദയിൽ ചെന്ന് ഒരു ഭിക്ഷുവായി പഠിച്ചുതുടങ്ങി. കുറേ വർഷംകൊണ്ട് ആ വിഹാരത്തിലെ ചെറിയ ഒരുദ്യോഗസ്ഥനാകുവാൻ അവനു സാധിച്ചു. അചിരേണ ചണ്ഡികാദേവിയുടെ കാരുണ്യംകൊണ്ട് അവൻ യോഗാഭ്യാസത്തിൽ അതിസമർത്ഥനായി. തന്റെ പ്രസംഗം കേൾക്കുവാൻ വന്നിരുന്ന നാഗബാലന്മാർ തങ്ങളുടെ നാടായ പാതാളത്തേയ്ക്കു നാഗനെ ക്ഷണിച്ചു. ഇതു സ്വീകരിച്ചു നാഗൻ കുറേക്കാലം പാതാളത്തിൽ പോയി പാ

ത്തു. ഒടുക്കം നാഗന്മാരുടെ സമ്മാനങ്ങളും, അവരുടെ 'നാഗസഹസ്രിക' മുതലായ ഒട്ടധികം മതഗ്രന്ഥങ്ങളും വഹിച്ചുകൊണ്ടു നാഗൻ നാലന്ദയിലേയ്ക്കു തിരിച്ചുപോന്നു. അനന്തരം അദ്ദേഹം നാലന്ദവിഹാരത്തിൻെറ അദ്ധ്യക്ഷനായി ഭവിക്കയും ചെയ്തു.

പ്രസ്തുതസ്ഥാനലബ്ധിയോടുകൂടി നാഗഭിക്ഷു തൻെറ ഗുരുവായ മുന്നദ്ധ്യക്ഷൻ അവ്യക്തമായി മാത്രം ആലോചിച്ചുവെച്ചിരുന്ന മാദ്ധ്യമികമഹായാനബുദ്ധമതസിദ്ധാന്തത്തെ പോഷിപ്പിച്ച് അതു സുവ്യക്തം പ്രഖ്യാപിക്കയുണ്ടായി. ഗൌതമബുദ്ധൻ സ്ഥാപിച്ച നാസ്തികതാസ്പർശിയും യുക്തിപ്രധാനവുമായ ഹീനയാനബുദ്ധമതത്തിൽ വികാരസ്പർശിയായ ഒരു ഭാഗം കൂട്ടിച്ചേർത്ത് അതിനെ സാർവ്വജനീനമാക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് നാഗഭിക്ഷു തൻെറ പുതിയ മതം സ്ഥാപിച്ചതു്. നാഗഭിക്ഷുവിൻെറ ജനനഗ്രാമമായ വേദാലിയിൽനിന്നു മഹായാനമതത്തിനു 'വൈതുല്യ' (വൈദല്യ)മതം എന്ന പേരും പണ്ടു ലഭിച്ചിരുന്നു. സിലോൺചരിത്രമായ 'മഹാവംശ'ത്തിലും മദ്ധ്യേഷ്യയിലെ കയ്യെഴുത്തുബുദ്ധമതകൃതികളിലും വൈതുല്യമതത്തെ പ്രസ്താവിക്കുന്നുണ്ടു്. എന്നാൽ, മദ്ധ്യേഷ്യയിലെ ചില കയ്യെഴുത്തുകൃതികളിൽ ഇതിനു 'വൈപുല്യ'മതം എന്ന പേരും കൊടുത്തിരിക്കുന്നതായി കാണുന്നു. 'വൈതുല്യ'ത്തിൻെറ ഒരു ദുഷിച്ച രൂപമാണ് 'വൈപുല്യ'മെന്നതെന്ന ചിലരുടെ അഭിപ്രായം ശരിയല്ല. നാഗഭിക്ഷു വളരെക്കാലം പഞ്ചാബിൽ പണ്ടുണ്ടായിരുന്ന പ്രമഗധയുടെ രാജധാനിയായ ഗിരിവ്രജത്തിൽ പാർത്തിരുന്നതായി

പിന്നീട സ്ഥാപിക്കുന്നതാണ്. ഈ ഗിരിവ്രജത്തിന്റെ ചുറ്റുമുള്ള അഞ്ചു കുന്നുകളിൽ ഒന്നായ വിപുലഗിരിയിൽനിന്നാണ് 'വൈപുല്യം' എന്ന നാമം ജനിച്ചത്.

പിന്നീട നാഗഭിക്ഷു ദ്രാവിഡദേശക്കാരായ മധു, സുപ്രമധു എന്നീ രണ്ടു പ്രസിദ്ധരായ ഹിന്ദുമതപണ്ഡിതന്മാരെ വാദത്തിൽ തോല്പിച്ചു. കൂടാതെ അദ്ദേഹം ഒഡീശയിലെ മഞ്ജു എന്ന രാജാവിനേയും ധാരാനഗരത്തിലെ ഭോജരാജാവിനേയും മഹായാനമതാനുസാരികളാക്കുകയും ഇക്ഷുവർദ്ധനം, ഒഡീശാമുതലായ സ്ഥലങ്ങളിൽ വിഹാരങ്ങൾ സ്ഥാപിക്കയും ചെയ്തു.

നാഗഭിക്ഷുവിന്റെ കീർത്തി കേട്ടറിഞ്ഞപ്പോൾ സാകലരാജാവും മതതത്വശാസ്ത്രവാദങ്ങളിൽ അതിതാൽപര്യമുള്ളവനുമായ മിളിന്ദൻ അദ്ദേഹത്തെ സ്വരാജധാനിയിലേയ്ക്കു ക്ഷണിച്ചുവരുത്തുകയും, പല വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്തു. ഇവയുടെ ഫലമായി ഇവരിരുവരും ഉറ്റമിത്രങ്ങളായി ഭവിച്ചു. യോഗവിദ്യാമുഖേന ഇവർ തങ്ങളുടെ മുജ്ജന്മചരിത്രമറിഞ്ഞു. ഉടനെ എന്നും ഒരുമിച്ചു ജീവിക്കുവാനും, ഒന്നിച്ചു മരിക്കുവാനും ഇവർ നിശ്ചയിച്ചു. പ്രായമേറിയിട്ടും, ഒരു സിദ്ധനാകയാൽ, കാലകിങ്കരന്മാർ നാഗഭിക്ഷുവിനെ സമീപിച്ചില്ല. സ്നേഹിതനായ രാജാവിനോടൊന്നിച്ചു മരിക്കുവാൻ നാഗഭിക്ഷു നിശ്ചയിച്ചിരുന്നതുനിമിത്തം, കാലദൂതക്കു മൂത്തുനരച്ച മിളിന്ദനേയും യമലോകത്തേയ്ക്കു കൊണ്ടുപോകുവാൻ ധൈര്യമില്ലാതെ വന്നു. തന്റെ പുത്രന്മാർ വൃദ്ധരായി മരിക്കുന്ന

ത്തു കണ്ടുകൊണ്ടു മിളിന്ദൻ ജീവിതം നയിച്ചുവരുകയും ചെയ്തു.

ഇങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം മിളിന്ദന്റെ രാജ്ഞി തന്റെ ഒട്ടവിലത്തെ പുത്രനു ധരിക്കുവാനായി വിശേഷപ്പെട്ട ഒരു വസ്ത്രം സമ്മാനിക്കുവാൻ ഒരുങ്ങി. പക്ഷേ, അതു താൻ രാജാവാകുമ്പോൾമാത്രം നല്കിയാൽ മതിയെന്നു പറഞ്ഞു പുത്രൻ നിരസിച്ചു. പിതാവു ചിരംജീവിയായതുനിമിത്തം പുത്രനു രാജാവാകാൻ ഭാഗ്യമില്ലെന്നു മാതാവു ദുഃഖിച്ചു പറഞ്ഞതിനെത്തുടൎന്നുണ്ടായ സംഭാഷണത്തിൽനിന്നു പിതാവിന്റെ ദീൎഘായുസ്സിന്റെ രഹസ്യം രാജകുമാരൻ മനസ്സിലാക്കി. ഉടനെ നാഗഭിക്ഷുവിനെ അന്വേഷിച്ചു കണ്ടുപിടിച്ച് അദ്ദേഹത്തോടു തനിക്കുവേണ്ടി മരിക്കണമെന്ന് അപേക്ഷിക്കാൻ നിശ്ചയിച്ചു രാജകുമാരൻ ഇപ്രകാരം ചെയ്യുകയും ചെയ്തു.

നാഗഭിക്ഷുവിനു താമസിച്ചു യോഗാഭ്യാസം തുടരുവാനായി മിളിന്ദൻ പണിയിച്ച വിഹാരത്തിൽവെച്ചാണ് രാജകുമാരൻ അദ്ദേഹത്തോടു മേല്പറഞ്ഞ അപേക്ഷ ചെയ്തതു്. ഈ വിഹാരം ശ്രീപൎവ്വതത്തിൽ, അഥവാ ഭ്രമരഗിരിയിൽ, സ്ഥിതിചെയ്തിരുന്നു. അപേക്ഷ കേട്ടു നാഗഭിക്ഷു രാജകുമാരനോടു തന്റെ കഴുത്തു വെട്ടാൻ പറഞ്ഞു. രാജകുമാരൻ അപ്രകാരം ചെയ്തു. പക്ഷേ അനേകം തവണ വെട്ടിയിട്ടും ഭിക്ഷുവിന്റെ തലയററില്ല. അനന്തരം കുറേ നേരമാലോചിച്ചതിനുശേഷം നാഗഭിക്ഷു രാജകുമാരനോടു പറഞ്ഞു: "എന്റെ തല ഒരു കുശപ്പുല്ലുകൊണ്ടു ഛേദിച്ചാൽമാത്രമേ മുറിയുകയുള്ളു. മുജ്ജന്മ

കമ്മഫലംനിമിത്തമാണ് ഇങ്ങനെ വന്നതു്. മുജ്ജന്മ ങ്ങളിലൊന്നിൽ ഞാൻ ഒരു കൃമിയെ ഒരു കുശപ്പുല്ലുകൊണ്ടു കൊന്നിരുന്നു. ആ കൃമിയായിരുന്ന നിങ്ങൾ ഈ ജന്മത്തിൽ ഒരു രാജകുമാരനായി ജനിച്ചു. ഞാൻ മുജ്ജന്മത്തിൽ നിങ്ങളോടു ചെയ്തതുപോലെ നിങ്ങൾ എന്നോടു പ്രവത്തിക്കണം. അപ്പോൾ ഞാൻ മരിക്കും. എങ്കിലും, എൻെറ തല പില്ക്കാലത്തു് ഉടലിനോടു ചേന്നു ഞാൻ വീണ്ടും ജീവിക്കയും ധമ്മപ്രചരണം നടത്തുകയും ചെയ്യുമെന്നുകൂടി നിങ്ങളെ ധരിപ്പിച്ചുകൊള്ളട്ടെ." ഈ നിർദ്ദേശപ്രകാരം രാജകുമാരൻ പ്രവത്തിച്ചപ്പോൾ നാഗഭിക്ഷുവിൻെറ തലയററു വീണു. രാജകുമാരൻ തല വഹിച്ചുകൊണ്ടു പോകുവാൻ ഭാവിച്ചു. അപ്പോൾ ഒരു യക്ഷൻ അതു തട്ടിപ്പറിച്ച് അഞ്ചു യോജന ദൂരത്തു വലിച്ചെറിഞ്ഞു. അതു് അവിടെ ഒരു ശില (കല്ല്) ആയിത്തീരുകയും ചെയ്തു.

നാഗസേനനെന്ന ബുദ്ധമതഭിക്ഷുവിൻെറ 'മിളിന്ദപ്രശ്നം' എന്ന സംസ്കൃതകൃതി 317—400 എ. ഡി. എന്ന കാലത്തു ചീനഭാഷയിലേയ്ക്കു പരിഭാഷപ്പെടുത്തിയിരുന്നു. ഇതിൻെറ അവതാരികയിലും തിബത്തുകാരൻ താരാനാഥൻെറ ബുദ്ധമതചരിത്രം, 'മഞ്ജുശ്രീമൂലകല്പം' മുതലായ മഹായാനബുദ്ധമതകൃതികളിലും വിവരിച്ചിട്ടുള്ള ഐതിഹ്യങ്ങൾ തമ്മിൽ ഘടിപ്പിച്ചു ഞാൻ രചിച്ച കഥയാണ് മുകളിൽ ചേത്തിട്ടുള്ളതു്. ഇവയേയും ഇവയോടു ബന്ധമുള്ള അന്യൈതിഹ്യങ്ങളേയും ആസ്പദിച്ചു ഞാൻ നടത്തിയ ഗവേഷണത്തിൻെറ ഫലങ്ങളെ ഇനി വിവരിക്കുന്നു.

ബി. സി. 83-ൽ ജനിച്ച ബി. സി. 55—14 എന്ന കാലത്തു പഞ്ചാബിൽ നാടുവാണിരുന്ന അൎദ്ധഗ്രീക്കവംശജനായ ഒരു മദ്രകുലനൃപനാണു് പ്രസ്തുതകഥയിലെ മിളിന്ദൻ. ഉജ്ജൈനിയും ധാരാനഗരവും രാജധാനികളായിരുന്ന മാലവരാജ്യനരപതിയായ വിക്രമാദിത്യഭോജനെന്നു ഹൈന്ദവൈതിഹ്യവും, നരവാഹനനെന്നു ജൈനൈതിഹ്യവും, ഇൻഡോ-ഗ്രീക്കരാജവംശജൻ മെനന്ദർ (മേനന്ദർ) എന്നു് ഇന്നത്തെ ഇൻഡ്യാചരിത്രകാരരും പേരിട്ടിട്ടുള്ള ദേഹവും ഇദ്ദേഹംതന്നെ. മഹാരാജമെനന്ദർ എന്ന ഭാരതീയബിരുദവും 'സോടർ' (രക്ഷിതാവു്, ത്രാതാവു്), 'ഡികെയോസ്' (നീതിശീലൻ) എന്നീ ഗ്രീക്കബിരുദങ്ങളും ഇദ്ദേഹത്തിന്റെ നാണയങ്ങളിൽ കാണാം. അലക്സാണ്ഡർമഹാന്റെ പാരസികസാമ്രാജ്യാക്രമണാനന്തരം മദ്ധ്യേഷ്യയിലെ ഓക്സസ്സ് നദീതീരങ്ങളിൽ ഉത്ഭവിച്ച ബാക്ട്രിയാരാജ്യത്തിലെ ഗ്രീക്ക് രാജവംശാംഗങ്ങൾ പഞ്ചാബിനെ ആക്രമിച്ചു കീഴടക്കി, അവിടെ തക്ഷശിലയും ബൂക്കെഫാലനഗരവും തലസ്ഥാനങ്ങളായുള്ള രണ്ടു രാജ്യങ്ങൾ സ്ഥാപിച്ചിരുന്നു.

പ്രാചീനകാലത്തു പ്രസിദ്ധിനേടിയ ഒരു സൎവ്വകലാശാലയുണ്ടായിരുന്ന തക്ഷശില ശ്രീരാമന്റെ കാലത്തെ അയോദ്ധ്യാനഗരത്തിനു സമീപമാണു് സ്ഥിതിചെയ്യുന്നതു്. അലക്സാണ്ഡർമഹാന്റെ വിശ്രുതമായ അശ്വം ബൂക്കെഫാലസ് മരിച്ച സ്ഥലത്തു് അതിന്റെ സ്മരണാൎത്ഥം അദ്ദേഹം സ്ഥാപിച്ച നഗരമാണു് ബൂക്കെഫാല. ജലംനദീതീരത്തിലെ ഇന്നത്തെ ജലംനഗരത്തിനു് ഒരു കമ്പ

തുമെൽ വടക്കുള്ള പിണ്ഡികടത്തിനു സമീപമായിരുന്നു ബൂക്കെഫാല നിന്നിരുന്നതു്. പുരാണപ്രസിദ്ധമായ പാണ്ഡവരാജധാനി ഇന്ദ്രപ്രസ്ഥം ഇതിനു സമീപം സ്ഥിതിചെയ്തിരുന്നു. ഇന്നത്തെ ഡൽഹിയുടെ നാമം ഇന്ദ്രപ്രസ്ഥത്തിൻെറ മറെറാരു പേരായ ദേഹലിയിൽനിന്നു ജനിച്ചതാണു്. മദ്യത്തിനു മദിര എന്നും ദേഹലാ എന്നും സംസ്കൃതപര്യായങ്ങളുണ്ടല്ലോ. അതുകൊണ്ടു ദേഹലീനഗരത്തിനു മദിര, അഥവാ മദ്ര, എന്ന നാമവും ഉണ്ടായിരുന്നു എന്നു് ഊഹിക്കാം.

ബി. സി. ഒന്നാംശതാബ്ദത്തിൻെറ പ്രാരംഭത്തോടുകൂടി തക്ഷശിലയിലെ ഗ്രീക്കരാജവംശം നാമാവശേഷമാവുകയും ഇവരുടെ രാജ്യം ബൂക്കെഫാലരാജ്യത്തിൽ ലയിക്കയും ചെയ്തു. എ. ഡി. ഒന്നാംശതാബ്ദത്തിലെ പ്ലിനി എന്ന റോമാഗ്രന്ഥകാരൻ അസേനി(അശനി, അഥാ, വജ്ര)വർഗ്ഗക്കാരെന്നു ബൂക്കെഫാലരാജവംശത്തിനു പേരു നല്കിയിരിക്കുന്നു. ഗുണാഢ്യൻെറ വിശ്വവിശ്രുതമായ 'ബൃഹത്കഥ'യെ ആസ്പദിച്ചു രചിച്ചിട്ടുള്ള വരരുചിയുടെ 'സിംഹാസനദ്വാത്രിംശികാ' എന്ന കഥാസമാഹാരത്തിലും മറൈതിഹ്യങ്ങളിലും മാലവത്തിലെ വിക്രമാദിത്യഭോജൻെറ സാലഭഞ്ജികാലംകൃതമായ വജ്രസിംഹാസനത്തെപ്പററി പറയുന്നുണ്ടു്. ഈ സിംഹാസനം പുരാണപ്രസിദ്ധമായ മദ്രരാജ്യതലസ്ഥാനമായ സാകലയിൽ (കാശ്മീരത്തെ ഇന്നത്തെ രാജൌരിനഗരത്തിൽ)നിന്നിരുന്നു എന്നു ഞാൻ കണ്ടുപിടിച്ചിട്ടുമുണ്ടു്.

ബൂക്കെഫാലരാജാക്കന്മാർ പതിവായി സാകലയി

ലെ മദ്രരാജവംശകന്യകകളെ വേട്ടുവന്നിരുന്നു. മദ്രർ മരുമക്കത്തായികളായിരുന്നതു ബ്യൂക്കെഫാലയിലെ ഗ്രീക്കരാജവംശവും സാകലയിലെ മദ്രവംശവും തമ്മിൽ ലയിക്കുന്നതിനിടയാക്കി. കേരളീയൎക്കു സുപരിചിതമായ പെൺവഴിനാട്ടുവാഴ്ച മദ്രർ സ്വീകരിച്ചിരുന്നതുനിമിത്തം, മദ്രവംശകന്യകകൾക്കു മക്കത്തായികളായ ബ്യൂക്കെഫാലയിലെ ഗ്രീക്കഭൎത്താക്കന്മാരിൽനിന്നു ജനിക്കുന്ന സന്തതികൾ ഒരേസമയത്തുതന്നെ നിയമേന മദ്രനൃപരും ബ്യൂക്കെഫാലരാജാക്കന്മാരുമായി ഭവിക്കുമല്ലോ.

ഏ. ഡി. രണ്ടാംശതകത്തിൽ രചിച്ച ഗ്രീക്കകാരൻ ടോളമിയുടെ ഭൂമിശാസ്ത്രത്തിൽ, മദ്രതലസ്ഥാനമായ സാകല, ബ്യൂക്കെഫാല, ലവക, ഇമൌസ എന്നീ പുരികളടങ്ങിയ പഞ്ചാബിലെ ഒരു രാഷ്ട്രത്തെ ഭരിച്ചുവന്നതു പാണ്ഡുവോയ് എന്ന രാജവംശമാണെന്നു പ്രസ്താവിച്ചിരിക്കുന്നു. ഈ വംശപ്പേരു പാണ്ഡ്യർ എന്നതിന്റെ ഒരു ഗ്രീക്കുരൂപമാണു്. ആദിപൌരാണികകാലത്തെ പാണ്ഡ്യരാജ്യം ഹെർക്കുലേസ് എന്ന മഹാവീരൻ തന്റെ ഏകപുത്രിയും വാൎദ്ധക്യകാലത്തെ ഭാൎയ്യയുമായ പാണ്ഡ്യായ്ക്കുവേണ്ടി സൃഷ്ടിച്ചതാണെന്നും ഭാരതീയരുടെ ഇടയ്ക്കു പെൺവാഴ്ചയുള്ള ഏകരാഷ്ട്രം ഇതു മാത്രമായിരുന്നുവെന്നും ചന്ദ്രഗുപ്തമൌൎയ്യന്റെ രാജധാനിയിൽ ഗ്രീക്കരാജദൂതനായി പാൎത്തിരുന്ന മെഗാസ്തെനെസ് പ്രസ്താവിച്ചിട്ടുണ്ടു്. കൂടാതെ, ഇതിൽ തന്റെ കാലത്തു താമസിച്ചിരുന്നവരായ ശൂരസേനവൎഗ്ഗക്കാർ ഈ ഹെർക്കുലേസ്സിനെ അത്യധികം ബഹുമാനിച്ചുവരുന്നു എന്നും മഥുര, ക്ലെയിസോബാര എന്നീ ര

ണ്ടു വലിയ നഗരങ്ങൾ സ്ഥിതിചെയ്തിരുന്ന ഇവരുടെ രാജ്യത്തിലൂടെ ഇസൊബൈരസ്സുനദി ഒഴുകിയിരുന്നു എന്നും ഈ രാജദൂതൻ പറയുകയും ചെയ്യുന്നു.

മദ്രരാജവംശമാണ് ടോളമിയുടേയും മെഗാസ്തനെസിൻേറയും പണ്ഡ്യർ. ഭദ്രംകര എന്ന പേരുകൂടിയുള്ള സാകലകാശ്മീരത്തെ രാജൌരിയിലും, ബ്രൂക്കെഫാല പഞ്ചാബിലെ ജലംനഗരത്തിനു സമീപവും, ലവക രാജൌരിക്കു വടക്കുള്ള ലോഹരെയിൻഗ്രാമത്തിലും, ഇമൌസ (യമനഗരം) ജലംനഗരത്തിന് ഒരു നാല്പതു മൈൽ തെക്കുപടിഞ്ഞാറുള്ള പിണ്ഡിദഡൻഖാൻനഗരത്തിലും നിന്നിരുന്നു എന്നു ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്. മിഹിരകുലനെന്ന രാജാവിൻെറ ദിഗ്വിജയം വർണ്ണിക്കുമ്പോൾ ഇമൌസയ്ക്കു കാശ്മീരചരിത്രകാവ്യമായ 'രാജതരംഗിണി' എമുഷാ എന്നും ലങ്കയെന്നും പേരുകൾ നല്കിയിരിക്കുന്നു. മെഗാസ്തനെസിൻെറ മഥുരനഗരം ജലം, ചീനാബ് എന്നിവയുടെ സംഗമസ്ഥലത്തിനു സമീപമുള്ളതും ശ്രീകൃഷ്ണൻെറ കാലത്ത് ഉത്തരമഥുരയെന്ന നാമം വഹിച്ചിരുന്നതുമായ ഇന്നത്തെ ഝങ്-മാഘിയാനനഗരവും, ക്ലെയിസോബാര മിളിന്ദൻെറ ജന്മനഗരവുമായി മുമ്പു വിവരിച്ച കഥ പറയുന്ന കുലശയും, മദ്രതലസ്ഥാനമായ സാകലയുമാണ്. പണ്ടു പഞ്ചാലധാരാ എന്ന പേരു വഹിച്ചിരുന്ന പീർ പഞ്ചാൽപാതയുടെ അല്പം തെക്കായി സ്ഥിതിചെയ്യുന്നതു കാരണം കലശയ്ക്കു ധാരാനഗരമെന്നും പണ്ടു പേരു കിട്ടിയിരുന്നു. കലശവാര (കലശഗ്രാമം) എന്നതിൻെറ ഗ്രീക്കുരൂപമത്രേ ക്ലെയിസോബാര എന്നതു്. മെഗാസ്തനെസി

ൻെറ ഇസോമ്പാരസ് നദി പണ്ടത്തെ സൌവ്വീരരാജ്യത്തിലൂടെ ഒഴുകിയിരുന്നതുനിമിത്തം സൌവ്വീരം (ഇസോമ്പരസ്) എന്ന നാമം നേടിയ ഇന്നത്തെ ജലംനദിയുമാണ്. മെഗാസ്തനെസിൻെറ ഹെർക്കുലേസ്സ് ശൂരസേനവംശജൻ ശ്രീകൃഷ്ണന് ഒരു മൂന്നു സഹസ്രാബ്ദത്തോളം മുമ്പു ജീവിച്ചിരുന്ന ഒരു വിഷ്ണ്വവതാരമാണ്. മഹാവിഷ്ണുവിനും ഹെർക്കുലേസ് എന്ന ബിരുദമുണ്ടായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു.

ചരിത്രാതീതകാലത്ത് ഉത്ഭവിച്ച ഒരു രാജവംശമായ സാൽവരുടെ ഒരു ശാഖയാണ് മദ്രകുലം. സാൽവരുടെ ഏതാനും ശാഖകളെ ചുവടെ ചേക്കുന്ന 'ചന്ദ്രവൃത്തി'ശ്ലോകം പ്രസ്താവിച്ചിരിക്കുന്നു:

"ഉദുംബരാസ്തിലഖലാ മദ്രകാരയുഗന്ധരാഃ
ഭൂലിംഗാഃ ശരദണ്ഡാശ്ച സാൽവാവയവസംജ്ഞിതാഃ"

ഇവ കൂടാതെ, കാരകുക്ഷികളെന്നും കേകയരെന്നും സാൽവക്കു നാമങ്ങൾ ഉണ്ട്. പാമിർ ഉപത്യകയുടെ ഒരു ഭാഗത്തിനു കാർഗുഷ്പാമിർ എന്ന നാമം കിട്ടിയതു കാരകുക്ഷി എന്ന ഇവരുടെ പേരിൽനിന്നാണ്. ഭൂലിംഗശാഖയെ കുലിംഗരെന്നും ഭേരുണ്ഡരെന്നും പറയും. പൌരാണികകാലത്തെ ചേരചോളപാണ്ഡ്യകുന്തളരാജവംശങ്ങളുടേയും കാളിദാസൻെറ കാലത്തെ മദ്ധ്യേൻഡ്യയിലെ ഉത്തരപാണ്ഡ്യവംശത്തിൻേറയും പൂർവ്വികനായ തുർവ്വസുവും സാൽവരുടെ ശാഖകളിലൊന്നിൽ ഉൾപ്പെട്ടവനായിരുന്നു. അംഗരാജാവായ കർണ്ണൻ കോപിച്ചപ്പോൾ അദ്ദേഹം ശല്യൻെറ വംശക്കാരായ മദ്രരെ അവരുടെ കുടുംബ

ജീവിതരീതിയെ ആസ്പദിച്ചു വളരെയൊക്കെ തെറിപറഞ്ഞതായി മഹാഭാരതം പ്രസ്താവിക്കുന്നുണ്ടല്ലോ. എന്നാൽ ദമ്പതിഭക്തിക്കു പേരെടുത്ത സത്യവാനും സാവിത്രിയും സാൽവരുടെ ശാഖകളിൽപ്പെട്ടവരാണുതാനും. ആദിപൌരാണികകാലങ്ങളിൽ പലപ്പോഴും സാൽവരായ കേകയകന്യകകളെ വേൾക്കുകയും ഈ കേകയവംശത്തിന്റെ ഒരു ശാഖയായ ക്ഷുദ്രമാലവ—അഥവാ, ക്ഷുദ്രക—വംശത്തെ തന്മൂലം സൃഷ്ടിക്കുകയും ചെയ്തവരും പതിഭക്തി മുറുകെ പിടിച്ചിരുന്നവരുമായ ഇക്ഷ്വാകുകൾ തങ്ങളുടെ പതിഭക്തിവ്രതത്തെ ഭംഗപ്പെടുത്തുന്ന കുമാരികളെ കല്യാണംകഴിക്കുമായിരുന്നോ? ഈ പരസ്പരവൈരുദ്ധ്യം എങ്ങനെയുണ്ടായി? സാൽവരുടെ മരുമക്കത്തായംകൊണ്ടും പെൺവാഴ്ചകൊണ്ടുംതന്നെ.

സാൽവപദത്തിന്റെ ഉത്ഭവത്തെപ്പററിയും സാൽവരുടെ പൌരാണികകാലബന്ധുക്കളെക്കുറിച്ചും ചരിത്രപ്രാധാന്യമുള്ള ചില വിവരങ്ങൾ പ്രസ്താവിച്ചുകൊള്ളട്ടെ. വൈദികകാലത്തെ ഭാരതീയരെപ്പോലെ, ഇന്ദ്രവരുണനാസത്യാദിദേവന്മാരെ ആരാധിച്ചുവന്നിരുന്നവരെന്നു് ഇന്നു കണ്ടുപിടിച്ചിട്ടുള്ള മെസൊപ്പൊത്തേമിയായിലെ ഹരിയൻ-മിതാന്നിനരവംശക്കാരുടെ (ബൈബിളിലെ ഹോറൈററുവർഗ്ഗക്കാരുടെ) ഭാഷയിൽ 'സാൽ' എന്ന പദത്തിനു കന്യക എന്നർത്ഥമുണ്ടു്. മതകർമ്മപൂർവ്വം വിവാഹം നടത്താതെയിരുന്നതുകാരണം ഈ പേരു രതിദേവിയായ കാളിക്കും കിട്ടി. ഈ ദേവീനാമത്തിൽനിന്നാണു് സാൽവർ എന്ന വംശനാമം ഉത്ഭവിച്ചിട്ടുള്ളതു്. സുമേരിയൻഭാഷ

യിൽ സാൽവ എന്നതിനു സാൽദേവി ഇരിപ്പിടമായിട്ടുള്ള വർ, അഥവാ സാൽദേവീസന്തതികൾ, എന്നു് അർത്ഥമുണ്ടു്. പ്രാചീനബാബിലോണിയായിലെ ജ്യോതിശ്ശാസ്ത്രജ്ഞർ കന്നിരാശിയുടെ അധിഷ്ഠാനദേവതയായി സാലദേവിയെ സങ്കല്പിച്ചിരുന്നു. സിറിയായിലെ ഐതിഹ്യപ്രകാരം സാലദേവിയുടെ ഭർത്താവു ദഗൻ, അഥവാ അദാദ്, ആണു്. തശ്-തുശ് എന്ന നാമം നല്കി ഈ ദേവനെ ഒരു പ്രളയത്തോടു് അതിപ്രാചീനമായ ഒരു സുമേരിയൻ സ്തവം ഘടിപ്പിക്കുകയും ചെയ്തിരിക്കുന്നു.

കന്നിരാശിയിലെ പ്രധാനനക്ഷത്രം ഹിന്ദുക്കളുടെ ഇടയിൽ അത്തമാണല്ലോ. വൈദികകാലത്തെ ജ്യോതിശ്ശാസ്ത്രകൃതികൾ അത്തത്തിൻെറ അധിഷ്ഠാനദേവത സവിതാവാണെന്നു പറയുന്നു. ദക്ഷിണേൻഡ്യയിലെ ഐതിഹ്യങ്ങളുൾക്കൊള്ളുന്ന ഭാഗവതപുരാണത്തിലെ ശിംശുമാരചക്ര(നക്ഷത്രചക്ര)വർണ്ണനയിലാകട്ടെ, അത്തത്തിൻെറ അധിഷ്ഠാനദേവതയായി ആകാശഗംഗയെയാണു് പ്രസ്താവിച്ചിട്ടുള്ളതു്. സവിതാവു് ഒരു പ്രളയമുണ്ടാക്കിയ ഈജിപ്റ്റുകാരുടെ രാദേവൻ (രവിദേവൻ) ആകുന്നു. ആദിബ്രഹ്മാവെന്നും മഹാവിഷ്ണുവെന്നും മററും ഇദ്ദേഹം പല നാമങ്ങൾ വഹിച്ചിരുന്നു. ബ്രഹ്മപുത്രിയും മതകർമ്മപ്രകാരം അദ്ദേഹം വിവാഹം കഴിക്കാതെ ഭാര്യയാക്കിയ ദേവിയുമാണു് ആകാശഗംഗയെന്നു പേരുള്ള സരസ്വതീദേവി. സോദരിയാണെങ്കിലും പിതൃഭാര്യകൂടിയുമായ ആകാശഗംഗയെ അവരോടുള്ള ബഹുമാനസൂചകമായി ശിവൻ തൻെറ ജടയിൽ ധരിക്കുന്നുമുണ്ടു്.

ബാബിലോണിയാക്കാർ ശിവനു തമ്മൂസ്സ് എന്നു പേരിട്ടിരുന്നു. ഇദ്ദേഹത്തിൻെറ പേരു വഹിക്കുന്ന തമ്മൂറൈറ് എന്ന അറബിവർഗ്ഗക്കാരുടെ ഒരു നബിയായി ഒരു സാലിയെ അവരുടെ ഐതിഹ്യം പ്രസ്താവിക്കുന്നുണ്ട്. ഇദ്ദേഹവും, ബുദ്ധമതക്കാരുടെ സാലേന്ദ്രരാജനെന്ന ബോധിസത്വനും, സാലനും സവിതാവുമായ മഹാവിഷ്ണുതന്നെയാണ്. കാക്കയെന്നു ലത്തീനിൽ അർത്ഥമുള്ള കോർവി എന്ന നാമം പാശ്ചാത്യർ അത്തംനക്ഷത്രത്തിനു നല്കിയിട്ടുണ്ട്. ബലിപുഷ്ടവും ബലിഭുക്കും കാകൻെറ സംസ്കൃതപര്യായങ്ങളാണ്. ഇതു് ആദിമഹാബലി മഹാവിഷ്ണുവായ സാലനെന്നു സൂചിപ്പിക്കുന്നുണ്ട്. വെറുതെയാണോ സാൽവവംശജരായ കേരളീയർ ഇന്നും ആണ്ടിലൊരിക്കൽ സാൽവനും മഹാബലിയും തിരുവോണത്തപ്പനും അത്തത്തിൻെറ ദേവതയുമായ മഹാവിഷ്ണുവിനെ തിരുവോണാഘോഷം, അത്തപ്പൂവിടൽ എന്നിവമുഖേന സ്മരിച്ചുവരുന്നതു്? ചരിത്രാതീതകാലത്തെ ബാബിലോണിയായിലെ സുമേരിയൻമഹാകാവ്യമായ 'ഇഷ്ടാർദേവിയുടെ (രതിദേവിയുടെ) പാതാളാവരോഹണ'ത്തിൻെറ ഒരു പ്രതിധ്വനിമാത്രമാണ് ഭാരതീയരുടെ സുപ്രസിദ്ധമായ സാവിത്രീ-സത്യവാൻകഥയെന്നു കാണാം. ഈ കഥയിൽ, സാവിത്രിക്കു സാൽവവംശജൻ സത്യവാനിൽനിന്നു സവിത്രീനാമാങ്കിതരായ നൂറു പുത്രരും, സാവിത്രിയുടെ മാതാവും അശ്വപതികേകയൻെറ ഭാര്യയുമായ മാളവിക്കു മാളവനാമം വഹിക്കുന്ന നൂറു സന്താനങ്ങളും ഉണ്ടാകട്ടെ എന്നു യമവൈവസ്വതൻ വരം കൊടുത്തതായി പുരാണങ്ങളിൽ

പ്രസ്താവിക്കുന്നുണ്ട്. ഈ കഥയിൽനിന്നും മുമ്പു വിവരിച്ച സംഗതികളിൽനിന്നും സാൽവർ, സാവിത്രകർ, സാരസ്വതർ, അഥവാ വികർണ്ണർ, ഗാംഗേയർ എന്നീ പേരുകളുള്ള വംശക്കാർ കന്യാകുബ്ജം (കന്യാദേവിക്ഷേത്രമുള്ള പുരം), കോശാംബി, മഹോദയം, കുശസ്ഥലം, വത്സനഗരം, വംശ(വഞ്ചി)നഗരം, വിശാല മുതലായ പേരുകളുള്ള നഗരങ്ങളിൽ നാടുവാണിരുന്നു എന്നു മനസ്സിലാക്കാം. ഇതുപോലെ മാളവർ (മാലവർ) ആകട്ടെ മാലവം, മല്ലം, മലയം, അവന്തി, ലാടം എന്നീ നാമങ്ങൾ വഹിച്ചിരുന്ന രാജ്യത്തിലാണ് നാടുവാണിരുന്നതു്. ഇതിൻെറ രാജധാനിക്കു സാൽവരാജധാനീയനാമങ്ങൾക്കു പുറമേ ഉജ്ജെനി, വിശാല, കോലാഹലം, കരവീരപുരം, പത്മാവതി, മയൂരപുരം (മൈലാപ്പൂർ), ക്ഷുല്ലകപുരം (ക്ഷുദ്രകപുരം), സിന്ധുദ്വീപ് മുതലായ പല നാമങ്ങളുംകൂടി ഉണ്ടായിരുന്നു. സാരസ്വതരുടെ ഒരു പര്യായമായി ഹേമചന്ദ്രൻ പറഞ്ഞിട്ടുള്ള വികർണ്ണർ എന്ന പേരിന് അറബിയിൽ രണ്ടു കൊമ്പുള്ളവർ, അതായതു രണ്ടു കൊമ്പുള്ള ഇസ്കന്ധരുടെ സന്താനങ്ങൾ, എന്നു് അർത്ഥമുള്ളതും ഇവിടെ ശ്രദ്ധേയമാണ്.

ഹിയുൻസ്യാങ് എന്ന ചീനസഞ്ചാരി കാശ്മീരത്തെ രാജൌരീനഗരത്തിനു നല്കിയിട്ടുള്ള പേരായ ഹൊലൂഷകലശഗ്രാമനാമത്തിൻെറ ഒരു മുട്ടുവായ രൂപംമാത്രമാണ്. ബി. സി. ഒമ്പതും എട്ടും ശതാബ്ദങ്ങളിൽ പഞ്ചാബിലെ ഋഗ്വേദപ്രസിദ്ധമായ പ്രമഗന്ധ, അഥവാ കീകട, രാജ്യം ഭരിച്ചിരുന്ന പ്രദ്യോതരാജവംശത്തിൻെറ രാജധാനി—പാ

ടലീപുരം, പുഷ്പപുരി, കുസുമപുരം, വിശാല, രാജഗൃഹം, ഗിരിവ്രജം, കുശാഗാരപുരം, കന്യാകുബ്ജം മുതലായ അനവധി നാമങ്ങൾ വഹിച്ചിരുന്ന നഗരം—രാജൌരി (രാജപുരി)യിൽ സ്ഥിതിചെയ്തിരുന്നു. കുസുമപുരം, വിശാല എന്നീ നാമങ്ങൾ പ്രദ്യോതവംശരാജധാനിക്കു തന്റെ അവന്തിസുന്ദരികഥയിൽ ദണ്ഡി നല്കിയിരിക്കുന്നു. നമ്മുടെ ഇന്നത്തെ ഇൻഡ്യാചരിത്രകാരർ പഞ്ചാബിലെ പൌരാണികരാജ്യമായ പ്രമഗധയും പില്ക്കാലത്തുണ്ടായ ബീഹാറിലെ മഗധയും ഒന്നുതന്നെയാണെന്നുള്ള ധാരണയിൽ തങ്ങളുടെ ചരിത്രകൃതികൾ രചിച്ചിരിക്കുന്നു എന്നും ഇവിടെ പ്രസ്താവിക്കേണ്ടിവരുന്നു.

നാഗഭിക്ഷു ജനിച്ച ദേശമായ കിപിൻ എന്നതു് കാബൂൾനദീതീരം, സ്വാത്നദീതീരം, ഇൻഡസ്സിന്റെയും അതിന്റെ അഞ്ചു പോഷകനദികളുടേയും ഉത്തരഭാഗതീരം എന്നിവ ചേൎന്ന ഒരു വിശാലപ്രദേശത്തിന്റെ നാമമാണു്. ഇതിൽ സ്ഥിതിചെയ്തിരുന്ന വിദർരാജ്യത്തിലെ വേദാലിനഗരം പഞ്ചാബിലെ ഇന്നത്തെ സിയാൽക്കോട്ടമാണു്. പ്രമഗധയിലെ പൌരാണികമായ ബാഹ്ദ്രഥരാജവംശത്തിന്റെ സ്ഥാപകൻ ബൃഹദ്രഥന്റെ ഒരു സോദരനായ വേദിഷു, അഥവാ യദു, വേദാലിയെ തന്റെ രാജധാനിയാക്കി. സാൽവക്കോട്ട എന്നാണു് സിയാൽക്കോട്ടിന്റെ പൂൎവ്വരൂപം. ഇതിനു കോശാംബി, വിശാല, ഉജ്ജൈനി മുതലായ നാമങ്ങളുമുണ്ടായിരുന്നു. ജലംനഗരത്തിനു സമീപം നിന്നിരുന്ന പാണ്ഡവരാജധാനി ഇന്ദ്രപ്രസ്ഥത്തെ ജലംനദിയുടെ ഒരു ഗതിഭേദം വരുത്തിവെച്ച വെള്ളപ്പൊക്കം ന

ശിപ്പിച്ചു. ഇന്ദ്രപ്രസ്ഥത്തിനു പൂർവ്വകുരുരാജധാനി ഹസ്തിനപുരത്തിൻെറ നാമവും, കുരുക്ഷേത്രയുദ്ധത്തോടുകൂടി കുരുക്കൾ നശിച്ചതു നിമിത്തം, ലഭിക്കുകയുണ്ടായി. ഇതുകൊണ്ടാണ് ഇന്ദ്രപ്രസ്ഥത്തിൻെറ പ്രസ്തുതനാശത്തെ ഹസ്തിനപുരത്തിൻെറ നാശമെന്നു പുരാണങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നതു്. ബി. സി. 13-ാം ശതാബ്ദത്തിൻെറ ആരംഭകാലത്തെ കുരുപാണ്ഡവരാജാവായ നൃചക്ഷുസ്സ് ഒന്നാമൻെറ വാഴ്ചയിൽ ഈ വെള്ളപ്പൊക്കം ഉണ്ടായി. അപ്പോൾ അദ്ദേഹം രാജധാനി വേദാലിയായ കോശാംബിയിലേക്കു മാററി സ്ഥാപിക്കുകയും ചെയ്തു.

കോശാംബിയായ സിയാൽക്കോട്ടിനു സമീപമുണ്ടായിരുന്ന രാജ്യത്തിനു ഹിയുൻസ്യാങ്ങ് ടക്ക എന്നു പേരിട്ടിരിക്കുന്നു. പേർസ്യൻഭാഷയിൽ "ടക്ക" എന്ന പദത്തിനു പീഠം, ഇരിപ്പിടമെന്ന അർത്ഥമുണ്ടു്. 'രാജതരംഗിണി'യിലും, മാർക്കണ്ഡേയൻെറ 'പ്രാകൃതസർവ്വസ്വ'ത്തിലും ടക്കയെപ്പററി പ്രസ്താവിച്ചിരിക്കുന്നു. ടാക്കിഭാഷയെ ആഭീരീ, ശാകാരി മുതലായ അഞ്ചു വിഭാഷകളുടെ കൂട്ടത്തിൽ മാർക്കണ്ഡേയൻ ഉൾപ്പെടുത്തിയിരിക്കുന്നു. അനന്തരം ഇദ്ദേഹം ഇങ്ങനെ പറയുന്നു:

"ടക്കദേശീയഭാഷായാം ദൃശ്യതേ ദ്രാവിഡീ തഥാ
അത്രൈവായം വിശേഷോടസ്തി ദ്രാവിഡേന ദൃതാപരം."

ദ്രാവിഡസാഹിത്യകാരർ പ്രത്യേകം ബഹുമാനിച്ചവരുന്നു എന്നു് ഇപ്രകാരം മാർക്കണ്ഡേയൻ പറഞ്ഞിട്ടുള്ളതിൻെറ അർത്ഥം ദ്രാവിഡിയും ടാക്കിയും ഒരേ വിഭാഷയാണെന്നാണ് എന്നു് ഒരു വ്യാഖ്യാതാവു ചൂണ്ടിക്കാണിച്ചി

ട്ടുമുണ്ട്. ഈ ദ്രാവിഡി ഒരു ദ്രാവിഡഭാഷയല്ലെന്നും അതു് ഒരു ഇൻഡോ-യൂറോപ്യൻഭാഷയാണെന്നും ഗ്രീയേർസൺ പ്രസ്താവിച്ചിരിക്കുന്നു. ഈ ദ്രാവിഡദേശത്തെ രണ്ടു പണ്ഡിതരെയാണു് നാഗഭിക്ഷു തോല്പിച്ചതു്. വാഹിക എന്നതു ടക്കയുടെ ഒരു പര്യായമാണെന്നു ഹേമചന്ദ്രൻ പ്രസ്താവിച്ചിട്ടുണ്ടു്. വാചസ്പതിമിശ്രൻ ബാഹ്യനെന്ന വിശേഷണപദം ഭർത്തൃഹരിയുടെ നാമത്തോടു ചിലപ്പോൾ ചേർത്തിരിക്കുന്നതു കാണാം. ഇതിനു കാരണം ഭർത്തൃഹരി വാഹിക എന്ന പേരുകൂടിയുള്ള വേദാലിയിലെ ഒരു സാമന്തരാജാവായിരുന്നതത്രേ.

ശതപഥബ്രാഹ്മണവും ഐതരേയവും ഉദ്ധരിച്ചിട്ടുള്ള ഒരു പ്രാചീനഗാഥയിൽ, പാണ്ഡവനൃപൻ ജനമേജയന്റെ രാജധാനിക്കു ആസന്ദിവന്തു് എന്ന നാമം നല്കിയിരിക്കുന്നു. 'സുമംഗലവിലാസിനീ' എന്ന ഭാഷ്യത്തിൽ 'ആസന്ദീം' എന്ന പദത്തെ ഒരു വലിയ പീഠമെന്നു ബുദ്ധഘോഷൻ വ്യാഖ്യാനിച്ചിരിക്കുന്നതു ഹേമചന്ദ്രറായ്ചൌധുരി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. പീഠപുരം, അഥവാ ടക്ക എന്നുകൂടി പണ്ടു പേരുണ്ടായിരുന്ന ഇന്ദ്രപ്രസ്ഥത്തെ മുകളിൽ പറഞ്ഞതുപോലെ ജലംനദി നശിപ്പിച്ചപ്പോൾ, രാജധാനി കോശാംബിയിലേയ്ക്കു മാററി സ്ഥാപിച്ചുവല്ലോ. ഈ കോശാംബിക്കു് (വേദാലിക്കു്) പഴയ ഇന്ദ്രപ്രസ്ഥത്തിന്റെ പേരുകളെല്ലാം കിട്ടി. ടക്കയെന്നതും ഇവയിൽ ഉൾപ്പെട്ടിരുന്നു. പഴയ പാണ്ഡവരാജധാനി ഇന്ദ്രപ്രസ്ഥത്തിന്റെ ദേഹലി എന്ന പേരും കോശാംബിക്കു ലഭിച്ചിരിക്കണം. ഇതിൽനിന്നാണു് പിന്നീടു

ണ്ടായ ഇന്നത്തെ ഡൽഹിക്ക് അതിൻെറ നാമം കിട്ടിയത്ത്.

നാഗഭിക്ഷു ദീക്ഷ സ്വീകരിച്ചു പഠിച്ച നാലന്ദവിഹാരം തക്ഷശിലയ്ക്കു സമീപം നിന്നിരുന്നു. ബീഹാറിലെ പാററ്നായ്ക്കടുത്തു സ്ഥാപിക്കപ്പെട്ട സുപ്രസിദ്ധമായ നാലന്ദവിഹാരവും സർവ്വകലാശാലയുമല്ല ഇത്. ഗൌതമബുദ്ധൻെറ പ്രധാനശിഷ്യൻ ആനന്ദൻെറ ജനനഗ്രാമമായതു നിമിത്തം ബുദ്ധനോളമെങ്കിലും പ്രാചീനത്വം ബീഹാറിലെ നാലന്ദയ്ക്കുമുണ്ടായിരുന്നു. പക്ഷേ ഇവിടത്തെ വിഹാരം കീർത്തിനേടിയതു ക്രിസ്തൃബ്ദം തുടങ്ങിയതിനുശേഷമാണ്. നാഗഭിക്ഷുവിൻെറ കഥയിലെ പാതാളം ഭോടദേശമെന്നു പ്രാചീനഭാരതീയർ പേരിട്ടിരുന്ന ഇന്നത്തെ ലാഡക്കാണ്. ഇതിനു ചെറുതിബത്ത് എന്നും പേരുണ്ട്. ത-ബോഡ് എന്ന തിബത്തിൻെറ നാട്ടുപേരിൻെറ ഒരു ആധുനികരൂപമത്രേ തിബത്ത്. കാശ്മീരവും, ലാഡക്കും, തിബത്തും നാഗവർഗ്ഗക്കാരുടെ വാസസ്ഥാനങ്ങളായിരുന്നു എന്ന് 'രാജതരംഗിണി'യിൽനിന്നു മനസ്സിലാക്കാം. ഗൌതമബുദ്ധനുമുമ്പുണ്ടായിരുന്ന ഇരുപത്തിയേഴ 'പൂർവ്വബുദ്ധന്മാർ' സ്ഥാപിച്ച 'പൂർവ്വബുദ്ധമതം' ഗൌതമൻെറ കാലത്തും നാഗഭിക്ഷുവിൻേറതിലും ലാഡക്ക എന്ന ദേശത്തു പ്രചരിച്ചിരുന്നു. നാഗഭിക്ഷു, മതപരിവർത്തനം ചെയ്യിച്ച ധാരാനഗരത്തിലെ ഭോജൻ രാജൌരിയായ ധാരാനഗരത്തിലെ വിക്രമാദിത്യഭോജനായ മെനന്ദരാണ്; ഒഢീശാരാജാവ്. ഒസ്സിയാണനമെന്ന പേരുമുണ്ടായിരുന്ന റവൽപിണ്ഡിയിലെ ഒരു സാമന്തനും.

നാഗഭിക്ഷുവിൻെറ തല വെട്ടിയ സംഭവം നടന്നതായി പറയുന്ന ശ്രീപർവ്വതം തക്ഷശിലയ്ക്കു് അഞ്ചുഃയോജന അകലെയുള്ള ഒരു കുന്നാണു്. മലപ്രദേശത്തെസ്സംബന്ധിച്ചു് ഒരു യോജന നാലരമൈൽ വരുമെന്നു പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അതുകൊണ്ടു തക്ഷശിലയിൽനിന്നു് ഒരു ഇരുപത്തിരണ്ടു മൈൽ അകലെയുള്ള ഇന്നത്തെ റവൽപിണ്ഡിനഗരത്തിൻെറ പരിസരത്തിലുള്ള ഒരു കുന്നാണു് ശ്രീപർവ്വതം എന്നു് ഊഹിക്കാം. റബ്ബൽ എന്ന അറബിപദത്തിൻെറ ഒരു രൂപമായ റവൽ എന്നതിനു ഗുരു, പ്രവാചകൻ എന്ന അർത്ഥമുണ്ടു്. പിണ്ഡി പഞ്ചാബി ഭാഷയിൽ ഗ്രാമമെന്നതിൻെറ പര്യായവുമത്രേ. ശ്രീ എന്നതു കന്യാദേവീപര്യായമായതുനിമിത്തം റവൽപിണ്ഡി ആദ്യത്തെ കന്യാകുബ്ജമാണു് എന്നു വിശ്വസിക്കാം. പീഠമെന്നർത്ഥമുള്ള മുമ്പുപറഞ്ഞ 'ടക്ക്' എന്ന പദം തക്ഷശിലയുടെ നാമത്തിലും കാണാം. മഹായാനമതത്തിൻെറ ഒരു ശാഖയായ വജ്രയാനമതത്തിലെ നാലു പ്രധാനപ്പെട്ട ബോധിസത്വപീഠങ്ങളിൽ ഒന്നായ ഒഡ്ഡിയാണപീഠം റവൽപിണ്ഡിയിലെ ശ്രീപർവ്വതത്തിൽ നിന്നിരുന്നു. തക്ഷശിലയെ വർണ്ണിക്കുമ്പോൾ അവിടത്തെ രാജാവും ഒരു ബോധിസത്വനുമായ ചന്ദ്രപ്രഭൻ തൻെറ തല വെട്ടിക്കളഞ്ഞുവെന്നു ഹിയുൻസ്യാങ്ങ് പറഞ്ഞിരിക്കുന്നു. രുദ്രാക്ഷനെന്ന ബ്രാഹ്മണനുവേണ്ടിയാണു് ചന്ദ്രപ്രഭൻ ശിരസ്സു ഛേദിച്ചതെന്നു ഫാഹിയാൻ എന്ന സഞ്ചാരിയും പ്രസ്താവിക്കുന്നുണ്ടു്. 'തക്ക്' എന്ന പദത്തിനു സുമേരിയൻഭാഷയിൽ വെട്ടുക എന്നു് അർത്ഥമുള്ളതായി

കാണ്ണാം. 'ശില' എന്നതു് രലയോരഭേദത്താൽ 'ശിര' (സ്) (തല) എന്നാകും. നാഗഭിക്ഷുവിൻെറ വെട്ടിയ തല കല്ലായിത്തീൎന്നു എന്നു പറഞ്ഞിട്ടുള്ളതു തക്ഷശിലയുടെ പേരിൻെറ സുമേരിയൻ അൎത്ഥത്തെ ആസ്പദിച്ചുണ്ടാക്കിയ ഒരു കെട്ടുകഥയാണതാനും.

ആനവ(അനു)വംശജൻ ഉശീനരചക്രവൎത്തിക്കു യൌധേയവംശസ്ഥാപകൻ നൃഗൻ, കൃമില—അഥവാ വൃഷല—വംശസ്ഥാപകൻ കൃമി, നവരാഷ്ട്രവംശസ്ഥാപകൻ നവൻ, അംബഷ്ഠവംശസ്ഥാപകൻ സുവ്രതൻ, ശിബിവംശസ്ഥാപകൻ ശിബി എന്ന അഞ്ചു പുത്രന്മാരുണ്ടായിരുന്നു. ശിബിയുടെ മക്കളിൽ ഒരാൾ മദ്രകനെന്ന നാമവും വഹിച്ചിരുന്നു. ശുംഗചക്രവൎത്തി പുഷ്യമിത്രൻ ധൎമ്മാശോകനെപ്പോലെ സാകലവരെ തൻെറ സാമ്രാജ്യം വിസ്തീൎണ്ണമാക്കാൻ ശ്രമിച്ചപ്പോൾ കൃമിസേനൻ എന്ന യക്ഷരാജാവു് അദ്ദേഹത്തെ യുദ്ധത്തിൽ വധിച്ചു എന്നു 'ദിവ്യാവദാന'ത്തിൽ പറഞ്ഞിരിക്കുന്നു. കാശ്മീരത്തെ ഖശവൎഗ്ഗക്കാർ, കശ്യപപ്രജാപതിയുടെ ഒരു ഭാൎയ്യയായ ഖശയിൽ നിന്നു ജനിച്ചതായി പുരാണങ്ങൾ പറയുന്ന യക്ഷരാണു താനും. കൃമിലാപുരിയുടെ മറെറാരു പേരായ വൃഷല പ്രാകൃതത്തിൽ വിഷല എന്നാകും. ഇതിൽനിന്നാണു് കാശ്മീരത്തെ പീർപഞ്ചാൽ പൎവ്വതനിരയുടെ തെക്കുകിഴക്കുള്ള വിഷലാടമെന്ന ദേശത്തിനു് അതിൻെറ പേരു കിട്ടിയതു്. ഈ സംഗതികൾ മദ്രരാജവംശത്തിനു് ഉശീനരവംശക്കാരോടു ബന്ധമുണ്ടെന്നും ഇവരുടെ പിൻഗാമികളായിട്ടാണു് മദ്രർ സാകലപ്രദേശം ഭരിച്ചിരുന്നതെന്നും സൂ

ചിപ്പിക്കുന്നു. പ്രസ്തുതപുരാണവംശാവലിയിലെ കൃമിവംശക്കാരെയാണ് നാഗഭിക്ഷുവിൻെറ കഥയിൽ പ്രസ്താവിച്ചിട്ടുള്ളത്.

ഇനി മൌനന്ദരുടെ ബിരുദങ്ങളെപ്പററി പ്രതിപാദിക്കാം. മുപ്പത്തിരണ്ടു ബാർഹദ്രഥരുടെ വാഴ്ചകഴിഞ്ഞു്, (ചണ്ഡ) പ്രദ്യോതവംശവും, പിന്നീടു ശിശുനാഗവംശവും, അനന്തരം ശൂദ്രകവംശജൻ മഹാപത്മനന്ദൻെറ വംശവും മഗധയിൽ—അതായതു പഞ്ചാബിലെ പ്രമഗധയിൽ—നാടുവാണിരുന്നുവെന്നു പുരാണങ്ങളിൽ കാണാം. ഈ വംശങ്ങളുടെ വാഴ്ചക്കാലങ്ങൾ യഥാക്രമം, ബി. സി. 1597—889, ബി. സി. 889—749, ബി. സി. 749—420, ബി. സി. 420—320 എന്നിവയാണെന്നു ഞാൻ കണ്ടുപിടിച്ചിട്ടുണ്ടു്. അഞ്ചുപേരുള്ള പ്രദ്യോതവംശത്തിലെ അവസാനരാജാവായ അവന്തിവദ്ധനൻ (769—749 ബി. സി.) തൻെറ ഒരു പുത്രനായ ശിശുനാഗനെ പഞ്ചാബിലെ ചംബാനഗരത്തിനു സമീപം അന്നു സ്ഥിതിചെയ്തിരുന്ന വാരാണസി (കാശി) നഗരത്തിൽ വാഴിച്ചുകൊണ്ടു താൻ പ്രമഗധതലസ്ഥാനമായ ഗിരിവ്രജത്തിൽ (രാജൌരിയിൽ) ഭരണം തുടൻ്നുവന്നു എന്നും പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നു. അവന്തിവദ്ധനൻെറ മരണാനന്തരം അദ്ദേഹത്തിൻെറ മററു പുത്രരും ഇവരുടെ സന്താനങ്ങളും വാരാണസിയിലെ ശിശുനാഗരുടെ സമകാലീനരായി ഗിരിവ്രജത്തിൽ നാടുവാണുവന്നു. ഈ ഗിരിവ്രജനൃപന്മാൎക്കു മഗധരാജാക്കന്മാരെന്നും, മഥുരരാജാക്കന്മാരെന്നും, വാരാണസീനൃപന്മാൎക്കു ചംബാൺ്റരാജാക്കന്മാരെന്നും താരാനാഥൻ നാമങ്ങൾ നല്കിയിട്ടുണ്ടു്.

പത്തു നൃപരുള്ള ശിശുനാഗവംശത്തിലെ ഒടുവില ത്തെ രാജാവായ മഹാനന്ദിക്കു ശൂദ്രകവംശജയായ ഒരു വിജാതീയഭാര്യയിൽ നാഗദാസകനെന്ന ഒരു പുത്രൻ ജ നിച്ചു. പിതാവിൻെറ മററു അനേകം പുത്രന്മാരെ തോ ല്പിച്ചു നാഗദാസകൻ വാരാണസിരാജാവായി. പ്രസിദ്ധ നും അതിശക്തിമാനുമായ ഒരു ചക്രവത്തിയായി ഭവിച്ചു ഇദ്ദേഹത്തിനാണ് പുരാണങ്ങൾ ശൂദ്രകവംശജനായ മ ഹാപത്മനന്ദൻ എന്ന ബിരുദം നല്കിയിരിക്കുന്നതു്. മ ഹാപത്മനന്ദനെന്നതു് എല്ലാ മഗധരാജാക്കന്മാരും വഹി ച്ചിരുന്ന ഒരു പൊതുവായ വംശബിരുദമാണ്. പ്രമഗ ധരാജധാനി ഗിരിവ്രജത്തിൻെറ സംരക്ഷകദേവനായ മ ഹാപത്മനന്ദയക്ഷൻെറ പേരിൽനിന്നാണ് ഈ വംശ ബിരുദം ഉത്ഭവിച്ചതു്. ഒരു ബുദ്ധമതക്കാരനും, പണ്ഡി തവത്സലനുമായിരുന്നു ഈ മഹാപത്മനന്ദൻ. പാണി നി, ഉപവഷൻ (അഥവാ ബോധായനൻ) മുതലായവർ ഇദ്ദേഹത്തിൻെറ സാഹിത്യസദസ്സിനെ അലങ്കരിച്ചിരുന്നു. ധമ്മാശോകനെന്നും കാമാശോകനെന്നുമുള്ള ബിരുദങ്ങൾ തിബത്തിലേയും അന്യരാജ്യങ്ങളിലേയും ബൌദ്ധൈതി ഹ്യങ്ങൾ ഇദ്ദേഹത്തിനു നല്കിയിട്ടുണ്ട്. ഈ അന്യരാജ്യ ങ്ങളിൽ പലതിലേയും പ്രാചീനരാജവംശങ്ങൾ തങ്ങളുടെ ഒരു പൂവ്വികനായി പ്രസ്താവിച്ചിട്ടുള്ള അശോകൻ, ഇന്നു ള്ളവർ വിചാരിച്ചുവരുന്നപോലെ, അശോകമൌയ്യനല്ല, പിന്നെയോ, ശൂദ്രകനായ ധമ്മാശോകനാണ്. തൻെറ രാജധാനി വാരാണസി (ചംബാ), കാമരൂപം, കാംബോ ജം എന്നീ നാമങ്ങൾ വഹിച്ചിരുന്ന രാജ്യത്തിൻെറ തല

സ്ഥാനവുമായിരുന്നതുനിമിത്തം ധർമ്മാശോകനു കാമാശോകനെന്ന ബിരുദവും ലഭിച്ചു.

പ്രസ്തുതമഹാപത്മനന്ദൻ (ബി. സി. 420 _ 390) ആദ്യമായി കാശ്മീരത്തെ ഗിരിവ്രജത്തെ പശ്ചിമപ്രമഗധ രാജാവിൻെറ രാജ്യം ആക്രമിച്ചു കീഴടക്കി. പിന്നീട് ഇദ്ദേഹം പൂർവ്വാർത്ത്യയെ ആക്രമിച്ചു ബീഹാറിലെ മഗധരാജ്യത്തിലെ ബിംബിസാരകുലത്തിലെ ഒടുവിലത്തെ നൃപന്മാരായ മുണ്ഡൻെറയും അനിരുദ്ധൻെറയും രാജ്യങ്ങളും പിടിച്ചടക്കി. ഒടുക്കം, അന്യരാജ്യങ്ങളെല്ലാമാക്രമിച്ചു ഇദ്ദേഹം ഹിമാലയത്തിനും വിന്ധ്യനുമിടയ്ക്കുള്ള സകലരാജ്യക്കാരുടേയും ചക്രവർത്തിയായി ഭവിച്ചു. ഇദ്ദേഹത്തിൻെറ പുത്രനായ ശിശുനാഗൻ, അഥവാ നന്ദൻ, തൻെറ രാജധാനി ബീഹാറിലെ മഗധതലസ്ഥാനമായ ഗിരിവ്രജത്തിലേയ്ക്കു മാററി സ്ഥാപിക്കുകയും ചെയ്തു. ഈ മഹാപത്മനന്ദൻെറ സന്തതികളായ നന്ദവംശത്തെയാണു് ചന്ദ്രഗുപ്തമൌര്യൻ തോല്പിച്ചു മൌര്യസാമ്രാജ്യം സ്ഥാപിച്ചതു്.

പ്രസ്തുതമഹാപത്മനന്ദൻെറ ശൂദ്രകവംശം സാൽവമഹാവംശത്തിൻെറ ഒരു ശാഖയാണെന്നു മുമ്പു പ്രസ്താവിച്ചിരുന്നല്ലോ. മരുമക്കത്തായികളായ ഈ ശൂദ്രകർ മക്കത്തായികളും യാദവരുമായ അഭീരരോടു (അഹീരരോടു) നിയമേന പരസ്പരവിവാഹം നടത്തിവന്നിരുന്നു. ഇതിൽ നിന്നുത്ഭവിച്ച ശൂദ്രകാഭീരവംശമത്രേ കേരളത്തിലെ ചേരമാൻപെരുമാക്കന്മാരുടെ വംശം. മയൂരപുരം എന്നു പേരുമുള്ള ഇന്ദ്രപ്രസ്ഥത്തിൽ(സിയാൽക്കോട്ടിൽ) ശൂദ്രകർ പണ്ടു നാടുവാണിരുന്നതുനിമിത്തമാണു് ചേരവംശക്കാരായ

മൂഷികക്ക് കേരളചരിത്രകാവ്യമായ 'മൂഷികവംശകാവ്യം' മയൂരവംശക്കാരെന്നു പേരിട്ടിട്ടുള്ളതു്. ക്ഷുദ്രകം (ശൂദ്രകം) എന്ന പദത്തിനു ചെറിയതു് എന്നു സംസ്കൃതത്തിൽ അർത്ഥമുണ്ടു്. ഇതുനിമിത്തമാണു് കേരളത്തിനു ബാലമൂഷികം എന്ന പേരു ലഭിച്ചതു്. ചെറിയവനെന്നതിനു നന്ദൻ എന്നു ചെന്തമിഴിൽ പറയും. പണ്ടത്തെ ചെന്തമിഴകാവ്യങ്ങളിൽ പ്രബലരായ ഒരു നന്നരാജവംശത്തിൻെറ ചെയ്തികൾ വർണ്ണിച്ചിരിക്കുന്നു. ഇവർ ഉത്തരമൈസൂരിലും, ധാർവാർ, ഉത്തരകാനറ എന്നീ ജില്ലകളിലും നാടുവാണിരുന്ന ഒരു ചേരവംശശാഖയാണു്.

ധമ്മാശോകൻ മഹാപത്മനന്ദൻെറ പുത്രനായ ശിശുനാഗൻ രാജധാനി ബീഹാറിലേയ്ക്കു മാററി സ്ഥാപിച്ചതോടുകൂടി ശൂദ്രകവംശക്കാരുടെ ബന്ധുക്കളായ മദ്രവംശക്കാർ സാമന്തരാജാക്കന്മാരായി രാജ്ഗെഋരിയിൽ നാടുവാഴാൻ തുടങ്ങി. ഈ മദ്രകുലത്തിലെ ഒരു രാജകുമാരിയാണു് മെനന്ദരുടെ മാതാവു്. ഈ മദ്രവംശക്കാർ രാജ്ഗെഋരിയിൽ ആദ്യം നാടുവാണിരുന്ന പ്രദ്യോതവംശക്കാരുടെ ബിരുദങ്ങളെല്ലാം ഇതോടുകൂടി സ്വീകരിക്കുകയും ചെയ്തു. ഇവയാണു് നന്ദൻ, ശതവാഹനൻ, അ(വ)ന്തിവാഹനൻ നരവാഹനൻ (കുബേരൻ), ഉദയനൻ (അഗസ്ത്യൻ), എന്നിങ്ങനെ മെനന്ദർ വഹിച്ചിരുന്ന ബിരുദങ്ങൾ.

'മഞ്ജുശ്രീമൂലകല്പ'ത്തിൽ സാതവാഹനൻ (ശതവാഹനൻ) എന്ന പേരിട്ടു മെനന്ദരെ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

"ദക്ഷിണാം ദിശമാശ്രിത്യ സസമുദ്രം വസുന്ധരാം
രാജാ ശ്വേതസുചന്ദ്രശ്ച സാതവാഹന ഏവ തു."

സമുദ്ര(സിന്ധു)രാജാവു വരുണനു ദക്ഷനെന്ന പേരുമുണ്ടു്. സാഗരനെന്നതും വരുണനാമമാണു്. പ്രസ്തുതശ്ലോകത്തിലെ ദക്ഷിണസമുദ്രരാജ്യം ഇൻഡസിനും ജലംനദിക്കുമിടയ്ക്കുള്ള സിന്ധുസാഗരദ്വീപാണെന്നു തന്നിമിത്തം ഊഹിക്കാം. സാതവാഹനനായ മെനന്ദർക്കു് ഇതിൽ ശ്വേതസുചന്ദ്രൻ എന്ന ബിരുദവും നല്കിയിരിക്കുന്നു. ശ്വേതം (വെളുപ്പ്) എന്നതിനു പാണ്ഡു എന്ന പര്യായമുണ്ടല്ലോ. അതുകൊണ്ടു ശ്വേതസുചന്ദ്രൻ എന്നതിനെ പാണ്ഡ്യവംശജനായ സുചന്ദ്രൻ, അഥവാ ചന്ദ്രൻ, എന്നു വ്യാഖ്യാനിക്കാം. സാകലയിലെ മദ്രവംശക്കാർക്കു മെഗാസ്തനീസും ടോളമിയും പാണ്ഡ്യർ എന്ന വംശനാമം കൊടുത്തിട്ടുള്ളതു മുകളിൽ പ്രസ്താവിച്ചിരുന്നല്ലോ. പാണ്ഡ്യൻ എന്നൊരു ഭാരതീയരാജാവു് ബി. സി. 20-ൽ റോമാസാമ്രാജ്യസ്ഥാപകൻ അഗസ്റ്റസ്സ് സീസരുടെ രാജധാനിയിലേയ്ക്കു് ഒരു രാജദൂതസംഘത്തെ അയച്ചിരുന്നു എന്നു സ്ട്രാബോ പറയുന്നുണ്ടു്. ഈ പാണ്ഡ്യനാണു് മെനന്ദർ. 'മേനേ' എന്ന പദത്തിനു ഗ്രീക്കിൽ ചന്ദ്രൻ എന്ന അർത്ഥമുണ്ടു്. അപ്പോൾ മേനന്ദർ ചന്ദ്രനാകുമല്ലോ.

അശോകമൌര്യന്റെ പിൻഗാമികളിൽ ഒരുത്തനായ ശാലിശൂകന്റെ കാലത്തു് ഒരു യവന(ഗ്രീക്ക്)രാജാവു മൌര്യസാമ്രാജ്യമാക്രമിച്ചു് അതിന്റെ ഏതാനും ഭാഗങ്ങൾ കൈവശപ്പെടുത്തിയെന്നും, ഇതു നടന്നതു് ഒരു യുഗാന്തത്തിലായിരുന്നു എന്നും 'ഗാർഗ്ഗസംഹിത'യുടെ യു

ഗപുരാണാദ്ധ്യായത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ യവനൻ മെനന്ദരുടെ പിതൃകുലം സ്ഥാപിച്ച ബാക്‌ട്രിയാരാജാവു ദമെത്രിയസ് ആണെന്നു ഞാൻ വിശ്വസിക്കുന്നു. കൂടാതെ, ഒരു കലിയുഗാവസാനവും ഒരു കൃതയുഗാരംഭവുമായ ബി. സി. 3101-ൽനിന്നു 351 ദിവസംവീതമുള്ള കല്പഗണിതത്തിലെ നക്ഷത്ര-ചാന്ദ്രവർഷങ്ങൾ മൂവായിരം കഴിയുന്ന കൊല്ലമായതുകൊണ്ട് ഒരു യുഗാന്തത്തിൽ വരുന്ന ബി. സി. 213-ൽ പ്രസ്തുതാക്രമണം നടന്നു എന്നും ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്. ഇദ്ദേഹം ആക്രമിച്ചു കീഴടക്കിയതായി 'ഗാർഗ്ഗസംഹിത'യിൽ പറഞ്ഞിട്ടുള്ള നഗരങ്ങളായ സാകേതവും കുസുമധ്വജവും യഥാക്രമം തക്ഷശിലയും കുസുമപുരമായ രാജഗൃഹിയുമാണെന്നാണ് ഞാൻ വിചാരിക്കുന്നത്.

ലോകപ്രസിദ്ധനായ ഒരു ബൌദ്ധചക്രവർത്തിയാണ് മെനന്ദർ. ഇദ്ദേഹവും തൻെറ പൂർവ്വികനായ ദമെത്രിയസ്സുംകൂടി അലക്സാണ്ഡർമഹാൻ ആക്രമിച്ചു കീഴടക്കിയ ദേശങ്ങളേക്കാളധികം വിസ്തൃതമായ ദേശങ്ങൾ ആക്രമിച്ചു കീഴടക്കി ഭരിച്ചിരുന്നുവെന്നു റോമാചരിത്രകാരൻ സ്ത്രാബോ പ്രസ്താവിച്ചിരിക്കുന്നു. പാതാളം (സിന്ദിലെ ഹൈദ്രബാദ് നഗരത്തിനു ചുററുമുള്ള ദേശം), സുരാഷ്ട്രം (ഇൻഡസ് നദീമുഖങ്ങളുള്ള ദേശം), സാഗരദ്വീപ് (ഇൻഡസിനും ജലംനദിക്കുമിടയ്ക്കുള്ള സിന്ധുസാഗരദ്വീപ്) എന്നിവയെ ഈ ദേശങ്ങളുടെ കൂട്ടത്തിൽ മറെറാരു ചരിത്രകാരൻ ഉൾപ്പെടുത്തിയിട്ടുമുണ്ട്. മെനന്ദരുടെ നാണയങ്ങൾ കാബൂൾ മുതല്ക്കു് ഇന്നത്തെ മഥുരവരെയുള്ള ഒരു വിശാലമായ പ്ര

ദേശത്തുനിന്നു കണ്ടെടുത്തിരിക്കുന്നു. നർമ്മദാനദീമുഖത്തുള്ള ബ്രോച്ചുറാമുഖത്തു തൻെറ കാലത്തു മെനന്ദരുടെ നാണയങ്ങൾ പ്രചരിച്ചിരുന്നുവെന്നു 'പെരിപ്ലസ്' എന്ന ഗ്രീക്കുകപ്പവടകൃതിയുടെ കർത്താവു് (87 എ. ഡി.) പ്രസ്താവിച്ചിരിക്കുന്നു. 'ഡികേയോസ്' (നീതിശീലൻ) എന്നു മുമ്പു പറഞ്ഞ ഗ്രീക്കുബിരുദമുള്ള മെനന്ദരുടെ നീതിന്യായനിഷ്ഠയും ജനരഞ്ജനയും ഹേതുവായി അദ്ദേഹത്തിൻെറ ചിതാഭസ്മത്തിനുവേണ്ടി പല നഗരക്കാരും തമ്മിൽതമ്മിൽ കലഹിച്ചു എന്നു ഗ്രീക്കുഗ്രന്ഥകാരൻ പ്ളൂട്ടാർക്കു രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ബി. സി. 57-ൽ ആരംഭിക്കുന്ന വിക്രമാബ്ദം മാലവരാജാവായ വിക്രമാദിത്യഭോജൻ സ്ഥാപിച്ചതാണെന്നുള്ള ഒരു ജനകീയൈതിഹ്യമുണ്ടല്ലോ. ഇദ്ദേഹത്തെക്കുറിച്ചുള്ള കഥകൾക്കു് അന്നും ഇന്നും ഭാരതീയജനതയുടെ ഇടയിൽ പ്രചാരമുണ്ടു്. ഈ വിക്രമാദിത്യൻ ഒരു മിഥ്യാപുരുഷനാണെന്നാണു് ഇന്നത്തെ ഭൂരിപക്ഷം ഇൻഡ്യാചരിത്രകാരന്മാരുടേയും മതം. ഏതു കാര്യത്തിനും ഒരു കാരണമുണ്ടായിരിക്കും. ഈ കാരണം എന്തെന്നു ചൂണ്ടിക്കാണിക്കാതെ ഒരു കാര്യം വെറും മിഥ്യയാണെന്നു പറയുന്നതു ശാസ്ത്രീയമനസ്ഥിതിയെയല്ല കാണിക്കുന്നതു്. ഏതു കാര്യത്തിനും കാരണം കണ്ടുപിടിക്കുകയും അത്തരം പല കാര്യങ്ങളുണ്ടെങ്കിൽ അവയെല്ലാം ചേരുന്ന ഒരു നിയമം മനസ്സിലാക്കി പ്രഖ്യാപിക്കുകയുമാണു് യഥാർത്ഥശാസ്ത്രീയമനസ്ഥിതിയുള്ളവർ ചെയ്യേണ്ടതു്. വിക്രമാദിത്യൻെറ കാര്യത്തിൽമാത്രമല്ല, മററു പലതിലുംകൂടി ഇന്നത്തെ ഭാരതീയചരിത്രകാ

രർ അശാസ്ത്രീയമായ പ്രസ്ഥനിലയാണ് സ്വീകരിച്ചുവരുന്നതു്. ഇതു പരിത്യജിക്കാതെ പ്രാചീനേൻഡ്യാചരിത്രരചന പുരോഗമിക്കുന്നതല്ല.

ബി. സി. 57-ൽ തുടങ്ങുന്ന വിക്രമാബ്ദത്തിനു സനന്ദവിക്രമാബ്ദമെന്നും, ഇതിൽനിന്നു തൊണ്ണൂറുവർഷം കഴിഞ്ഞു് എ. ഡി. മുപ്പത്തിമൂന്നിൽ ആരംഭിക്കുന്ന മററൊരു വിക്രമാബ്ദത്തിന് ആനന്ദവിക്രമാബ്ദമെന്നും പണ്ടു പേരുണ്ടായിരുന്നതായി സ്ഥാപിക്കുന്ന രേഖകളുണ്ടു്. ഒടുവിൽ പറഞ്ഞ അബ്ദമാണ് എ. ഡി. 12-ാംശതാബ്ദത്തിലെ ചന്ദബർദായ് തൻെറ കൃതിയിൽ പ്രയോഗിച്ചിരിക്കുന്നതും. എ. ഡി. മുപ്പത്തിമൂന്ന് എന്ന വർഷത്തിലാണ് ക്രിസ്തുവിനെ ക്രൂശിച്ചതെന്നും ഇവിടെ ഓക്കണം. വൈദികകാലകൃതികളിലും പുരാണങ്ങളിലും പ്രസ്താവിച്ചിട്ടുള്ള സനന്ദൻ, സനത്കുമാരൻ, സനകൻ, സനാതനൻ എന്ന നാലു സുപ്രസിദ്ധരായ യോഗികളുടെ കൂട്ടത്തിൽ ഒന്നാമൻെറ നാമമാണ് ബി. സി. അമ്പത്തേഴിലെ വിക്രമാബ്ദത്തിനു നല്കിയിരിക്കുന്നതു്.

ഛാന്ദോഗ്യോപനിഷത്തിലെ, "മൃദിതകഷായായ തമസസ്പാരം ദർശയതി ഭഗവാൻ സനത്കുമാരസ്തം സ്കന്ദ ഇതി ആചക്ഷതേ", എന്ന ഭാഗത്തിൽ സനത്കുമാരനെ സ്കന്ദന്മാരിൽ ഒരുത്തനാക്കിയിരിക്കുന്നു. സ്കന്ദൻ കാർത്തികേയൻ, സ്കന്ദൻ നൈഗമേയൻ മുതലായ സ്കന്ദന്മാർ പലരുണ്ടായിരുന്നു. കൊറാനും തുർക്കി ഐതിഹ്യവും രണ്ടു കൊമ്പുള്ള ഒരു സ്കന്ദനെ (ഇസ്കന്ദർ-സുൽ-കർനൈൻ) പ്രസ്താവിച്ചിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ കാലത്തുണ്ടായ ഒരു

പ്രളയകഥയും തൂക്കി ഐതിഹ്യത്തിൽ വിവരിച്ചിരിക്കുന്നു. ഇതു മഹാവിഷ്ണുവിൻെറ വാഴ്ചാരംഭകാലമായ ബി. സി. 5970_ൽ നടന്ന പാലാഴിമഥനമാണു്. ഇതിനു് ആദിത്യദേവൻ രായുടെ പ്രളയമെന്നും പ്രാചീന ഈജിപ്ത് കാർ നാമകരണം ചെയ്തിരുന്നു. പ്രസ്തുതസംഗതികൾ മഹാവിഷ്ണു ഒരു ആദിത്യനും സ്കന്ദനുമാണെന്നു സൂചിപ്പിക്കുന്നു. ഒമ്പതു ബ്രഹ്മാവുകളുണ്ടെന്നു പുരാണങ്ങളിൽ കാണാം. തന്നിമിത്തം ആദിബ്രഹ്മാവാണു് മഹാവിഷ്ണു. ബ്രഹ്മാവിനു സദാനന്ദൻ എന്നൊരു പേരുമുണ്ടു്. സനന്ദൻ എന്നതിൻെറ അത്ഥമാണു് ഇതിനുള്ളതും. അതുകൊണ്ടു മഹാവിഷ്ണു സ്കന്ദന്മാരിൽ ഒരുത്തനും ആദിത്യനും സനന്ദനുമാണെന്നു സിദ്ധിക്കുകയും ചെയ്യുന്നു.

മഹാവിഷ്ണുവിൻെറ വാഴ്ചാരംഭകാലമായ ബി. സി. 5970_ൽനിന്നു 360 ദിവസംവീതമുള്ള ആറായിരം സാവനവഷം (5913 സൌരവഷം) കഴിയുന്ന കൊല്ലമാണു് വിക്രമാബ്ദം തുടങ്ങുന്ന ബി. സി. 57. കല്പംതോറുമുണ്ടാകുന്ന അവതാരങ്ങളെക്കുറിച്ചുള്ള പ്രാചീനമനുഷ്യരുടെ വാദം അറിഞ്ഞിട്ടുള്ളവർ, മഹാവിഷ്ണുവിൻെറ കാലത്തുനിന്നു് ആയിരം വഷംവീതമുള്ള ആറു കല്പങ്ങൾ കഴിയുന്ന ആണ്ടിനടുത്തു ഭരണമാരംഭിച്ച മെനന്ദരെ കല്പഗണിതപരിജ്ഞാനമുണ്ടായിരുന്ന സമകാലീനർ (വിക്രമ) ആദിത്യനും സനന്ദനുമായിരുന്ന മഹാവിഷ്ണുവിൻെറ ഒരു അവതാരമായി കരുതി അദ്ദേഹത്തിനു് ആദിത്യസനന്ദബിരുദങ്ങൾ നല്കിയതിൽ അവിശ്വാസം പ്രകടിപ്പിക്കുകയില്ല.

പിന്നേയും ബ്രഹ്മമാകുന്ന ആനന്ദത്തെ സുഖഭൂമി

യോടു മിസ്റ്റിക്കരീതിയിൽ഼ ഘടിപ്പിച്ച്, ഈ ആനന്ദമതത്തിൻെറ പ്രവാചകനാണ് സനത്കുമാരനെന്നു ഛാന്ദോഗ്യോപനിഷത് സൂചിപ്പിച്ചിരിക്കുന്നു. ഇതിൽനിന്നു സനന്ദൻെറ പിൻഗാമിയായ സനത്കുമാരന് ആനന്ദനെന്ന ബിരുദമുണ്ടായിരുന്നു എന്നും, അദ്ദേഹത്തിൻെറ നാടു സുഖമെന്നു പേരുള്ള രാജ്യമായിരുന്നു എന്നും അനുമാനിക്കാം. സുഖമെന്നതു് പശ്ചിമദിക്പാലൻ വരുണൻെറ രാജധാനിയാണെന്നു പുരാണങ്ങളിൽ പറഞ്ഞിട്ടുണ്ടു്. സുഖാവതി എന്ന പേരിൽ മഹായാനബുദ്ധമതകൃതികളും ഇതിനെ പ്രസ്താവിച്ചിട്ടുണ്ടു്. ഇവിടെ അവലോകിതേശ്വരൻ, മഹാസ്ഥാമൻ എന്നീ രണ്ടു ബോധിസത്വന്മാരോടുകൂടി അമിതാഭബുദ്ധൻ സ്ഥിതിചെയ്യുന്നു എന്നാണ് ഇവയിൽ പറഞ്ഞിരിക്കുന്നതു്. സുഖാവതി എന്നതിനുള്ള അറബിവാക്കു സൌദി എന്നാണ്. പശ്ചിമദിക്കിലുള്ള അറേബ്യയിൽ സൌദിഅറേബ്യ എന്നൊരു ദേശവുമുണ്ടു്. ഈ സംഗതികളിൽനിന്നു സനന്ദാദിയായ നാലു യോഗികളുടെ നാടു ചരിത്രാതീതകാലത്തെ അറേബ്യയാണെന്നു സംശയമെന്യേ വിശ്വസിക്കുകയും ചെയ്യാം.

പ്രമഗധയിലെ രാജ്ഞൌരിയിൽ നാടുവാണിരുന്ന പ്രദ്യോതവംശക്കാരുടെ ബിരുദങ്ങളെല്ലാം പിന്നീടു് അവിടെ ഭരിച്ചിരുന്ന മദ്രരാജാക്കന്മാർ സ്വീകരിച്ചിരുന്നുവെന്നു മുകളിൽ ചൂണ്ടിക്കാണിച്ചിരുന്നുവല്ലോ. പ്രദ്യോതനൻ എന്നതു് ആദിത്യൻെറ ഒരു പര്യായമാണ്. അതുകൊണ്ടു് മദ്രരാജാവായ മെനന്ദർക്കും ആദിത്യനെന്ന ബിരുദമുണ്ടാ

യിരിക്കും. ഗുണാഢ്യനെന്ന തൂലികാനാമത്തിൽ മെനന്ദരുടെ ചങ്ങാതിയായിരുന്ന നാഗഭിക്ഷു രചിച്ച 'ബൃഹത്കഥ'യെ ആസ്പദിച്ച പില്ക്കാലത്തെഴുതപ്പെട്ട വരരുചിയുടെ 'സിംഹാസനദ്വാത്രിംശികാ'എന്ന കഥാസമാഹാരത്തിൽ മാലവത്തിലെ വിക്രമാദിത്യഭോജൻെറ സാലഭഞ്ജികാലംകൃതമായ വജ്രസിംഹാസനത്തെ(വജ്രപീഠത്തെ)പ്പററി പറഞ്ഞിട്ടുണ്ട്. മഹായാനമതശാഖയായ വജ്രയാനമതത്തിലെ കൃതികളിൽ പറഞ്ഞിട്ടുള്ള നാലു പ്രധാനവജ്രപീഠങ്ങളിൽ ഒന്ന് — ജലന്ധരപീഠം — മെനന്ദരുടെ രാജ്യത്തിലെ ഒരു പ്രധാനനഗരമായിരുന്ന ബൃക്കെഫാലയിൽ (ജലംനഗരത്തിൽ) സ്ഥിതിചെയ്തിരുന്നു എന്നു പിന്നീടു സ്ഥാപിക്കുന്നതാണ്. വജ്രനായ ഇന്ദ്രനും വിക്രമാദിത്യനായ മഹാവിഷ്ണുതന്നെ. മെനന്ദരുടെ രാജധാനി സാകലസ്സ് (രാജൌരിക്ക്) പഞ്ചാലധാരാ എന്ന പാതയുടെ സാമീപ്യത്തിൽനിന്നു ധാരാനഗരമെന്നു പേരുകിട്ടിയതു മുകളിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഈ ധാരതന്നെയാണ് വിക്രമാദിത്യഭോജൻെറ ധാരാനഗരവും. മുകളിൽ വിവരിച്ച അനവധി സംഗതികളെ പരിഗണിച്ചു മെനന്ദരാണ് വിക്രമാദിത്യഭോജനെന്നു നിസ്സംശയം പറയുകയും ചെയ്യാം.

വിശ്വവിശ്രുതനായ ഒരു സിദ്ധനും ഭാരതീയചിന്തകരിൽ ശ്രീശങ്കരനോടു കിടനില്ക്കുന്ന ദേഹവും, നാനാദേശപ്രചരണത്തിൽ പില്ക്കാലത്തെ 'അറബിക്കഥ'കളോടു സാദൃശ്യമുള്ളതും കലാവൈഭവം കവിഞ്ഞൊഴുകുന്നതുമായ ഒരു ജനകീയസാഹിത്യകൃതിയുടെ ജനയിതാവുമാണ് നാ

ഗഭിക്ഷു. നാഗസേനൻ, തോലൻ, മാധ്യമികനാഗാർജ്ജുന ബോധിസത്വൻ, ഊദ്ധ്കേശാനന്ദനാഥൻ, മത്സ്യേന്ദ്രനാഥൻ, ആദിനാഥൻ, ആദിസിദ്ധൻ, ലൂയിപാദൻ, ഗുണാഢ്യൻ എന്നീ ബിരുദങ്ങൾ ഇദ്ദേഹം വഹിച്ചിരുന്നു. തന്റെ പുതിയ ദർശനമായ മാധ്യമികമഹായാനമതത്തിൽ നാഗഭിക്ഷു ഗൌതമബുദ്ധനേയും ഗൌതമൻമുമ്പുള്ള ഇരുപത്തേഴ 'പൂർവ്വബുദ്ധ'ന്മാരേയും അമാനുഷരും ആരാദ്ധ്യരുമാക്കി, അതിനെ ജനസാമാന്യത്തിനു സ്വീകാര്യമായ ഒരു മതമാക്കിച്ചമച്ചു. കൂടാതെ, മഹായാനമതക്കാരുടെ ചിന്താഗതിയിൽ വളരെ അധികം ദൂരം സഞ്ചരിച്ചിരുന്നതു നിമിത്തം 'ഗുഢബൌദ്ധൻ' എന്നു മീമാംസകർ പേരിട്ടിരുന്ന ശങ്കരാചാര്യരുടെ 'മായാവാദ'ത്തിന്റെ ആധുനികകാലജനനിയായ 'മഹാശൂന്യതാവാദ'ത്തെ ആദ്യമായി നാഗഭിക്ഷു പ്രഖ്യാപിക്കുകയും ചെയ്തു. കാര്യകാരണബന്ധത്തെസ്സംബന്ധിച്ചു് ആധുനികലോകത്തിനുള്ള വീക്ഷണകോടി ഇദംപ്രഥമമായി ഗൌതമബുദ്ധൻ തന്റെ സുപ്രസിദ്ധമായ 'പ്രതീത്യ-സമുത്പാദ'ത്ത്വം മുഖേനയാണു് പുറപ്പെടുവിച്ചതു്. ഇതിൽനിന്നു വളർന്നതാണു് നാഗഭിക്ഷുവിന്റെ 'മഹാശൂന്യതാ'വാദം. ഇതിനെ 'റെലററിവിററി' (സാപേക്ഷികത്വം) എന്ന പദം പ്രയോഗിച്ചു സ്ചെർബാററ്സ്കി എന്ന റഷ്യൻപണ്ഡിതൻ പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. ഇതിനെ തന്റെ 'ലോകാതീതസ്തവ'ത്തിൽ നാഗഭിക്ഷു ചുവടെ ചേർക്കുന്നപ്രകാരം വിവരിച്ചിരിക്കുന്നു:

"യഃ പ്രതീത്യസമുത്പാദഃ ശൂന്യതാ സൈവ തേ മതാ
ഭാവഃ സ്വതന്ത്രോ നാസ്തീതി സിംഹനാദസ്തവാതുലഃ"

ഈ ശൂന്യതാവാദത്തിന്റെ ഒരു പ്രാകൃതരൂപം മാധ്യമികനാഗാർജ്ജുനനുമുമ്പുണ്ടായിരുന്ന സത്യസിദ്ധി എന്ന ഹീനയാനമതശാഖയിൽ കാണാമെന്നു യെമകാമി-സോഗൻ എന്ന ജപ്പാനീസ്സപണ്ഡിതൻ പ്രസ്താവിച്ചിട്ടുമുണ്ട്. മാധ്യമികനാഗാർജ്ജുനൻ മായൂരീവിദ്യ (മായൂരീതന്ത്രം) സ്ഥാപിച്ചു എന്ന് 'മഞ്ജുശ്രീമൂലകല്പ'ത്തിൽ പറഞ്ഞിരിക്കുന്നു. ഇതിനു കാരണം മയൂരനായ മഹാവിഷ്ണു ചരിത്രാതീതകാലത്തു പ്രഖ്യാപിച്ച താന്ത്രികമതതത്വങ്ങൾകൂടി നാഗഭിക്ഷു പ്രഖ്യാപിച്ചതാണെന്നു വരാം. അഥവാ, മയൂരപുരമെന്ന പേരുമുണ്ടായിരുന്ന വേദാലിയിൽ ജനിച്ച നാഗഭിക്ഷു സ്ഥാപിച്ച മതമായതുകൊണ്ടു മഹായാനമതത്തിനു മായൂരീമതമെന്ന പേരു കിട്ടി എന്നും വന്നേക്കാം.

'തോൽ' എന്ന പദത്തിനു വേദം പഠിപ്പിക്കുന്ന വിദ്യാലയം, പണ്ഡിതസഭ എന്നീ അർത്ഥങ്ങൾ ഉണ്ട്. ഈ പദം ചേർത്തിട്ടുള്ള സ്ഥലനാമങ്ങൾ കേരളത്തിലെ അയ്യന്തോൾ, കരിന്തോൾ മുതലായവയിൽ കാണാം. വിദർഭയിലെ വേദാലിക്ക് ഉജ്ജൈനി എന്നും പേരുണ്ടായിരുന്നു. വിദർഭനഗരത്തിനു സഭാനഗരമെന്ന നാമമുണ്ടായിരുന്നതായി കൌടലീയഅർത്ഥശാസ്ത്രവ്യാഖ്യാനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഉജ്ജൈനിയും പാടലീപുത്രവും (പ്രമഗധയിലെ പാടലീപുരവും) പണ്ഡിതസഭകളുള്ള നഗരങ്ങളായിരുന്നുവെന്നു രാജശേഖരൻ പറഞ്ഞിട്ടുണ്ട്. സാഹിത്യകാരരെ പരീക്ഷിക്കുന്ന ഉജ്ജൈനിസഭയിൽ കാളിദാസമേണ്ഠാദികവികളേയും, ശാസ്ത്രകാരരെ പരീക്ഷിക്കുന്ന പാട

ലീപുത്രത്തിലെ പണ്ഡിതസഭയിൽ പാണിനി, ഉപവ
ർഷൻ മുതലായ ശാസ്ത്രകാരരേയും പരീക്ഷിക്കകയുണ്ടായി
എന്നും രാജശേഖരൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈ ര
ണ്ടു നഗരങ്ങളിലേയും (സിയാൽക്കോട്ടിലേയും രാജൌരി
യിലേയും) തോലുകളുടെ അദ്ധ്യക്ഷനായി മെനന്ദർ നാഗ
ഭിക്ഷുവിനെ നിയമിച്ചിരുന്നതുനിമിത്തം ഇദ്ദേഹത്തിനു
തോലൻ എന്ന ബിരുദം ലഭിച്ചു.

പുഷ്യമിത്രശുംഗചക്രവർത്തിയുടെ കാലത്തു (183—
147 ബി. സി.) ഒരു യവനരാജാവു ഭാരതം ആക്രമിച്ചു
സാകേതവും മദ്ധ്യമികനഗരവും രോധിച്ചു എന്ന് അ
ക്കാലത്തു ജീവിച്ചിരുന്ന വൈയ്യാകരണൻ പതഞ്ജലി പ്ര
സ്താവിച്ചിട്ടുണ്ട്. ഇതിലെ സാകേതം തക്ഷശിലയും, മ
ദ്ധ്യമിക ആദികന്യാകുബ്ജമായ റവൽപിണ്ഡിയും, യവന
രാജാവു പാർഥ്യാചക്രവർത്തി മിത്രദത്തൻ ഒന്നാമനും
(171—136 ബി. സി) ആണെന്നു ഞാൻ വിചാരിക്കുന്നു.
സംസ്കൃതത്തിൽ 'മധ്യമ' എന്ന പദത്തിനു തിരണ്ട കന്യ
ക എന്ന് അർത്ഥമുണ്ട്. അതുകൊണ്ടു മധ്യമിക കന്യാകു
ബ്ജത്തിൻെറ മറെറാരു നാമമാകുന്നതാണ്. മധ്യമികയാ
യ റവൽപിണ്ഡിയിൽ, (ശ്രീപർവ്വതത്തിൽ) നാഗഭിക്ഷു
ഏറെക്കാലം പാർത്തു യോഗാഭ്യാസം നടത്തിയിരുന്നതുകൊ
ണ്ട് അദ്ദേഹത്തിനു മാദ്ധ്യമികനാഗാർജ്ജുനൻ എന്ന ബി
രുദം കിട്ടുകയും ചെയ്തു. രാജപുട്ടാണയിൽ ശിബിവംശ
ക്കാരുടെ വകയായ മറെറാരു പ്രാചീനമായ മദ്ധ്യമികന
ഗരം ഇന്നു കണ്ടുപിടിച്ചിട്ടുണ്ട്. ഇതാണ് മാദ്ധ്യമികനാ
ഗാർജ്ജുനൻെറ ജനനസ്ഥലമെന്ന് ഇന്നത്തെ ഇൻഡ്യാച
രിത്രകാരർ വിചാരിച്ചുവരുന്നതു ശരിയല്ല.

ഊൎദ്ധ്വകേശൻ എന്നതു ശിവൻെറ ഒരു പൎയ്യായമാണ്. സോഹൻ(ശോണാ)നദി ഇൻഡസിനോടു ചേരുന്നിടത്തിനു പടിഞ്ഞാറായി ശ്രീരാമൻെറ കാലത്തു സ്ഥിതിചെയ്തിരുന്ന വിദേഹരാജ്യത്തിലെ ജനകൻ സീരധ്വജൻെറ അനുജൻ കുശദ്ധ്വജൻ സ്ഥാപിച്ച ഒരു രാജവംശത്തിൽ കേശിദ്ധ്വജൻ എന്ന ഒരു മഹായോഗി ഉണ്ടായിരുന്നു. കുശദ്ധ്വജൻ (1640—ബി. സി.) സ്ഥാപിച്ച യോഗഗുരുപരമ്പരയിലും, ഗൌതമബുദ്ധശിഷ്യൻ ആനന്ദൻ സ്ഥാപിച്ച ബുദ്ധമതാചാൎയ്യപരമ്പരയിലും ഉൾപ്പെട്ടിരുന്നതുനിമിത്തമായിരിക്കാം നാഗഭിക്ഷുവിന് ഊൎദ്ധ്വകേശാനന്ദനാഥൻ എന്ന ബിരുദം ലഭിച്ചതു്. അഥവാ, ഇൻഡസിനും, ഇന്നു ജലംനദി എന്നു പേരുള്ള യമുനയ്ക്കുമിടയ്ക്കു കിടന്നിരുന്ന ദേശത്തു കേശി, ചത്രബോനി (ഛത്രവാഹനർ, അഹിച്ഛത്രക്കാർ), മെഗല്ലെ (മേകലർ) മുതലായ വൎഗ്ഗക്കാർ പാൎത്തിരുന്നതായി പ്ലിനി പറഞ്ഞിട്ടുള്ളതിലെ കേശിവൎഗ്ഗത്തിൽ ഒരാളായതുകാരണം നാഗഭിക്ഷുവിനു പ്രസ്തുതനാമം കിട്ടിയെന്നും വരാം. ഋഗ്വേദങ്ങളിൽ കേശി എന്ന പദത്തെ മുനിയുടെ ഒരു പൎയ്യായമായി പ്രയോഗിച്ചിട്ടുള്ളതും പ്രസ്താവിച്ചുകൊള്ളട്ടെ.

മത്സ്യ-വിദൎഭരാജ്യങ്ങളെ പുരാണങ്ങളിൽ ഒന്നിച്ചു പ്രസ്താവിച്ചിട്ടുള്ളതുനിമിത്തം, പണ്ടു് ഇവ അയൽരാജ്യങ്ങളോ ഒരേഒരു രാജ്യത്തിൻെറ രണ്ടു വിഭാഗങ്ങളോ ആയിരുന്നതായി വിചാരിക്കാം. മത്സ്യരാജ്യത്തിൽ ജനിച്ചതുഹേതുവായി നാഗഭിക്ഷുവിനു മത്സ്യേന്ദ്രനാഥനെന്ന ബിരുദം ലഭിച്ചു. പക്ഷേ താന്ത്രികയോഗശാസ്ത്രകൃതികൾ

ഈ ബിരുദത്തിന്റെ ഉത്ഭവത്തെപ്പററി ഒരു കഥ പറയുന്നുണ്ടു്. ഒരു മത്സ്യം വിഴുങ്ങിയ ബൈബിളിലെ യോനായുടെ (ബി. സി. ഒമ്പതാം ശതബ്ദം) കഥപോലെയുള്ള ഒന്നാണു് ഇതു്. ശിവൻ പാൎവ്വതിയുമായി നടത്തിയ ഒരു സംഭാഷണം കേൾക്കുവാൻ നാഗഭിക്ഷു ഒരു വലിയ മത്സ്യത്തിന്റെ വയററിൽ പ്രവേശിച്ചു എന്നതത്രേ ഈ കഥ.

ബാബിലോണിയായുടെ പശ്ചിമഭാഗത്തു പാൎത്തിരുന്ന അദ്ധ്യക്ഷ്മ്ഹൂദമതക്കാരായ എബിയോനൈററ്സ്, എസ്സേനസ് എന്നീ വൎഗ്ഗക്കാരുടെയിടയ്ക്കു് എൽ-കേസൈ (കേശി) എന്ന പ്രവാചകൻ എ. ഡി. നൂറിനു സമീപിച്ചു് ഒരു പുതിയ മതം സ്ഥാപിക്കുകയുണ്ടായി. ഇദ്ദേഹം ഊദ്ധ്വകേശാനന്ദനാഥനായ നാഗഭിക്ഷുവിന്റെ വിദേശിശിഷ്യപരമ്പരയിൽപ്പെട്ട ഒരു ദേഹമാണെന്നു കേശീബിരുദം സൂചിപ്പിക്കുന്നുണ്ടു്. പകോരസ് രണ്ടാമനെന്ന പാൎത്ഥിയാചക്രവൎത്തിയുടെ പുത്രൻ പാൎത്ഥമാസിറിസ് മഹായാനബുദ്ധമതം സ്വീകരിച്ചു് ഒരു ഭിക്ഷുവായി ചീനത്തേക്കു പോയിരുന്നു. ഇന്നു തിബത്തു്, ചീനം, മംഗോളിയാ, ജപ്പാൻ എന്നീ രാജ്യങ്ങളിൽ മഹായാനബുദ്ധമതം പ്രചരിച്ചുവരുന്നതുപോലെ, പണ്ടു സിറിയ, ആർമേനിയാ എന്നീ രാജ്യങ്ങൾവരെയുള്ള പശ്ചിമേഷ്യയിൽ ഇതു പ്രചരിച്ചിരുന്നു എന്നു പ്രസ്തുതസംഗതികൾ സ്ഥാപിക്കുന്നുണ്ടു്.

ദൂരസ്ഥമായ പല ഖനികളിൽനിന്നെടുത്ത അനവധി ലോഹാദിയായ മൂലവസ്തുക്കൾ കൂട്ടിച്ചേൎത്തു പ്രകൃതിവാൎത്തെടുത്തമനുഷ്യശരീരത്തിനു തുല്യം, വാസ്തവത്തിൽ സങ്കീൎണ്ണമായ തങ്ങളുടെ സംസ്കാരങ്ങൾ സ്വയംഭൂക്കളാണെന്നു

ള്ള മന്ത്രം കണ്ണുമടച്ച് ഉരുക്കഴിക്കുകയും, ഈ തെററിദ്ധാരണ നീക്കുവാൻ ഉദ്യമിക്കുന്നവക്ക് ഉരുളയ്ക്കുരുള ഉപസ്കരിച്ചു എന്നു ഭാവിക്കുകയും ചെയ്തുകൊണ്ടു ദേശീയവാദമെന്ന കട്ടൽപരമ്പുഃകാട്ടകളിൽ കഴിച്ചുകൂട്ടുന്ന ഇന്നത്തെ പരിഷ്കൃതരാജ്യക്കാർ മുകളിൽ പ്രസ്താവിച്ചതുപോലെയുള്ള വസ്തുതകഠം കേട്ട് അത്ഭുതപ്പെട്ടുപോകും. മനുഷ്യസ്വഭാവം ഒന്നുപോലെയാകയാൽ പല രാജ്യങ്ങളിലും സ്വതന്ത്രമായി ജനിക്കുന്ന സംസ്കാരങ്ങഠംക്കുതമ്മിൽ സാമാന്യമായ ഒരു സാദൃശ്യം കാണുമെന്നു വാദിക്കുന്നവരും ഇവരെപ്പോലെതന്നെ പ്രസ്തുതസംഗതികഠം കേട്ട് അമ്പരക്കാതെയിരിക്കുകയില്ല. എന്നാൽ വാസ്തവത്തിൽ ഈ അത്ഭുതത്തിനു് അടിസ്ഥാനമില്ല. ഒരു പൊതുവായ മതൈതിഹ്യവും സംസ്കാരവും ചരിത്രാതീതകാലംമുതല്ക്കു് ഏഷ്യ ഒട്ടുക്കും ഈജിപ്റ്റ്, ഗ്രീസ്, ഇത്തലി മുതലായ പാശ്ചാത്യരാജ്യങ്ങളിലും നിലവിലിരുന്നിരുന്നു. രണ്ടു കൊമ്പുള്ള സ്കന്ദൻ, ആദം ഒന്നാമൻ (ബൈബിളിലെ ആദം രണ്ടാമനല്ല), ദണ്ഡകരപൂവ്വബുദ്ധൻ മുതലായ അസംഖ്യം ബിരുദങ്ങഠം പശ്ചിമേഷ്യയിലേയും, ഈജിപ്റ്റിലേയും, യൂറോപ്പിലേയും നിവാസികഠം നല്കിയിട്ടുള്ള ആദിമനുവും ആദിപ്രവാചകനുമായ മഹാവിഷ്ണു ബി. സി. 5970-ൽ താന്ത്രികമതം, അഥവാ ശാക്തേയമതം, എന്ന പേരുള്ള ഒരു മതം സ്ഥാപിക്കുകയുണ്ടായി. ഇതിൽനിന്നു് ഉത്ഭവിച്ച ഒരു പൊതുവായ മതൈതിഹ്യവും സംസ്കാരവും ജപ്പാനിൽ തുടങ്ങി അതലാന്തികസമുദ്രക്കരയിൽ അവസാനിക്കുന്ന ഭൂഖണ്ഡത്തിൽ മദ്ധ്യകാലാരംഭംവരെ പ്രചരിച്ചിരുന്നു എന്നു് ഇന്നത്തെ ഗവേഷണഗതി ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഇതിനെ ഉദാഹരിക്കാം. ഋഗ്വേദകാലത്തെ ഭാരതീയർ ആരാധിച്ചിരുന്ന ഇന്ദ്രവരുണനാസത്യാദിദേവന്മാരെത്തന്നെ പൂജിച്ചിരുന്ന മിതാന്നി-ഹരിയൻ നരവംശക്കാർ (ബൈബിളിലെ ഹോറൈററുവർഗ്ഗക്കാർ) മെസപ്പൊത്തേമിയാ, സിറിയ, പാലസ്തീന, ഏഷ്യാമൈനോർ എന്നീ രാജ്യങ്ങളിൽ രണ്ടായിരം ബി. സി. മുതല്ക്കെങ്കിലും നിവസിച്ചിരുന്നു എന്നു കണ്ടുപിടിച്ചിട്ട കാലം കുറേ കഴിഞ്ഞിരിക്കുന്നു. ഭാരതീയരുടെ സാംഖ്യന്യായയോഗവൈശേഷികദർശനങ്ങളോട്ട സാദൃശ്യമുള്ള ദർശനങ്ങൾ ക്രിസ്ത്വബ്ദത്തിനുമുമ്പുള്ള ആറേഴ ശതാബ്ദങ്ങളിലെ ഗ്രീക്കചിന്തകരും പ്രഖ്യാപിച്ചിരുന്നു. ഭാരതീയരുടെ ആയുർവ്വേദവൈദ്യശാസ്ത്രത്തോട്ട സാദൃശ്യമുള്ള ഒന്ന് അന്നു ഗ്രീസ്സ്മുതലായ പാശ്ചാത്യരാജ്യങ്ങളിൽ പ്രചരിച്ചിരുന്നു എന്നു ഫില്ലിയോസ്സാററ്, ബെൻവെനിസ്റ്റ് എന്നീ ഫ്രഞ്ചുകാരായ വൈദ്യശാസ്ത്രചരിത്രഗവേഷകർ സ്ഥാപിച്ചിട്ടുണ്ട്. പ്രാചീന അറബികൾ ഉത്തരആഫ്രിക്കയിൽ കുടിയേറിപ്പാർത്തതുമുതല്ക്ക് അവിടെ പ്രചരിച്ചുതുടങ്ങിയ അറബിസംഗീതരാഗങ്ങളോട്ട ഭാരതത്തിലെ കർണ്ണാടകസംഗീതത്തിനു കുറെ സാദൃശ്യമുണ്ടെന്ന് അലെയിൻ-ഡാനിയലൂ എന്ന ഫ്രഞ്ചു സംഗീതശാസ്ത്രവിദഗ്ദ്ധൻ ചൂണ്ടിക്കാണിച്ചിരുന്നു. ഋഗ്വേദസൂക്തങ്ങളുടെ ഗാനരീതിക്ക പ്രാചീനഏബ്രായരുടെ ഗാനരീതിയോട്ട സാദൃശ്യമുണ്ടെന്നും ഈയിടെ ഡാക്ടർ രാഘവൻ കണ്ടുപിടിക്കുകയുമുണ്ടായി.

1952-ൽ വിയന്നയിൽവെച്ച കൂടിയ അന്ത്രോപ്പോളജി ശാസ്ത്രജ്ഞരുടേയും എത്നോളജി ശാസ്ത്രജ്ഞരുടേയും നാലാമത്തെ അഖിലലോകസമ്മേളനത്തിൽ, മൈസൂറി

ലേയും പെർഷ്യയിലേയും പുരാതനസ്ഥലഖനനങ്ങൾ വെളിപ്പെടുത്തിയ പ്രാചീനപരിഷ്കാരാവശിഷ്ടങ്ങളുടെ സാദൃശ്യത്തെ ആസ്പദിച്ചു ഡാക്ടർ ഫ്യൂറർ-ഹെയ്മൻഡോർഫ് ദ്രാവിഡരുടെ ഉത്ഭവത്തെപ്പററിയും ഭാരതത്തിലേയ്ക്കുള്ള വരവിനെപ്പററിയും ഒരു പ്രസംഗം ചെയ്തിരുന്നു.

മദ്ധ്യപേർഷ്യയിൽനിന്ന് ഇരുമ്പായുധയുഗപരിഷ്കാരം തെക്കേ ഇൻഡ്യയിലേയ്ക്കു ദ്രാവിഡർ കൊണ്ടുവന്നു. ബെലൂചിസ്ഥാനിലൂടെയും ഇൻഡ്യയുടെ പശ്ചിമകടലോരത്തിലൂടെയുമാണ് ഇവർ ദക്ഷിണഭാരതത്തിൽ എത്തിയത്. ബി. സി. മൂന്നാറിലോ, അല്പം മുമ്പോ ആണ് ഇവർ ഇവിടെ വന്നുചേർന്നതും. ഇതാണ് അദ്ദേഹത്തിൻെറ പ്രസംഗസാരം. ഈ അഭിപ്രായത്തെ അവിടെയുണ്ടായിരുന്ന അക്കേയോളജിയെസ്സംബന്ധിച്ച സർവ്വലോകപ്രസിദ്ധനായ പ്രൊഫസ്സർ ചെൽഡ് മുതലായ ചിലർ പിന്താങ്ങുകയും ചെയ്തു. ആകാശത്തുനിന്നു വീഴുന്ന ഉല്ക്കകളിൽനിന്നെടുത്ത ഇരുമ്പുകൊണ്ടു ബി. സി. മൂന്നാം സഹസ്രാബ്ദം മുതല്ക്കു പശ്ചിമേഷ്യാനിവാസികൾ ആയുധങ്ങളും വ്യവസായോപകരണങ്ങളും നിർമ്മിച്ചിരുന്നുവെങ്കിലും ഉദ്ദേശം ബി. സി. 1200 മുതല്ക്കാണ് ഇരുമ്പുസാധനങ്ങൾ അവർ സർവ്വസാധാരണമായി ഉപയോഗിച്ചുതുടങ്ങിയത് എന്ന് ഇന്നത്തെ ഗവേഷണം സ്ഥാപിച്ചിട്ടുള്ളതും ഇവിടെ ശ്രദ്ധേയമാണ്.

മുകളിൽ വിവരിച്ച ഗവേഷണഗതി സാമാന്യമായി പിന്താങ്ങുന്ന കാര്യങ്ങളെ ഞാൻ വളരെ കൊല്ലങ്ങൾക്കു മുമ്പു കണ്ടുപിടിച്ചിരുന്നു. ഇവയിൽ ചിലതു മുകളിൽ അ

ങ്ങുമിങ്ങുമായി പ്രസ്താവിച്ചിരുന്നുവല്ലോ. എന്റെ കണ്ടു
പിടുത്തങ്ങളുടെ സാമാന്യഗതി സംഗ്രഹിച്ച് ഇവിടെ വി
വരിച്ചുകൊള്ളട്ടെ: ഹിന്ദുപുരാണങ്ങളിൽ രണ്ടു പാലാഴി
മഥനങ്ങളെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഭാരതീയർ കല്പഗ
ണിതമെന്നും, പാശ്ചാത്യർ പ്രാചീനഖൽദേയരുടെ ജ്യോ
തിശ്ശാസ്ത്രമെന്നും പേരിട്ടിട്ടുള്ള ഗണിതപദ്ധതിയുടെ രഹ
സ്യങ്ങൾ കണ്ടുപിടിക്കുവാൻ എനിക്കു സാധിച്ചു. മിക്ക
പ്രാചീനരാജ്യക്കാരുടേയും ഐതിഹ്യങ്ങളുൾക്കൊള്ളുന്ന
അവരുടെ പുരാണങ്ങളിൽനിന്നും കഥകളിൽനിന്നുമാണ്
എനിക്കു കല്പഗണിതത്തിന്റെ കവാടം തുറക്കുന്ന താ
ക്കോൽ കിട്ടിയതു്. ഈ ഗണിതപദ്ധതിയുടെ സഹായ
ത്തോടുകൂടി, ആദ്യത്തെ പാലാഴിമഥനം ബി. സി.
5970-ലും, ഭാഗവതപുരാണത്തിൽ പറഞ്ഞിട്ടുള്ള രണ്ടാ
മത്തേതു ഭാരതീയരുടെ ഒരു കലിവർഷമായ ബി. സി.
3101-ലും നടന്ന രണ്ടു ചരിത്രപരമായ മഹാപ്രളയങ്ങ
ളാണെന്നു ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്. ആദ്യത്തേതു് ഈ
ജിപ്റ്റ് എന്നും പണ്ടു പേരുണ്ടായിരുന്ന കിഴക്കൻ അറേ
ബ്യയിലും, മറേറതു പ്രാചീന ബാബിലോണിയായിലും
(ഇന്നത്തെ ഇറാക്കിലും) ആണു് സംഭവിച്ചതു്. പ്രഥമപ്ര
ളയകാലത്തു് ഇന്നത്തെ പരിഷ്കൃതമനുഷ്യരുടെ പൂർവ്വികർ
എല്ലാവരുമൊരുമിച്ച്, അതിനുമുമ്പു് ഒരു വൻകായലാ
യിരുന്ന ഇന്നത്തെ പേർഷ്യൻ ഉൾക്കടലിനു ചുററും പാ
ർത്തിരുന്നു. രണ്ടാംപ്രളയകാലത്താകട്ടെ, ഇവർ മിക്കവരും
ഇറാക്കിലും പശ്ചിമപേർഷ്യയിലുമായിട്ടാണ് നിവസിച്ചി
രുന്നതു്. ഈ വസ്തുതകൾനിമിത്തം പല വേദങ്ങളിലും

ഈ രണ്ടു പ്രളയങ്ങളുടേയും കഥകൾ ഇവരെല്ലാവരുടേയും പുരാണങ്ങളിൽ സ്ഥലംപിടിച്ചിട്ടുണ്ട്.

പാശ്ചാത്ത്യേഷ്യയിലെ നവശിലായുധയുഗത്തിൻെറ പ്രാരംഭത്തിൽ സംഭവിച്ച ഒന്നാംപ്രളയത്തിനെ മഹാവിഷ്ണു പ്രളയകാലസമുദ്രത്തിൽ ആദ്യമായി പ്രത്യക്ഷപ്പെട്ടതെന്നു് ഉത്തരഭാരതീയരും, കന്യാകുമാരിക്കു തെക്കു പണ്ടുണ്ടായിരുന്ന കര കടൽ കൊണ്ടുപോയതാണെന്നു തമിഴരും പറഞ്ഞുവരുന്നു. അതലാന്തദ്വീപു കടലിൽ താണതെന്നും, രായുടെ പ്രളയമെന്നും പ്രാചീന ഈജിപ്തുകാർ ഇതിനെ വിളിച്ചുവന്നിരുന്നു. കൊറാനിൽ പറഞ്ഞിട്ടുള്ള ഇസ്കന്ദർ-സൂൾ-കർനൈൻെറ പ്രളയമെന്നു് തുർക്കികളും, നൊന്നാക്കസ്സിൻെറ പ്രളയമെന്നു് ഫ്രിജിയാക്കാരും, ദർദാനസ്സിൻെറ പ്രളയമെന്നു് ട്രോയ് നഗരക്കാരും, ലെമൂരിയാ ഭൂഖണ്ഡത്തിൻെറ സമുദ്രനിമജ്ജനമെന്നു പ്രാചീനറോമാക്കാരും ഇതിനു പേരുകൾ നല്കിയിട്ടുണ്ടു്. രണ്ടാംപ്രളയമാണു് ബൈബിളിലെ നോഹയുടെ പ്രളയം. ഭാരതീയപുരാണങ്ങളിലെ വൈവസ്വതമനുവിൻെറ പ്രളയം, പാരസികരുടെ ഗൂയാമർട്ടിനെ കലിയായ അംഗ്രമന്യു ആക്രമിച്ചതു്, ഗ്രീക്കുകാരുടെ ദയ്യൂകലിയോൻെറ (കലിദേവൻെറ) പ്രളയം, ചീനരുടെ നുക്കുവോയുടെ പ്രളയം എന്നിവയും ഇതുതന്നെയാണു്.

സൃഷ്ടിമുതല്ക്കു ഭൂമിയിലെ ഭൂഖണ്ഡങ്ങളിൽ പല ആകൃതിഭേദങ്ങൾ വന്നിട്ടുള്ളതിനെ ആസ്പദിച്ചു് ഇന്നത്തെ ഭൂഗർഭശാസ്ത്രജ്ഞർ നാലു ദശകൾ സ്ഥാപിച്ചിട്ടുണ്ടു്. ഇവയിൽ നാലാമത്തേതായ പ്ലെയിസ്റ്റോസീൻദശയുടെ പ്രാ

രംഭത്തിൽ, ഏഷ്യയേയും അഫ്രിക്കയേയും തമ്മിൽ ഘടിപ്പിച്ചിരുന്ന ഗോണ്ഡ്വനഭൂഖണ്ഡം കടലിൽ ആണ്ടുപോയി. എന്നാലും, അറബിക്കടലിൻെറ വടക്കേ അററത്തു കിഴക്കൻ അറേബ്യയേയും തെക്കൻ പേർഷ്യയേയും തമ്മിൽ ഘടിപ്പിച്ച ഒരു ചെറിയ കര ഗോണ്ഡ്വനത്തിൽ നിന്നു് അവശേഷിച്ചിരുന്നതു ഞാൻ സാവ്വത്രികങ്ങളായ ഐതിഹ്യങ്ങളിൽനിന്നു കണ്ടുപിടിച്ചിട്ടുണ്ടു്. ഇവിടെയുള്ള ത്രൂക്കിയൽ ഒമൻ-കടാർദേശം ഇന്നും സമുദ്രനിരപ്പിൽനിന്നു് എഴുപതടി താണുകിടക്കുന്നു. പശ്ചിമഅറേബ്യയും കിഴക്കൻ അറേബ്യയും തെക്കുപടിഞ്ഞാറൻ പേഷ്യയും പണ്ടു് ഊജ്ജിതങ്ങളായതും ഇന്നു നിവ്വാണം പ്രാപിച്ചിട്ടുള്ളതുമായ അഗ്നിപവ്വതങ്ങൾകൊണ്ടു നിറഞ്ഞിരുന്നു. കിഴക്കൻ അറേബ്യയിലെ ഈ അഗ്നിപവ്വതങ്ങളുടെ ഭയങ്കരമായ ഒരു സ്ഫോടനംനിമിത്തം ത്രൂക്കിയൽ ഒമൻ-കടാർപ്രദേശം ഇന്നത്തെ സ്ഥിതിയിൽ താണു പണ്ടു പുനത്തു് (അളം) എന്നു പേരുണ്ടായിരുന്ന ദേശമായിപ്പോകുകയും, ഇതിനു കിഴക്കു് ഇന്നത്തെ ഒമൻ ഉൾക്കടലിൻെറ സ്ഥാനത്തു നിന്നിരുന്ന ആ അവശിഷ്ടകര ഒരു നിമിഷംകൊണ്ടു് കടൽ കൊണ്ടുപോകുകയും ചെയ്തു. ബി. സി. 5970-ൽ നടന്ന ഒന്നാമത്തെ പാലാഴിമഥനം ഇതായിരുന്നു. കടാറിനു തെക്കുനിന്നിരുന്ന പുരാണപ്രസിദ്ധമായ അതലപവ്വതത്തിൻെറ (ഇന്നത്തെ ജബൽ അതലിൻെറ) പേരിൽനിന്നുത്ഭവിച്ചതാണു് കടൽ കൊണ്ടുപോയ കരയ്ക്കുള്ള അതലാന്തദ്വീപെന്ന നാമം. ലങ്ക, ലെമൂരിയ മുതലായ നാമങ്ങളും ഇതു വഹിച്ചിരുന്നു. 'ലെയ്മ്മ' എന്ന

ഗ്രീക്ക് പദത്തിന് അവശിഷ്ടമെന്ന് അർത്ഥമുണ്ട്. ഇതിൽനിന്നാണ് ലങ്ക, ലെമൂരിയ എന്നീ നാമങ്ങൾ ജനിച്ചത്. ഗോണ്ഡ്വനഭൂഖണ്ഡത്തിന്റെ അവശിഷ്ടമാണല്ലോ ലെമൂരിയ.

ഈ പ്രളയത്തെ ആസ്പദിച്ചാണ് ഭാരതീയരുടെ പൂവടെ ചേർക്കുന്ന ഒരു മംഗലശ്ലോകം സിംബോളിക്‌ഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ളത്:

"ലക്ഷ്മീകൌസ്തുഭപാരിജാതകസുരാ
ധന്വന്തരിശ്ചന്ദ്രമാ
ഗാവഃ കാമദുഘാഃ സുരേശ്വരഗജോ
രംഭാദിദേവാംഗനാഃ
അശ്വഃ സപ്തമുഖോ വിഷം ഹരിധനുഃ
ശംഖോഽമൃതം ചാംബുധേ
രത്നാനീഹ ചതുർദശ പ്രതിദിനം
കുര്യുഃ സദാ മംഗലം."

ഒന്നാംപാലാഴിമഥനത്തിൽനിന്നു ലഭിച്ച പതിന്നാലു രത്നങ്ങളുടെ പേരുകളാണ് ഈ ശ്ലോകത്തിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ളത്. ലക്ഷ്മീദേവി, മഹാവിഷ്ണു കഴുത്തിൽ ധരിക്കുന്ന കൌസ്തുഭരത്നം, പാരിജാതകമെന്ന പുഷ്പവൃക്ഷം, മദ്യം, വൈദ്യശ്രേഷ്ഠനായ ധന്വന്തരി, ചന്ദ്രൻ, എല്ലാ ആഗ്രഹങ്ങളേയും സാധിച്ചുകൊടുക്കുന്ന കാമധേനു എന്ന പശു, ഇന്ദ്രന്റെ ഐരാവതമെന്ന ഗജം, രംഭ മുതലായ ദേവസ്ത്രീകൾ, സപ്തമുഖനെന്ന അശ്വം, വിഷം, ഇന്ദ്രന്റെ വില്ല്, ശംഖ്, അമൃതം എന്നിവയാണ് ഈ ചതുർദശരത്നങ്ങൾ. വാസ്തവത്തിൽ, പ്രസ്തുത ഒന്നാം

പ്രളയത്തോടുകൂടി വാഴ്ചയാരംഭിച്ച മഹാവിഷ്ണു എന്ന നക്ഷത്രദേവൻെറ (തിരുവോണം, അത്തം എന്നീ നക്ഷത്രങ്ങളുടെ ദേവൻെറ) പുരോഹിതനും, തന്നിമിത്തം അന്നത്തെ പതിവനുസരിച്ച് അതിൻെറ പേരു വഹിച്ചിരുന്നവനുമായ അരമ്പിമനുവിൻെറ (കുലസ്ഥാപകൻെറ) കാലത്തുണ്ടായിട്ടുള്ള നേട്ടങ്ങളെയാണ് വ്യംഗ്യമായി ഇതിൽ വണ്ണിച്ചിരിക്കുന്നത്. ഇവയെ ഇങ്ങനെ വിശദീകരിക്കാം. മഹാവിഷ്ണുവിൻെറ നാടുവാഴ്ചക്കാലത്തു സകലപ്രജകളുടേയുമിടയ്ക്കു് ഐശ്വര്യദേവിയായ ലക്ഷ്മി കളിയാടിയിരുന്നു. അന്നു രത്നങ്ങൾ ഖനനംചെയ്തെടുക്കുകയും, ശംഖുമത്സ്യത്തെ മുങ്ങിപ്പിടിക്കുകയും, പുഷ്പഫലവൃക്ഷാദികളും ധാന്യങ്ങളും കൃഷിചെയ്യുകയും, മദ്യവും വിഷൌഷധങ്ങളും അമൃതുതുല്യമായ മററു മരുന്നുകളും നിമ്മിക്കുകയും വിദഗ്ദ്ധരായ വൈദ്യന്മാർ നാട്ടാരെ ചികിത്സിക്കുവാൻ തുടങ്ങുകയും ചെയ്തിരുന്നു. പശുക്കളേയും കുതിരകളേയും ആനകളേയും ഇണക്കുന്ന പതിവു് അന്നുമുതല്ക്കാണ് ആരംഭിച്ചത്. ഗജവീരന്മാരെ രാജവാഹനമാക്കി അന്നുമുതല്ക്കു് ഉപയോഗിച്ചുതുടങ്ങി. യുദ്ധങ്ങളിൽ ഇദംപ്രഥമമായി മഹാവിഷ്ണു വില്ലും അമ്പും പ്രയോഗിച്ചു. ചന്ദ്രൻെറ ആരാധന തുടങ്ങിയതും, ചന്ദ്രക്ഷേത്രങ്ങൾ പണിതതും, ഇവയിൽ സ്ത്രീപൂജാരികളായ ദേവദാസികളെ സ്ഥാപിച്ചതും മഹാവിഷ്ണുവാണ്. ഇപ്രകാരം സ്ഥിരമായ ക്ഷേത്രങ്ങൾ പണിയിച്ചതുനിമിത്തം ഇവയ്ക്കു ചുററും കഷ്കഗ്രാമങ്ങൾ അന്നുണ്ടായിരുന്നു എന്നു സിദ്ധിക്കുന്നു. ഇതിനു മുമ്പുണ്ടായിരുന്ന സഞ്ചാരജീവിതത്തിനു പകരം ഗ്രാമങ്ങൾ സ്ഥാപിച്ച് ഇവ

യിൽ സ്ഥിരതാമസം തുടങ്ങുവാൻ മഹാവിഷ്ണു തൻെറ പ്ര ജകളെ പഠിപ്പിക്കുകയും ചെയ്തു. പാലസ്തീനായിൽ നട ത്തിവരുന്ന ശാസ്ത്രീയമായ പുരാതനസ്ഥലഖനനഫലങ്ങ ളുടെ വെളിച്ചത്തിൽ, മഹാവിഷ്ണുവിൻെറ ഈ പ്രളയത്തി നുമുമ്പും, ബി. സി. എണ്ണായിരത്തിനു ശേഷവും അവി ടേയും അറേബ്യയിലുമായി പാർത്തിരുന്ന ചെറുശിലായു ധയുഗത്തിലെ നട്ടൂഫിയൻനരവംശക്കാരുടെ പരിഷ്കാര ത്തിൽനിന്ന് ഒരു മുന്നടിവെപ്പാണ് മഹാവിഷ്ണുവിൻെറ കാലത്തെ പ്രസ്തുതപരിഷ്കാരമെന്നു നമുക്കു പറയുവാൻ ക ഴിയും.

അതലാന്തദ്വീപു കടൽ കൊണ്ടുപോയതിനെപ്പ റ്റിയുള്ള ഐതിഹ്യം പ്രാചീന ഈജിപ്റ്റുകാരിൽനിന്നു മറിഞ്ഞു പുരാതനഗ്രീസിലെ ആതൻസ നഗരത്തിൻെറ സുപ്രസിദ്ധനായ നിയമകാരകൻ സോലോൻ അതലാ ന്തദ്വീപിൻെറ തിരോധാനത്തെ ആസ്പദിച്ച് ഒരു മഹാ കാവ്യം രചിക്കുവാൻ ആരംഭിച്ചു തുടങ്ങി. നിർഭാഗ്യ വശാൽ, ഇതു മുഴമിക്കുന്നതിനുമുമ്പു ബി. സി. 558-ൽ അദ്ദേഹം മരിച്ചുപോയി. പൂർത്തിയാകാത്ത കാവ്യം ഇന്നു നഷ്ടപ്പെട്ടുപോകുകയും ചെയ്തിട്ടുണ്ട്. അതലാന്തയുടെ സ മുദ്രനിമജ്ജനത്തിനു സോലോൻ നല്കിയിരുന്ന കാലം ക മ്പതിനായിരം വർഷത്തിനു മുമ്പെന്നാണ്. 219 ദിവസം വീതമുള്ള ഒരുതരം കല്പഗണിതവർഷമാണിതു്. ഇതിനെ ആസ്പദിച്ച് അതിനെ കടൽ കൊണ്ടുപോയതു ബി. സി. 5970-ലാണെന്നു ഞാൻ നിർണ്ണയിച്ചിട്ടുമുണ്ട്.

എന്നാൽ ആ കാവ്യത്തിലുള്ള വിവരങ്ങൾ പ്ലേറ്റോ

എന്ന ഗ്രീക്കദാൎശനികൻ തന്റെ 'തിമെയൂസ്' എന്ന കൃതിയിൽ സംഗ്രഹിച്ചിരിക്കുന്നതു കാണാം. വിഷ്ണുവിന്റെ കാലത്തെ സ്ഥിതിയുടെ ഒരു ചിത്രമാണിതു്. അതലാന്തദ്വീപുകാരുടെ യുദ്ധവീൎയ്യവും ഉന്നതമായ പരിഷ്കാരവും പ്ലേറ്റോ വൎണ്ണിച്ചിട്ടുണ്ടു്. അമ്പിളിയെ ഉമ്മവെയ്ക്കുന്ന ഇവരുടെ കോട്ടമതിലുകളിൽ പതിച്ചിരുന്ന ചെമ്പുലോഹക്കഷണങ്ങൾ വഹ്നിതുല്യം മിന്നിക്കൊണ്ടിരുന്നതും, ഇവർ ധരിച്ചിരുന്ന വസനങ്ങളുടെ നീലിമയ്ക്കു വൎണ്ണഭേദം നല്കുന്ന പശ്ചാത്തലമായ വസതികളുടെ ശ്വേതശ്യാമശോണനിറങ്ങളുള്ള ശിലാശകലങ്ങൾകൊണ്ടു പണിത ചുമരുകളും, കൃഷിസേചനാൎത്ഥം നിൎമ്മിച്ചിട്ടുള്ള സംഖ്യയററ തോടുകളും തടാകങ്ങളും പ്ലേറ്റോ വൎണ്ണിച്ചിരിക്കുന്നതു വായിച്ചാൽ, ഏതൊരു കവിയുടെ സൌന്ദൎയ്യബോധവും ഭാവനയുമാണു് ഉജ്ജ്വലിക്കാതെയിരിക്കുക!

പുരാണങ്ങളിൽ പറഞ്ഞിട്ടുള്ളതും ബി. സി. 3835-നു സമീപം നടന്നതുമായ പെർഷ്യയുടെ ജംബുപ്ലക്ഷാദിസപ്തദ്വീപ് വിഭജനത്തിനുമുമ്പു് ഏഷ്യാമൈനോർമുതല്ക്കു് അഫ്ഗാനിസ്ഥാൻവരെയുള്ള പശ്ചിമേഷ്യയ്ക്കു പുരാണപ്രസിദ്ധമായ സുദൎശനദ്വീപെന്നു പേരുണ്ടായിരുന്നു. ടൈഗ്രീസ്സ് നദിതൊട്ടു പടിഞ്ഞാറുള്ള ഇതിന്റെ ഒരു വിഭാഗം പിപ്പല (ബാബിലി, ബാബിലോണിയ)ദ്വീപെന്നും, ഇതിനു കിഴക്കുള്ള വിഭാഗം ശശദ്വീപെന്നും നാമങ്ങൾ വഹിച്ചിരുന്നു. ഏലാം (ദേവലോകം) എന്നു പേരുള്ള ശശദ്വീപിനെ ശെശ്-കു (സമുദ്രദേശം) എന്നാണു് ബാബിലോണിയക്കാർ വിളിച്ചുവന്നിരുന്നതു്. ശെശ്-കു എന്നതു ശശദ്വീ

പായി. ശശദ്വീപിലെ ഇന്നത്തെ പാർസ് സംസ്ഥാനക്കാരനായ അർദേശിർ (ഉൗദ്ധ്ശിരസ്) ബാബിഗൻ എ. ഡി. 226-ൽ സ്ഥാപിച്ച പാരസികരാജവംശത്തിന്നു ശശാനിയൻവംശം എന്ന നാമം ലഭിച്ചതു ശശദ്വീപിൻെറ പേരിൽനിന്നാണതാനും.

സമുദ്രത്തെ സിന്ധുവെന്നും പറയുമല്ലോ. സിന്ധു എന്ന സംസ്കൃതപദം പെർഷ്യൻഭാഷയിൽ ഹിന്ദു (ഇന്ത്യ) എന്നാകും. ഇതിൽനിന്നാണ് ഇന്നത്തെ ഭാരതത്തിന് ഇൻഡ്യ എന്ന നാമം കിട്ടിയതു്. പ്രാചീനപാരസികരാജശാസനങ്ങളിൽ ഇന്ത്യയെ ഹിദു (ഹിന്ദു) എന്നു പേരിട്ടിരിക്കുന്നതു കാണാം. പ്രസ്തുതശശദ്വീപിൽനിന്നാണ ഭാരതീയർ ഇന്നത്തെ ഇന്ത്യയിലേയ്ക്കു പോന്നതും.

ജപ്പാൻമുതല്ക്കു് ഇത്തലിവരെ അതിപ്രാചീനമായ ഒരു കാലത്തു ഖൽദേയജ്യോതിശ്ശാസ്ത്രം പ്രചരിക്കുവാൻ തുടങ്ങി. ഇതിൽനിന്നു ജനിച്ച കല്പാന്തദുരിതം എന്ന ആശയം മദ്ധ്യകാലംവരെ യൂറോപ്പിൽപ്പോലും നിലനിന്നിരുന്നു എന്നു ഗിബ്ബൻെറ റോമാസാമ്രാജ്യചരിത്രം വായിച്ചാൽ മനസ്സിലാകും. ക്രിസ്തുവിൻെറ ജനനംമുതല്ക്കു് ആയിരം കൊല്ലമേ ലോകം നിലനില്ക്കുകയുള്ളു എന്ന പ്രവാചകവചനത്തിലുള്ള വിശ്വാസം അവിടെ സാർവ്വത്രികമായി പ്രചരിച്ചിരുന്നു. ഇതുനിമിത്തം ഈ ആയിരംവഷം അവസാനിക്കാറായപ്പോൾ, "ലോകാവസാനം ആസന്നമായിരിക്കുന്നു ഇന്നു്" എന്ന പദപ്രയോഗം അന്നത്തെ വസ്തുകൈമാററപ്രമാണങ്ങളുടെ തുടക്കത്തിൽപ്പോലും കാണാമെന്നു ഗിബ്ബൻ ചൂണ്ടിക്കാട്ടിയിരുന്നു.

ആധുനികജ്യോതിശ്ശാസ്ത്രത്തിൽ സൂൎയ്യചന്ദ്രനക്ഷത്ര ചലനങ്ങളെ ആസ്പദിച്ചുമാത്രമേ കാലനിൎണ്ണയം ചെയ്യുവരുന്നുള്ളു. എന്നാൽ കല്പഗണിതത്തിലാകട്ടെ, ആകാശത്തിലെ ഏററവുമധികം പ്രകാശമുള്ള രണ്ടു ഗോളങ്ങളിൽ ഒന്നും, ചന്ദ്രനുതുല്യം കലകളുള്ളതുമായ ശുക്ര (വെള്ളി, കൊററി) ഗ്രഹത്തിൻെറ ചലനങ്ങളെ അടിസ്ഥാനപ്പെടുത്തിയുംകൂടി കാലം നിൎണ്ണയിച്ചുവന്നിരുന്നു. പോരാ, ശുക്രചലനങ്ങളിലാണ് കല്പഗണിതം മൌലികമായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്നാണ് പറയേണ്ടതു്.

ആധുനികജ്യോതിശ്ശാസ്ത്രജ്ഞന്മാർ ചന്ദ്രനും, ഭൂമിയുടെ ഛായയും യഥാക്രമം വരുത്തിവെയ്ക്കുന്ന സൂൎയ്യഗ്രഹണങ്ങളേയും ചഗ്രഹണങ്ങളേയും മാത്രമേ സാധാരണയായി പരിഗണിച്ചുവരുന്നുള്ളു. പണ്ടത്തെ ജ്യോതിശ്ശാസ്ത്രജ്ഞരാകട്ടെ, ശുക്രഗ്രഹം വരുത്തിവെയ്ക്കുന്ന സൂൎയ്യഗ്രഹണങ്ങൾക്ക് ഇവയെക്കാളധികം കാലഗണനത്തിൽ പ്രാധാന്യം നല്കിവന്നിരുന്നു. ഇതു 122 വൎഷത്തിലൊരിക്കൽ മാത്രമേ ഉണ്ടാകുകയുള്ളു. ഇതിന്ന് ഇന്നത്തെ പാശ്ചാത്യജ്യോതിശ്ശാസ്ത്രത്തിൽ 'ട്രാൻസിററ് ഓഫ് വീനസ്' എന്ന പേരുണ്ടു്. ഇതിനെ ആസ്പദിച്ചാണ് പുരാതന ഈജിപ്തുകാർ 1461 —സൌരവൎഷം വീതമുള്ള തങ്ങളുടെ സുപ്രസിദ്ധമായ 'സോതിക് വൎഷവട്ടം' സ്ഥാപിച്ചിട്ടുള്ളതെന്നു ഞാൻ കണ്ടുപിടിച്ചിരിക്കുന്നു. ശുക്രനിൎമ്മിതമായ സൂൎയ്യഗ്രഹണങ്ങൾ സംഭവിക്കുന്നതു സൂക്ഷ്മമായി 122 സൌരവൎഷത്തിൽ അല്പം കുറഞ്ഞ ഒരു കാലത്തിനിടയ്ക്കാണ്. മൂന്നൂററി അറുപത്തി അഞ്ചേകാൽ ദിവസംവീതമു

ള്ള 122-സൌരവൎഷത്തെ ദിവസമാക്കിയാൽ നാല്പത്തി നാലായിരത്തി അഞ്ഞൂറ്റി അറുപത്തൊന്നു(44561)ദിവസം കിട്ടും. എന്നാൽ രണ്ടു ശുക്ര-സൂൎയ്യഗ്രഹണങ്ങൾക്കു തമ്മിലുള്ള സൂക്ഷ്മമായ അന്തരം നാല്പത്തിനാലായിരത്തി നാനൂററി അറുപത്തൊമ്പതു (44469) ദിവസംമാത്രമാണ്. ഇത്തരം പന്ത്രണ്ടു ശുക്ര-സൂൎയ്യഗ്രഹണങ്ങളുടെ കാലമാണ് 1461-സൌരവൎഷമുള്ള ഒരു സോതിക്ക്വൎഷവട്ടം.

ഭാരതീയപുരാണങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള ബ്രഹ്മകല്പങ്ങളിൽ ഓരോന്നും മുപ്പത്തി അഞ്ചു ശുക്ര-സൂൎയ്യഗ്രഹണങ്ങളുടെ കാലം അടങ്ങിയതാണ്. ഇതു നാലായിരത്തി ഇരുനൂറ്റെഴുപതു (4270) സൌരവൎഷം വരും. ഈ ബ്രഹ്മകല്പങ്ങളും ഇവയുടെ വിഭാഗങ്ങളായ ഉപകല്പങ്ങളും പണ്ടു ഇത്തലിമുതല്ക്കു ജപ്പാൻവരെ പ്രചരിച്ചിരുന്നു. കൂടാതെ, മദ്ധ്യഅമേരിക്കയിലെ പണ്ടത്തെ മയ, അസ്റ്റെക്ക് മുതലായ അമേരിക്കനിന്ത്യരുടെ ഇടയ്ക്കു 260 ദിവസം വീതമുള്ള ഒരുതരം വൎഷം പ്രചരിച്ചിരുന്നതും കാണാം. ഇതു് എങ്ങനെയാണ് ഉത്ഭവിച്ചതെന്നു് ഇന്നത്തെ അമേരിക്കരായ അൎക്കയോളജിശാസ്ത്രജ്ഞർ ഇന്നുവരെ കണ്ടുപിടിച്ചിട്ടില്ല. ഇതിന്റെ ഉത്ഭവം എനിക്കു കണ്ടുപിടിക്കുവാൻ സാധിച്ചു. സൂക്ഷ്മമായ ഒരു ശുക്ര-സൂൎയ്യഗ്രഹണത്തിന്റെ കാലത്തിൽനിന്നു് ഒമ്പതു ദിവസംമാത്രം വിട്ടുകളഞ്ഞാൽ, 260 ദിവസം വീതമുള്ള ഒരു വൎഷം ഇതിന്റെ നൂററി എഴുപത്തി ഒന്നിൽ ഒരംശംമാത്രമാണെന്നു കാണാം. ഈ 260 ദിവസം വീതമുള്ള ആയിരം

വഷം പ്രസ്തുതബ്രഹ്മകല്പത്തിലെ നാലായിരത്തി ഇരുനൂറ്റി എഴപത്തു സൌരവഷത്തോടു തുല്യമാണ്. 260 ദിവസം വീതമുള്ള ഇത്തരം വഷം ജപ്പാനും ഇത്തലിക്കും ഇടയ്ക്കുള്ള സകലപ്രാചീനരാജ്യക്കാരും പണ്ട് ഉപയോഗിച്ചിരുന്നു എന്നു ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്. പ്രാചീനഈജിപ്തിലെ ഒരു അതിപുരാതനചരിത്രരേഖയായ ടൂറിൻ പീപ്പെറസ്സിൽ ഇത്തരം വഷത്തിൻെറ ഒരു വകഭേദം ഉപയോഗിച്ചിട്ടുള്ളതായി ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്. ഇതുപോലെതന്നെ ബൈബിളിലും. സപ്തഷിരാശിചക്രത്തിലെ ഒരു നക്ഷത്രത്തോടുകൂടി നൂറു വഷം നില്ക്കുമെന്നു ഭാരതീയപുരാണങ്ങളിൽ പറഞ്ഞിട്ടുണ്ടല്ലോ. ഇതിലെ വഷം ഇത്തരം 260 ദിവസത്തെ വഷമാണ്. 100 ഇത്തരം വഷം 71-സൌരവഷമാകും.

കുഴൽക്കണ്ണാടി കൂടാതെ ശുക്രചലനങ്ങളും കലകളും സൂക്ഷ്മമായി കണ്ടുപിടിക്കുവാൻ മേഘശൂന്യമായ ആകാശമുള്ള അംഗുലീപരിമിതമായ ഏതാനും രാജ്യക്കാക്കേ കഴിയൂ. അറേബ്യ, ഈജിപ്ത്, തെക്കൻപെർസ്യ, ബാബിലോണിയ, തെക്കൻ അമേരിക്കയിലെ പെറു, മദ്ധ്യഅമേരിക്കയിലെ മെക്സിക്കോ എന്നീ രാജ്യങ്ങളാണ് ഇവ. ഈജിപ്ത, പെർസ്യ, ബാബിലോണിയ എന്നിവയിലെ ഐതിഹ്യങ്ങൾ തങ്ങൾക്കു ശുക്രചലനാസ്പദമായ ഗണിതസമ്പ്രദായം അറേബ്യയിൽനിന്നു കിട്ടിയെന്നു പറയുന്നു. അമേരിക്കനിന്ത്യക്കാരുടെ ഐതിഹ്യമാകട്ടെ, ഈ ഗണിതപദ്ധതി തങ്ങൾക്ക് ഏഷ്യയിൽനിന്നു ലഭിച്ചു എന്നും സൂചിപ്പിക്കുന്നുണ്ട്. അതുകൊണ്ടു കല്പഗണിതത്തിൻെറ

ഉത്ഭവസ്ഥാനം അറേബ്യയാണെന്നു നിസ്സംശയം വിശ്വസിക്കുകയും ചെയ്യാം.

ഖൽദേയജ്യോതിശ്ശാസ്ത്രവും ആധുനികജ്യോതിശ്ശാസ്ത്രവും തമ്മിലുള്ള മറ്റൊരു വ്യത്യാസം വഷം എന്ന പദത്തിൻെറ പ്രയോഗത്തെ സംബന്ധിച്ചുള്ളതാണ്. ആധുനികർ വഷം എന്നതിനെ കാലത്തിൻെറ ഒരു നിശ്ചിതവിഭാഗത്തെ നിദ്ദേശിക്കുവാൻ മാത്രമേ ഉപയോഗിച്ചു വരുന്നുള്ളൂ. പണ്ടുള്ളവരാകട്ടെ, കാലവിഭാഗത്തിനുമാത്രമല്ല, ഭൂമിയിലെ സകലവിഭാഗത്തിനും രാശിചക്രത്തിലെ ദൂരത്തിൻെറ വിഭാഗത്തിനുംകൂടി വഷം എന്ന നാമം നല്കിയിരുന്നു. കൂടാതെ കല്പഗണിതത്തിൽ, കാലവിഭാഗമായ വഷത്തെത്തന്നെ കാലമെന്ന സാമാന്യാത്ഥത്തിൽ പ്രയോഗിച്ച്, അതിൽ കാലത്തിൻെറ ഏററവും ചെറിയ ഭാഗമായ തല്പരമുതല്ക്കു ഭീമമായ വഷപട്ടങ്ങൾവരെയുള്ള കാലവിഭാഗങ്ങളെ ഉൾപ്പെടുത്തിയിരുന്നുതാനും. ശശദ്വീപിൻെറ സപ്തവിഭാഗങ്ങളിൽ ഒന്നായ ജംബുദ്വീപിനെ ഭാരതവഷം മുതലായ ഒമ്പതു വഷങ്ങളായി വിഭജിച്ചിരുന്നു എന്ന പുരാണപ്രസ്താവനയിൽ, വഷമെന്നതു ഭൂമിയിലെ സ്ഥലവിഭാഗമാകുന്നു. പിന്നെയും, ഒരു ചതുർയുഗം പന്തിരായിരം ദിവ്യവഷം, അഥവാ നാല്പത്തിമൂന്നുലക്ഷത്തി ഇരുപതിനായിരം മനുഷ്യവഷം, ആണെന്നുള്ള മറെറാരു പുരാണപ്രസ്താവനയും കാണാം. ഇവിടെ, ദിവ്യവഷമെന്നതു കാലത്തിൻെറ ഒരു വിഭാഗവും, മനുഷ്യവഷമെന്നതു രാശിചക്രത്തിൽ സപ്തഷിനക്ഷത്രം സഞ്ചരിക്കുന്ന ദൂരവുമാണ്. ഇതിലെ ഒരു ദിവ്യവഷം

234 വിനാഴികവീതമുള്ള ഒരുതരം വർഷമാണെന്നു ഞാൻ കണ്ടുപിടിച്ചിട്ടുമുണ്ട്. ഒരു ദിവ്യവർഷംകൊണ്ടു സപ്തർഷി രാശിചക്രത്തിൽ 360 മനുഷ്യവർഷം ദൂരം സഞ്ചരിക്കുന്നതാണ്.

പന്തീരായിരം ദിവ്യവർഷമടങ്ങിയ ഒരു ചതുർയുഗം ഇപ്രകാരം 780 ദിവസം, അഥവാ 260 ദിവസം, വീതമുള്ള മൂന്നു വർഷം ആകുന്നതാണ്. ബ്രഹ്മാവിൻെറ ഒരു പകൽകല്പത്തിലോ ഒരു രാത്രികല്പത്തിലോ ആയിരം ചതുർയുഗം ഉണ്ടായിരിക്കുമെന്നും പുരാണങ്ങളിൽ കാണാം. ഈ ആയിരം ചതുർയുഗം 260 ദിവസം വീതമുള്ള മൂവ്വായിരം വർഷമോ 2135_സൌരവർഷമോ ആകുന്നതാണ്. ഒരു പകൽകല്പവും രാത്രികല്പവും കൂടിച്ചേൎന്നാൽ, മുകളിൽ പ്രസ്താവിച്ച ഒരു സമ്പൂർണ്ണബ്രഹ്മകല്പമായ 4270_സൌരവർഷവട്ടം ജനിക്കുകയും ചെയ്യും. ഭാരതീയജ്യോതിശ്ശാസ്ത്രജ്ഞർ ബി. സി. 3101_നു നൂററിത്തൊണ്ണൂററി ആറുകോടി തൊണ്ണൂററൊമ്പതു ലക്ഷത്തി ഇരുപതിനായിരം വർഷത്തിനുമുമ്പു സൃഷ്ടികാലം സ്ഥാപിച്ചിരിക്കുന്നു. ഇവിടെ വർഷമെന്നതു് ഒരു വിനാഴികയുടെ പര്യായമായിട്ടാണ് പ്രയോഗിച്ചിട്ടുള്ളതു് എന്നു ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്. ഇതുനിമിത്തം ഇവരുടെ സൃഷ്ടി ബി. സി. 4599_ൽ നടന്നു എന്നു കാണാം.

ഒന്നിൽ തുടങ്ങി ആറിൽ അവസാനിക്കുന്ന എൺപതു് അക്കങ്ങളുള്ള ഒരു സംഖ്യ വരുന്ന പ്രോട്ടോനും അത്രയും ഇലക്ട്രോനും വിശ്വത്തിലുണ്ടെന്നു താൻ വിചാരിക്കുന്നതായി തൻെറ 'പ്രകൃതിശാസ്ത്രദർശനം' എന്ന കൃതിയിൽ

സുപ്രസിദ്ധനായ അണുപ്രകൃതിശാസ്ത്രജ്ഞൻ എഡ്ഡിങ്ങ്ടൻ പ്രസ്താവിച്ചിട്ടുണ്ട്. ഇത്തരം ഭീമസംഖ്യകൾ ക്ലേശമെന്യേ അംഗീകരിച്ചിട്ടുള്ള യഥാർത്ഥശാസ്ത്രജ്ഞരുടെ മാതൃക കൈവെടിഞ്ഞ്, ഇത്രത്തോളം എത്താത്ത കല്പഗണിതസംഖ്യകൾ, ഇവയുടെ രഹസ്യം കണ്ടുപിടിക്കുവാൻ ഉദ്യമിക്കാതെ വെറും മിത്ഥ്യകളാണെന്നു പറഞ്ഞു തള്ളിക്കളഞ്ഞിരിക്കുന്ന ഇന്നത്തെ 'ശാസ്ത്രീയ'ചരിത്രകാരരുടെ ശാസ്ത്രമനസ്ഥിതിയെ വാഴ്ത്തുകതന്നെ വേണം!

ഋഗ്വേദസംഹിതയുടെ ഒന്നാംമണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന ഒരു ഋക് (112.8) കാണാം.

"യാഭിഃ ശചീഭിർവൃഷണാ പരാവൃജം
പ്രാന്ധം ശ്രോണം ചക്ഷസ ഏതവേകൃഥഃ
യാഭിർവർതികാം ഗ്രസിതാ മുമഞ്ചതം
താഭിരൂഷു ഊതിഭിരശ്വിനാഗതം."

വൃഷണനായ ഇന്ദ്രൻ മുടന്തുകാലുള്ളതുനിമിത്തം മുണ്ടൻ (ശ്രോണൻ) ആയി ഭവിച്ചിരുന്ന പരാവൃജഷിയുടെ മുടന്തു തീർത്ത് ദീർഘകായനാക്കിയതും, അന്ധനായ ഋജ്രാശ്വഋഷിയുടെ കണ്ണിനു കാഴ്ച നല്കി അന്ധത നീക്കിയതും, ചെന്നായ് പിടികൂടിയ വർത്തിക എന്ന സ്ത്രീയെ ആ മൃഗത്തിൽനിന്നു രക്ഷപ്പെടുത്തിയതും ഒന്നിച്ച് ഈ ഋക്കിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ മുടന്തന്റേയും കുരുടന്റേയും കഥ മററു ചില ഋക്കുകളിലും കൊണ്ടുവന്നിട്ടുണ്ട്. ഇത്തരം ഋക്കുകളെപ്പററി ഗവേഷണം നടത്തിയ മൈസൂരിലെ ഡാക്ടർ വെങ്കടസുബ്ബയ്യ 1929-ലെ 'ഇൻഡ്യൻ ആൻറിക്വറി'യിൽ എഴുതിയിരുന്ന ഒരു ലേഖന

ത്തിൽ ഈ കുരുടൻേറയും മുടന്തൻേറയും സ്ത്രീയുടേയും കഥ 'പഞ്ചതന്ത്ര'ത്തിലെ ത്രിസ്തനിയുടെ കഥയിൽ കാണാമെന്നു സ്ഥാപിച്ചിരുന്നു.

മൂന്നു കാൎയ്യങ്ങൾ ഒരേ ഒരു സമയത്തു സാധിച്ചതു വിവരിക്കുന്ന ഒന്നാണു് പ്രസ്തുതപഞ്ചതന്ത്രകഥ. കഥാന്ത്യത്തിൽ ചേൎത്തിട്ടുള്ള ചുവടെ ഉദ്ധരിക്കുന്ന ശ്ലോകം ഇതു പ്രസ്താവിക്കുന്നുണ്ടു്:

"അന്ധകഃ കുബ്ജകശ്ചൈവ
ത്രിസ്തനീ രാജകന്യകാ
ത്രയോഽപ്യന്യായതഃ സിദ്ധാഃ
സമ്മുഖേ കൎമ്മണി സ്ഥിതഃ."

അന്ധൻേറ അന്ധത നശിച്ചതും മുടന്തൻേറ മുടന്തു പോയതും മൂന്നു മുലയുള്ള രാജകന്യകയുടെ മൂന്നാംമുല ഇല്ലാതായതും വിധിയുടെ ആനുകൂല്യം നിമിത്തം ഒന്നിച്ചു നടന്നു എന്നാണു് ഇതിൻേറ സാരം. ഇനി കഥ പറയാം: മധുപുരത്തിലെ മധുസേനരാജാവിനു മൂന്നു മുലയുള്ള ഒരു പുത്രി ജനിച്ചു. ഇതിനെക്കുറിച്ചു രാജാവു ജ്യോത്സ്യന്മാരോടാലോചിച്ചപ്പോൾ, ഈ ബാലിക സ്വഭത്താവിനും അവളെ ദശിക്കുകയാണെങ്കിൽ പിതാവിനും മരണം വരുത്തിവെയ്ക്കുമെന്നു് അവർ അദ്ദേഹത്തെ ധരിപ്പിച്ചു. അതുകൊണ്ടു് അവളെ രാജധാനിയിൽനിന്നു് ദൂരകററി വളൎത്തണമെന്നും പ്രായമാകുമ്പോൾ ഒരുത്തനു കെട്ടിക്കൊടുത്തു് ഇരുവരേയും രാജ്യത്തിനു പുറത്തു പറഞ്ഞയയ്ക്കുന്നമെന്നും അവർ ഉപദേശിച്ചു. ഇതനുസരിച്ചു രാജാവു പ്രവൎത്തിച്ചു. പ്രായമായപ്പോൾ സ്തനത്രയം ഹേതുവായി അ

വരാക്ക വരന്മാർ കിട്ടാതെ വന്നു. ഒടുക്കം പണംകൊടു ത്തു് ഒരു കുരുടനെക്കൊണ്ടു് അവളെ കെട്ടിച്ചു രാജാവു രാജ്യത്തിനു പുറത്തയയ്ക്കുകയും ചെയ്തു. കുരുടനെ നയിക്കു വാൻ ഒരു മുടന്തനെ രാജാവു് ഏല്പ്പെടുത്താതേയും ഇരു ന്നില്ല.

ഇവർ മൂവരുംകൂടി മറെറാരു രാജ്യത്തു ചെന്നു പാ ത്തു. ക്രമേണ ത്രിസ്തനിയും മുടന്തനും തമ്മിൽ ഇഷ്ടമായി. കുരുടനെ കൊന്നു തങ്ങാംക്കു സൈപരമായി ജീവിക്കുവാ നുള്ള വിദ്യ രണ്ടുപേരുംകൂടി ആലോചിച്ചുതുടങ്ങി. മത്സ്യ ക്കൊതിയനായ കുരുടനു് ഒരു കൃഷ്ണസപ്പത്തെപ്പിടിച്ചു ക റിവെച്ചു മീനാണെന്നു പറഞ്ഞുകൊടുക്കുവാൻ ഒടുക്കം അ വർ നിശ്ചയിച്ചു. അതു ഭക്ഷിക്കുമ്പോരം അന്ധൻ വിഷം നിമിത്തം മരിച്ചുപോകുമെന്നാണു് അവർ വിചാരിച്ചിരു ന്നതു്. നിശ്ചയമനുസരിച്ചു കൃഷ്ണസപ്പക്കറിയുണ്ടാക്കി അ തു ചൂടോടുകൂടി ത്രിസ്തനി ഭത്താവിന്റെ മുമ്പിൽ കൊണ്ടു വെച്ചു. അനന്തരം ആ കുരുടന്റെ മുമ്പിൽവെച്ചുതന്നെ അവരം കാമുകനോടു ശൃംഗരിക്കുവാൻ തുടങ്ങി. അപ്പോരം കറിയുടെ ആവിയേററു കുരുടന്റെ കണ്ണു തെളിഞ്ഞു ത ന്റെ മുമ്പിൽവെച്ചു നടത്തിവന്ന പ്രണയപ്രകടനങ്ങരം കണ്ടു ഭത്താവു കുപിതനായി എണീററു മുടന്തനെ കാ ലിൽ തൂക്കിപ്പിടിച്ചു ത്രിസ്തനിയുടെ നെഞ്ചത്തടിച്ചു. അ പ്പോരം മുടന്തന്റെ മുടന്തു പോവുകയും അടിയേററു മൂ ന്നാംമുല ത്രിസ്തനിക്കു് ഇല്ലാതാവുകയും ചെയ്തു. ഇപ്രകാ രം മൂന്നു കായ്യങ്ങരം ഒന്നിച്ചു സാധിച്ചു.

ഈ കഥയുടെ മമ്മംതന്നെ ചില ഭേദഗതികളോടു

കൂടി തമിഴകത്തെ മധുരയിലെ പാണ്ഡ്യരാജവംശത്തോടു ഘടിപ്പിച്ചു് ആ നഗരത്തിന്റെ സ്ഥലപുരാണമായ ഹാലാസ്യമാഹാത്മ്യവും വിവരിക്കുന്നുണ്ടു്. കുലശേഖരപാണ്ഡ്യപുത്രൻ മലയധ്വജനു തടാതക എന്ന ത്രിസ്തനിയായ ഒരു പുത്രിയുണ്ടായിരുന്നു. ഇവളെ ശിവനായ സുന്ദരൻ കല്യാണം കഴിച്ചപ്പോൾ മൂന്നാംമുല ഇല്ലാതാവുകയും ചെയ്തു എന്നാണ് കഥ. ഈ കുരുടൻ മഹാവിഷ്ണുവായ ആദിബ്രഹ്മാവും, ത്രിസ്തനി ഇദ്ദേഹത്തിന്റെ പുത്രികളിൽ കരുത്തിയും രണ്ടാംഭാര്യയും സോദരൻ ശിവനെ സ്നേഹിച്ചിരുന്നവളും ആയ സരസ്വതിയും (കാളിയും), മുടന്തൻ കാളിയുടെ അനുജത്തി ഉമയുടെ ഭർത്താവും, കാളിയോടു് അനുരാഗമുള്ളവനുമായ ശിവനുമാണെന്നു ഞാൻ കണ്ടുപിടിച്ചിട്ടുണ്ടു്. ത്രി എന്നു് ഈ ദേവിക്കു പേരുണ്ടായിരുന്നതായി ഋഗ്വേദത്തിൽ കാണാം. ഇതാണ് ത്രിസ്തനിയുടെ കഥയുടെ ഉത്ഭവത്തിനു കാരണം. കൊച്ചിമഹാരാജാക്കന്മാരുടെ ത്രിക്കോവിൽ അധികാരികൾ എന്ന ബിരുദത്തിൽ ഈ ത്രി എന്ന നാമം കാണുകയും ചെയ്യാം.

പ്രസ്തുതഋഗ്വേദത്തിലെ വർത്തികാസ്സു പെൺകാടപ്പക്ഷി എന്നും കുതിരക്കുളമ്പെന്നും സംസ്കൃതത്തിൽ അർത്ഥമുണ്ടു്. ഗ്രീക്കൈതിഹ്യത്തിലെ മ്യൂസുകളുടെ (സരസ്വതിമാരുടെ) വാസസ്ഥാനമായ പർണ്ണാസസ്സ് മലയിൽ, അവരുടെ കുതിരയായ പെഗാസസ്സ് തന്റെ കുളമ്പുകൊണ്ടു നിർമ്മിച്ച 'ഹിപ്പോക്രെനേ' എന്നൊരു തടാകമുണ്ടായിരുന്നു. ഈ മലയിൽ അപോല്ലോ (സൂര്യ)ദേവനും ഒരു സ്ഥാനം ഗ്രീക്കുകാർ നല്കിയിട്ടുണ്ടു്. ശിവനു ഗ്രീക്കുകാർ പെർ

ഡിക്സ് എന്ന പേരു കൊടുത്തിട്ടുമുണ്ട്. പെർഡിക്സ് എന്ന പക്ഷിക്ക് ഇംഗ്ലീഷിൽ പാർട്രിഡ്ജ് എന്നും, സംസ്കൃതത്തിൽ തിത്തിരി എന്നും, തമിഴിൽ കാടപ്പക്ഷി എന്നും പറയും. കാടപ്പക്ഷിക്ക് ഓർത്തിക്സ് എന്ന പേരും ഗ്രീക്കഭാഷയിൽ കാണാം. ഇതു വർത്തികാ എന്ന സംസ്കൃതപദത്തിൻെറ ഒരു ഗ്രീക്കുരൂപമാണ്. അസ്റ്റേരിയ (കാളി) എന്ന ദേവി ആകാശദേവൻ സെയൂസിൻെറ (മഹാവിഷ്ണുവിൻെറ) പ്രണയപ്രകടനങ്ങളിൽനിന്നു രക്ഷപ്പെടാൻ ഒരു ഒർത്തിക്സിൻെറ രൂപമെടുത്തുവെന്നും ഒരു ഗ്രീക്കകഥ ഉണ്ട്. ഇതുപോലെ ഹെർക്കലീസ് (മഹാവിഷ്ണു) എന്ന മഹാവീരനു കുയിൽപ്പക്ഷിയോടു (കാളിയോട്) വളരെ ഇഷ്ടമുണ്ടായിരുന്നു എന്നും ഗ്രീക്കൈതിഹ്യകർത്താക്കന്മാർ സൂചിപ്പിച്ചിട്ടുണ്ട്. പിന്നെയും കന്യാദേവിയായ അർതെമിസിനെ കാമിച്ച ഒരിയോൺ (വരുണനായ മഹാവിഷ്ണു) ഒരു അന്ധനാണെന്നും, കേഡലിയോൻ (കേദാരൻ, അഥവാ ശിവൻ) ഇദ്ദേഹത്തെ നയിച്ചിരുന്നു എന്നും ഗ്രീക്കൈതിഹ്യത്തിൽ കാണാം. ഏഷ്യാമൈനറിലെ എഫേസസ്സ് നഗരക്ഷേത്രത്തിലെസുപ്രസിദ്ധമായ അർത്തെമിസ് (ഡിയാനാ) ദേവിയുടെ വിഗ്രഹം ബഹുസ്തനിയായിട്ടാണ് പണിതിരുന്നത്. ഈ ദേവിയും മുകളിലത്തെ കഥയിലെ ത്രിസ്തനിതന്നെ.

മുകളിൽ വിവരിച്ചിട്ടുള്ള അനവധി സംഗതികൾ പോരേ സ്വയംഭൂസംസ്കാരവാദികളുടെ പരമ്പുകോട്ടകളുടെ കുററിയൂരിക്കളയുവാൻ? സംസ്കാരങ്ങളുടെ സ്വതന്ത്ര്യൂൽപത്തിവാദക്കാർ ആകാശപ്പന്തലിടുകയാണ് ചെയ്തിട്ടുള്ളതെന്ന് ഈ സംഗതികൾ സ്ഥാപിക്കുന്നുമില്ലേ? മാദ്ധ്യ

മികനാഗാൎജ്ജുനന്റെ മഹായാനബുദ്ധമതം മെഡിററേനിയൻകടൽത്തീരങ്ങൾവരെ പ്രചരിക്കുവാൻ ഈ ദേശങ്ങളിൽ ആദികാലംമുതല്ക്കു നിലനിന്നിരുന്ന പ്രസ്തുതതാന്ത്രികമതൈതിഹ്യം സഹായിക്കുകയും ചെയ്തു.

ഗൌതമബുദ്ധന്റെ നിൎവ്വാണം കഴിഞ്ഞു നാനൂറുവഷത്തിനുശേഷം നാഗഭിക്ഷു ജനിച്ചതായി തിബത്തിൽനിന്നും കേരളത്തിൽനിന്നും കണ്ടെടുത്തിട്ടുള്ള 'മഞ്ജുശ്രീമൂലകല്പം' മുതലായ കൃതികൾ ഉൾക്കൊള്ളുന്ന മഹായാനൈതിഹ്യം പറയുന്നുണ്ട്. ഗൌതമന്റെ ജനനം ബി. സി. 542-ലും, നിൎവ്വാണം (ബുദ്ധനായതു്) ബി. സി. 483-ലും, പരിനിൎവ്വാണം (മരണം) ബി. സി. 462-ലുമാണ്. മെന്നദരായ നരവാഹനൻ ബി. സി. 55—14 എന്ന കാലത്തു നാടുവാണിരുന്നു എന്നു ജിനസേനാചാൎയ്യന്റെ-ജയിന 'ഹരിവംശപുരാണം' നല്കിയിട്ടുള്ള കാലക്കണക്കുകളിൽനിന്നു നിൎണ്ണയിക്കാം. ഇതിനെക്കുറിച്ചു കാളിദാസോപന്യാസത്തിൽ പ്രതിപാദിക്കുന്നതാണ്. നാഗഭിക്ഷുവും മെന്നദരും സമപ്രായക്കാരും ഒന്നിച്ചു മരിച്ചവരുമാണെന്ന കഥയിൽനിന്നു നാഗഭിക്ഷുവിന്റെ ജീവിതകാലം ബി. സി. 83-14 ആണെന്നു സിദ്ധിക്കുന്നു.

തല വെട്ടുന്നതിനു അനുവദിച്ചതോടുകൂടി നാഗഭിക്ഷു രാജകുമാരനോടു പ്രവചിച്ചതു് ഒരു വിധത്തിൽ സംഭവിച്ചു എന്നു പറയാം. നാഗഭിക്ഷുവായ മാദ്ധ്യമികനാഗാൎജ്ജുനന്റെ മരണാനന്തരം ശിഷ്യന്മാർ അറുനൂറുകൊല്ലത്തോളം നിലനിന്ന ഒരു നാഗാൎജ്ജുനഗുരുപരമ്പര സ്ഥാപിച്ചു്, മാദ്ധ്യമികമതവും, ഇതിൽനിന്നു മുറസ്സു ജനിച്ച സിദ്ധമ

തം, യോഗാചാരമതം എന്നിവയും നയിച്ചുവന്നു. ഈ ഗുരുക്കന്മാർ എല്ലാവരും നാഗാർജ്ജുനനെന്ന ആദിഗുരുവിൻെറ ബിരുദം, ഹിന്ദുക്കളുടെ ശങ്കരാചാര്യഗുരുപരമ്പരയിലെ പതിവുപോലെ, വഹിച്ചുവന്നിരുന്നു. നാഗാർജ്ജുനഗുരുപരമ്പയുടെ കാലത്തെ മാദ്ധ്യമികനാഗാർജ്ജുനനെന്ന ഒററ വ്യക്തിയുടെ ജീവിതകാലമാക്കി താരാനാഥൻ ചുവടെ ചേക്കുന്നപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: നിർവാണകാലം കഴിഞ്ഞു നാനൂറുവർഷം ചെന്നപ്പോൾ നാഗൻ ജനിച്ചു; അദ്ദേഹം ഇരുനൂറുവർഷം മദ്ധ്യദേശത്തും, പിന്നീട് ഇരുനൂറുവർഷം ദക്ഷിണദേശത്തും, ഒടുവിൽ 171 കൊല്ലം ശ്രീപർവ്വതത്തിലും പാർത്തിരുന്നു.

താരാനാഥൻ പറയുന്ന മദ്ധ്യദേശം ഉത്തരപഞ്ചാബും, ദക്ഷിണദേശം പഞ്ചാബിലെ ചംബാസ്റ്റേററിനു വടക്കുള്ള ലാഹൂളുമാണ്. ശ്രീപർവ്വതമാകട്ടെ, മദ്ധ്യഭാരതത്തിൽ പണ്ടു സ്ഥിതിചെയ്തിരുന്ന ദക്ഷിണകോസലദേശത്തെ ഒരു കുന്നുമാണ്. ഇന്നത്തെ ചണ്ഡാനഗരത്തിന് ഒരു പതിനാറുമൈൽ വടക്കുള്ള ഭണ്ഡക്ഗ്രാമമാണ് ഇതിൻെറ പ്രാചീനതലസ്ഥാനമായ ഭദ്രാവതി. മദ്രതലസ്ഥാനമായ സാകലയ്ക്കു ഭദ്രംകര എന്നും പേരുണ്ടായിരുന്നല്ലോ. ഫാഹിയാൻ എന്ന ചീനസഞ്ചാരി ഈ രാജ്യത്തെ ദക്ഷിണ എന്നു പേരിട്ടിട്ടുണ്ട്. ഇവിടെ പണ്ട് ഉത്തരപാണ്ഡ്യവംശമെന്നു പേരുള്ള ഒരു രാജവംശം ഭരിച്ചിരുന്നു.

തിബെത്തുകാരൻ താരാനാഥൻ (എ. ഡി. 16-ാം ശതാബ്ദം) രാമേശ്വരക്കാരനും, ഗോരക്ഷനാഥൻെറ താന്ത്രികസമ്പ്രദായം സ്വീകരിച്ചിരുന്നവനുമായ തമിഴൻ

ബുദ്ധഗുപ്തന്റെ ശിഷ്യനായിരുന്നു. ഈ ബുദ്ധഗുപ്തനിൽ നിന്നാണ് ഭാരതത്തിലെ താന്ത്രികമതത്തെപ്പററിയുള്ള പല വിവരങ്ങളും താരാനാഥനു കിട്ടിയതു്. താരാനാഥൻ പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം ഇങ്ങനെ വിവരിക്കാം: മാദ്ധ്യമികനാഗാർജ്ജുനഗുരുക്കൾ ബി. സി. 83_മുതല്ക്കു് ഇരുനൂറുവർഷം (എ. ഡി. 117 വരെ) മദ്ധ്യദേശത്തെ തങ്ങളുടെ പ്രധാനപ്രവർത്തനരംഗമാക്കിയിരുന്നു. എ. ഡി. 117_മുതല്ക്കു് ഇരുനൂറുകൊല്ലം (എ. ഡി. 317_വരെ) സിദ്ധനാഗാർജ്ജുനഗുരുക്കൾ പ്രധാനമായി പ്രവർത്തിച്ചിരുന്നതു് ലോഹളിലാണ്. യോഗാചാരനാഗാർജ്ജുനഗുരുക്കളാകട്ടെ, എ. ഡി. 317_മുതല്ക്കു് 171 കൊല്ലം (എ. ഡി. 488 വരെ) ഭദ്രാവതിക്കടുത്തുള്ള ശ്രീപർവ്വതത്തെ തങ്ങളുടെ കേന്ദ്രമാക്കുകയും ചെയ്തിരുന്നു.

മാദ്ധ്യമികനാഗാർജ്ജുനഗുരുക്കന്മാൎക്കു ദിവ്യൌഘർ എന്നും സിദ്ധനാഗാർജ്ജുനഗുരുക്കന്മാൎക്കു സിദ്ധൌഘർ എന്നും യോഗാചാരനാഗാർജ്ജുനഗുരുക്കന്മാൎക്കു മാനവൌഘർ എന്നും താന്ത്രികകൃതികൾ പേരിട്ടിട്ടുണ്ടു്. പെഷവാറിൽ നാടുവാണിരുന്ന കുഷാണചക്രവർത്തികനിഷ്കന്റെ (103 — 144 എ. ഡി.) സമകാലീനനായിരുന്നു സിദ്ധമതം സ്ഥാപിച്ച നാഗാർജ്ജുനഗുരു. കക്ഷപുടൻ എന്ന പേരും കൂടി വഹിച്ചിരുന്ന ഇദ്ദേഹം സിദ്ധവൈദ്യശാസ്ത്രവും സ്ഥാപിക്കയുണ്ടായി. ബുദ്ധമതക്കാരനായിരുന്ന കനിഷ്കന്റെ കൊട്ടാരംവൈദ്യനായിരുന്ന ചരകനും ഒരു 'ബുദ്ധചരിത'കർത്താവും സാകേതത്തിലെ സാമന്തരാജാവുമായ അശ്വഘോഷൻ ഒന്നാമനും സിദ്ധനാഗാർജ്ജുനന്റെ സമകാ

ലീനരായിരുന്നു. പ്രസ്തുത കനിഷ്കൻ എ. ഡി. 103-ൽ ഏർപ്പെടുത്തിയ നാഗാർജ്ജുനാബ്ദത്തിൽ സ്ഥാപിച്ചിട്ടുള്ള നാല്പതാംവർഷത്തിൽ (എ. ഡി. 143-ൽ) ഈ സാമന്തരാജാവു് അശ്വഘോഷൻ പുറപ്പെടുവിച്ച ഒരു ശാസനത്തിന്റെ അംശം സാരനാഥത്തിലെ അശോകസ്തംഭത്തിൽ ലിഖിതപ്പെടുത്തിയിട്ടുണ്ടു്. ഇദ്ദേഹം ഹീനയാനമതത്തിലെ സർവ്വാസ്തിവാദശാഖയിൽപ്പെട്ടവനായിരുന്നു.

യോഗാചാരശാഖ സ്ഥാപിച്ച നാഗാർജ്ജുനൻ വസുബന്ധുസോദരൻ അസംഗന്റെ ഗുരുവും, ഗുപ്തചക്രവർത്തി ചന്ദ്രഗുപ്തൻ ഒന്നാമന്റെ സമകാലീനനുമായ മൈത്രേയനാഥനാണു. യോഗാചാരശാഖയിലെ സുപ്രസിദ്ധരായ രണ്ടു നാഗാർജ്ജുനഗുരുക്കളായിരുന്നു എ. ഡി. അഞ്ചാംശതാബ്ദത്തിന്റെ പ്രാരംഭത്തിൽ ജീവിച്ചിരുന്ന അശ്വഘോഷൻ രണ്ടാമനും, അതിന്റെ മദ്ധ്യത്തിൽ ജീവിച്ചിരുന്ന ദിങ്ങ്നാഗനും. മാദ്ധ്യമികനാഗാർജ്ജുനനെ ഒഴിച്ചാൽ, മഹായാനബുദ്ധമതത്തിന്റെ അഗ്രഗണ്യനായ തത്വശാസ്ത്രജ്ഞൻ 'മഹായാനശ്രദ്ധോൽപാദ' എന്ന വിശ്രുതകൃതിയുടെ കർത്താവായ അശ്വഘോഷൻ ദ്വിതീയനാണു്. 'വിജ്ഞാനവാദ'മാണു് (ഐഡിയലിസം) ഇദ്ദേഹം പ്രചരിപ്പിരുന്നതു്. ഒരു ദാർശനികൻ എന്നതിനുപുറമേ ഇദ്ദേഹം ഒരു വിശിഷ്ടനായ സംസ്കൃതകവികൂടിയാണു്. സമുദ്രഗുപ്തനെന്ന തൂലികാനാമത്തിൽ ബുദ്ധഗുപ്തൻ വിക്രമാദിത്യഹ

ഷൻ രചിച്ച 'കൃഷ്ണചരിതം' കാവ്യത്തിൽ ഈ അശ്വഘോഷൻ രണ്ടാമനു ചീനദേവനെന്ന നാമകരണം ചെയ്ത് ഇദ്ദേഹം രചിച്ച മറെറാരു 'ബുദ്ധചരിത'ത്തെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"ബാഹ്യേപ്യഹോ! ഇഹാഗത്യ
കവിസമ്മാനമാപ്തവാൻ
അകരോദ് 'ബുദ്ധചരിതം'
മഗധ്യാമൃഷിവാച്യപി."

'സുന്ദരനന്ദ'മെന്ന കൃതിയെയാണ് ഇവിടെ ബുദ്ധചരിതമെന്നു പറഞ്ഞിരിക്കുന്നത്. ചീനമെന്നതു പണ്ടു തിബത്തിൻെറ പേരും, മഹാചീനമെന്നത് ഇന്നത്തെ ചൈനയുടെ പേരുമായിരുന്നു. യോഗാചാരശാഖയ്ക്കുശേഷം ജനിച്ച വജ്രയാനശാഖയുടെ പ്രഥമഗുരുവായി ശ്രദ്ധോത്പാദനാഥനെന്ന പേരുമുള്ള ഇദ്ദേഹത്തെപ്പററി പ്രസ്താവിച്ചിരിക്കുന്ന ഒരു വജ്രയാനഗുരുപരമ്പര പ്രൊഫസ്സർ തൂച്ചി ഉദ്ധരിച്ചിരുന്നു.

ഭാരതീയന്യായശാസ്ത്രജ്ഞരുടെ (യുക്തിശാസ്ത്രജ്ഞരുടെ) മുൻപംക്തിയിൽ ഒന്നാംസ്ഥാനത്തു നില്ക്കുന്ന ദേഹമാണ് ദിങ്നാഗൻ. 'പ്രമാണസമുച്ചയം', 'ന്യായദ്വാ

രം’ മുതലായ അനവധി യുക്തിശാസ്ത്രകൃതികളുടെ കത്താവാണ് ഇദ്ദേഹം. ചില മഹായാനമതകൃതികളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. കാളിദാസൻെറ സമകാലീനനും ശത്രുവുമായിരുന്ന ദിങ്നാഗൻ എ. ഡി. 488_ൽ മരിച്ചതോടുകൂടി താരാനാഥൻ പറഞ്ഞിട്ടുള്ള നാഗാജ്ജുനഗുരുപരമ്പരയുടെ 571 വഷം അവസാനിക്കുകയും ചെയ്തു.

മാദ്ധ്യമികനാഗാജ്ജുനൻെറ പ്രധാനപ്പെട്ട മതകൃതികൾ ‘പ്രജ്ഞാപാരമിത’, ‘രത്നാവലി’, ‘ചതുസ്തവം’, ‘മിളിന്ദപ്രശ്നം’ എന്നിവയും മുഖ്യസാഹിത്യകൃതികൾ ‘ബൃഹത്കഥ’ (വഡ്ഡകഥ), ‘സുഹൃൽലേഖ’ എന്നിവയുമാണ്. ഗുണാഢ്യനെന്ന തൂലികാനാമത്തിലാണ് ഇദ്ദേഹം ബൃഹത്കഥ രചിച്ചതു്. അനേകം വിപുലീകരണങ്ങളും ഭാഷ്യങ്ങളും കാരികകളുമുള്ള ഏററവും പ്രധാനമായ മാദ്ധ്യമികമഹായാനകൃതിയത്രേ ‘പ്രജ്ഞാപാരമിത.’ തിബത്തിലെ ലാമാകൾ ഇന്നും ‘രത്നാവലി’യെ ഒരു പ്രധാനമതഗ്രന്ഥമായി പരിഗണിച്ചു പഠിച്ചുവരുന്നു.

‘ലോകാതീതസ്തവം’, ‘ചിത്തവജ്രസ്തവം’, ‘നിരൌപമ്യസ്തവം’, ‘പരമാത്മസ്തവം’ എന്ന നാലു സ്തവങ്ങൾ ‘ചതുസ്തവ’ത്തിൽ അടങ്ങിയിരിക്കുന്നു. സംസ്കൃതസ്തോത്രസാഹിത്യത്തിൽ ഒരു ഉന്നതസ്ഥാനം ‘ചതുസ്തവ’ത്തിനുണ്ടെന്നാണ് അഭിജ്ഞമതം. ‘നിരൌപമ്യസ്തവ’ത്തിൽ നിന്നു മൂന്നു ശ്ലോകങ്ങൾ ചുവടെ ഉദ്ധരിക്കുന്നു:

"നിരൌപമ്യ നമസ്തുഭ്യം
നിഃസ്വഭാവവേദിനേ
യസ്ത്വം ദൃഷ്ടിവിപന്നസ്യ
ലോകസ്യാസ്യ ഹിതോദ്യനഃ

ന ച നാമ ത്വയാ കിഞ്ചിത്
ദൃഷ്ടം ബൌദ്ധേന ചക്ഷുഷാ
അനുത്തരം ച തേ നാഥ
ദൃഷ്ടിസ്തത്ത്വദശിനീ.

ന ബോദ്ധാ ന ച ബോധവ്യം
അസ്തീഹ പരമാത്മതാ
അഹോ പരമദുർബോധാം
ധമ്മതാം ബുദ്ധവാനസി."

പല ബുദ്ധമതസിദ്ധാന്തങ്ങളെപ്പററി താനും മെനന്ദരും തമ്മിൽ നടത്തിയ വാദപ്രതിവാദങ്ങളിൽ താൻ നല്കിയിരുന്ന മറുപടികളുടെ ഒരു സംഗ്രഹമാണ് 'മിളിന്ദപ്രശ്നം'. 'സുഹൃൽലേഖ'യാകട്ടെ, സ്നേഹിതൻ മെനന്ദക്ക് താൻ പദ്യത്തിൽ എഴുതിയയച്ച ഒരു കത്തുമാണ്. ഇത്തരം പല പ്രസിദ്ധമായ പദ്യക്കത്തുകളും സംസ്കൃതസാഹിത്യത്തിൽ പണ്ടുണ്ടായിരുന്നതായിക്കാണാം. മാതൃചേടൻെറ 'മഹാരാജകണികലേഖ', ചന്ദ്രഗോമിയുടെ 'ശിഷ്യലേഖ', ആശ്രമിയുടെ 'ഗുരുലേഖ', സജ്ജനൻെറ 'പുത്രലേഖ' എന്നിവ ഇത്തരം കൃതികളാണ്.

മാദ്ധ്യമികനാഗാർജ്ജുനൻ ഗുണാഢ്യൻ എന്ന തൂലികാനാമത്തിൽ അന്നത്തെ സംഭാഷണഭാഷയായ പൈ-

ശാചിപ്രാകൃതത്തിൽ രചിച്ച അതിപ്രാചീനമായ ഒരു റൊമാൻറിക്പദ്യാഖ്യായികയാണ് 'ബൃഹത് കഥ'. ഇതിലെ സാങ്കേതികമാറ്റം റീയലിസ്റ്റിക്കമാണ്. വെറും ഒരു ലൌകികാഖ്യായികയായ ഇതിനെ ഒരു സർവ്വസംഗപരിത്യാഗിയായ താൻ തൻെറ പേരുവെച്ചു പ്രസിദ്ധീകരിക്കുന്നതിൻെറ അനൌചിത്യം അറിഞ്ഞതുകൊണ്ടാണ് നാഗഭിക്ഷു ഇതിൽ ഒരു തൂലികാനാമം സ്വീകരിച്ചിരിക്കുന്നതു്. ഈ കൃതി ഇന്നു നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഇതിനെ ആസ്പദിച്ചു സംസ്കൃതത്തിൽ രചിക്കപ്പെട്ട ക്ഷേമേന്ദ്രൻെറ 'ബൃഹത് കഥാമഞ്ജരി', സോമദേവൻെറ 'കഥാസരിത് സാഗരം' എന്നിവ മൂലകൃതിയിൽനിന്നു വളരെ വ്യത്യാസപ്പെട്ട കൃതികളാണെന്നാണ് ഈ വിഷയത്തെപ്പററി ഗവേഷണം നടത്തിയ ഫ്രഞ്ചുപണ്ഡിതൻ ലകോട്ട് അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഇവ രണ്ടും കാശ്മീരത്തു പ്രചരിച്ചിരുന്ന ബൃഹത് കഥാപാഠങ്ങളെ ആസ്പദിച്ചുള്ള കൃതികളുമാണ്.

നേപ്പാളത്തെ ബൃഹത് കഥാപാഠം അനുസരിച്ചു രചിച്ച ബുധസ്വാമിയുടെ 'ബൃഹത് കഥാശ്ലോകസംഗ്രഹം' എന്ന കൃതി പിന്നീടു കണ്ടുപിടിക്കപ്പെട്ടു. ഇതും ക്ഷേമേന്ദ്രൻേറയും സോമദേവൻേറയും കൃതികളെപ്പോലെ വത്സരാജ്യത്തെ രാജാവും വിദ്യാധരചക്രവർത്തിയുമായ ഉദയനപുത്രൻ നരവാഹനൻെറ ചരിത്രത്തെ പ്രതിപാദിക്കുന്നുണ്ടെങ്കിലും, ഇതിൻെറ സാങ്കേതികമാറ്റവും രൂപവും വീക്ഷണകോടിയും മററു രണ്ടു കൃതികളുടേതിൽനിന്നു വിഭിന്നമാണ്. ക്ഷേമേന്ദ്രൻേറയും സോമദേവൻേറയും കൃതി

കൾ അനേകം കഥകളെ പൂർവ്വാപരബന്ധമെന്യേ ഒരു ചട്ടക്കൂട്ടിൽ ശിഥിലമായി കൂട്ടിച്ചേർത്തിട്ടുള്ളവയാണ്. ബുധസ്വാമിയുടെ കൃതിയിലാകട്ടെ, സന്ദർഭവശാൽ പറയുന്ന കഥകളെ പ്രധാനപ്ലാട്ടിൻെറ സന്ദർഭങ്ങൾക്ക് അനുയോജ്യമാക്കിയും അതിനു കീഴ്പെടുത്തിയുമാണ് കൊണ്ടുവന്നിരിക്കുന്നത്. ഇതിലെ വീക്ഷണകോടി മററു രണ്ടിനേക്കാളുമധികം ജനകീയവുമത്രേ. അന്നത്തെ ജനസാമാന്യത്തിൻെറ ചിത്രമാണ് ബുധസ്വാമി വരച്ചിരിക്കുന്നത്. മററു രണ്ടിനേക്കാളുമധികം ദേശ്യവുമാണ് ഇതു്. വത്സരാജ്യതലസ്ഥാനമായ കോശാംബിയുമായി തനിക്കുള്ള പരിചയം ബുധസ്വാമി പ്രദർശിപ്പിക്കുന്നുണ്ട്. സോമദേവൻ കാശ്മീരം വിട്ടു പുറത്തു പോകുന്നില്ല. ലകോടിൻെറ അഭിപ്രായത്തിൽ ബുധസ്വാമിയുടെ കൃതിക്കു നഷ്ടപ്പെട്ടുപോയ ഗുണാഢ്യകൃതിയോടു വളരെ സാദൃശ്യമുണ്ട്. ഉജ്ജയിനിയിലെ (ആദികോശാംബിയിലെ) 'ഉദയഭാനകോ'ത്സവത്തിലും കോശാംബിയിലെ നാഗവനത്തിലെ 'യാത്രാ'ഘോഷത്തിലും പങ്കുകൊള്ളുവാൻ ജനസാമാന്യം തടിച്ചുകൂടുമ്പോൾ അവരെ വായിച്ചു കേൾപ്പിക്കുവാൻ ഉദ്ദേശിച്ചു രചിച്ച കൃതിയാണ് ഗുണാഢ്യൻെറ 'ബൃഹത് കഥ' എന്നു ലകോട് വിചാരിക്കുകയും ചെയ്യുന്നു

രാജപുട്ടാനയിൽ സ്ഥിതിചെയ്യുന്ന ഇന്നത്തെ ഉജ്ജയിനിയിലും (വിശാലയിലും) തൻെറ കാലത്തെ ഉത്സവവേളകളിൽ ഉദയനൻേറയും പുത്രൻേറയും കഥ വായിച്ചു കേൾപ്പിച്ചിരുന്നതു കാളിദാസൻ 'മേഘദൂതി'ൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:

"വത്സേശൻകഥ വാഴ്ത്തുവോരു പഴമ-
ക്കാരുള്ള രാജ്യത്തുടൻ
മുൻചൊന്നോരു വിശാലയെന്ന പുരിതൻ
നേരോത്ത്രു നീ നീങ്ങണം."

ജിനസേനൻെറ ജയിന 'ആദിപുരാണ'ത്തിൽ ഗുണാഢ്യൻെറ 'ബൃഹത് കഥ'യെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"അത്ഭുതാത്ഥാം ഇമാം ദിവ്യാം
പരമാത്ഥാം ബൃഹത് കഥാം
ലംഭൈരനേകൈഃ സംദൃബ്ധാം
ഗുണാഢ്യൈഃ പൂവ്വസൂരിഭിഃ"

സുബന്ധുവിൻെറ 'വാസവദത്ത'യിൽ "ബൃഹത് കഥാലംഭൈരിവ സാലഭഞ്ജികോപശോഭിതൈഃ" എന്നും പ്രസ്താവിച്ചിരിക്കുന്നു. ഉപദേവരെന്ന് അമരകോശം പേരിട്ടിട്ടുള്ള വിദ്യാധരാപ്സരാദികളാണ് ശാലഭഞ്ജികവർഗ്ഗക്കാർ. ഇവക്കു വൃക്ഷകർ എന്നും പേരുണ്ട്. സാൽവവർഗ്ഗത്തിൽപ്പെട്ടവരാണ് ഇവർ. മൈനന്ദരായ വിക്രമാദിത്യഭോജൻെറ വജ്രസിംഹാസനത്തെ അലങ്കരിച്ചിരുന്ന സാലഭഞ്ജികകൾ (പാവകൾ) കഥ പറയുന്നതായിട്ടാണ് 'ബൃഹത് കഥ' രചിച്ചിട്ടുള്ളതു്. ഇതാണ് "സാലഭഞ്ജികോപശോഭിതൈഃ" എന്നതിലെ ധ്വനി. വിദ്യാധരരായ സാലഭഞ്ജികകൾ കഥപറയുന്ന മട്ടിൽ രചിച്ചിരുന്നതു നിമിത്തമാണ് 'ബൃഹത് കഥ'യ്ക്കു 'വിദ്യാധരപിടകം' എന്ന പേരും ലഭിച്ചതു്. ഗുണാഢ്യകൃതിയിൽ സാലഭഞ്ജികകൾക്കു തുല്യം പൂർണ്ണമായ രൂപഭദ്രതയുള്ള അനേകം ചെറുകഥകളെ

പ്ലാട്ടിനനുയോജ്യമായി കലാവൈഭവപൂർവ്വം ഘടിപ്പിച്ചിരു ന്നു എന്ന ധ്വനിയും പ്രസ്തുത ഉദ്ധാരണങ്ങളിൽ കാണാം.

ഭാരതത്തിലും വിദേശങ്ങളിലുമുള്ള പല ഭാഷകളിലും പണ്ടു 'ബൃഹത്കഥ'യുടെ സംഗ്രഹങ്ങൾ പരിഭാഷകളി ലൂടെ പ്രചരിച്ചിരുന്നു. ഇക്കൂട്ടത്തിൽ മൈസൂരും കേരള മുൾപ്പെട്ട പണ്ടത്തെ തമിഴ്നാടും ഉണ്ടായിരുന്നു. ഏ. ഡി. ഏഴാംശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ മൈസൂരിൽ നാടുവാണിരുന്ന വിക്രമിയും പണ്ഡിതനുമായ പശ്ചിമഗം ഗവംശരാജാവു ദുർവ്വിനീതകൊംഗണി, അഥവാ മാധവവ ർമ്മൻ, 'വഡ്ഡകഥ'യുടെ (ബൃഹത്കഥയുടെ) ഒരു സംസ്കൃത സംഗ്രഹം രചിച്ചിരുന്നു എന്ന് ഈ ഗംഗവംശക്കാരുടെ ശാസനങ്ങൾ പ്രസ്താവിച്ചിരിക്കുന്നു.

പണ്ടത്തെ തമിഴനാട്ടിൽ 'ബൃഹത്കഥ'യെ ആസ്പ ദിച്ചു കൊങ്കുവേളാരുടെ 'പെരുംകതൈ' എന്നും, നമുക്കു പേരറിയുവാൻ സാധിക്കാത്ത മറെറാരു കവിയുടെ 'ഉദയ ണകുമാരകാവിയം' എന്നും രണ്ടു ചെന്തമിൾകൃതികളുണ്ടാ യിരുന്നു. വൃത്തത്തിലുള്ള രണ്ടാമത്തേതു മറേറതിന്റെ സം ഗ്രഹംമാത്രമാണ്. ഈ ചെന്തമിൾകൃതികൾക്കും ഉത്തരഭാ രതത്തിലെ പ്രസ്തുത മൂന്നു സംസ്കൃതകൃതികൾക്കും തമ്മിൽ ചില സ്മരണീയമായ വ്യത്യാസമുണ്ടെന്നു കാണാം. രണ്ടു തമിഴകൃതികളും ഉദയനന്റെ കഥ വിസ്തരിച്ചു വിവരിക്കു മ്പോൾ, ഉത്തരഭാരതകൃതികൾ മൂന്നും ഇതിനെ സംഗ്രഹി ക്കുകയും, തമിഴകൃതികൾ ചുരുക്കി വിവരിക്കുന്ന നരവാഹ നകഥ ഉത്തരഭാരതകൃതികൾ വിസ്തരിച്ചു പ്രതിപാദിക്കുക യും ചെയ്തിരിക്കുന്നു. കൂടാതെ, ഉദയനന്റെ ഭാര്യമാരുടെ

സംഖ്യയെസ്സംബന്ധിച്ചും ഇവക്കു തമ്മിൽ വ്യത്യാസമുണ്ട്. ഉത്തരഭാരതകൃതികൾ ഉദയനനു ചണ്ഡപ്രദ്യോതപുത്രി വാസവദത്ത, മഗധരാജൻ ദർശകൻെറ സോദരി പത്മാവതി എന്നീ രണ്ടു ഭാൎയ്യമാർ ഉണ്ടായിരുന്നു എന്നാണു് പറയുന്നതു്. തമിഴ്കൃതികളാകട്ടെ, അദ്ദേഹത്തിനു പ്രസ്തുത വാസവദത്തയും പത്മാവതിയും പത്നികളാണെന്നു പറഞ്ഞിട്ടുള്ളതിനു പുറമേ, കോശലരാജപുത്രി വാസവദത്തയും അഥവാ മാനനീകെയും, കൈലാസസമീപമുള്ള മന്ദാര രാജപുത്രി വൃശ്ചികയും ഭാൎയ്യമാരായി ഉണ്ടായിരുന്നു എന്നു പ്രസ്താവിച്ചിരിക്കുന്നു. നരവാഹനനു തമിഴിൽ നരവാണനെന്നാണു് പേരു കൊടുത്തിരിക്കുന്നതു്.

നൃചക്ഷുസ്സ് ഒന്നാമൻെറ കാലത്തു കുരുപാണ്ഡവരാജധാനി ഇന്നത്തെ സിയാൽക്കോട്ടായ കോശാംബിയിലേക്കു മാററിയതായി മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. യുധിഷ്ഠിരൻമുതല്ക്കുള്ള ഇരുപത്തിയാറാമത്തെ കുരുപാണ്ഡവരാജാവാണു് 'ബൃഹത്കഥ'യിലെ ഉദയനൻ. ശതാനീകൻ രണ്ടാമൻെറ പുത്രനായ ഇദ്ദേഹം പ്രമഗധയിലെ പ്രദ്യോതരാജവംശത്തിലെ ഒടുവിലത്തെ രാജാവായ അവന്തിവൎദ്ധനൻെറ (769—748 ബി. സി) പുത്രിയും പത്മാവതി എന്നുകൂടി പേരുള്ളവളുമായ വാസവദത്തയെയാണു് വേട്ടതു്. ചണ്ഡപ്രദ്യോതവംശജനായതുമൂലം ഈ വംശപ്പേരു ഭാരതീയകഥാകാരരും മററും അവന്തിവൎദ്ധനനു നല്കിയിരിക്കുന്നു. പ്രമഗധക്കും ഉജ്ജയിനിതലസ്ഥാനമായ അവന്തിക്കും, അഥവാ മാളവത്തിനും, ഒന്നുപോലെ ആദിയിൽ വിശാല എന്നു പേരുണ്ടായതു വിസ്മരിച്ചാണു് പി

ല്ക്കാലകഥാകാരർ വാസവദത്തയേയും പത്മാവതിയേയും വേർതിരിച്ചതു്. പത്മാവതീസോദരൻ പ്രമഗധരാജൻ ദർശകൻ നന്ദിവർദ്ധനൻെറ പുത്രനാണു്. തമിഴരുടെ കോശലരാജ്യവും മന്ദാരവും പ്രമഗധതന്നെ. കോശലം, കോശാംബി, വിശാല എന്നീ പേരുകൾ പണ്ടു പ്രമഗധ വഹിച്ചിരുന്നു. ശ്രീരാമപുത്രൻ, കുശൻ സ്ഥാപിച്ചതായ ദക്ഷിണകോസലം പ്രമഗധയിലും സിന്ധാൽക്കോട്ടിലുമായി സ്ഥിതിചെയ്തിരുന്നു.

വായുപുരാണത്തിലെ,

"കുശസ്യ കോശലം രാജ്യം പുരീ വാപീ കുശസ്ഥലീ
രമ്യാ നിവേശിതാ തേന വിന്ധ്യപർവ്വതസാനുഷു."

എന്ന ശ്ലോകത്തിൽനിന്നാണു് ഞാൻ ഇതു കണ്ടുപിടിച്ചിട്ടുള്ളതു്. ഇതിലെ വിന്ധ്യപർവ്വതം രാജൌരിക്കു തെക്കു വടക്കുള്ള ഇന്നത്തെ പീർപഞ്ചാൽ പർവ്വതനിരയാണു്. കാശ്മീരചരിത്രമായ 'രാജതരംഗിണി'യിൽ പറഞ്ഞിട്ടുള്ള വിന്ധ്യാവാസിനീക്ഷേത്രം (ദുർഗ്ഗാക്ഷേത്രം) ഈ പർവ്വതനിരയിൽ നിന്നിരുന്നു. മഹാഭാരതത്തിലെ നളോപാഖ്യാനത്തിൽ പറഞ്ഞിട്ടുള്ള വിന്ധ്യനും ദക്ഷിണാപഥവും സ്ഥിതിചെയ്തിരുന്നതും ഇവിടെത്തന്നെയാണു്.

സത്യവാൻെറയും സാവിത്രിയുടേയും കഥ മുകളിൽ വിവരിച്ചിട്ടുള്ളതിൽനിന്നു മഗധയിലെ മദ്രവംശത്തിനും മാളവവംശത്തിനും തമ്മിലുള്ള രക്തബന്ധുത്വം മനസ്സിലാക്കാമല്ലോ. തന്നിമിത്തം ഇവരുടെ രാജ്യങ്ങൾക്കും ഒരേ പേരുതന്നെ ഉണ്ടായിരുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. കൂടാതെ, മന്ദാരരാജ്യത്തിൻെറ സമീപമുള്ളതായി

തമിഴ്കൃതികൾ പറയുന്ന കൈലാസം രാജൌരിക്കു തൊട്ടു വടക്കുള്ള പീർപഞ്ചാൽ പർവ്വതനിരയാണെന്നു കാളിദാസോപന്യാസത്തിൽ സ്ഥാപിക്കുന്നതാണ്. രാജപത്നിമാർ തമ്മിലുള്ള കലഹം പണ്ടത്തെ സാഹിത്യകാരക്കു നല്ല പ്ലാട്ടുകൾ നല്കിയിരുന്നു. ഇതിനുവേണ്ടിയാണ് അവർ ഉദയനൻെറ ഏകരാജ്ഞിയെ രണ്ടും നാലുമാക്കി വെട്ടി നുറുക്കിയത്. ഉദയനൻേറയും വാസവദത്തയുടേയും റൊമാൻറിക് പ്രേമകഥ പണ്ടു ഭാരതമൊട്ടുക്ക്—പ്രത്യേകിച്ച്, അവരുടെ വംശക്കാരായ ചേരചോളപാണ്ഡ്യകുന്തളരാജാക്കന്മാർ വാണിരുന്ന ദക്ഷിണഭാരതത്തിൽ—ഒരു നാടോടിപ്പാട്ടായിരുന്നതും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ഉപരിചരവസു എന്നു പുരാണങ്ങളും സമ്രാട്ടായ അഭ്യാവത്തിൻ—ചയമാനൻ എന്ന് ഋഗ്വേദവും പേരു കൊടുത്തിട്ടുള്ള മഗധ—ചേദിരാജാവിൻെറ സന്താനങ്ങളിൽ രണ്ടുപേർ സ്ഥാപിച്ച നഗരങ്ങളാണ് കോശാംബിയും ഗിരിവ്രജവും. ഇവരിൽ വേദിഷൻ സ്ഥാപിച്ച വേദാലിക്ക് (കോശാംബിക്ക്) അശ്വപുരം എന്നും പേരുണ്ടായിരുന്നു. ഉപരിചരൻ എന്ന വസുനാമവും അശ്വപുരം എന്ന പുരനാമവും ഇവർ അശ്വികളായ ഗന്ധർവ്വരാണെന്നു സ്ഥാപിക്കുന്നുണ്ട്.

യുദ്ധവീര്യത്തിലും പ്രണയത്തിലും മുന്നിട്ടുനിന്നിരുന്നവരായ ഉദയനൻേറയും പുത്രൻ നരവാഹനൻേറയും കഥകൾ അവരുടെ കാലത്തോടടുത്ത കാലത്തുതന്നെ പ്രാകൃതഭാഷയിലുള്ള ജനകീയപ്പാട്ടുകൾക്കും കഥകൾക്കും

വിഷയമായിത്തീൎന്നിരിക്കണം. തന്റെ ജന്മനാട്ടുകാരിൽ നിന്നു ബാല്യംമുതല്ക്കു കേട്ടിരുന്ന ഈ കഥകളെ അതിയായ കലാവാസനയുണ്ടായിരുന്ന നാഗഭിക്ഷു തന്റെ നിസ്സംഗതാനിലയെ വിസ്മരിച്ചു 'ബൃഹത്കഥ' എന്ന ആഖ്യായികയാക്കി ആ മൂലകൃതികളുടെ ഭാഷയിൽത്തന്നെ രചിച്ചതു് ഒട്ടുംതന്നെ അത്ഭുതത്തിനു് ഇടനല്കുന്നില്ല. 'വിദ്യാധരപിടകം' എന്ന കൃതി നാഗാൎജ്ജുനൻ രചിച്ചുവെന്നും, അതിലെ പന്തീരായിരം ശ്ലോകങ്ങൾ ശിഷ്യൻ നന്ദൻ കാണാപ്പാഠമായി പഠിച്ചുവെന്നും, 'വിദ്യാധരപിടകം' പിന്നീടു നഷ്ടപ്പെട്ടുപോയപ്പോൾ നന്ദൻ പഠിച്ച പന്തീരായിരം ശ്ലോകങ്ങൾമാത്രമേ അവശേഷിച്ചുള്ളുവെന്നും ഇററ്സിംഗ് എന്ന ചീനസഞ്ചാരി പ്രസ്താവിച്ചിട്ടുണ്ടു്. ഇതുപോലെ ഗുണാഢ്യന്റെ 'ബൃഹത്കഥ'യെക്കുറിച്ചു് ഒരു ഐതിഹ്യവുമുണ്ടു്. ആദിയിൽ അതിൽ ഏഴുലക്ഷം ശ്ലോകം അടങ്ങിയിരുന്നുവെന്നും, അതു പിന്നീടു തീ പിടിച്ചു നശിച്ചപ്പോൾ ഒരു ലക്ഷം ശ്ലോകങ്ങൾമാത്രമേ അഗ്നിയിൽനിന്നും രക്ഷപ്പെട്ടുള്ളുവെന്നുമാണിതു്.

മെനന്ദരായ വിക്രമാദിത്യൻ സാഹിത്യകാരരെ പ്രത്യേകമായി പ്രോത്സാഹിപ്പിച്ചിരുന്നതുനിമിത്തം അദ്ദേഹത്തിനു 'കവിമിത്രൻ' എന്ന ബിരുദം കിട്ടി. സോഡ്ഢലന്റെ 'ഉദയസുന്ദരീചമ്പൂകഥ'യിൽ ഇപ്രകാരം ഇതു പ്രസ്താവിച്ചിരിക്കുന്നു:

"ശ്രീവിക്രമോ നൃപതിരത്ര പതിസ്സ്വഭാനാ-.
മാസീത്സ കോടച്യ്രസദൃശഃ കവിമിത്രനാമാ
യോ വാത്മമാത്രമുദിതഃ കൃതിനാം ഗൃഹേഷു
ദതാ ചകാര കരടീന്ദുഘടാസ്ധകാരം."

ഇങ്ങനെയുള്ളൊരു സാഹിത്യകാരമിത്രമായ നന്ദൻ (മെനന്ദർ) ഇററ്സിംഗിൻെറ കഥയിൽ പറഞ്ഞിട്ടുള്ളതുപോലെ, 'വിദ്യാധരപിടകം' (ബൃഹത്കഥ) കാണാപ്പാഠമാക്കിയിരുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

പണ്ടു നിരക്ഷരകുക്ഷികളുടേയും പണ്ഡിതന്മാരുടേയുമിടയ്ക്കു് ഒന്നുപോലെ രാമായണകർത്താവു വാല്മീകിയും, മഹാഭാരതകർത്താവു വ്യാസനും നേടിയിരുന്ന സ്ഥാനം തൻെറ 'ബൃഹത്കഥ'കൊണ്ടു ഗുണാഢ്യൻ നേടിയിരുന്നു എന്നതിനു 'കവികണ്ഠാഭരണ'വും മററും സാക്ഷ്യം വഹിക്കുന്നുണ്ടു്. ഭാസശൂദ്രകഹർഷാദിസാഹിത്യകാരന്മാർ 'ബൃഹത്കഥ'യിലെ ചെറുകഥകളെ അവലംബിച്ചു നാടകങ്ങൾ രചിച്ചിട്ടുമുണ്ടു്.

ഭാരതത്തിനപ്പുറമേയും 'ബൃഹത്കഥ'യ്ക്കു പ്രചുരപ്രചാരമുണ്ടായിരുന്നു. സുപ്രസിദ്ധമായ 'അറബികഥകൾ'ക്കു് ഇതൊരു മാതൃകയായി ഭവിച്ചിരുന്നിരിക്കാം. ഇപ്രകാരം ലോകപ്രസിദ്ധിനേടിയിരുന്ന ഈ ജനകീയകൃതികൾ ബുദ്ധമതത്തിൻെറ ക്ഷയത്തോടുകൂടി ഭാരതത്തിൽ പ്രചാരമില്ലാതായി. മാദ്ധ്യമികനാഗാർജ്ജുനനെ മതഗുരുവായി ബഹുമാനിച്ചുവരുന്ന തിബത്തുകാരും ചീനരും മററും അ

ദ്ദേഹത്തിൻെറ ഈ സാഹിത്യകൃതി വിസ്മരിച്ചിരിക്കയും ചെയ്യുന്നു. കാലത്തിൻെറ ഇത്തരം കേളികഠം കണ്ടു് ഇന്നത്തെ നാം അത്ഭുതപ്പെട്ടിട്ടു കാൎയ്യവുമില്ല. പണ്ടുള്ളവരുടെ ചിരംജീവിവാദമെന്ന ജാലവിദ്യ സ്വീകരിച്ചാൽമാത്രമേ ചിരംജീവിതവ്യാമോഹക്കാൎക്ക് ഈ കളികഠംക്കു കുറേ കാലമെങ്കിലും ഇടം നല്കാതെയിരിക്കുവാൻ സാധിക്കുകയുമുള്ളു.

# 2. കാളിദാസൻെറ പേരും ഊരും കാലവും

കാളിദാസമഹാകവിയുടെ 'മേഘദൂതി'ൽ ചുവടെ ചേർക്കുന്ന ഒരു ശ്ലോകമുണ്ട്.

"അദ്രേഃ ശൃംഗം ഹരതി പവനഃ
കിംസ്വിദിത്യുന്മുഖീഭിർ-
ദൃഷ്ടോത്സാഹശ്ചകിതചകിതം
മുഗ്ധസിദ്ധാംഗനാഭിഃ
സ്ഥാനാദസ്മാൽ സരസനിചുളാ-
ദുത്പതോദങ്മുഖഃ ഖം
ദിങ്നാഗാനാം പഥി പരിഹരൻ
സ്ഥൂലഹസ്താവലേപാൻ."

ഇതിൻെറ, പ്രൊഫസ്സർ രാജരാജവർമ്മയുടെ പരിഭാഷ ചുവടെ ചേർക്കുന്നു.

"കുന്നിൻപാറ പറിപ്പതെന്തിഹ കൊടു-
ങ്കാറ്റെന്നു സാധുക്കളാം
സിദ്ധസ്ത്രീകളുഴന്നു നിൻകുതിയതിൽ
പേടിച്ചുനോക്കുമ്പടി
ചാടിപ്പാഞ്ഞുക കയ്യുയർത്തിയുതിരീ-
ട്ടോങ്ങുന്ന ദിങ്നാഗരിൽ
തങ്ങാതങ്ങു വടക്കുനോക്കി നിചുള-
ത്തിങ്കുന്ന ദിക്കിന്നുടൻ."

തൻെറ മിത്രമായ നിചുളനെന്ന സാഹിത്യകാരനേയും ശത്രുവായ ദിങ്നാഗനെന്ന മറെറാരു സാഹിത്യകാരനേയും ഈ ശ്ലോകത്തിൽ കാളിദാസൻ കൊണ്ടുവന്നിട്ടുണ്ടെന്നു മല്ലിനാഥനെന്ന പ്രസിദ്ധനായ വ്യാഖ്യാതാവു പ്രസ്താവിച്ചിട്ടുണ്ട്. ഡാക്ടർ തോമസ്സിൻെറ ഗവേഷണങ്ങൾ മല്ലിനാഥൻെറ അഭിപ്രായത്തെ പിന്താങ്ങുന്നുമുണ്ട്. ഈ പാശ്ചാത്യപണ്ഡിതൻെറ ഗവേഷണഫലം ചുവടെ സംഗ്രഹിക്കുന്നു.

'മുഷ്ടിപ്രകരണശാസ്ത്രം' എന്ന ഒരു ബുദ്ധമതഗ്രന്ഥം ചീനഭാഷയിലേയ്ക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഇതിൻെറ ഗ്രന്ഥകർത്തൃത്വത്തെപ്പററി രണ്ട് ഐതിഹ്യങ്ങൾ ചീനത്തു കാണാം. ഒന്നനുസരിച്ചു കർത്താവു ദിങ്നാഗനാണ്; മറേറതുപ്രകാരം ആര്യ്യദേവനും. ഒടുക്കം പറഞ്ഞ ഗ്രന്ഥകാരൻെറ കൃതിയാണെന്നു പറയുന്ന 'ഹസ്തബാലപ്രകരണം', അഥവാ 'ഹസ്തഭാവപ്രകരണം' എന്ന സംസ്കൃതബൌദ്ധകൃതിയുടെ ഒരു പരിഭാഷ തിബത്തുഭാഷയിലുമുണ്ട്. ഈ രണ്ടു കൃതികളും ഒരേയൊരു മൂലഗ്രന്ഥത്തെ ആസ്പദിച്ചാണ് രചിച്ചിട്ടുള്ളതും. മാദ്ധ്യമികനാഗാർജ്ജുനാദി മഹായാനമതാചാര്യ്യന്മാരുടെ കൃതികൾക്കു ദിങ്നാഗൻ വ്യാഖ്യാനമെഴുതുക പതിവുണ്ട്. നാഗാർജ്ജുനഗുരുപരമ്പരയിൽപ്പെട്ട ഒരു ദേഹമായ ആര്യ്യദേവൻ, 'മുഷ്ടിപ്രകരണശാസ്ത്രം', 'ഹസ്തഭാവപ്രകരണം' എന്നിവയുടെ കാരികകൾ രചിച്ചുവെന്നും ഇവയ്ക്കു വ്യാഖ്യാനങ്ങൾ ദിങ്നാഗൻ എഴുതിയെന്നും പ്രസ്തുതൈതിഹ്യങ്ങളിൽനിന്ന് അനുമാനിക്കാം. 'ഹസ്തഭാവപ്രകരണ'ത്തിനു ദിങ്നാഗൻ

രചിച്ച വൃത്തിയെ ആയിരിക്കം, 'സ്ഥൂലഹസ്താവലേപാൻ' എന്ന പ്രസ്തുതശ്ലോകഭാഗത്തിൽ കാളിദാസൻ സൂചിപ്പിച്ചിരിക്കുന്നതു്.

'ഹസ്തഭാവപ്രകരണ'വൃത്തിയുടെ തിബെത്തുഭാഷാതർജ്ജിമയെ, അതിൻെറ മൂലമായ സംസ്കൃതകൃതി ഇന്നു നഷ്ടപ്പെട്ടുപോയിട്ടുള്ളതുനിമിത്തം, ഡോക്ടർ തോമസ് സംസ്കൃതത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. ഇതിൻെറ അഞ്ചാംശ്ലോകം ചുവടെ ഉദ്ധരിക്കുന്നു:

"സൎവ്വമേവാശ്രിതം യേന
 വിദ്യതേ സൂക്ഷ്മബുദ്ധിനാ
ത്യജേത് സ ബുദ്ധിമാൻ സൃഷ്ട
 രാഗാദ്യഹിഭയം യഥാ."

ഈ ശ്ലോകത്തിൽ ദിങ്നാഗൻ പ്രയോഗിച്ചിട്ടുള്ള 'സൂക്ഷ്മബുദ്ധിനാ' എന്ന പദത്തെ ആക്ഷേപിച്ചായിരിക്കം 'മേഘദൂത'ശ്ലോകത്തിൽ കാളിദാസൻ 'സ്ഥൂലഹസ്താവലേപാൻ' എന്നു പറഞ്ഞിട്ടുള്ളതു്.

ദിങ്നാഗൻ ആരാണെന്നും അദ്ദേഹത്തിൻെറ കാലം ഏതാണെന്നും ഉപന്യാസത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. ദിങ്നാഗനും കാളിദാസനും തമ്മിലുണ്ടായ കലഹത്തിൻെറ കാരണമറിയുന്നതിനു് ആദികാലത്തെ ഭാരതീയന്യായശാസ്ത്ര(യുക്തിശാസ്ത്ര)ചരിത്രത്തിൻെറ ഒരു ഭാഗം മനസ്സിലാക്കിയേ മതിയാവൂ. അതു് ഇവിടെ സംഗ്രഹിക്കുന്നു: ഭാരതീയന്യായശാസ്ത്രത്തിൻെറ ആധുനികനായ സ്ഥാപകൻ പ്രഭാസക്കാരൻ അക്ഷപാദനാണു്. ഇ

ദ്ദേഹത്തിൻെറ 'ന്യായസൂത്ര'ത്തിനു കാഞ്ചീവരത്തിനു സമീപമുള്ള തിരുകഴുക്കൂൻറത്തുകാരനും ഒരു ഹിന്ദുവുമായ ദ്രമിഡാചാര്യ്യൻ വാത്സ്യായനൻ ഒരു ഭാഷ്യം എഴുതി. ഇതിലെ ചില അഭിപ്രായങ്ങളെ ഖണ്ഡിച്ചു ദിങ്നാഗൻ ഒരു കൃതി രചിച്ചു. ഇതിനു് ദിങ്നാഗനെ ആക്ഷേപിച്ചു 'ന്യായവാർത്തികാ' എന്നൊരു ഗ്രന്ഥം ഭരദ്വാജഗോത്രജനായ ഉദ്യോതകരൻ നിർമ്മിച്ചു. ഹിന്ദുവായ ഉദ്യോതകരനെ ഇതിനു് എതിർത്തു ധർമ്മകീർത്തി എന്ന ബൌദ്ധന്യായശാസ്ത്രജ്ഞൻ ഒരു പുസ്തകം എഴുതി. ഇതിനു ധർമ്മകീർത്തിയെ ആക്ഷേപിച്ചു് കുമാരിലഭട്ടനെന്ന ഹിന്ദുമീമാംസകൻ ഒരു കൃതി രചിച്ചു. കുമാരിലനെ ഇതിനു് എതിർത്തു ബൌദ്ധനായ ധർമ്മോത്തരൻ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

മുകളിൽ വിവരിച്ച ന്യായശാസ്ത്രചരിത്രസംഗ്രഹത്തിലെ ഉദ്യോതകരൻ എന്നതു കാളിദാസൻ എന്നും തൂലികാനാമം വഹിച്ചിരുന്ന സുപ്രസിദ്ധനായ മഹാകവിയുടെ മറെറാരു ബിരുദമാണു്. ഉദ്യോതകരൻ എന്ന പദത്തിൻെറ അർത്ഥം ഉയർത്തിയ കരത്തോടു (ഹസ്തത്തോടു) കൂടിയവൻ എന്നാകുന്നു. ദിങ്നാഗൻെറ 'ഹസ്തഭാവപ്രകരണ'വൃത്തിയെ എതിർത്തുനിമിത്തം കാളിദാസനു് ഉദ്യോതകരൻ എന്നബിരുദം ലഭിച്ചു. ബൌദ്ധാചാര്യ്യന്മാരും സാംഖ്യദർശനക്കാരായ ഹിന്ദു ആചാര്യ്യന്മാരും തമ്മിൽ ഇത്തരം വാദപ്രതിവാദങ്ങൾ ചന്ദ്രഗുപ്തൻ രണ്ടാമൻെറയും കുമാരഗുപ്തൻ ഒന്നാമൻെറയും കാലത്തു നടത്തിയിരുന്നതായി വസുബന്ധുവിൻെറ ജീവചരിത്രകാരൻ പരമാർത്ഥൻ പ്രസ്താവിച്ചിട്ടുമുണ്ടു്. പ്രസ്തുതചരിത്രസംഗ്രഹത്തിലെ ധർമ്മകീ

ത്തി (ഏഴാംശതാബ്ദം) കേരളത്തിലെ പറയിപെററ പന്തിരുകുലം ഐതിഹ്യത്തിലെ വള്ളോനും, സുപ്രസിദ്ധമായ ചെന്തമിഠനീതികാവ്യമായ 'തിരുക്കുറഠ' എന്നതിൻെറ കത്താവു് തിരുവള്ളുവരുമാണെന്നു ഞാൻ കണ്ടുപിടിച്ചിട്ടുണ്ടു്. ഈ പന്തിരുകുലം ഐതിഹ്യത്തിലെ കുലസ്ഥാപകൻ കേരളവരരുചിയാണു് കുമാരിലഭട്ടൻ. ഇദ്ദേഹം ധമ്മകീത്തിയുടെ പിതൃവ്യനുമാണു്. ചെന്തമിഠ മഹാകാവ്യം 'മണിമേകല'യിലെ (എട്ടാംശതകം) അറവണ അടികഠ എന്ന ബൌദ്ധാചായ്യനാണു് ധമ്മോത്തരൻ.

പല തൂലികാനാമങ്ങളും ബിരുദങ്ങളും വഹിച്ചിരുന്ന കാളിദാസൻെറ യഥാത്ഥമായ വ്യക്തിനാമം അറിയുന്നതിനു് അദ്ദേഹത്തിൻെറ ശത്രുവായ ദിങ്നാഗനെപ്പററിയുള്ള തിബത്തിലെ ബൌദ്ധൈതിഹ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. 1905_ലെ ബംഗാഠ ഏഷ്യാററിക്സൊസയ്ററിജേർണലിൽ ഡാക്ടർ സതീശചന്ദ്രവിദ്യാഭൂഷണൻ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്ന പ്രസ്തുതൈതിഹ്യങ്ങളിൽ ഒന്നിൻെറ സംഗ്രഹം, എൻെറ ഗവേഷണഫലങ്ങഠ ബ്രാക്കററിൽ ഇട്ടുകൊണ്ടു്, ചുവടെ ചേക്കുന്നു:

ബൌദ്ധമതാചായ്യൻ വസുബന്ധുവിൻെറ ശിഷ്യൻ ദിങ്നാഗൻ (ശ്രീപവ്തനാഗാജ്ജുനൻ) ബംഗാളിലെ നാലന്ദസവ്വകലാശാലയിൽവെച്ചു പല പണ്ഡിതന്മാരേയും വാദത്തിൽ പരാജിതരാക്കുകയുണ്ടായി. അനന്തരം, അന്ത്യകാലത്തു് ഒറീസ്സയിലെ ഒരു കാട്ടുപ്രദേശത്തുള്ള ഭോരശിലയിലെ (നാഗപ്പൂരിനടുത്തുള്ള ഭ്രമരഗിരിയുടെ ഒരു നാ

ടോടിത്രൂപം പേരായി വഹിച്ചിരുന്ന ഒരു കുന്നിലെ) ഒരു ഗുഹയിൽ അദ്ദേഹം പാൎത്തിരുന്നു. ഇവിടെവെച്ചു മഞ്ജുശ്രീബോധിസത്വൻെറ അനുഗ്രഹംകൊണ്ടു താൻ പണ്ടു രചിച്ചിരുന്ന പല ന്യായശാസ്ത്രകൃതികളുടേയും സാരം സംഗ്രഹിച്ചു 'പ്രമാണസമുച്ചയം' എന്ന പുതിയ ഗ്രന്ഥം അദ്ദേഹം എഴുതുവാൻ തുടങ്ങി. അതിലെ ആദ്യത്തെ വരി എഴുതിക്കഴിഞ്ഞപ്പോൾ ഭൂമി കുലുങ്ങുകയും ഒരു പ്രകാശം ലോകമാസകലം വ്യാപിക്കുകയും ഒരു ശബ്ദകോലാഹലം പുറപ്പെടുകയും ചെയ്തു. ഈ അത്ഭുതം കണ്ടു കൃഷ്ണനീശചരൻ എന്ന പേരുള്ള ഒരു ബ്രാഹ്മണൻ ഗുഹയിൽ കേറിച്ചെന്നു. അപ്പോൾ ദിങ്നാഗൻ ഭിക്ഷയാചിക്കുവാൻ പുറത്തു പോയിരുന്നു. ആ ഭിക്ഷു അവിടെ എഴുതിവെച്ചിരുന്നതു വായിച്ചശേഷം ബ്രാഹ്മണൻ അതു മാച്ചുകളഞ്ഞു. രണ്ടു തവണ ഇതുപോലെ സംഭവിക്കുകയുണ്ടായി. മൂന്നാം പ്രാവശ്യം, "നേരംപോക്കിനായിട്ടുപോലും, ഞാൻ എഴുതിവെച്ചിട്ടുള്ളതിനെ കരുത്തരും മാച്ചുകളയരുതേ! അത്രയധികം പ്രാധാന്യമുണ്ടിതിന്. ഞാനെഴുതിയതു ശരിയല്ലെന്നു തോന്നുന്നുണ്ടെങ്കിൽ, എന്നോടു വാദിക്കുവാനായി ഞാൻ തിരിച്ചുവരുന്നതുവരെ കാത്തിരിക്കയാണു് വേണ്ടതു്" എന്നുകൂടി എഴുതിവെച്ചിട്ടു ദിങ്നാഗൻ ഭിക്ഷാടനത്തിനു പോകുകയും ചെയ്തു.

അപ്പോൾ കൃഷ്ണനീശചരൻ ഗുഹയിൽ പ്രവേശിച്ചു് എഴുതിവെച്ചിരുന്നതു വായിച്ചതിനുശേഷം അവിടെ കാത്തിരുന്നു. ഭിക്ഷു തിരിച്ചു വന്നപ്പോൾ അവർ തമ്മിൽ വാദം നടന്നു. ഇതിൽ കൃഷ്ണനീശചരൻ തോററുപോയി. ഉ

ടനെ ബുദ്ധമതം സ്വീകരിക്കുവാൻ ബ്രാഹ്മണനോടു ദിങ്നാഗൻ പറഞ്ഞു. ഇതിനു സമ്മതിക്കാതെ, തോല്പിമൂലം ചൊടിച്ച കൃഷ്ണനീശ്വരൻ മന്ത്രങ്ങൾ ഉച്ചരിക്കുകയും ഭിക്ഷുവിന്റെ ജംഗമസാമാനങ്ങൾ ചുട്ടുകരിക്കുകയുമാണു് ചെയ്തതു്. തന്റെ മതപരിവർത്തനശ്രമത്തിന്റെ പരാജയംനിമിത്തം 'പ്രമാണസമുച്ചയ'രചന ഉപേക്ഷിക്കുവാൻ ദിങ്നാഗൻ ഉദ്ദേശിച്ചു. അപ്പോൾ മഞ്ജുശ്രീബോധിസത്വൻ പ്രത്യക്ഷപ്പെട്ടു് ആ തീരുമാനത്തെ വിലക്കുകയും ചെയ്തു.

ഈ കഥയിലെ കൃഷ്ണനീശ്വരനാണു് മഹാകവി കാളിദാസൻ. ഇതത്രേ അദ്ദേഹത്തിന്റെ വ്യക്തിനാമവും. താൻ ഈശ്വരദത്തനെന്ന പേരിൽ രചിച്ച 'ധൂർത്തവിടസംവാദം' എന്ന ഭാണത്തിൽ കാളിദാസൻ തന്റെ കൃഷ്ണനീശ്വരനെന്ന നാമം കൊണ്ടുവന്നിട്ടുണ്ടു്. അതിലെ നായകൻ കൃഷ്ണിലകനാണു്. 'ഇലു' എന്ന ശൈമെറവൃഭാഷാപദത്തിനു് ഈശ്വരനെന്നു അർത്ഥമുണ്ടുതാനും. ഒരു നാഗരബ്രാഹ്മണനായിരുന്നതുമൂലം കാളിദാസനെ അവരുടെ ഇടയ്ക്കു പണ്ടുണ്ടായിരുന്ന ഒരു ജാതിപ്പേരായ ദത്തൻ എന്നതും ചേർത്തു കൃഷ്ണേശ്വരദത്തനെന്നു വിളിച്ചുവന്നിരുന്നു. കാളീഭക്തനായതുനിമിത്തം അദ്ദേഹം കാവ്യരചനയിൽ സ്വീകരിച്ചിരുന്ന ഒരു തൂലികാനാമം മാത്രമാണു് കാളിദാസൻ എന്നതു്. കാളിയായ നീലസരസ്വതി തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, അദ്ദേഹം ഒരു സരസ്വതീസ്തവം രചിച്ചു എന്നാണു് ഐതിഹ്യം. ഇതിന്റെ പരിഭാഷ തിബത്തുഭാഷയിലുണ്ടു്. തിബത്തുഭാഷയിലാക്കിയ

കാളിദാസൻെറ മറെറാരു സ്തവമായ 'മംഗലാഷ്ടക'ത്തിലെ ഒരു ശ്ലോകത്തിൽ ഹിന്ദുശാക്തേയരും (താന്ത്രികരും)കൂടി ബഹുമാനിച്ചുവരുന്ന മാദ്ധ്യമികനാഗാർജ്ജുനനായ മത്സ്യേന്ദ്രനാഥനെ ഈ പേരിൻെറ പ്രാകൃതരൂപമായ മഹിന്ദ്രനെന്നതിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇതും കാളിദാസനെ കുമാരദാസനോട് ഘടിപ്പിച്ചിട്ടുള്ള മററുചില ജനകീയകഥകളും, ഈശ്വരദത്തനെന്ന സ്വന്തം പേരിൽ അദ്ദേഹം രചിച്ചിരുന്ന ശൃംഗാരമയമായ 'ധൂർത്തവിടസംവാദ'മെന്ന ഭാണവും മററും കാളിദാസൻ ഒരു ശാക്തേയനാണെന്നു സംശയമെന്യേ സ്ഥാപിക്കുന്നുണ്ട്.

കാളിദാസൻെറ മറെറാരു ബിരുദം പൃഥിവീശ്വരൻ എന്നതാണ്. ഇതിനെക്കുറിച്ച് ഇനി പ്രതിപാദിക്കാം. സാധാരണയായി വ്യാകരണശാസ്ത്രത്തിലെ ലിംഗങ്ങൾമാത്രം പ്രതിപാദിക്കുക പതിവുള്ള സംസ്കൃതത്തിലെ 'ലിംഗാനുശാസന'ങ്ങളിൽനിന്ന്, ഒരു കോശഗ്രന്ഥത്തിൻെറ സ്വഭാവംകൂടിയുള്ളതുനിമിത്തം, വിഭിന്നമായ ഒരു 'ലിംഗാനുശാസനം' ഹർഷവർദ്ധനൻ എന്നൊരു രാജാവു രചിച്ചിട്ടുണ്ട്. ഇതിനെ ഭട്ടഭരദ്വാജപുത്രൻ പൃഥിവീശ്വരൻെറ 'സർവ്വലക്ഷണാ'യെന്ന വ്യാഖ്യാനസഹിതം മദ്രാസ്സു സർവ്വകലാശാലക്കാർ പ്രസിദ്ധീകരിച്ചിരുന്നു. ഈ ഹർഷവർദ്ധനൻെറ 'ലിംഗാനുശാസന'ത്തിനുതന്നെ 'സർവ്വലക്ഷണാ'യെന്ന പേരുതന്നെയുള്ള മറെറാരു വ്യാഖ്യാനം ഭട്ടദീപ്തസ്വാമിപുത്രൻ ശബരസ്വാമിയും രചിച്ചിട്ടുണ്ട്; ഇതിൻെറ ഒരു കയ്യെഴുത്തുകോപ്പി ഡോക്ടർ ഫ്രാങ്ക് കണ്ടുപിടിച്ചിട്ടുമുണ്ട്. കാളിദാസൻെറ കൂട്ടുകാരനായി ഐതിഹ്യം പ്രസ്താവിക്കു

ന്ന വരരുചിക്കു ശബരസ്വാമി എന്നു ബിരുദമുണ്ടായിരുന്നതു പിന്നീടു സ്ഥാപിക്കുന്നതാണു്. തന്നിമിത്തം ഈ 'ലിംഗാനുശാസന'ത്തിന്റെ മറ്റൊരു വ്യാഖ്യാതാവായ ഭട്ടഭരദ്വാജപുത്രൻ പൃഥിവീശ്വരൻ കാളിദാസനായ കൃഷ്ണേശ്വരദത്തനാണെന്നു് അനുമാനിക്കാം. കൃഷ്ണേശ്വരദത്തന്റെ ഈശ്വരനെന്ന പേരു പൃഥിവീശ്വരനിലും കാണാമല്ലോ. ഉദ്ധൃതകരനായ കാളിദാസൻ ഭരദ്വാജഗോത്രക്കാരനാണെന്നുള്ളതും എന്റെ ഊഹത്തെ പിന്താങ്ങുന്നുണ്ടു്.

കാളിദാസനും വരരുചിയും വ്യാഖ്യാനങ്ങളെഴുതിയതുനിമിത്തം 'ലിംഗാനുശാസന'കർത്താവു ഹർഷവർദ്ധനൻ ഇവരെ തന്റെ പണ്ഡിതസദസ്സിലെ നവരത്നങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന സുപ്രസിദ്ധനായ ഉജ്ജയിനിയിലെ വിക്രമാദിത്യഹർഷചക്രവർത്തിയാണെന്നു സിദ്ധിക്കുന്നു.

"ധന്വന്തരിക്ഷപണകാമരസിംഹശങ്കു-
വേതാളഭട്ടഘടകർപ്പരകാളിദാസാഃ
ഖ്യാതോ വരാഹമിഹിരോ നൃപതേസ്സഭായാം
രത്നാനി വൈ വരരുചിർന്നവ വിക്രമസ്യ."

എന്ന ശ്ലോകത്തിൽ ഈ നവരത്നങ്ങളുടെ നാമങ്ങൾ കാണാം. പൃഥിവീപതി എന്ന ബിരുദം ബുധഗുപ്തവിക്രമാദിത്യന്റെ പിതാവായ കുമാരഗുപ്തൻ ഒന്നാമനു് ഉണ്ടായിരുന്നുവെന്നു സ്കന്ദഗുപ്തന്റെ ഭിടാരിലാട്ശാസനം സ്ഥാപിക്കുന്നുണ്ടു്. ഇതിൽ കുമാരഗുപ്തനേയും മൂത്ത പുത്രൻ സ്കന്ദഗുപ്തനേയും വിവരിച്ചിട്ടുള്ള ചില അക്ഷരങ്ങൾ മാഞ്ഞുപോയ ഭാഗം ചുവടെ ചേർക്കുന്നു:

"ശ്രീചന്ദ്രഗുപ്തസ്യ പുത്രസ്തത്പാദാനുധ്യാതോ മഹാദേവ്യാം ധ്രുവദേവ്യാമുല്പന്നഃ പരമഭാഗവതോ മഹാരാജാധിരാജശ്രീകുമാരഗുപ്തസ്തസ്യ,

പ്രഥിതപൃഥുമതിഃ സ്വഭാവശക്തേഃ
പൃഥുയശസഃ പൃഥിവീപതേഃ പൃഥുശ്രീഃ
ശ്രീ.........ഗത.........പ..........വത്തി
പ്രഥിതയശാഃ പൃഥിവീപതിഃ സുതോയം.

ജഗതിഭുജബലാഢ്യോ ഗുപ്തവംശൈകവീരഃ
മഹിതവിപുലനാമാ നാമതഃ സ്കന്ദഗുപ്തഃ"

ഇതിൽ പൃഥിവീപതിയുടെ സുതനായ സ്കന്ദഗുപ്തനെ വിവരിച്ചിരിക്കുന്നു. രാജാവെന്ന സാമാന്യാത്ഥത്തിലല്ല, ഒന്നാംശ്ലോകത്തിലെ നാലാംവരിയിൽ പൃഥിവീപതി എന്ന പദം പ്രയോഗിച്ചിരിക്കുന്നതു്. ഇതു കുമാരഗുപ്തന്റെ ഒരു ബിരുദമാണു്. കുമാരഗുപ്തന്റെ രണ്ടാമത്തെ ഭാര്യയും ബുധഗുപ്തന്റെ മാതാവുമായ രാജ്ഞിക്കു പൃഥിവീസുന്ദരി എന്ന ബിരുദം നല്കിയിരിക്കുന്ന ജയിനൈതിഹ്യം പിന്നീടു പ്രതിപാദിക്കുന്നതാണു്. ഇവരിൽ ഒരാളുടെ ബിരുദത്തിൽനിന്നാണു് കാളിദാസൻ സ്വന്തം പേരായ ഈശ്വരനാമത്തിനു മുമ്പിൽ പൃഥിവീ എന്നതു കൂട്ടിച്ചേത്തതു്. ഇങ്ങനെ രാജ്ഞിമാരും കൊട്ടാരമുദ്യോഗസ്ഥന്മാരും തങ്ങളുടെ രാജാക്കന്മാരുടെ ബിരുദങ്ങൾ സ്വന്തം നാമങ്ങളോടു ഘടിപ്പിക്കുന്ന പതിവുണ്ടായിരുന്നുവെന്നു പ്രാചീനശാസനങ്ങൾ സ്ഥാപിക്കുന്നുമുണ്ടു്.

ജയാദിത്യനും വാമനനുംകൂടി രചിച്ചിട്ടുള്ള 'കാശിക

വൃത്തി' എന്ന സുപ്രസിദ്ധമായ ഒരു വ്യാകരണകൃതിയുണ്ടു്. എ. ഡി. എട്ടാംശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ കാശ്മീരരാജാവു ജയാപീഡൻ വിനയാദിത്യന്റെ പണ്ഡിതസഭാംഗമായി വർത്തിച്ച വാമനനാണു് 'കാശികവൃത്തി' കർത്താവായ വാമനനെന്നു് ഇന്നുള്ളവർ വിചാരിച്ചുവരുന്നു. 'കാശികവൃത്തി'യുമായുള്ള പരിചയം പൃഥിവീശ്വരന്റെ വ്യാഖ്യാനം പ്രദർശിപ്പിച്ചിരിക്കുന്നതുനിമിത്തം, 'ലിംഗാനുശാസന'കർത്താവായ ഹർഷവർദ്ധനൻ എ. ഡി. ഏഴാംശതാബ്ദത്തിലെ സ്ഥാനേശ്വരത്തെ ഹർഷവർദ്ധനചക്രവർത്തിയായിരിക്കാമെന്നു ഡാക്ടർ ഫ്രാങ്കു് ഊഹിക്കുന്നു. ഇതു ശരിയല്ല. ഈ ഹർഷവർദ്ധനൻ ബുധഗുപ്തൻ വിക്രമാദിത്യഹർഷനാണു്. വല്ലഭദേവന്റെ 'സുഭാഷിതാവലി'യിൽ വാമനനെന്നും, വാമനസ്വാമികളെന്നുമുള്ള രണ്ടു സാഹിത്യകാരന്മാരുടെ കൃതികളിൽനിന്നു ശ്ലോകങ്ങൾ ഉദ്ധരിച്ചിരിക്കുന്നതു കാണാം. ഇതിലെ വാമനസ്വാമിയാണു് 'കാശികവൃത്തി'യുടെ കർത്താക്കന്മാരിൽ ഒരാൾ. വാമനൻ, ശബരൻ എന്നിവ ശിവപര്യായങ്ങളാണു്. തന്നിമിത്തം വാമനസ്വാമിയും ശബരസ്വാമിയും ഒരേ ഒരാളുടെ പേരുകളാണെന്നു് അനുമാനിക്കാം. കാളിദാസന്റെ ചങ്ങാതി വരരുചിക്കു് സ്വാമിപദം ചേർത്തുള്ള ഈ രണ്ടു പേരുകളും കിട്ടിയതിനു കാരണം, ഇദ്ദേഹം ഇരുപത്തിനാലു കാപാലികഗുരുക്കന്മാരിലുൾപ്പെട്ട ജാലന്ധരീനാഥനായിരുന്നതാണു്. സരഹന്റെ ഒരു രൂപഭേദമാണു് ശബരൻ എന്നതു്. താന്ത്രികമതഗുരുക്കളുടെയിടയിൽ ശാവരി എന്നൊരാളെ ശരഹൻ എന്നും വിളിച്ചുവന്നിരുന്നതായി പ്രൊഫസ്സർ തുച്ചി പ്രസ്താവിച്ചിട്ടുമുണ്ടു്.

'കാശികവൃത്തി'യുടെ ശേഷിച്ച കത്താവായ ജയാ ദിത്യൻ ബൌദ്ധനായ അമരസിംഹൻ ആണെന്ന് അമ രൻ ഒരു വ്യാകരണവുംകൂടി രചിച്ചിരുന്നു എന്നുള്ള ഐ തിഹ്യത്തിൽനിന്ന് അനുമാനിക്കാം. ജിനസേനൻെറ 'ഹ രിവംശപുരാണ'ത്തിൽ 'അനേകശേഷവ്യാകരണം' എ ന്നതു ജയിനനായ ദേവനന്ദി രചിക്കുന്നതിന് ഉപയോ ഗിച്ച വ്യാകരണകൃതികളുടെ ഒരു പട്ടിക ചുവടെ ഉദ്ധരി ക്കുന്ന ശ്ലോകത്തിൽ നല്കിയിട്ടുണ്ട്.

"രുദ്രാചന്ദ്രാക്കജൈനേന്ദ്രു, വ്യാഢീവ്യാകരണേക്ഷിണ
ദേവസ്യ ദേവവന്ദസ്യ ന വന്ദ്യന്തേ ഗിരഃ കഥം"

ഇതിലെ അക്കവ്യാകരണമാണ് 'കാശികവൃത്തി.' പ്രകാശദാതാവ് അക്കനാണല്ലോ. വോപദേവൻ ആദി ശാബ്ദികന്മാരെ പ്രസ്താവിച്ചിരിക്കുന്ന കൂട്ടത്തിലും അമര നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ബുധഗുപ്തൻെറ ചില നാണ യങ്ങളിൽ പ്രകാശാദിത്യനെന്ന അദ്ദേഹത്തിൻെറ ഒരു ബിരുദവും, അവ അടിച്ചിറക്കിയ കമ്മട്ടനഗരമായ ഉജ്ജ യിനിയുടെ നാമത്തിൻെറ ആദ്യാക്ഷരമായ 'ഉ' എന്നതും കാണാം. 'കാശികവൃത്തി' എന്നത് 'പ്രകാശികവൃത്തി' എന്നതിൻെറ ഒരു ഹ്രസ്വരൂപമാണ്. ഇതിന് ഈ പേ രിട്ടതു് ഇതു പ്രകാശാദിത്യനായ ബുധഗുപ്തൻെറ ഭരണ കാലത്തു രചിച്ചതുനിമിത്തമാണുതാനും.

കാളിദാസൻെറ മറെറാരു ബിരുദം ചന്ദ്രകൻ എന്ന താണ്. ഈ ചന്ദ്രകകവിയെപ്പററി കൽഹണൻെറ 'രാജ തരംഗിണി' പ്രസ്താവിക്കുന്നുണ്ട്. എ. ഡി. 451 — 460 എ ന്നകാലത്തു നാടുവാണിരുന്നതായി ഞാൻ കണ്ടുപിടിച്ചി

ട്ടുള്ള കാശ്മീരരാജാവു് തുങ്ജീനൻ ഒന്നാമന്റെ ഭരണം വർണ്ണിക്കമ്പോളാണു് ഇദ്ദേഹത്തിന്റെ രാജധാനിയിൽ പാർത്തിരുന്ന വിശ്രുതനായ ചന്ദ്രകകവിയെപ്പററി കൽഹണൻ പ്രസ്താവിച്ചിരിക്കുന്നതു്. ആ ശ്ലോകം ചുവടെ ചേക്കുന്നു:

"നാട്യം സർവജനപ്രേക്ഷ്യം
യശ്ചക്രേ സ മഹാകവിഃ
ദ്വൈപായനമുനേരംശ-
സ്തത്കാലേ ചന്ദ്രകോടഭവത്."

സർവ്വജനസമ്മതങ്ങളായ നാടകങ്ങളുടെ കർത്താവും, കൃഷ്ണദ്വൈപായനവ്യാസന്റെ അവതാരവുമായ ചന്ദ്രകമഹാകവി ഇക്കാലത്തു ജീവിച്ചിരുന്നുവെന്നാണു് ഇതിൽ പറഞ്ഞിട്ടുള്ളതു്. ഇതിലെ കൃഷ്ണദ്വൈപായനവ്യാസൻ ഇരുപത്തെട്ടാം ചതുർയുഗത്തിൽ (ബി. സി. 1481_1421) മഹാവിഷ്ണുവിന്റെ അവതാരമായി ജനിച്ചുവെന്നും, ഇദ്ദേഹം ഏകമായിരുന്ന വേദത്തെ നാലുശാഖകളാക്കി പകുത്തുവെന്നും, മഹാഭാരതംകൂടി ഇദ്ദേഹം രചിച്ചിട്ടുണ്ടെന്നും പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നു. മത്സ്യപുരാണത്തിലാകട്ടെ, ഇരുപത്തെട്ടാം ചതുർയുഗത്തിൽത്തന്നെ ജീവിച്ചിരുന്നിരുന്ന മഹാവിഷ്ണുവിന്റെ ബുദ്ധാവതാരത്തിന്റെ പുരോഹിതൻ പരാശരപുത്രനായ ഇദ്ദേഹംതന്നെയാണെന്നുംകൂടി പറഞ്ഞിട്ടുണ്ടു്. ഈ കൃഷ്ണദ്വൈപായനൻ, ബാദരായണൻ, നാരായണൻ എന്നീ ബിരുദങ്ങളും വഹിച്ചിരുന്നു. ഋഗ്വേദത്തിലെ സുപ്രസിദ്ധമായ മിസ്റ്റിക്കുകൾക്ക് 'പുരുഷസൂക്തം' രചിച്ച നാരായണൻ ഇദ്ദേഹമാണു്. ത

ന്നെ കളിയാക്കിയ ശ്രീകൃഷ്ണപുത്രൻ സാംബനെ ശപിച്ചു യദുകുലം മുടിച്ചതും ഈ കൃഷ്ണദ്വൈപായനൻതന്നെ. ഇദ്ദേഹം പുരോഹിതനായിരുന്ന ബുദ്ധാവതാരം ബി. സി. 1894-ൽ മരണമടഞ്ഞ ദേവകീപുത്രൻ ശ്രീകൃഷ്ണനാണെന്നുംകൂടി ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്.

ചന്ദ്രകനെന്ന കാളിദാസബിരുദത്തിൻെറ ഉത്ഭവം അറിയുന്നതിന്ന് അദ്ദേഹത്തിൻെറ ജന്മദേശത്തെപ്പററി ചില വിവരങ്ങൾ മനസ്സിലാക്കിയേ മതിയാവൂ. കാശ്മീരരാജ്യത്തിൽ ഇൻഡസ് നദീതീരത്തുള്ള കർത്തൃക്ഷേത്രനഗരംമുതല്ക്കു ബിയാസ് നദിവരെയുള്ള ഒരു വിസ്തൃതമായ രാജ്യം പൌരാണികകാലത്തു പ്രാഗ്ജ്യോതിഷം, കാമരൂപം, കംബോജം, സൌമാരം എന്നീ നാമങ്ങൾ വഹിച്ചിരുന്നു. ഇതിൻെറ വടക്കുള്ള പശ്ചിമഹിമാലയദേശത്തിന്നു ലോഹ്ലാം എന്നും, ദക്ഷിണഭാഗത്തിന്ന് ചംബാനാട്ടുരാജ്യമെന്നും ഇന്നു പേരുണ്ട്. പുരാണപ്രസിദ്ധമായ നരകാസുരവംശവും, ഭഗദത്തവംശവും ഇതിൽ പണ്ടു നാടുവാണിരുന്നു. ഇവിടെനിന്നുള്ള ഒരു പില്ക്കാലകുടിയേറിപ്പാൎപ്പു നിമിത്തമാണ് ഇന്നത്തെ ആസ്സാമിന്ന് പ്രസ്തുതനാമങ്ങൾ ലഭിച്ചതു്. 'ലോ' എന്നതിന്ന് ദക്ഷിണ (തെക്ക്) എന്നും 'ഉൾ' എന്നതിന്നു നാട്ട് (ദേശം) എന്നും തിബത്തുഭാഷയിൽ അൎത്ഥങ്ങളുണ്ട്. തന്നിമിത്തം ലോഹ്ലാം എന്നതിന്നു ദക്ഷിണദേശം എന്നു പരിഭാഷപ്പെടുത്താം. പ്രകൃതി മാറിമാറി തൻെറ ഭേരുണ്ഡതാണ്ഡവവും കോമളലാസ്യവും ഇവയുടെ പാരമ്യത്തിൽ നടത്തിവരുന്ന ലോഹ്ലുളിൽനിന്നാണ് ചന്ദ്ര, ഭാഗ എന്ന രണ്ടു

നദികളുടെ സംഗമം മൂലമുണ്ടായ ചന്ദ്രഭാഗ (ചീനാബ്) നദി ഉത്ഭവിക്കുന്നത്. സുപ്രസിദ്ധമായ തീത്ഥാടനഗ്രാമം ത്രിലോകനാഥം ചന്ദ്രയുടേയും ഭാഗയുടേയും സംഗമസ്ഥലത്തിന് ഒരു മുപ്പതു മൈൽ വടക്കായി സ്ഥിതിചെയ്യുന്നു. ഇന്നത്തെ ചംബാസ്റ്റേററിൽപ്പെട്ട ഒരു ഗ്രാമമാണിതു്. പ്രായേണ ദുഗ്ഗമമായ ഈ ഗ്രാമത്തിലെ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ത്രിലോകനാഥദേവൻ ലോഹൂറം, ലാഡക്ക്, ബസാഹീർ എന്നീ സമീപദേശങ്ങളിലെ ഹിന്ദുക്കളുടേയും ബുദ്ധമതക്കാരുടേയും ആരാധനയ്ക്കു് ഒന്നുപോലെ പാത്രീഭവിച്ചിരിക്കുന്നു. ഇദ്ദേഹത്തെ ഹൈന്ദവർ ശിവനായും, ബൌദ്ധർ അവലോകിതേശ്വരബോധിസത്വനായും പരിഗണിച്ച് ആരാധിച്ചുവരുന്നു. ശിവൻേറയും അവലോകിതേശ്വരൻേറയും വിഗ്രഹങ്ങളുടെ ലക്ഷണങ്ങളെ ആസ്പദിച്ച് ഇവർ ഇരുവരും ഒരേ ഒരു ദേവനാണെന്നു് ഫൂഷർ എന്ന ഫ്രഞ്ചുപണ്ഡിതൻ സ്ഥാപിച്ചിട്ടുണ്ട്. കാളിദാസൻ ചർപ്പടി എന്ന നാമത്തിൽ ഈ അവലോകിതേശ്വരനെ സ്തുതിക്കുന്ന ഒരു സ്തവം രചിച്ചിട്ടുമുണ്ട്.

'തഞ്ജൂർ' എന്ന തിബത്തു കോശഗ്രന്ഥത്തിൽ കാളിദാസകൃതികളായ 'മേഘദൂതു്', 'സരസ്വതീസ്തവം', 'മംഗലാഷ്ടകം' എന്നിവ അവിടത്തെ ഭാഷയിൽ പരിഭാഷപ്പെടുത്തി ചേത്തതിനുശേഷം, ഇവയുടെ കത്താവു ദക്ഷിണദേശക്കാരനായ പണ്ഡിതൻ കാളിദാസനാണെന്നു പ്രസ്താവിച്ചിരിക്കുന്നു. 'രാജതരംഗിണി'യിൽ മേഘവാഹനനെന്ന കാശ്മീരനൃപൻെറ ശ്വശ്രുരൻ ലാടദേശക്കാരനാ

ണെന്നു് ഒരിടത്തും, രാജ്ഞി പ്രാഗ്ജ്യോതിഷകുമാരിയാണെന്നു മറെറാരിടത്തും പറഞ്ഞിരിക്കുന്നതുനിമിത്തം, ലോഹ്ളാണു് പ്രാഗ്ജ്യോതിഷമെന്നു സിദ്ധിക്കുന്നു. ഇതിൽ ജനിച്ച ഒരു കവിക്കല്ലാതെ മററാക്കുംതന്നെ 'കുമാരസംഭവ'ത്തിലെ പവ്വതഭൂഭാഗവൎണ്ണന നടത്തുവാൻ സാധിക്കുന്നതല്ല. രഘുവിന്റെ ദിഗ്വിജയം 'രഘുവംശ'ത്തിൽ വൎണ്ണിക്കുമ്പോഴം, മററു മിക്ക രാജ്യങ്ങളിലെ ദിഗ്വിജയങ്ങൾക്കും ഒററശ്ലോകംവീതം മാത്രം നല്കിയിരിക്കുന്ന കാളിദാസൻ പ്രാഗ്ജ്യോതിഷരാജ്യവിജയത്തിനു നാലെണ്ണം പ്രദാനംചെയ്തിരിക്കുന്നതു് അദ്ദേഹം ഈ നാട്ടുകാരനാണെന്നു സൂചിപ്പിക്കുന്നുണ്ടു്.

'രഘുവംശ'ത്തിൽ രഘുവിന്റെ ദിഗ്വിജയവൎണ്ണന അവസാനിപ്പിച്ചിരിക്കുന്നതു പ്രാഗ്ജ്യോതിഷവിജയത്തോടുകൂടിയാണു്. ഉത്സവസങ്കേതിൽനിന്നു ലോഹിത്യനദി കടന്നിട്ടാണു് രഘു പ്രാഗ്ജ്യോതിഷത്തിൽ പ്രവേശിച്ചതെന്നു ചുവടെ ചേക്കുന്ന ശ്ലോകത്തിൽ കാളിദാസൻ പ്രസ്താവിച്ചിരിക്കുന്നു:

"ചകമ്പേ തീർണലൌഹിത്യേ തസ്മിൻ
പ്രാഗ്ജ്യോതിഷേശ്വരഃ
തദ്ഗജാലാനതാം പ്രാപ്തൈഃ സഹ
കാലാഗുരുദ്രുമൈഃ"

മുൻശ്ലോകങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള ഉത്സവസങ്കേതം ലോഹ്ളിനു വടക്കുള്ള ഇന്നത്തെ സങ്സ്കർദേശമാണു്. ഇന്നത്തെ തിബത്തിന്റെ രണ്ടു മുഖ്യവിഭാഗങ്ങളുടെ നാമങ്ങളായ 'ഉ' എന്നതും, 'സങ്' എന്നതും കൂട്ടിച്ചേ

ത്തതിൽനിന്നു ജനിച്ച ഉൽസങ്ങ് എന്ന പേരും തിബത്തിനുണ്ട്. ഇതുപോലെ ഭൂടിതിബത്തും ഈ നാമം വഹിച്ചിരുന്നു. ഇതിൻെറ 'ഉ' വിഭാഗം കാളിദാസൻ അശ്മമെന്ന നാമം നല്കിയിരിക്കുന്ന ഇന്നത്തെ ലാഡക്കും, സങ്ങ് എന്ന വിഭാഗം ഇതിനു തെക്കുള്ള ഇന്നത്തെ സങ്ങ്സ്കർ ദേശവുമാണ്. ശകന്മാൎക്ക് അശ്മകർ എന്നു പുരാണങ്ങൾ പേരിട്ടിട്ടുണ്ട്. ശകനിവാസംഹേതുവായി ലാഡക്കിന് അശ്മകനാമം ലഭിച്ചു. ഉത്സങ്ങ് എന്നതിൻെറ ഭാരതീയരൂപമത്രേ ഉത്സവസങ്കേതമെന്നത്. സങ്ങ്സ്കറിനു തെക്കുപടിഞ്ഞാറുള്ള പ്രാഗ്ജ്യോതിഷരാജധാനി ചംബയിലെത്തുവാൻ ചന്ദ്രഭാഗനദി കടക്കേണ്ടിവരും. ചന്ദ്രനദിയുടെ ഉൽപത്തിസ്ഥാനത്തിനു സമീപമുള്ള ചന്ദ്രകകായലിൻെറ, അഥവാ ലോഹിതസരോവരത്തിൻെറ, ഈ രണ്ടാംപേരിൽനിന്നാണ് ചന്ദ്രഭാഗനദിക്കു ലോഹിത്യ എന്ന നാമം കിട്ടിയത്.

കൽഹണൻ നല്കിയിട്ടുള്ള ചന്ദ്രകൻ എന്ന നാമവും പുരുഷോത്തമൻെറ 'ത്രികാണ്ഡശേഷ'ത്തിൽ പ്രസ്താവിച്ചിരിക്കുന്ന മേധാരുദ്രൻ, കോടിജിത്, രഘുകാരൻ എന്നിവയിൽ ഒന്നാമത്തേതും കാളിദാസനു കിട്ടിയതു പ്രസ്തുതജലാശയത്തിൻെറ രണ്ടു പേരുകളിൽനിന്നാണ്. ചന്ദ്രകകായലിനു സമീപത്തുള്ള അജ്ഞാതനാമാവായ ഒരു ഗ്രാമത്തിൽ ജനിച്ചതുനിമിത്തം അദ്ദേഹത്തിനു ചന്ദ്രകനെന്ന ബിരുദം ലഭിച്ചു. 'എരിത്രോസ്' എന്ന ഗ്രീക്കുപദത്തിലും, രുധിരം എന്ന സംസ്കൃതപദത്തിലും കാണുന്ന ഇൻഡോ-ജൎമ്മാനിക് ധാതുവിനു ലോഹിതം (ചെമപ്പ്) എന്ന

അർത്ഥമുണ്ട്. ഈ ധാതുവിൽനിന്നുതന്നെ ജനിച്ചതാണ് കാളിദാസന്റെ രുദ്രനെന്ന ബിരുദവും. അതിബുദ്ധിമാനായതുനിമിത്തം രുദ്രനെന്ന ബിരുദത്തോടു മേധാ എന്ന പദവും ചേർത്തു. മേധാരുദ്രനെ ഒരു ആലങ്കാരികനായി രാജശേഖരകവി പ്രസ്താവിച്ചിട്ടുള്ളതും സ്മരണീയമാണ്.

എ. ഡി. പതിനഞ്ചാംശതകത്തിനു മുമ്പുള്ള യാതൊരു ആലങ്കാരികനും കാളിദാസന്റെ യൌവനത്തിലെ ഒരു കാവ്യമായ 'ഋതുസംഹാര'ത്തിൽനിന്നു പ്രകൃതിവർണ്ണനകൾക്കുള്ള ഉദാഹരണശ്ലോകങ്ങൾ ഉദ്ധരിച്ചിട്ടില്ല. സമാഹാരമെന്ന അർത്ഥത്തിൽ ഇതിലെ 'സംഹാര'പദം മറ്റൊരു കൃതിയിലും കാളിദാസൻ പ്രയോഗിച്ചിട്ടുമില്ല. ഈ സംഗതികളെ അടിസ്ഥാനപ്പെടുത്തി 'ഋതുസംഹാരം' ആ മഹാകവിയുടേതല്ലെന്നു ചിലർ വാദിക്കുന്നുണ്ട്. ഇതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. അന്നു കാളിദാസൻ, 'സൗന്ദരനന്ദം' രചിച്ച ലാഡക്കകാരൻ ബൌദ്ധകവി അശ്വഘോഷൻ രണ്ടാമന്റെ സ്വാധീനത്തിൽപ്പെട്ടിരുന്നതാണ് പ്രസ്തുതസംഹാരപദപ്രയോഗത്തിനു നിദാനം. പ്രകൃതിക്കു മനുഷ്യർക്കുള്ളതുപോലെ ഒരു സ്വാതന്ത്ര്യവും പ്രത്യേകവുമായ വ്യക്തിമുദ്രയുണ്ടെന്നു ചീനരും ലാഡക്കകാരും പ്രാഗ്ജ്യോതിഷക്കാരും വിചാരിച്ചുവരുന്നുണ്ട്. ഇതനുസരിച്ചും മനുഷ്യവികാരപ്രതിബിംബനങ്ങളായും അവരുടെ വികാരങ്ങൾക്ക് അനുയോജ്യമായും മാത്രം പ്രകൃതിചേഷ്ടകളെ വർണ്ണിക്കുന്ന ഭാരതീയകവികളുടെ പോക്കിനു വിപരീതമായും, കാളിദാസൻ 'ഋതുസംഹാരം' രചിച്ചതുകാരണമാണ് ഭാരതീയാലങ്കാരികന്മാർ ഇതിനെ വിഗണിച്ചി

രിക്കുന്നതു്. 'ഋതുസംഹാര'ത്തിലെ വർണ്ണനാരീതിയും അതിൻെറ കർത്താവു പ്രകൃതിവിലാസത്താൽ കോമളമായിരവിച്ചിരുന്ന ലോഹ്റ്റുദേശത്തു ജനിച്ചവളൻവനാണെന്നു സൂചിപ്പിക്കുന്നുണ്ടു്.

കാളിദാസനെ കൃഷ്ണദ്വൈപായനവ്യാസനോടു കൽഹണൻ ഉപമിച്ചിരിക്കുന്നതിനു കാരണമെന്താണു്? ഇന്നത്തെ മഹാഭാരതമഹാകാവ്യത്തിൻെറ ആദിമൂലവും, കുരുക്ഷേത്രയുദ്ധസംബന്ധികളുമായ പ്രാകൃതഗാനങ്ങൾ കൃഷ്ണദ്വൈപായനൻ രചിച്ചിരുന്നതുപോലെ, കാളിദാസനും രഘുവംശമഹാകാവ്യം നിർമ്മിച്ചിട്ടുള്ളതാണോ ഇതിനു കാരണം? അല്ല എന്നു ഖണ്ഡിച്ചു പറയാം. ഋഗ്വേദത്തിലെ 'പുരുഷസൂക്ത'കർത്താവായ നാരായണനു്, അഥവാ കൃഷ്ണദ്വൈപായനനു്, തുല്യം കാളിദാസനും അന്ത്യകാലത്തു ചപ്പടീനാഥൻ എന്ന നാമത്തിൽ ഒരു മഹായോഗിയായി ഭവിച്ചതാണു് കൽഹണൻെറ ഉപമയെ ജനിപ്പിച്ചതു്. 84 സിദ്ധന്മാരുടേയും 24 കാപാലികഗുരുക്കന്മാരുടേയും കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു യോഗിയാണു് ചപ്പടി. ചപ്പടം എന്ന പദത്തിനു വിരലെല്ലാം നിവർത്തിപ്പരത്തിയ കൈപ്പടം എന്നാണർത്ഥം. കാളിദാസനും ഇതേ അർത്ഥമുള്ള ഉത്പ്രേതകരൻ എന്ന ബിരുദം വഹിച്ചിരുന്നല്ലോ.

ചംബാസ്റ്റേററിൻെറ പ്രാചീനചരിത്രത്തെപ്പററി ഡാക്റ്റർ വോഗെൽ പ്രസിദ്ധപ്പെടുത്തിയിരുന്ന കൃതിയിൽ അതിൻെറ രാജവംശസ്ഥാപകൻ സാഹിലൻ ചപ്പടിയെ അത്യധികം ബഹുമാനിച്ചിരുന്നുവെന്നു പ്രസ്താവിച്ചിട്ടുണ്ടു്.

സാഹിലാമ വോഗെൽ നല്കിയിട്ടുള്ള കാലമായ എ. ഡി. പത്താംശതാബ്ദം ശരിയായ ഒന്നല്ല. ആയിരത്തി തൊള്ളായിരത്തി മുപ്പതിലെ ബംഗാൾ ഏഷ്യാററിക്ക്സൊസൈററിക്കാരുടെ ജേർണ്ണലിലും പ്രൊസിഡിങ്ങ്സിലും ഇററാലിയനായ പ്രൊഫസ്സർ ടുച്ചി വജ്രയാനമതശാഖാഗ്രന്ഥങ്ങളെക്കുറിച്ചു പ്രമാണസഹിതം അതിവിജ്ഞാനപ്രദമായ ഒരു ലേഖനം എഴുതിയിരുന്നു. ഇതു ചപ്പടീനാഥനെപ്പററിയും പല വിവരങ്ങൾ നല്കുന്നുണ്ട്. ചപ്പടിക്കു ചംബയിലെ ഒരു രാജാവിനോടുള്ള ബന്ധം 'ഗ്രുബ്തോബ്' എന്ന ചീനകൃതിയിലും പ്രസ്താവിച്ചിട്ടുണ്ടെന്നും, ഈ സിദ്ധന്റെ നാമം തിബത്തിലെ മഹായാനമതകൃതികളിലും, 'വർണ്ണരത്നാകരം', 'ഹഠപ്രദീപിക' എന്നിവയിലും ലഡക്കിലെ ഒരു ശാസനത്തിലും കാണാമെന്നും ടുച്ചി പറയുന്നു. ഒരു അവലോകിതേശ്വരസ്തോത്രം 'ദേവമനുഷ്യസ്തോത്ര'മെന്ന പേരിൽ ചപ്പടി രചിച്ചിരുന്നതു് ഇന്നും നേപ്പാളത്തെ ബൌദ്ധരുടെയിടയിൽ പ്രചരിച്ചുവരുന്നു എന്നും ടുച്ചി വിചാരിക്കുന്നു. ചപ്പടിയുടെ 'പഞ്ജരികാസ്തോത്ര'ത്തിന്റെ പല്ലവി,

"നിസ്ത്രൈഗുണ്യേ പഥി വിചരതഃ
കോ വിധിഃ കോ നിഷേധഃ"

എന്നതാണെന്നു് ഈ പണ്ഡിതൻ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്.

പ്രസ്തുതപല്ലവിയുടെ ഭാഷാരീതി കാളിദാസന്റെ വിദർഭരീതിയാണെന്നേ ഇതുമായി പരിചയമുള്ളവർ പറയുകയുള്ളൂ. മറെറാരു അവലോകിതേശ്വരകേതനും, ത

ന്റെ ബഹുമാനത്തിനു പാത്രീഭൂതനാണെന്നു കാളിദാസകൃതി 'മംഗലാഷ്ടകം' സ്ഥാപിച്ചിട്ടുള്ളവനുമായ മാദ്ധ്യമികനാഗാർജ്ജുനനും താൻ ജനിച്ച ദേശമായ വിദർഭയിലെ (സിയാൽകോട്ടിലെ) ഭാഷാരീതിയാണു് സ്വീകരിച്ചിരുന്നതു്. കാളിദാസനെപ്പോലെ, ചങ്ങാതി വരരുചിയും ജാലന്ധരീനാഥൻ എന്ന യോഗിയായിരുന്നതും ഇവിടെ സ്മരണീയമാണു്.

ഒരു തനി ഹിന്ദുവും യാഥാസ്ഥിതികബ്രാഹ്മണനുമായി ഇന്നുള്ളവർ വിചാരിച്ചുവരുന്ന കാളിദാസൻ താന്ത്രികമതാനുസാരിയും, ബൌദ്ധദേവസ്തോത്രകാരനുമാണെന്നു പറയുന്നതു് ഇന്നുള്ളവൎക്കു വിശ്വസിക്കുവാൻ വൈഷമ്യം തോന്നും. മാദ്ധ്യമികനാഗാർജ്ജുനന്റെ മഹായാനബുദ്ധമതം ഭോടദേശത്തെ താന്ത്രികമതത്തിൽനിന്നു ജന്മമെടുത്തതാണു്. താന്ത്രികമതം സകലമതക്കാരേയും, സൎവ്വരാജ്യക്കാരേയും, സ്ത്രീപുരുഷഭേദമെന്യേ ഈ ഇരുതരമനുഷ്യവിഭാഗങ്ങളേയും, പണ്ഡിതനേയും, നിരക്ഷരകുക്ഷിയേയും, പ്രഭുവിനേയും, സാധാരണനരനേയും, കൂട്ടിയിണക്കുന്ന ഒന്നായിരുന്നു. തങ്ങളുടെ പ്രത്യേകമതങ്ങളോടുകൂടി താന്ത്രികമതവും സ്വീകരിച്ചിരുന്നവർ മദ്ധ്യകാലഭാരതത്തിൽപ്പോലും ഉണ്ടായിരുന്നതായി കാണാം. ഇന്നത്തെ ഭാരതത്തിലും ഇവരില്ലാതെയില്ല. താന്ത്രികമതത്തിന്റെ ഈ സ്വഭാവത്തെപ്പററി കുറെയധികം വൎഷങ്ങൾക്കുമുമ്പു കോഴിക്കോട്ടെ 'മാതൃഭൂമി' വാരികയിൽ ഒന്നു രണ്ടു ലേഖനങ്ങളിലായി ഞാൻ വിവരിച്ചിരുന്നു. താന്ത്രികമതത്തിന്റെ നിലനില്പിനും ജനസ്വാധീനത്തിനുമുള്ള കാരണം,

ഭാരതീയദശ്നങ്ങളെപ്പററി അല്പകാലം മുമ്പു പ്രൊഫസ്സർ സ്സിമ്മർ പ്രസിദ്ധീകരിച്ചിരുന്ന സ്മരണീയമായ കൃതിയിൽ ചൂണ്ടിക്കാണിച്ചിരുന്നതു ചുവടെ ചേക്കുന്നു. മററു സകല മതസ്ഥാപകരും വജ്ജ്യമെന്നു വിധിച്ചിട്ടുള്ള ലൌകിക കായ്യങ്ങൾമുഖേനതന്നെ മോക്ഷം നേടാമെന്നു താന്ത്രിക മതം കാട്ടിക്കൊടുത്തിരുന്നു. ഇതു ലോകം പരിത്യജിക്കുക യോ, സമുദായപരിഷ്കാരികൾക്കുതുല്യം നന്നാക്കുവാൻ ശ്ര മിക്കുകയോ ചെയ്യാതെ, അതിനെ അതേപടിക്ക് അംഗീ കരിക്കുകയും ചെയ്തിരുന്നു.

മഹായാനമതത്തിൻെറ യോഗാചാരശാഖയ്ക്കുശേഷം പ്രാബല്യം പ്രാപിച്ച വജ്രയാനശാഖയിലെ സവ്വപ്രധാന രായ ദേവതകൾ വജ്രന്മാരിൽ ഒരാളായ പോതാളകത്തി ലെ അവലോകിതേശ്വരബോധിസത്വനും തദ്ഭായ്യ നീ ലതാരയുമാണ്. ഇവരിരുവരുടേയും പീഠങ്ങൾ ഇതിൻെറ പ്രാബല്യത്തിനു ഒരു സഹസ്രാബ്ദത്തിൽപരം കാലത്തിനു മുമ്പു മുതല്ക്കുതന്നെ ബെലൂചിസ്ഥാൻ, പശ്ചിമോത്തരപ്രൊ വിൻസു്, കാശ്മീരം, പഞ്ചാബു്, സിൻഡ് എന്നീ ദേശങ്ങ ളിൽ സ്ഥിതിചെയ്തിരുന്നു. ഇവിടെനിന്നു ക്രിസ്ത്വബ്ദത്തിനു കുറെ ശതകങ്ങൾക്കു മുമ്പു് ഇവ ഭാരതത്തിൻെറ ശേഷിച്ച ഭാഗങ്ങളിലും സ്ഥാപിക്കപ്പെട്ടു. ഭാരതത്തിൻെറ പശ്ചി മോത്തരദേശങ്ങളിലും സമീപനാടുകളിലുമുണ്ടായിരുന്ന ഇ വരുടെ ഇരുപത്തിനാലു വജ്രപീഠങ്ങളെ, പീഠം, ഉപപീ ഠം, ക്ഷേത്രം, ഉപക്ഷേത്രം എന്നിങ്ങനെ പ്രാധാന്യം കുറ ഞ്ഞുകുറഞ്ഞുവരുന്ന മുറയിൽ തരംതിരിച്ച് വജ്രയാനകൃ തിയായ 'ഹേ വജ്രതന്ത്ര'ത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഇവ

യിൽ പ്രധാനമായവയുടെ സ്ഥാനങ്ങളും, മററു പേരുകളും, ഐതിഹ്യങ്ങളും അറിഞ്ഞാൽമാത്രമേ ഉജ്ജയിനിയിലെ വിക്രമാദിത്യഹർഷൻെറ സാഹിത്യസഭയിലെ നവരത്നങ്ങളുടെ ജീവചരിത്രഗതികൾ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനു നിദാനം, ഇവരിൽ ഹർഷനുൾപ്പെടെ മിക്കവരും പ്രസ്തുത രണ്ടു ദേവതകളെ ആരാധിച്ചിരുന്ന ഹിന്ദുക്കളോ ബൌദ്ധരോ ആയ താന്ത്രികമതക്കാരായിരുന്നതാണ്. ഇവയിൽ പലതിൻെറയും സ്ഥാനാദിവിവരങ്ങൾ ഞാൻ കണ്ടുപിടിക്കയുണ്ടായി. ആകയാൽ ഇവയുടെ പ്രതിപാദനത്തിലേയ്ക്കു് ഇനി കടക്കാം.

'ഹേ വജ്രതന്ത്ര'ത്തിൽ പശ്ചിമോത്തരദേശങ്ങളിലെ നാലു പീഠങ്ങൾ, രണ്ടു് ഉപപീഠങ്ങൾ, നാലുക്ഷേത്രങ്ങൾ, പതിനാലു് ഉപക്ഷേത്രങ്ങൾ എന്നിവയുടെ നാമങ്ങൾ പ്രസ്താവിച്ചിരിക്കുന്നതു കാണാം. നാലു പീഠങ്ങളിൽ, ജലന്ധരം ഇന്നത്തെ ജലം നഗരത്തിലും, ഒഡ്ഡിയാണം ആദികന്യാകുബ്ജമെന്നും ശ്രീപർവ്വതമെന്നും പേരുകൾ ഉണ്ടായിരുന്ന റവൽപിണ്ഡിയിലും, കാമരൂപം ചംബാ നഗരത്തിലും, പൂർണ്ണഗിരി കാശ്മീരത്തെ പൂഞ്ചു് നഗരത്തിലും സ്ഥിതിചെയ്തിരുന്നു. പ്രസ്തുത നാലു പീഠങ്ങളേയും ഹിന്ദുപുരാണങ്ങളിലെ പുഷ്കരം, സമന്തപഞ്ചകം, ഗയാശിരസ്സ്, വിരാജം എന്ന നാലു ബ്രഹ്മവേദികളോടു് സാദൃശ്യപ്പെടുത്താം. ചരിത്രാതീതകാലത്തു് ഇവ നാലും അറേബ്യയിലാണ് നിന്നിരുന്നതു്. രണ്ടു് ഉപപീഠങ്ങളായ മാലവത്തിൻെറയും സിന്ധുനഗരത്തിൻെറയും സ്ഥാനങ്ങൾ യഥാക്രമം ആദിയുത്തരമാലവരാജധാനിയായ കാശ്മീരത്തെ

ഘോഷരയിൻഗ്രാമവും, ആദിദക്ഷിണമഥുരയായ മുൾട്ടാനമാണ്.

നാലു ക്ഷേത്രങ്ങളിൽ മുമ്മനി ഇൻഡസ്-ചീനാബു സംഗമത്തിനടുത്തുള്ള ആദി ഉത്തരമഥുരയായ തസങ്-മാഘിയാനയിലും, കാരുണ്യം സട്ലജ് നദീതീരത്തുള്ള കാരൂഷരാജധാനി കഹ്രോരിലും സ്ഥിതിചെയ്തിരുന്നു. ബാണപുരം, ശോണിതം, ഭോജകടം, അഹിച്ഛത്രം, ത്രികൂടം എന്നീ നാമങ്ങളുംകൂടി വഹിച്ചിരുന്ന ദേവീകോഷ്ഠം എന്ന മൂന്നാംക്ഷേത്രത്തിൻെറ സ്ഥാനം, ഇന്നത്തെ പിണ്ഡിദഡൻഖാൻ എന്ന നഗരത്തിനു പടിഞ്ഞാറുള്ള കേതസ് ഗ്രാമമാണ്. കർമാലം എന്ന നാലാമത്തെ ക്ഷേത്രം ആദിപൂർവ്വമാലവരാജധാനി സിയാൽകോട്ട്നഗരത്തിലായിരുന്നു.

ഉപക്ഷേത്രങ്ങളുടെ കൂട്ടത്തിൽ, വിന്ധ്യനു സമീപമുള്ള കുമാരപൌരികം കാശ്മീരത്തെ വിന്ധ്യപർവ്വതമായ പീർപഞ്ചാൽ പർവ്വതനിരയ്ക്കു സമീപമുള്ള ശിബിവംശജരായ പൌരരുടെ, അഥവാ വൃഷദർഭരുടെ, രാജധാനിയായിരുന്നു. ഈ പൌരവംശത്തിലെ (പൌരവവംശത്തിലേതല്ല) ഒരു രാജാവാണ് അലക്സാണ്ഡർ മഹാൻ പരാജിതനാക്കിയ പോരസ്സ്. മററ് ഉപക്ഷേത്രങ്ങളിൽ പീലവം, ഇൻഡസ്തീരത്തെ ഓഹിന്ദിനു സമീപമുള്ള പാണിനിയുടെ ജന്മഗ്രാമമായ ശാലാതുരയും, ഉദ്യാനം സ്വാത്നദീതീരവും, ലംപാകത്തിലെ കാഞ്ചിനഗരം കാബൂൾനദിയുടെ ഉത്തരതീരത്തുമായിരുന്നു. ചണ്ഡാഹം, ഗോദാവരീതീരം എന്നീ രണ്ടു് ഉപക്ഷേത്രങ്ങളുടെ സ്ഥാനങ്ങൾ യ

ഥാക്രമം പ്രമഗധരാജവംശമായ ചണ്ഡപ്രദ്യോതരുടെ രാജധാനി രാജൌരിയും, രാമായണത്തിലും ബൌദ്ധജാതകങ്ങളിലും പറഞ്ഞിട്ടുള്ള ശരഭംഗാശ്രമം നിന്നിരുന്ന ഉത്തരസിന്ധിലെ രോഹ്രി നഗരത്തിനടുത്തുള്ള ഗോദാവരീതീരവുമാണു്.

അവലോകിതേശ്വരൻെറയും നീലതാരയുടേയും പീഠങ്ങൾ പില്ക്കാലത്തു ഭാരതത്തിൻെറ പശ്ചിമതീരത്തും സ്ഥാപിച്ചിരുന്നു. ഇവയിൽ രണ്ടെണ്ണം കൊടുങ്ങല്ലൂർ അഴിമുഖത്തിനു സമീപമുണ്ടായിരുന്ന മൂലവാസത്തിലും, സഹ്യനിലെ ശബരിമലയ്ക്കു്, അഥവാ നീലമലയ്ക്കു്, സമീപമുള്ള ദുർഗ്ഗമമായ പൊന്നമ്പലമേട്ടിലുമാണു് നിന്നിരുന്നതു്. കൊടുങ്ങല്ലൂർഭഗവതിക്ഷേത്രത്തിലെ താലപ്പൊലി തൊഴുന്നവർ ശബരിമലയ്ക്കു പോകേണ്ടതില്ല എന്ന പഴയ ചൊല്ലിൻെറ രഹസ്യം ഇതു വെളിവാക്കുന്നുണ്ടല്ലോ. മലക്കൂടരാജ്യത്തിലെ മലയപവ്വതത്തിൽ സ്ഥിതിചെയ്തിരുന്ന പോതാളകത്തിലെ അവലോകിതേശ്വരബോധിസത്വൻെറ പീഠമെന്നാണു് പൊന്നമ്പലമേട്ടിലെ പീഠത്തിനു് ഏ. ഡി. ഏഴാംശതകത്തിൽ ഭാരതത്തിൽ സഞ്ചരിച്ച ഹുയൻസ്യാങ്ങ് പേരിട്ടിരിക്കുന്നതു്. കേരളത്തിൻെറ അപരനാമമായ മലയവും, ആദിരാജധാനി കോലത്തിൻെറ (കൊല്ലം, കോളംബം എന്ന നാമങ്ങളുമുണ്ടായിരുന്നതിൻെറ) പേരും കൂട്ടിച്ചേർത്തു് വിരൂപപ്പെടുത്തി നിർമ്മിച്ചിട്ടുള്ള ഒരു നാമമാണു് മലക്കൂടമെന്നതു്. ഈ ചീനൻെറ മലയപവ്വതം സഹ്യനുമാണു്. കോലനാമം ചേർത്തു സൃഷ്ടിച്ച മലക്കൂടത്തെപ്പോലെയുള്ള മറെറാരു നാമം ഹുയൻ

സ്യ്രാങ്ങിൻെറ ചീനനായ ജീവചരിത്രകാരൻ കേരളത്തിനു നല്കിയിട്ടുള്ള 'ചിമൂല' എന്ന പേരിൽ കാണാം. കോലത്തിൻെറ (ചന്ദ്രമംഗലത്തിൻെറ) തുറമുഖമായ കൊടുങ്ങല്ലൂരിലെ ശ്രീമൂലവാസപീഠത്തിൻെറ ഒരു ചീനരൂപമാണ് ചിമൂല എന്നത്. ശബരിമലയിലെ മാളികപ്പുറത്തമ്മയാണ് നീലതാര. ഈ ദേവീനാമത്തിൽനിന്നാണ് ഇതിൻെറ ഒരു പേരായ നീലമല എന്നത് ഉത്ഭവിച്ചിട്ടുള്ളത്.

ജലന്ധരം യോഗിനീനിഷേവിതമായ ഒരു വജ്രപീഠവും വരുണൻ പണ്ടൊരിക്കൽ ആഴിയിലാഴ്ത്തിക്കളഞ്ഞ നഗരവുമാണെന്നും, ഇതിനെ പിന്നീടു വരുണനു സിന്ധുദേവിയിൽ പിറന്ന പുത്രൻ ജലന്ധരാസുരൻ പൊക്കിയെടുത്തു തൻെറ രാജധാനിയാക്കിയെന്നും ഹിന്ദുപുരാണങ്ങൾ പ്രസ്താവിച്ചിരിക്കുന്നു. വരരുചി ജലന്ധരത്തെ ഭരിച്ചിരുന്ന ഒരു ക്ഷത്രിയസാമന്തനായിരുന്നതുനിമിത്തം അദ്ദേഹത്തിനു ജാലന്ധരീനാഥനെന്ന ബിരുദം ലഭിച്ചു. പുരാണകഥയനുസരിച്ച്, ജലന്ധരപത്നിയും ക്രൗഞ്ചപുത്രിയുമായ വൃന്ദാ മരണമടഞ്ഞതു ഗോവർദ്ധനഗ്രാമത്തിനു സമീപമുള്ള ഒരു വനത്തിൽവെച്ചായിരുന്നതുനിമിത്തം ഗോവർദ്ധനത്തിനു വൃന്ദാവനം എന്ന പേരും കിട്ടി. ശ്രീകൃഷ്ണൻെറ കാലത്തെ ഉത്തരമഥുരയായിരുന്ന ഇന്നത്തെ ത്സങ്ങ്-മാഘിയാനയ്ക്കു ഒരു പതിനഞ്ചു മൈൽ അകലെയുള്ള ഇന്നത്തെ ഗോജ്ര(ഗോഗിര)ഗ്രാമമാണ് പുരാണങ്ങളിലെ ഗോവർദ്ധനം.

ശ്രീകൃഷ്ണൻെറ കാലത്തെ കംസരാജധാനിയായിരുന്ന ദക്ഷിണമഥുരയ്ക്കു ടോളമി 'ദേവന്മാരുടെ നഗരമായ

മൊട്ടര' എന്ന നാമം നല്കിയിട്ടുണ്ട്. ഇതു് അവലോകി തേശ്വരൻെറ ഉപപീഠങ്ങളിൽ ഒന്നായ സിന്ധുനഗരം, അഥവാ മുൽട്ടാൻ, ആണ്. കംസൻെറ മൂലദേവനെന്ന ബിരുദത്തിൽനിന്നാണ് ഇതിൻെറ മൂലസ്ഥാനം (മുൽ ട്ടാൻ) എന്ന നാമം ജനിച്ചതു്. ഹ്യൂയൻസ്യാങ്ങിൻെറ കാ ലത്തു ദേവദാസീനിഷേവിതമായ ഒരു സുവർണ്ണസൂര്യക്ഷേ ത്രം മുൽട്ടാണിൽ സ്ഥിതിചെയ്തിരുന്നു. ശ്രീകൃഷ്ണപുത്രൻ സാംബനാണ് ഈ ക്ഷേത്രം പണിയിച്ചതെന്നു ഭവിഷ്യ പുരാണത്തിൽ പറഞ്ഞിരിക്കുന്നു. സിന്ധിലെ സകലപ്രാ ചീനങ്ങളായ മുസ്ലീംദേവാലയങ്ങളിലും മക്കത്തെ അ ഭിമുഖീകരിക്കുന്ന 'മിഹ്രാബി'ന് (പ്രതിമാനികേതനത്തി ന്) പുറമെ മുൽട്ടാണിലേയ്ക്കു ദശ്നമുള്ള ഒരു രണ്ടാം 'മി ഹ്രാബും' ഉണ്ടായിരുന്നതായി കാണാമെന്ന് 1932-ലെ 'ഇൻഡ്യൻ ആൻടികചറി'യിൽ കാർട്ടർ ചൂണ്ടിക്കാട്ടിയി രുന്നതും ഇവിടെ ശ്രദ്ധേയമാണ്. ഇതു മുൽട്ടാൻ ഒരു പു ണ്യപുരിയായ ദക്ഷിണമഥുരയായിരുന്നുവെന്നു സംശയം വിനാ സ്ഥാപിക്കുന്നുമുണ്ട്.

84 സിദ്ധന്മാരുടെ ചരിത്രത്തിൽ ഒഡ്ഡിയാണരാജ്യ ത്തിനു സംഭല എന്നും ലങ്കാപുരിയെന്നും രണ്ടു വിഭാഗങ്ങ ളുണ്ടെന്നും, സംഭലയിൽ ഒരു വജ്രയാനമതഗുരുവായ ഇ ന്ദ്രഭൂതിയും ലങ്കാപുരിയിൽ ഇന്ദ്രഭൂതിയുടെ സോദരി ലക്ഷ്മീ ങ്കരയെ വിവാഹംചെയ്ത രാജകുമാരൻെറ പിതാവു ജലേ ന്ദ്രനും നാടുവാണിരുന്നു എന്നും പറയുന്നുണ്ട്. ജയിനജ്യൊ തിഷ്യങ്ങൾ തക്ഷശിലയ്ക്കു ശാകംഭരി എന്നും പേരിട്ടിരിക്കു ന്നു. ശാകംഭരിയും ശുംഭളിയും കാളി(നീലസരസ്വതി)യുടെ

പര്യായങ്ങളാണ്. സംഭലയ്ക്കു ജംഭല എന്ന ഒരു രൂപവുമുണ്ട്. തക്ഷശിലയിൽനിന്ന് ഒരു ഇരുപത്തിരണ്ടു മൈൽ ദൂരത്തുള്ള ദേവീപീഠമായ ശ്രീപർവ്വതം, അഥവാ ഒസ്സിയാനം, റവൽപിണ്ഡിയിലാണല്ലോ നിന്നിരുന്നത്. ലങ്കാപുരിയായ കേതസ്ഗ്രാമവും റവൽപിണ്ഡിയും സംഭലയായ തക്ഷശിലയും നില്ക്കുന്ന ആധുനികഹസ്സരജില്ലയ്ക്കു പണ്ട് ഉഡ്ര എന്നും ഉരസ എന്നും പേരുകൾ ഉണ്ടായിരുന്നു. ഇതാണ് പ്രസ്തുതസിദ്ധചരിത്രത്തിലെ ഒസ്സിയാണരാജ്യം.

തക്ഷശിലയിൽനിന്ന് എൺപത്തിയഞ്ചു മൈൽ തെക്കുകിഴക്കായി സിംഹപുരം എന്നൊരു നഗരം തൻെറ കാലത്തു നിന്നിരുന്നതായി ഹ്യയൻസ്യാങ് പ്രസ്താവിച്ചിട്ടുണ്ട്. ഇതിൽ പത്തു ചെറുകായലുകൾ ഉണ്ടായിരുന്നതായും ഈ ചീനസഞ്ചാരി പറഞ്ഞിരിക്കുന്നു. ഇതിൽനിന്ന് ഈ സിംഹപുരി ഇന്നത്തെ പിണ്ഡിദഡൻഖാൻനഗരത്തിന് അല്പം പടിഞ്ഞാറുള്ള കേതസ്ഗ്രാമമാണെന്നു കണ്ണിങ്ഹാം സ്ഥാപിച്ചിരുന്നു. രാമായണത്തിൽ പറഞ്ഞിട്ടുള്ള കേതകഖണ്ഡമായിരിക്കാം ഇത്. പില്ക്കാലലങ്കയായ സിലോണിലേയ്ക്കു ബി. സി. അഞ്ചാംശതാബ്ദത്തിൽ ഒരു കുടിയേറിപ്പാർപ്പുസംഘം നയിച്ച സുപ്രസിദ്ധനായ വിജയൻെറ നഗരമായ സിംഹപുരിയും ലാര(ലാട)നഗരവും ഇതുതന്നെ. ഇതിനു ലങ്കാപുരി എന്നും പേരുണ്ടായിരുന്നതുനിമിത്തം സിലോണിനു സിംഹളമെന്നും ലങ്കയെന്നും നാമങ്ങൾ ലഭിച്ചു. ലങ്ക ത്രികൂടഗിരിക്കു സമീപം നിന്നിരുന്നു എന്ന ഐതിഹ്യമുള്ളതുനിമിത്തം, ഇതിനു ത്രികൂടമെ

ന്ന പേരും ഉണ്ടായിരുന്നതായി വിചാരിക്കാം. ജലന്ധരത്തിനു പുറമെ, തക്ഷശിലയായ ജംഭലയും കേതസ്സായ ലങ്കാപുരിയും ഭരിച്ചിരുന്ന ഒരു സാമന്തനായിരുന്നു വരരുചി. സംഭലത്തിന്റെ ഒരു രൂപഭേദമായ സംഭരം ദൂഷിച്ച് ശമ്പരം എന്നായി തീൎന്നിരുന്നു. ഈ സംഗതികൾ കാരണം വരരുചിക്കു ജാലന്ധരീനാഥൻ, ജംഭലദത്തൻ, ശമ്പരസ്വാമി, ലങ്കേശ്വരൻ, രാവണൻ എന്നീ ബിരുദങ്ങളുംകൂടി കിട്ടിയിരുന്നു.

'മഞ്ജുശ്രീമൂലകല്പ'ത്തിൽ കലിംഗോദ്രദ്വീപിലും ഉദ്രസിന്ധുദ്വീപിലും കാൎത്തികേയനെ (കുമാരനെ) ആരാധിച്ചുവരുന്നു എന്നു പറഞ്ഞിരിക്കുന്നു. ഈ ഇരുദേശങ്ങളും തക്ഷശിലയും റാവൽപിണ്ഡിയും നില്ക്കുന്ന ഉദ്ര്യയും, അഥവാ ഹസ്സാരജില്ലയും, ജലന്ധരവും സിംഹപുരിയും നില്ക്കുന്ന കലിംഗോദ്രദേശവും ആണ്. ഈ രണ്ടു ദേശങ്ങളും കൂടിച്ചേൎന്നതാണ് ഇൻഡസിനും ജലത്തിനുമിടയ്ക്കുള്ള ഇന്നത്തെ സിന്ധുസാഗരദ്വീപ്. ഇവിടെ കുമാരന്റെ ആരാധന നടത്തിവന്നിരുന്നതുനിമിത്തമാണ് മഹാഭാരതം സഭാപൎവ്വത്തിൽ ഇതിനു കുമാരവിഷയം എന്ന പേരിട്ടിരിക്കുന്നതു്. കുമാരന്മാർ വാമനന്മാർ ആയിരിക്കുമല്ലോ. കൂടാതെ മാൎക്കണ്ഡേയപുരാണത്തിന്റെ കൂൎമ്മനിവേശഭാഗത്തിൽ പഞ്ചാബിലെ ഒരു വാമനദേശത്തെ ചുവടെ ചേൎക്കുന്ന പ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

അപരാന്തികാ ഹൈഹയാശ്ച
ശാന്തികാ വിപ്രശസ്തകാ
കൊങ്കണാ പാഞ്ചനദകാ
വാമനാ ഹ്യവരാസ്തഥാ,

വരരുചിക്കു കുമാരദാസനെന്നും വാമനസ്വാമിയെന്നും ബിരുദങ്ങൾ കിട്ടിയതു് അദ്ദേഹം ഈ കുമാരവിഷയം, അഥവാ വാമനവിഷയം, മുഴുവനും ഭരിച്ചിരുന്ന ഒരു സാമന്തനായതുകൊണ്ടാണു്.

ഹീരം എന്നതു സിംഹത്തിൻേറയും വജ്രത്തിൻേറയും പര്യായമാണു്. ഗുജരാത്തിലെ സിംഹപുരിയായ ലങ്കാപുരിയുടെ രാജാവു രാവണൻ തമിഴിൽ 'വച്ചിരവെകിറൻ' എന്ന ബിരുദം വഹിച്ചിരുന്നു. വജ്രടം എന്നതിനു വൈരാടം എന്നൊരു രൂപവുമുണ്ടു്. വിരാടം പൌരാണികമത്സ്യരാജ്യത്തിൻെറ തലസ്ഥാനവുമാണു്. ഈ സംഗതികളിൽനിന്നു സിംഹപുരത്തിനു മത്സ്യനഗരം എന്നും പേരുണ്ടായിരുന്നതായി വിചാരിക്കാം. ലാടം, എന്ന സിംഹനഗരനാമം ഇലാടമായും വിലാടമായും ഭവിക്കും. വിലാടത്തിൽനിന്നു വിരാടം, അഥവാ വൈരാടം എന്ന രൂപം ജനിച്ചു. വായുപുരാണത്തിൽ ആദിശേഷവംശജനും വിദിശരാജനുമായ (ശുക്ല) പ്രവീരൻ അറുപതുവർഷം സുവർണ്ണപുരമായ കാഞ്ചിയിൽ നാടുവാണിരുന്നു എന്നു് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:

"വിന്ധ്യാശക്തിസുതശ്ചാപി പ്രവീരോ
നാമ വീര്യവാൻ
ഭോക്ഷ്യന്തി ച സമാഃ ഷഷ്ടിം പുരീം
കാഞ്ചനകാഞ്ച വൈ."

ഇതിലെ ശുക്ലപ്രവീരൻ എ. ഡി. ഒന്നാംശതാബ്ദത്തിലെ പ്രഥമകുഷാണചക്രവർത്തിയായ കുജ്ജലോഖഡ്ഫിസസ്സ് (കടകഭോജൻ) ആണെന്നു ഞാൻ കണ്ടുപിടി

ച്ചിട്ടുണ്ട്. വിദിശ എന്നതു വിരാടമെന്നു പേരുള്ള മത്സ്യരാജ്യത്തിൻെറ മറെറാരു പേരാണ്. ദിശവും (ദിക്കും) രാഷ്ട്രവും (രാടവും) ഒരേ അത്ഥം സൂചിപ്പിക്കുന്നുണ്ടല്ലോ. ഈ കായ്യങ്ങളിൽനിന്നു മത്സ്യപുരമായ സിംഹപുരത്തിനു കാഞ്ചി എന്നും പേരുണ്ടായിരുന്നതായി സിദ്ധിക്കുന്നു. സുമേരിയൻഭാഷയിൽ, 'ഖാൻ' എന്നതിനു മത്സ്യമെന്നും 'സി' എന്നതിനു സ്ഥല—നഗര—മെന്നും അത്ഥമുള്ളതു നിമിത്തം, ഖാൻ–സി (കാഞ്ചി) മത്സ്യനഗരത്തിൻെറ ഒരു പയ്യായമായി ഭവിക്കുകയും ചെയ്യും.

ഏഷ്യാമൈനോറിലെ തിയാനാനഗരക്കാരൻ അപൊല്ലോനിയസ് എന്ന പ്രസിദ്ധനായ പാശ്ചാത്യസിദ്ധൻ എ. ഡി. നാല്പത്തിനാലിനു സമീപിച്ച് അന്നു പാത്ഥിയൻ രാജാക്കന്മാർ ഭരിച്ചിരുന്ന തക്ഷശില സന്ദശിക്കുകയുണ്ടായി. അപ്പോൾ ഈ സിദ്ധനേയും അയാച്ച്യൻ എന്നൊരു പണ്ഡിതനേയും പതഞ്ജലിയുടെ (ഫണീശൻെറ) 'മഹാഭാഷ്യ'ത്തിന് ആദ്യമായി ഒരു വ്യാഖ്യാനം രചിച്ച ഗൌഡപാദൻ എന്ന ഹിന്ദു ആചായ്യൻ വാദത്തിൽ തോല്പിച്ച് അവരുടെ ബഹുമാനം നേടി. ഈ വിവരം മദ്രാസ്സിനടുത്തുള്ള കാഞ്ചീവരത്തെ അദ്വൈതമഠത്തിലെ സദാശിവേന്ദ്രൻെറ 'ഗുരുരത്നമാല'യിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:

"അഭിയുഞ്ജതയാർച്ച്യപൂജ്യപാദാൻ
അപലോന്യാദിനിഷാകസിദ്ധനേതൂൻ
അഥ ഗൌഡപദാ ഫണീശഭാഷ്യ-
പ്രഥമാചായ്യകപണ്ഡിതാൻ പ്രപദ്യേ."

തെക്കേ ഇൻഡ്യയിലെ കാഞ്ചീപുരത്തെ അദ്വൈത മഠത്തിൻെറ മൂലമഠമായ കേതസ്സിലെ (സിംഹപുരത്തെ) കാഞ്ചീമഠത്തിൻെറ അദ്ധ്യക്ഷനായിരുന്ന ഈ ഗൌഡപാദൻ എന്നു് ഇതു സ്ഥാപിക്കുന്നുണ്ടു്. ഇതിൽനിന്നും സിംഹപുരത്തിനു കാഞ്ചി എന്ന പേരുണ്ടായിരുന്നതായി വിശ്വസിക്കാം.

പിന്നെയും കാശ്മീരരാജാവായ ലളിതാദിത്യൻ മുക്താപീഡൻ (എ. ഡി. 8-ാംശതകം) കാഞ്ചിയിലെ കാമകോടിമഠം സന്ദർശിച്ചു് അനേകം സാധുക്കൾക്കു് അന്നദാനം ചെയ്തതായി 'രാജതരംഗിണി'യിലും ഭവഭൂതിയുടെ 'മഹാപുരുഷവിലാസ'ത്തിലും 'പുണ്യശ്ലോകമഞ്ജരി'യിലും പ്രസ്താവിച്ചിട്ടുണ്ടു്. ഈ സാഹിത്യകൃതികളിൽ ഈ സംഭവം വിവരിച്ചിട്ടുള്ള രണ്ടു ശ്ലോകങ്ങൾ ചുവടെ ഉദ്ധരിക്കുന്നു:

"രട്ടാം കർണ്ണാടരാജ്ഞീം പ്രസഭമഭിഭവൻ
കേരളീയാംശ്ച കീശ-
പ്രഖ്യാൻ പ്രഖ്യാപയിഷ്യന്നചലവദജഹാ-
ദ്ദീർഘകൌപീനപുച്ഛാൻ
മ്ലേച്ഛാൻ മൂർദ്ധാർദ്ധമുണ്ഡാനപി വിദധദഥോ
വിദ്രവദ്ഭീഃ വിവൃത്യൈ
ശ്രീകാഞ്ചീ കാമകോടീമഠമസദദസൌ
ശ്രീഗുരോഃ സേവനാർത്ഥ്യൈ.

ചോളാനാമേത്യലീലാവലയിതവസുധാ-
മദ്ധ്യകാഞ്ച്യാം സുകാഞ്ച്യാം
ആസ്ഥാചാര്യാൻ സപര്യാപ്രമുദിതഹൃദയാ-
ദാദധാനഃ സ സമ്രാട്

യൽസ്മൈത്ര്യ ജ്യേഷ്ഠരുദ്രാലയമപി വിദധേ
സാധുസാഹസ്രഭക്തം
നാമ്നാ ലക്ഷോത്തമാണാമപി രുദേശനദം
വേശ്മ കാശ്മീരദേശേ."

ഒന്നാംശ്ലോകത്തിൽ പറഞ്ഞിരിക്കുന്ന രട്ടം (സുരാഷ്ട്രം), കണ്ണാടം (കുന്തളം), കേരളം, കീശം (പമ്പാദേശം കിഷ്കിന്ധ) എന്നീ ദക്ഷിണഭാരതദേശങ്ങളുടെ പേരുകൾ കണ്ടും, രണ്ടാംശ്ലോകത്തിൽ 'ചോള' എന്ന പദം പ്രയോഗിച്ചിരിക്കുന്നതുനിമിത്തവും, ഇവയിലെ കാഞ്ചീമഠം സ്ഥിതിചെയ്തിരുന്നതു മദ്രാസ്സിനടുത്തുള്ള കാഞ്ചിവരത്താണെന്നു തെററിദ്ധരിച്ചുപോകരുത്. ഈ ദേശങ്ങളെല്ലാം പഞ്ചാബിലും, കാശ്മീരത്തും, സിന്ദിലും പണ്ടുണ്ടായിരുന്നവയാണ്. മെനന്ദർ കീഴടക്കിയ സൌരാഷ്ട്രമാണ് ഇവയിലെ രട്ടം. ശിവൻ കുന്തംകുത്തി ഉത്ഭവിപ്പിച്ചതായി കാശ്മീരഐതിഹ്യം പറയുന്ന ജലംനദിയുടെ ഉത്ഭവദേശം ഈ ശ്ലോകങ്ങളിലെ കണ്ണാടം (കുന്തളം) ആകുന്നു. ഈ കണ്ണാടകത്തെ മിഹിരകുലൻ എന്ന കാശ്മീരനൃപൻ ആക്രമിച്ചു കീഴടക്കിയതായി 'രാജതരംഗിണി'യിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇവയിലെ കേരളം ഉജ്ജൈനിയായ സിയാൽക്കോട്ടിനുപുറമുള്ള മാലവദേശമാണ്. ഉപരിചരവസുവിൻെറ പുത്രൻ മണിവാഹനൻ, അഥവാ കുശാംബൻ സ്ഥാപിച്ച ഉത്തരപാണ്ഡ്യരാജധാനി മർദ്ദരപുരം, അഥവാ മണിപുരമാണ് ഇവയിലെ കീശം. ഇതു് ആദിയിൽ ഇൻഡസിൻെറ തീരത്തിനു സമീപം ഹസ്സരജില്ലയിൽ ആയിരുന്നു. ബൈബ്രഹാൻ (ബഭ്രുവാഹനപുരം) എന്ന് അൽബിറൂണി ഇതിനു പേരിട്ടിട്ടുണ്ട്. അർജ്ജുനപുത്രനാണ് ഈ ബഭ്രുവാഹനൻ.

രണ്ടാംശ്ലോകത്തിലെ 'ചോള' (ചോല) എന്ന പാമീർഭാഷാപദത്തെ താന്ത്രികകൃതികളിൽ, കായൽ തടാകം എന്ന ആ ഭാഷയിലെ അത്ഥത്തിൽ, പ്രയോഗിച്ചിരിക്കുന്നതു കാണാം. ഉദാഹരണമായി തെറ്റുനിറഞ്ഞ സംസ്കൃതത്തിൽ നീലസരസ്വതിയുടെ ഉത്ഭവസ്ഥലം വിവരിക്കുമ്പോൾ, അതു മേരുപർവ്വതത്തിനടുത്തുള്ള ചോല എന്ന ഒരു കായലിലാണെന്നു 'സംമോഹതന്ത്രം' പൂവടെ ചേക്കുന്നപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

"മേരോ പശ്ചിമക്കുലേ തു ചോലനാമ മഹാഹ്രദഃ
തത്ര ജജ്ഞേ സ്വയം ദേവീ മാതാ നീലോഗ്രതാരാ."

സിംഹപുരം സന്ദർശിച്ച ഹ്യയൻസ്യാങ് അതിൽ പത്തു ചെറുകായലുകൾ ഉണ്ടെന്നു പറഞ്ഞിട്ടുണ്ടല്ലോ. സിംഹപുരം നില്ക്കുന്ന സാൾട്ടറെയിഞ്ചു പർവ്വതനിരയിൽ ഇത്തരം അനേകം ജലാശയങ്ങൾ കാണുകയും ചെയ്യാം. കാഞ്ചി, 'ചോളാനാമേത്യലീലാവലയിതവസുധാമദ്ധ്യ'ത്തിലാണെന്നു രണ്ടാംശ്ലോകത്തിൽ വർണ്ണിച്ചിട്ടുള്ളതു് അതിനെ ഈ കായലുകൾ ചുററിയിരുന്നതുനിമിത്തമാണു്. ഇതാണു് ഹിന്ദുക്കളുടെ ബ്രഹ്മമേദിയായ വിരാജയും. വിരാജ വിരാടത്തിന്റെ ഒരു രൂപഭേദം മാത്രമാണു്.

'ലാട്' എന്ന പദത്തിനു സുമേരിയൻ ഭാഷയിൽ മല, പർവ്വതം, എന്ന അത്ഥമുള്ളതു നിമിത്തം മലയം, മാലവം, മല്ലം, എന്നീ നാമങ്ങൾ വഹിച്ചിരുന്ന രാജ്യത്തിനു ലാടം എന്ന പേരും ലഭിക്കും. മാലവത്തിനു് അവന്തിയെന്നും നാമമുണ്ടല്ലോ. അതുകൊണ്ടു് അവന്തിക്കും ലാടമെന്ന പേരുണ്ടായിരിക്കും. മാലവങ്ങൾ മൂന്നെണ്ണം

പൌരാണികകാലത്തു് ഉത്തരഭാരതത്തിൽ ഉണ്ടായിരുന്നതായി നന്ദലാൽ ഡേ തൻെറ 'ഇന്ത്യാഭൂമിശാസ്ത്രഡിക്ഷണറി'യിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഉത്തരമാലവം, പൂർവ്വമാലവം, ദക്ഷിണമാലവം എന്നാണു് ഇവയുടെ നാമങ്ങൾ. ഉത്തരമാലവരാജധാനി കാശ്മീരത്തെ രാജൌരിക്കു കുറെ വടക്കുള്ള ലോഹറെയിൻ (ലവപുരം) ഗ്രാമത്തിൽ സ്ഥിതിചെയ്തിരുന്നു. ഇതിനെ ലവക എന്നു ടോളമി പേരിട്ടിട്ടുമുണ്ടു്. ശ്രീരാമപുത്രൻ ലവൻ സ്ഥാപിച്ച ഇതിനു ശ്രാവസ്തിയെന്നും പേരുണ്ടായിരുന്നു. കുബേരൻെറ നവനിധിക്കു ശേവധി എന്ന പര്യായമുണ്ടല്ലോ. 'മേഘ'ത്തിലെ കുബേരവാസസ്ഥാനമായ തെക്കൻകാശ്മീരത്തു് ഇതു നിന്നിരുന്നതുനിമിത്തം ഇതിനു ശേക (ശേവധിക) എന്ന നാമം മഹാഭാരതത്തിൽ നല്കിയിരിക്കുന്നു. ഗുജറാത്തിലെ പണ്ടത്തെ വലഭിനഗരത്തിനു വലഭിയെന്നതിനു പുറമെ, ഉത്തരലാടം (ഉത്തരമാലവം) എന്ന നാമവും ഹ്യയൻസ്യാങ്ങ് കൊടുത്തിട്ടുണ്ടു്. പശ്ചിമോത്തരഭാരതത്തിലെ ലോഹ്കോട്ടിൽനിന്നു ഗുജറാത്തിൽ വന്ന കുടിയേറിപ്പാർപ്പുകാർ അന്ത്യത്തിൽ വലഭിയും സ്ഥാപിച്ചു എന്നു ടോഡ് പറയുന്നുമുണ്ടു്. ഇവർ കാശ്മീരത്തെ ലോഹ്റെയിനിൽനിന്നു വന്നവരാണുതാനും.

പൂർവ്വമാലവത്തിൻെറ (ലാടത്തിൻെറ) രാജധാനി സിയാൽക്കോട്ടിലും, ദക്ഷിണമാലവത്തിൻേറതു പിണ്ഡിദഡൻഖാൻ കേതസ്സിലും സ്ഥിതിചെയ്തിരുന്നു. നർമ്മദാനദീമുഖത്തെ ബ്രോച്ചുതുറമുഖത്തുനിന്നു് ഒരു 338 മൈൽ വടക്കുപടിഞ്ഞാറു് (സിന്ദിൽ) ഉണ്ടായിരുന്ന ഒരു മാലവം

ദക്ഷിണലാരം (ലാട) എന്ന പേരും, ഇതിൻെറ പരിസര ഗ്രാമം ബ്രാഹ്മണപുരം (ബ്രാഹ്മണബാദ്) എന്ന നാമവും വഹിച്ചിരുന്നതായി ഹിയുൻസ്യാങ്ങ് പറഞ്ഞിട്ടുണ്ട്. ഇതു ദക്ഷിണലാടമായ പിണ്ഡിദഡൻഖാൻ-കേതസ്സിൽനിന്നുവന്ന ഒരു കുടിയേറിപ്പാർപ്പുസംഘം സ്ഥാപിച്ചതാണ്. തന്നിമിത്തം ഇതിൻെറ മാതൃനഗരമായ പിണ്ഡിദഡൻഖാൻ-കേതസ്സിനു ബ്രാഹ്മണനഗരമെന്നും പേരുണ്ടായിരുന്നു എന്നു സിദ്ധിക്കുന്നു.

പൂർവ്വദക്ഷിണലാടങ്ങളിൽ(മാലവങ്ങളിൽ)നിന്നു പില്ക്കാലങ്ങളിൽ രാജപുട്ടാണയിലെ ഇന്നത്തെ ഉജ്ജെനിയിലും ഭിത്സയിലും (വിദിശയിലും), ബീഹാർ - ബംഗാളിലും, കേരളമുൾപ്പെട്ട തമിഴ്നാട്ടിലും ലാടങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നു. ഗയാനഗരം നില്ക്കുന്നതു ബീഹാറിലെ ദക്ഷിണരാടത്തിൽ (ലാടത്തിൽ) ആയിരുന്നു. തമിഴർ ലാടത്തിന് ഇലാടം, വിലാടം എന്നീ രൂപങ്ങൾ നല്കിയിരുന്നു. കാഞ്ചീവരം നില്ക്കുന്നതു് ഇത്തരം ഒരു വിലാടത്തിലായിരുന്നു. ബസരോനഗോസിൻെറ (വജ്രനാഗരുടെ) തലസ്ഥാനമായി ടോളമി പ്രസ്താവിച്ചിട്ടുള്ള മാലങ്ക (മാവിലങ്ക) കാഞ്ചീവരമാണ്. ഇതിൽ ലങ്കയെന്ന ദക്ഷിണലാടനാമം കാണാം. പല്ലവരാജധാനിയായിരുന്ന ഇതിൻെറ തുറമുഖവും, മാവിലങ്കയെന്ന പേരുതന്നെ വഹിച്ചിരുന്നതുമായ മാമല്ലപുരത്തിൻെറ (മഹാബലിപുരത്തിൻെറ) നാമവും മല്ലത്തിൻെറ (മാലവത്തിൻെറ) പേരു് ഉൾക്കൊണ്ടിരിക്കുന്നതു നോക്കുക. വടക്കൻആർക്കാട്ടുജില്ലയിലെ ശുദ്ധിമല്ലത്തിനു പണ്ടു വിപ്രൻപേട് (ബ്രാഹ്മണപുരം) എന്നാ പേരുണ്ടായിരുന്നതും ഇവിടെ ശ്രദ്ധേയമാണ്.

കേരളവും ഒരു ലാടം (മാലവം, മലയം, മല്ലം) ആയിരുന്നു. ഭാരതത്തിലെ ബ്രാഹ്മണരിൽ ആദ്യം വന്നവർ മഗബ്രാഹ്മണരും, പിന്നീടു വന്നവർ പഞ്ചദ്രാവിഡബ്രാഹ്മണരും, ഒടുക്കം വന്നവർ പഞ്ചഗൌഡബ്രാഹ്മണരുമാണ്. ജാതിഭ്രഷ്ടതയുള്ള മഗബ്രാഹ്മണരെ മദ്ധ്യഇന്ത്യയിൽ കാണാം. പഞ്ചദ്രാവിഡരുടെ പേരുകൾ ചുവടെ ചേർക്കുന്ന 'ആന്ധ്രകൌമുദീ'ശ്ലോകത്തിൽ പ്രസ്താവിച്ചിരിക്കുന്നു:

"കർണ്ണാടകശ്ചൈവ ത്രൈലിംഗഃ
ഗൂർജ്ജരാ രാഷ്ട്രവാസിനഃ
ദ്രാവിഡാ ദ്രാവിഡാഃ പഞ്ച
വിന്ധ്യാ ദക്ഷിണ വാസിനഃ"

ഇതിലെ ത്രൈലിംഗർ (തെലുങ്കർ) ആന്ധ്രക്കാരും, ഗൂർജ്ജരർ ആദിയിൽ ലാടമെന്നും പില്ക്കാലത്തെ ഗൂർജ്ജരരുടെ കുടിയേറിപ്പാർപ്പു നിമിത്തം ഗുജറാത്തെന്നും പേരുകളുള്ള ദേശത്തുനിന്നു വന്ന ലാടരും അഥവാ കേരളീയരും, രാഷ്ട്രവാസികൾ മഹാരാഷ്ട്രക്കാരും, ദ്രാവിഡർ തമിഴരുമാണ്. ആദ്യമായി കേരളത്തിൽ വന്ന നമ്പൂതിരിമാരും കൂട്ടുകാരായ ക്ഷത്രിയനായരാദികളും, അഹിച്ഛത്രമായ ദക്ഷിണലാടത്തിൽനിന്ന് ആദിയിൽ പുറപ്പെട്ടു. പില്ക്കാലത്തു കേരളത്തിൽ വന്ന അല്പപക്ഷം ആഢ്യനമ്പൂതിരിമാർ ആദിയിൽ ഉത്തരലാടത്തിൽ(ശ്രാവസ്തിയിൽ)നിന്നു പുറപ്പെട്ട പഞ്ചഗൌഡരുടെ ഒരു ശാഖക്കാരായ ഉഡ്രു (ഒറീസ്സ) ബ്രാഹ്മണരുമാണ്. കേരളത്തിലെ ശബരിമല ക്ഷേത്രത്തിന്റെ ആദിമുടമസ്ഥരായ ഉള്ളാടരുടെ (ഉൾ-

ലാടരുടെ, ലാടദേശക്കാരുടെ) വർഗ്ഗനാമത്തിലും കേരളത്തിൻെറ ലാടനാമം കാണാം.

പിണ്ഡിദഡൻഖാൻെറ പേരിലെ ദഡൻ എന്നതു ദണ്ഡൻ എന്നതിൻെറ ഒരു നാടോടിരൂപമാണ്. പൌരാണികകാലത്ത് ഇക്ഷ്വാകുസോദരൻ ദണ്ഡൻ സ്ഥാപിച്ചിരുന്നതും, പിന്നീട് ഒരു പ്രകൃതിക്ഷോഭംഹേതുവായി നശിച്ചുപോയതുമായ ദണ്ഡകരാജ്യത്തിൻെറ തലസ്ഥാനമായ ദണ്ഡകനഗരമായിരുന്നു ഇത്. കുംഭവതി, മധുമന്ത എന്നീ നാമങ്ങളും ഇതു വഹിച്ചിരുന്നു. കൂടാതെ ദണ്ഡധരൻ എന്നത് ഒരു പര്യായമായതുനിമിത്തം, ഇതിനു യമപുരം എന്ന പേരും സിദ്ധിച്ചിരുന്നു. ഇതുകാരണമാണ് ടോളമി ഇതിന് ഇമൌസ എന്ന പേരു നല്കിയിട്ടുള്ളതു്. യമനു വൈവസ്വതൻ എന്ന പര്യായമുണ്ടല്ലോ. ഈ യമപുരത്തെ വൈവസ്വതരാജവംശത്തിലെ അംഗമായ തപതിയെ ഒരു പൌരവനും കുരുവിൻെറ പിതാവുമായ സംവരണൻ കല്യാണം കഴിക്കുകയുണ്ടായി. കുംഭവതിക്കു സമീപം ഹിരണ്യപർവ്വതം നിന്നിരുന്നു എന്നു ബൌദ്ധജാതകകഥകളിൽ പറഞ്ഞിട്ടുണ്ടു്. ഇതുഹേതുവായിട്ടാണ് കാഞ്ചിയെ കാഞ്ചനം (ഹിരണ്യം, സ്വർണ്ണം) എന്ന വിശേഷണപദത്തോടുകൂടി മുകളിൽ ഉദ്ധരിച്ച പുരാണഭാഗം വർണ്ണിച്ചിരിക്കുന്നതു്. 'ദണ്ഡ' എന്നതിന് ഒലിച്ചുപോകാതെ കെട്ടിനില്ക്കുന്ന വെള്ളക്കുഴി എന്നു സിന്ധിഭാഷയിൽ അർത്ഥമുണ്ടു്. ഇത്തരം അളത്തിനു 'കോന്‌ലോസ്' എന്നു ഗ്രീക്കിൽ പറയും. സിംപുരമായ കാഞ്ചിയിൽ ഇത്തരം പത്തു കായലുകളും ഉണ്ടല്ലോ. ത

നിമിത്തം അതിനു പ്രസ്തുതഗ്രീക്കപദത്തിലെ കോലധാതുവിൽനിന്നു ജനിച്ച കോലം എന്ന നാമവും കിട്ടിയിരുന്നു. കേരളരാജധാനി കോലപട്ടണവും കൊടുങ്ങല്ലൂർ കായലിനും പെരിയാറിനും ചാലക്കുടിപ്പുഴയ്ക്കും ഇടയ്ക്കാണല്ലോ നിന്നിരുന്നതു്.

പിണ്ഡിദേഡൻഖാൻ-കേതസ്സിനു (ദക്ഷിണലാടത്തിനു) ബ്രാഹ്മണപുരം എന്ന പേരുണ്ടായിരുന്നതു മുകളിൽ പറഞ്ഞിരുന്നല്ലോ. ഇതിന്റെ ഉത്ഭവം അറിയുവാൻ പൌരാണികരാജവംശാവലിയിലേയ്ക്കു കടക്കണം. വായുപുരാണത്തിൽ വിവരിച്ചിട്ടുള്ളതു ചുവടെ ചേർക്കുന്നു: യയാതിപുത്രൻ അനു സ്ഥാപിച്ച വംശത്തിലെ ഒരു രാജാവായ ബലിക്കു്, അംഗൻ, വംഗൻ, സുഹ്മൻ, പുണ്ഡ്രൻ, കലിംഗൻ, ബാലേയൻ എന്ന ആറു പുത്രന്മാരുണ്ടായിരുന്നു. ഇവർ സ്വനാമാങ്കിതങ്ങളായ പേരുകളുള്ള ആറു രാജ്യങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഇവരിൽ ബാലേയനെ ബലി ബ്രാഹ്മണർക്കു ദാനം ചെയ്തിരുന്നതുനിമിത്തം ഇദ്ദേഹത്തിനു ബ്രാഹ്മണനെന്ന പേരും കിട്ടിയിരുന്നു. ഒരു മഹായോഗിയായിരുന്നു ബാലേയൻ. ഈ ബാലേയ-ബ്രാഹ്മണൻ ദക്ഷിണലാടം സ്ഥാപിച്ചതുനിമിത്തം അതിനു ബ്രാഹ്മണപുരം എന്ന പേരുകൂടി ലഭിച്ചു. ബാലേയൻ സ്ഥാപിച്ച രാജ്യം ബ്രഹ്മമെന്നും പ്രസുഹ്മമെന്നും നാമങ്ങൾ വഹിച്ചിരുന്നു. കേരളത്തിനു ബാലമൂഷികം എന്ന പേരു കിട്ടിയതു ബാലേയനാമത്തിൽനിന്നാണതാനും.

ബാലേയം എന്ന സംസ്കൃതപദത്തിനു കോവർകഴുതയെന്ന അൎത്ഥം കാണാം. എബ്രായഭാഷയിൽ കോവർ

കഴുതയെന്ന അർത്ഥമുള്ള 'അതോൻ' (സുറിയാനികളുടെ 'അദോൻ') എന്നതും, ഗ്രീക്കിൽ ഇതേ അർത്ഥമുള്ള 'ഓനോസ്' (വേനൻ) എന്നതും, മഹാവിഷ്ണുപര്യായങ്ങളാണ്. പുരാതനഈജിപ്തുകാരുടെ ആദിദിവ്യരാജാവു രാ-അതുമും (രാ- അതോനും) സൂര്യദേവൻ മഹാവിഷ്ണുതന്നെ. ഗുരു എന്ന അർത്ഥത്തിൽ അതോനിൽനിന്നു ജനിച്ച 'ആതൻ' എന്ന ബിരുദം ചില ചേരരാജാക്കന്മാർക്കു ചെന്തമിഴ്കാവ്യങ്ങൾ നല്കിയിരിക്കുന്നതു കാണാം. ചേരർ മഹാബലി-വിഷ്ണുവിൽനിന്നു ജനിച്ചവരാണെന്നു് ഐതിഹ്യം പറയുന്നുണ്ടല്ലോ.

ചെന്തമിഴിൽ കോവർകഴുതയ്ക്കു് അത്തരി (അത്രി) എന്നു പറയും. ദക്ഷിണലാടമായ പഞ്ചാബിലെ കാഞ്ചിയിൽ ആദിശേഷനാഗന്റെ (അനന്തന്റെ) വംശക്കാരൻ ശുക്ലപ്രവീരൻ (ഒന്നാംകുഷാണചക്രവർത്തി കുജുലൻ. കടകുഭാജൻ) നാടുവാണിരുന്നല്ലോ. ഒരു അനന്തശയനക്ഷേത്രമുള്ള അത്രി ആശ്രമം ഹിമാലയത്തിനു (യമനഗരപർവ്വതത്തിനു) സമീപം നിന്നിരുന്നതായി മത്സ്യപുരാണത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഈ അത്രി ആശ്രമമാണു് കാഞ്ചിയായ കേതസ്. ഇതിലെ കാമകോടിമഠത്തിന്റെ അദ്ധ്യക്ഷനായിരുന്നു വിക്രമാദിത്യഹർഷൻ ബുധഗുപ്തന്റെ ഉജ്ജെനിസദസ്സിലെ ഒരു രത്നമായ ശങ്കു, അഥവാ മൂകശങ്കരൻ. ഈ കാഞ്ചിയുടെ അത്രിപുരം എന്ന പേരിൽനിന്നു ദത്താത്രേയൻ എന്ന ബിരുദവും ശങ്കുവിനു കിട്ടി. 84 സിദ്ധന്മാരുടെ കൂട്ടത്തിൽ ഈ ദത്താത്രേയനു മഹാനാഥൻ എന്ന പേരു നല്കിയിട്ടുണ്ടു്. കാഞ്ചി മത്സ്യനഗരമാ

ണല്ലോ. മത്സ്യത്തിനു മൂകമെന്ന പര്യായമുണ്ടല്ലോ. ത ന്നിമിത്തം ശങ്കു മൂകശങ്കരനുമായി.

ഉജ്ജൈനിസദസ്സിലെ ഘടകർപ്പരനായ മേണ്ഡകവി തൻെറ 'ഹയഗ്രീവവധം' കാവ്യത്തിൽ ഗുരുവായ ഈ ശ ങ്കുവിനെ ശങ്കരേന്ദ്രനെന്ന പേരിൽ പ്രസ്താവിച്ചിട്ടുള്ള ശ്ലോകം ചുവടെ ഉദ്ധരിക്കുന്നു:

"ഖ്യാതശ്രീശങ്കരേന്ദ്രപ്രചുരതരകൃപാ-
ലബ്ധസാഹിത്യവിദ്യഃ
സദ്യഃ സാധൂക്തിസമ്മോദ്യപി പരകവിതാ-
മക്ഷിണോ മാതൃഗുപ്താൻ
പ്രൌഢാഃ പ്രൌഢോക്തിരുദൈർനിബിഡരസ
ഗുംഫനൈർ യത്ര മേദു- [രൈരൈ-
ർമ്മേ ദുർമ്മോഹാദനാഡീധയവദനവധം
വാഗ്മ്യകുണ്ഠഃ സ മേണ്ഠഃ"

ഘടകർപ്പരൻ മേണ്ഡനു ഗോരക്ഷനാഥനെന്ന യോഗി ബിരുദമുണ്ടായിരുന്നതു പിന്നീടു പ്രസ്താവിക്കുന്നതാണ്. ശങ്കുവായ ദത്താത്രേയൻ രചിച്ച 'അവധൂതഗീത'യുടെ ഖട്മണ്ഡു ലൈബ്രറിവക പ്രതിയിൽ, ഇതിനു 'ദത്താ ത്രേയഗോരക്ഷസംവാദം' എന്ന പേരു നല്കിയിരിക്കുന്ന തായി പ്രൊഫസ്സർ തുച്ചി ചൂണ്ടിക്കാട്ടിയിരുന്നു. ഇതിൽ നിന്നും ഗോരക്ഷനാഥൻ മേണ്ഡൻ ശങ്കുശിഷ്യനാണെന്ന് അനുമാനിക്കാം.

കാമരൂപം കംബോജം മുതലായ നാമങ്ങളുള്ള പ്രാ ഗ്ജ്യോതിഷരാജ്യത്തിൻെറ തസ്ഥാനമായ ചംബാനഗര മാണ് വജ്രയാനമതക്കാരുടെ മൂന്നാംപീഠമായ കാമരൂപ

പീഠം. കാമരൂപമെന്ന പേരുള്ള ആസ്സാമിനെ തൊട്ടുകിടക്കുന്ന പൂർവ്വബംഗാൾഭാഗത്തിനു ഗൌഡമെന്ന പേരുണ്ട്. ഇതുപോലെ പഞ്ചാബിലെ കാമരൂപത്തിൻെറ തെക്കൻഭാഗത്തിനും, കാശ്മീരത്തിൻെറ തെക്കുകിഴക്കൻഭാഗത്തിനും ഗൌഡമെന്ന പേരു പണ്ടുണ്ടായിരുന്നു. ചംബാനഗരത്തിലെ ദേവികാളിയുടെ (നീലസരസ്വതിയുടെ) ദർശനംഹേതുവായി കാളിദാസന് ഈ സുപ്രസിദ്ധമായ പേരു കിട്ടി. ഇതിൻെറ ഒരു ഭാഗമായ ഗൌഡത്തിൽനിന്നുണ്ടായ ഗൌഡപാദനെന്ന പേരുവെച്ച് ഇദ്ദേഹം 'സാംഖ്യസപ്തതി'ക്കു് ഒരു ഭാഷ്യം രചിക്കുകയും ചെയ്തു. സാംഖ്യദർശനക്കാരുടെ ഒരു പ്രാമാണികകൃതിയായ ഈശ്വരകൃഷ്ണൻെറ 'സാംഖ്യസപ്തതി'ക്ക് ഇപ്രകാരം ഒരു ഉത്തമഭാഷ്യം കൃഷ്ണൻ ഈശ്വരനായ കാളിദാസൻ രചിച്ചതുനിമിത്തം, അതുവരെ ഭാഷ്യങ്ങളുടെ മുൻപന്തിയിൽ നിന്നിരുന്ന വൃത്തികാരൻ ഉപവർഷൻ ബോധായനൻെറ 'കൃതകോടി' എന്ന മീമാംസവൃത്തി, അഥവാ ഭാഷ്യം, പിൻപന്തിയിലേയ്ക്കു തള്ളപ്പെട്ടുപോയി. ഇതിൽനിന്നാണ് കാളിദാസൻെറ കോടിജിത് എന്ന ബിരുദം ഉത്ഭവിച്ചതു്. കോടിയെ ('കൃതകോടി'യെ) തൻെറ സാംഖ്യഭാഷ്യംമുഖേന ജയിച്ചവനായതുനിമിത്തം കാളിദാസനു കോടിജിത് എന്ന ബിരുദം കിട്ടി. ഗൌളൻ (ഗൌഡൻ) എന്ന പദത്തിനു നേപ്പാളിഭാഷയിൽ ഇടയനെന്ന അർത്ഥമുണ്ട്. ഇതിൽനിന്നാണ് ഗൌഡപാദനായ കാളിദാസൻ കാളീദർശനത്തിനുമുമ്പു നിരക്ഷരകുക്ഷിയായ ഒരു ഇടയനായിരുന്നു എന്ന കഥ ഉത്ഭവിച്ചതു്.

ഉജ്ജൈനിസദസ്സിലെ മറെറാരു രത്നമായ മേണ്ഠൻ ഘടകപ്പ്രൻ ധർമ്മാശോകൻ മഹാപത്മനന്ദന്റെ രാജധാനി വാരാണസി നിന്നിരുന്ന ചംബാനഗരത്തിലെ സാമന്തരാജാവായ ഗോപീചന്ദ്രനാണ്. ഇദ്ദേഹത്തിന്റെ മാതുലനും, വൈശാലീ(സിയാൽകോട്ട്)രാജാവുമായ ഭർത്തൃഹരിയാണ് ഉജ്ജൈനിസദസ്സിലെ വേതാളഭട്ടൻ. വേദാലിയെന്ന പേരുമുണ്ടായിരുന്ന വൈശാലിയിലെ നൃപനായതുകൊണ്ടാണ് ഇദ്ദേഹത്തിനു വേതാള(വേദാല)ഭട്ടനെന്ന നാമം സിദ്ധിച്ചത്. ഈ വൈശാലി ഒരു മലയ(മാലവ)ത്തിന്റെ രാജധാനിയാണല്ലോ. അതുകൊണ്ട് ഒരു കാപാലികഗുരുവുംകൂടിയായിരുന്ന ഭർത്തൃഹരിക്ക് ഇവരുടെ കൂട്ടത്തിൽ മലയാർജ്ജുനൻ എന്ന യോഗിബിരുദവുമുണ്ടായിരുന്നു. ഇവർ രണ്ടുപേരെയും ഇന്നത്തെ ബംഗാളിപണ്ഡിതന്മാരിൽ ചിലർ ബംഗാളികളാക്കിയിരിക്കുന്നു!

ബംഗാളിലെ ഗൌഡദേശത്തിന്റെ ഒരു ഭാഗമായിരുന്ന ടിപ്പെറജില്ല്യയിലെ പാടികാർത്തിനു സമീപമുണ്ടായിരുന്ന വിക്രമപുരത്തെ രാജാവാണ് ഗോപീചന്ദ്രൻ എന്ന് ഇവർ പറയുന്നു. ഭർത്തൃഹരിയോ, ഇവിടത്തെ കോമില്ലായ്ക്കു സമീപമുള്ള കർമ്മന്തനഗരത്തിലെ, അഥവാ വൈശാലിയിലെ, രാജാവും. ധർമ്മാശോകൻ മഹാപത്മനന്ദന്റെ രാജധാനിയായിരുന്നതുനിമിത്തം അദ്ദേഹത്തിന്റെ മറെറാരു ബിരുദമായ വിക്രമാദിത്യവർഷൻ എന്നതിൽനിന്നു ചംബാനഗരത്തിനു വിക്രമപുരം എന്ന പേരു കിട്ടിയിരുന്നു. ഇത് ഈ പണ്ഡിതന്മാർ അറിഞ്ഞിട്ടില്ല. ഇതുപോലെ സിയാൽകോട്ടിന്റെ കർമ്മാലം, വൈശാലി എന്നീ

നാമങ്ങളെക്കുറിച്ചും ഇവർ അജ്ഞരാണ്. പിന്നെയും ഈ വൈശാലിക്കാരൻ അമരസിംഹൻ എന്ന രത്നത്തേയും ഇവർ ഒരു ബംഗാളിയാക്കിയിക്കുന്നു!

ചംബാനഗരത്തിലെ ഒരു രാജാവായ സാഹിലൻ കാളിദാസനായ ചപ്പടീനാഥനെ ബഹുമാനിച്ചിരുന്നു എന്നു വോഗെൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ രാജാവിന്റെ യഥാർത്ഥനാമം സിംഹചന്ദ്രൻ എന്നായിരുന്നു. സിംഹനെന്നുള്ളതു പ്രാകൃതത്തിൽ സീഹനായി. ഇതു ദുഷിച്ചു സാഹിലനാവുകയും ചെയ്തു. ചന്ദ്രവംശമെന്ന പേരുള്ള ചംബാരാജവംശത്തിൽ ചന്ദ്രനെന്ന പദത്തിൽ അവസാനിക്കുന്ന പേരുകളോടുകൂടി പത്തുപേർ ഉണ്ടായിരുന്നതായി താരാനാഥൻ പറഞ്ഞിരിക്കുന്നു. ഇവർ മുറയ്ക്കു ധർമ്മൻ, കർമ്മൻ, വൃക്ഷൻ, വിഗ്രമൻ, കാമൻ, സിംഹൻ, ബാലൻ, വിമലൻ, ഗോപീ, ലളിതൻ എന്നിവരാണ്. ഗോപീചന്ദ്രൻ ഈ വംശത്തിലെ ഒടുവിലത്തെ രാജാവാണെന്ന് ഐതിഹ്യമുള്ളതുകൊണ്ട്, ഇദ്ദേഹത്തിന്റെ അനുജനായ ലളിതചന്ദ്രൻ രാജാവായില്ല എന്നു വിചാരിക്കേണ്ടിവരുന്നു. സിംഹചന്ദ്രൻ, ബാലചന്ദ്രൻ, വിമലചന്ദ്രൻ, ഗോപീചന്ദ്രൻ എന്നീ നാലുപേരും കാളിദാസന്റെ സമകാലീനരാണ്. അതുകൊണ്ടു സിംഹചന്ദ്രന്റെ പിതാവായ കാമചന്ദ്രന്റെ വാഴ്ചക്കാലത്ത് ഇദ്ദേഹത്തിന്റെ ഒരു പ്രജയായി കാളിദാസൻ ജനിച്ചു എന്നു വിചാരിക്കാം. അന്നു ചംബാരാജ്യം പ്രാബല്യത്തിൽ എത്തിയിരുന്നില്ലെന്നും, ഇദ്ദേഹത്തിന്റെ പുത്രൻ സിംഹചന്ദ്രനാണ് അതിന്റെ പ്രാബല്യം സ്ഥാപിച്ചതെന്നും വോഗെലിന്റെ ചംബാചരിത്രത്തിൽനിന്നു മനസ്സിലാക്കുകയും ചെയ്യാം.

ഇന്നു നഷ്ടപ്പെട്ടുപോയിരിക്കുന്ന പതഞ്ജലീഭാഷ്യ വ്യാഖ്യാനമായ 'ഭാഗവൃത്തി'യുടെ കർത്താവായ വിമലമതിയാണ് ഗോപീചന്ദ്രൻെറ പിതാവായ വിമലചന്ദ്രൻ. ചംബായിലെ ചന്ദ്രവംശത്തിലെ കട്ടവിലത്തെ നൃപനായ ഗോപീചന്ദ്രനേയും, മാതുലൻ ഭർത്തൃഹരിയേയും സന്ന്യാസികളാക്കിയ ദേഹം സിദ്ധൻ ജലന്ധരിയാണെന്നു താരാനാഥൻ പ്രസ്താവിച്ചിരിക്കുന്നു. ജാലന്ധരീനാഥൻ വരരുചിയാണല്ലോ. ഗോപീചന്ദ്രൻെറ സ്ഥാനത്യാഗവും സന്ന്യാസവും ഉത്തരഭാരതത്തിലാസകലമുള്ള ജനകീയഗാനകർത്താക്കന്മാർ ഏററവുമധികം ഇഷ്ടപ്പെട്ടിരുന്ന ഒരു വിഷയമായിരുന്നു. സിന്ദിലും ബലൂചിസ്ഥാനിലുമുള്ള ഗ്രാമീണരായ ഹിന്ദുക്കളും മുസ്ലിമീങ്ങളുംകൂടി ഗോരക്ഷനാഥനോടു ഘടിപ്പിച്ച ഗോപീചന്ദ്രനേയും, ഭർത്തൃഹരിയായ വേതാളഭട്ടനേയും പീറുകൾ (മതഗുരുക്കന്മാർ) ആക്കി, അവരുടെ ബഹുമാനാർത്ഥം വേതാളനൃത്തമെന്ന പ്രാചീനമായ നൃത്തസഹിതം ആഘോഷങ്ങൾ നടത്തിവരുന്നുണ്ടെന്നു 1932-ലെ 'ഇൻഡ്യൻ ആൻറികചറി'യിൽ കാട്ടൻ എഴുതിയിരുന്നു.

വിമലചന്ദ്രൻ ധർമ്മകീർത്തിയുടെ സമകാലീനനാണെന്നും, ഗോപീചന്ദ്രൻ രാജാവായതു ധർമ്മകീർത്തിയുടെ മരണകാലത്തിനു സമീപിച്ചായിരുന്നു എന്നും താരാനാഥൻ പ്രസ്താവിച്ചിട്ടുണ്ട്. ഇതുപോലെ, ഭർത്തൃഹരി എ. ഡി. ഏഴാംശതാബ്ദത്തിൽ ജീവിച്ചിരുന്നു എന്ന് ഇററ്സിങ്ങ് എന്ന ചീനസഞ്ചാരിയും പറഞ്ഞിരിക്കുന്നു. ഇവയെ അനുസ്മരിച്ച് എ. ഡി. ഏഴാംശതാബ്ദത്തിലാണ് വി

മലചന്ദ്രനും, ഗോപീചന്ദ്രനും, ആ ശതകത്തിലെ പ്രസിദ്ധനായ ബൌദ്ധആചാര്യൻ ധൎമ്മകീൎത്തിയുടെ സമകാലീനരായി, ജീവിച്ചിരുന്നതെന്നു ചിലർ വിചാരിച്ചുവരുന്നു. ഇതു ശരിയല്ല. വാസ്തവത്തിൽ ഈ ധൎമ്മകീൎത്തിയെ അല്ല, എ. ഡി. അഞ്ചാംശതാബ്ദത്തിലെ ഒരു പ്രസിദ്ധനായ ബൌദ്ധാചാര്യൻ ധൎമ്മത്രാതനെയാണ് താരാനാഥൻ ധൎമ്മകീൎത്തിയാക്കി പ്രസ്താവിച്ചിരിക്കുന്നതു്. എ. ഡി. ഏഴാംശതാബ്ദത്തിൽ ഭർത്തൃഹരി ജീവിച്ചിരുന്നു എന്ന ഇററ്സിങ്ങിൻെറ പ്രസ്താവന ശരിയല്ലെന്നും, ഇദ്ദേഹം എ. ഡി. അഞ്ചാംശതാബ്ദത്തിലാണ് ജീവിച്ചിരുന്നതെന്നും ഡാക്ടർ കുഞ്ഞൻരാജാ മുതലായവരുടെ ഗവേഷണങ്ങൾ സൂചിപ്പിക്കുന്നുണ്ടു്. ഭട്ടിയെന്ന രൂപം ഭർത്തൃഹരി എന്നതിലെ ഭർത്തൃപദത്തിനുണ്ടു്. ഇതുകൊണ്ടാണ് എ. ഡി. ഏഴാംശതാബ്ദത്തിൽ വലഭിനഗരത്തിൽ ജീവിച്ചിരുന്ന ഒരു വ്യാകരണകാവ്യത്തിൻെറ ഭൎത്താവായ ഒരു ഭട്ടി 'വാക്യപദീയം' എന്ന പതഞ്ജലീഭാഷ്യത്തിൻെറ സുപ്രസിദ്ധമായ വ്യാഖ്യാനമെഴുതിയ ഭർത്തൃഹരിയാണെന്നു് ഇററ്സിങ്ങ് തെററിദ്ധരിച്ചതും.

ബംഗാളിലേയും ആസ്സാമിലേയും കംബോജമായ (കാമരൂപമായ) ദേശത്തുള്ള ദിനാജ്പൂർ ജില്ലയിലെ ഒരു നാടുവാഴിയും, പാലവംശരാജാവു വിഗ്രഹപാലൻ മൂന്നാമൻെറ ഒരു സാമന്തനുമായ ഒരു കുഞ്ജരഘടാവൎഷബിരുദധാരി അവിടത്തെ ബംഗാഡ് ഗ്രാമത്തിൽ ഒരു ശിവക്ഷേത്രം പണിയിച്ചതു പ്രസ്താവിച്ചിട്ടുള്ള ഒരു ശാസനം കണ്ടു

പിടിച്ചിട്ടുണ്ടു്. ഇതിൽ ഈ കുഞ്ജരഘടാവർഷൻ 'കംബോജാന്വയജ'നും, 'ഗൌഡപതി'യുമായിരുന്നു എന്നു പ്രസ്താവിച്ചിട്ടുള്ളതു കാണാം. ഇതിൽനിന്നു് ആദിഗൌഡ-കംബോജവും, ബംഗാളിലെ ഗൌഡ-കംബോജത്തിന്റെ മാതാവുമായ പഞ്ചാബിലെ ചംബാരാജ്യത്തിലെ നൃപന്മാരും കുഞ്ജരഘടൻ എന്ന ബിരുദം വഹിച്ചിരുന്നു എന്നു് അനുമാനിക്കാം.

കുഞ്ജരഘടൻ എന്നതിലെ കുഞ്ജരൻ എന്നതിനു് ആനയെന്നും, ഘട എന്നതിനു് ആനകൾ കൂടിച്ചേരുന്നതു് എന്നും അർത്ഥങ്ങളുണ്ടല്ലോ. ആനക്കാരനെന്നു് അർത്ഥമുള്ള മേണ്ഠബിരുദവും, ഘടകർപ്പരൻ എന്നതും എങ്ങനെ ഉത്ഭവിച്ചു എന്നു് ഈ സംഗതികളിൽനിന്നു മനസ്സിലാക്കാം. കർപ്പരം (തലയോട്ടു്) കാപാലികഗുരുക്കന്മാരുടെ പതിവുപോലെ ഈ ഗുരുപരമ്പരയിൽപ്പെട്ട ഗോരക്ഷനാഥൻ ഘടകർപ്പരനും ധരിച്ചിരുന്നു. തന്നിമിത്തം അദ്ദേഹത്തിന്റെ (കുഞ്ജര) ഘടൻ എന്ന ബിരുദത്തോടുകൂടി കർപ്പരപദം ചേർക്കുകയും ചെയ്തു. വേദാലിയിലെ രാജകുടുംബാംഗമായ മാതാവിൽനിന്നു ഗോപീചന്ദ്രൻ മേണ്ഠനു വേതാളമേണ്ഠനെന്നും, ഗൌഡദേശത്തെ വേദാലിയിലെ രാജാവായതുനിമിത്തം ഭർത്തൃഹരിക്കു ഭർത്തൃമേണ്ഠനെന്നും ബിരുദങ്ങൾകൂടി ലഭിച്ചിരുന്നു.

പ്രസ്തുത ഗൌഡദേശത്തെ വേദാലിയിലെ ലിച്ഛവിരാജവംശത്തിലെ ഒരു കുമാരിയാണു് ഉജ്ജൈനിയിലെ സദസ്സിലെ നവരത്നങ്ങളുടെ നാഥനായ ബുധഗുപ്തൻ വിക്രമാദിത്യഹർഷന്റെ മാതാവു്. ഇപ്രകാരം ഉജ്ജൈനി

സരസ്സിനോട് ഉററബന്ധമുണ്ടായിരുന്ന പഞ്ചാബിലെ ഗൌഡത്തെപ്പററി ചില കൂടുതൽവിവരങ്ങൾ ഇനി പ്രസ്താവിക്കാം. യമുനയുടെ ഉല്പത്തിസ്ഥാനത്തിനു പുറമുള്ള ദേശത്തിനു തന്റെ കാലത്ത് (എ. ഡി. പതിനൊന്നാം ശതാബ്ദത്തിൽ) ഗൌഡമെന്ന നാമമുണ്ടായിരുന്നതായി അൽബിറൂണി പ്രസ്താവിച്ചിട്ടുണ്ട്. ഝലംനദിക്കും, അതിന്റെ കിഴക്കൻപോഷകനദി സിന്ദിനും (സിന്ധുവിനും) യഥാക്രമം യമുനയെന്നും, ഗംഗയെന്നും പേരുകൾ കാശ്മീരഐതിഹ്യം നല്കുന്നുണ്ടെന്നു സ്റ്റെയിൻ ചൂണ്ടിക്കാട്ടിയിരുന്നു. പശ്ചിമഗൌഡത്തിന്റെ കിഴക്കൻഭാഗത്ത് ഇടയരെന്ന് അത്ഥമുള്ള ആനായർ എന്നതിൽനിന്നു ജനിച്ച ആനികൈ എന്ന നാമം വഹിച്ചിരുന്ന വർഗ്ഗക്കാർ പാത്തിരുന്നു എന്നു ടോളമി പറഞ്ഞിട്ടുണ്ട്. കന്യാകുബ്ജരാജാവ് യശോവമ്മൻ ഒരു ഗൌഡനൃപനെ പരാജിതനാക്കി വധിച്ചതിനെ ആസ്പദിച്ച 'ഗൌഡവഹോ' എന്ന പ്രാകൃതകാവ്യം വാക്പതികവി രചിച്ചിരുന്നു. ഈ ഗൌഡത്തെ ഒരു നൃപനെ വെന്ന്, അദ്ദേഹത്തിന്റെ 'ശരദിന്ദുപാദധവളം ഛത്രദ്വയ'ങ്ങളെ കരസ്ഥമാക്കിയ ഒരു വത്സ (കന്യാകുബ്ജ) രാജാവിനെ തന്റെ പൂവ്വികനായ ധ്രുവൻ പരാജയപ്പെടുത്തി എന്നു രാഷ്ട്രകൂടചക്രവത്തി ഗോവിന്ദൻ മൂന്നാമന്റെ ഒരു ശാസനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇപ്രകാരം ഗൌഡരാജാവുമായി ഭവിച്ച വത്സരാജാവുവെന്ന ഗൌഡം, ഗംഗ, യമുന എന്നീ നദികളുടെ ഇടയ്ക്കുള്ളതാണെന്നു മറെറാരു രാഷ്ട്രകൂടശാസനം ചൂണ്ടിക്കാട്ടാതെയിരുന്നിട്ടുമില്ല. ഈ ഗൌഡത്തെ 'ഗൌഡാൻ സമു

ദ്രാശ്രയാൻ' എന്നു വർണ്ണിച്ചു് ഇതു സമുദ്രരാജ്യമായ സിന്ധുസാഗരദ്വീപിനെ തൊട്ടുകിടന്നിരുന്നു എന്നു കന്യാകുബ്ജത്തെ മൌഖരീരാജാവു് ഈശാനവർമ്മൻ സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ഒരു കന്യാകുബ്ജനൃപനെ വെന്നു ജയാപീഡൻ വിനയാദിത്യനെന്ന കാശ്മീരരാജാവു് അദ്ദേഹത്തിൻെറ (വജ്ര) സിംഹാസനം കൈക്കലാക്കിയതിനേയും, മറ്റൊരു കാശ്മീരനൃപൻ പ്രവരസേനൻ രണ്ടാമൻ ഉജ്ജൈനിയിലെ വിക്രമാദിത്യഹർഷൻ അപഹരിച്ചു കൊണ്ടുപോയിരുന്ന തൻെറ പൈതൃകമായ വജ്രസിംഹാസനത്തെ വീണ്ടെടുത്തതിനേയും, 'രാജതരംഗിണി'യിൽ പ്രസ്താവിച്ചിട്ടുണ്ടു്. പ്രസ്തുതഗൌഡത്തിലുള്ള സിംഹപുരത്തിനു പാരസമുദ്രമെന്ന അപരനാമം വഹിച്ചിരുന്ന ലങ്കയെന്നു പേരിട്ടു് ഇവിടത്തെ രാജാവു സമ്മാനിച്ചു പാരധ്വജത്തെ മേഘവാഹനൻ എന്ന കാശ്മീരനൃപൻ സ്വീകരിച്ചു എന്നും 'രാജതരംഗിണി'യിൽ പറഞ്ഞിരിക്കുന്നതും കാണാം. പാരധ്വജത്തിൻെറ പ്രകൃതിയെ അടിസ്ഥാനപ്പെടുത്തി അതിനു പാളിധ്വജമെന്നു പേരു നല്കി, അതിനെ 'സകലോത്തരാപഥനാഥ'രേയും ജയിച്ചു വിനയാദിത്യനെന്നു പശ്ചിമചാലൂക്യരാജാവു കരസ്ഥമാക്കിയെന്നും ചാലൂക്യശാസനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. പത്തുതരം കൊടിക്കൂറകളെ 'പാളി'യായി (വരിയായി) നിരത്തി നാലുവശങ്ങളിൽ ഓരോന്നിലും ചേർത്തിരുന്നതുനിമിത്തമാണു് ചക്രവർത്തിചിഹ്നമായ പാരധ്വജത്തിനു പാളിധ്വജമെന്നു പേരു കിട്ടിയതെന്നു ജിനസേനൻെറ ജയിന 'ആദിപുരാണ'ത്തിൽനിന്നു മനസ്സിലാക്കുകയും ചെയ്യാം.

മററനവധി ദേശങ്ങളോടുകൂടി പശ്ചിമഗൌഡവും ഭരിക്കുകയും ഇതിലെ സാകലരാജധാനിയാക്കുകയും ചെയ്തിരുന്ന മെനന്ദരായ വിക്രമാദിത്യഭോജൻെറ ചക്രവത്തിപദത്തിൻെറ ചിഹ്നങ്ങളായിരുന്നു പ്രസ്തുത രണ്ടു വെൺകൊററക്കുടകൾ, പാര(പാളി)ധ്വജം, വജ്രസിംഹാസനം എന്നിവയെന്ന് അനുമാനിക്കാം. തൻെറ രാജധാനിഡൽഹിക്കു മയൂരപുരമെന്നു നാമമുണ്ടായിരുന്നതുനിമിത്തം മാത്രമല്ല, മയൂരനായ മഹാവിഷ്ണുവിൻെറ ഒരു അവതാരമായ മെനന്ദർ വിക്രമാദിത്യഭോജൻെറ വജ്രസിംഹാസനത്തിൻെറ സ്മരണകാരണവുംകൂടിയാണ് ഷാജിഹാൻ താൻ പണിയിച്ച സുപ്രസിദ്ധമായ സിംഹാസനത്തിനു മയൂരസിംഹാസനമെന്ന പേരു നല്കിയതും. ഇപ്രകാരം അനേകം ശതകങ്ങളിലെ ഭാരതീയചരിത്രസംഭവങ്ങളിൽ വെളിച്ചം വീശുന്ന വിക്രമാദിത്യഭോജകഥയെ മിത്താണെന്നു പറഞ്ഞ് ഇന്നത്തെ ചരിത്രകാരർ തള്ളിക്കളഞ്ഞിരിക്കുന്നതു നോക്കുക!

നാലാമത്തെ വജ്രപീഠമായ പൂഞ്ചഗിരി 'രാജതരംഗിണി'യിൽ പൂഞ്ചോത്സയെന്നു പേരിട്ടിട്ടുള്ള കാശ്മീരത്തെ പൂഞ്ച് നഗരത്തിൻെറ സമീപമുള്ള ഒരു കുന്നിൽ സ്ഥിതിചെയ്തിരുന്നു. ഇതാണ് 'മേഘദൂതിലെ' കൈലാസഗിരി. ഈ പോതാളകത്തിലെ അവലോകിതേശ്വരപീഠത്തിനു സമീപമുള്ള കുബേരൻെറ അളകാനഗരം പൂഞ്ചുമാണ്. പോതളകം എന്നതിലെ മുൻപദം പോത എന്നതു് എടുത്തുകളഞ്ഞാൽ അളക എന്ന നാമം കിട്ടുമല്ലോ. കുബേരസേനാനി പുണ്ണാകയക്ഷൻ (പൂഞ്ചഭദ്രയ

ക്ഷൻ) ജലംനഗരത്തിൽ നിന്നിരുന്ന കുരുപാണ്ഡവരാജ ധാനി ഇന്ദ്രപ്രസ്ഥത്തിലെ ചൂതുകളിവിദഗ്ദ്ധനായ ധന ഞ്ജയനോട്ട് ഇടയ്ക്കിടയ്ക്കു ചൂതുകളിക്കാറുണ്ടായിരുന്നു എ ന്നും, ഒരിക്കൽ പുണ്ണാകനു ധനഞ്ജയനെ കളിയിൽ തോ ല്പിക്കുവാൻ സാധിച്ചു എന്നും ബൌദ്ധജാതകകഥകഠം പ റയുന്നുണ്ട്. കൂടാതെ, കാശ്മീരത്തെ രാജൌരിയിൽ നി ന്നിരുന്ന പ്രമഗധതലസ്ഥാനമായ ഗിരിവ്രജത്തിലെ വൈപുല്യഗിരിയിലുള്ളതും, ചക്രവൎത്തിപദം പ്രദാനംചെ യ്യുന്നതുമായ ഒരു വിശിഷ്ടരത്നത്തെ ഒരിക്കൽ പുണ്ണാകയ ക്ഷൻ മോഷ്ടിച്ചുകൊണ്ടുപോയി എന്നും, കുരു-പാണ്ഡവ മന്ത്രി വിദുരപണ്ഡിതൻ അടിമവേഷത്തിൽ കുബേരരാജ ധാനിയിൽ പ്രവേശിച്ച് ഇതിനെ മോഷ്ടിച്ചു തൻെറ സ്വാമിക്കു സമ്മാനിച്ചു എന്നും ഈ ജാതകകഥകഠം പ്ര സ്താവിച്ചിരിക്കുന്നു. ഇവ കുബേരരാജധാനി അളകയ്ക്കും, ജലം, രാജൌരി എന്നീ നഗരങ്ങഠക്കും തമ്മിൽ അധികം ദൂരം ഉണ്ടായിരുന്നില്ലെന്നു സൂചിപ്പിക്കുന്നുമുണ്ട്.

കാശ്മീരത്തും, സമീപദേശങ്ങളിലും ഖശവൎഗ്ഗക്കാർ പാൎത്തിരുന്നു എന്നു 'രാജതരംഗിണി'യിൽ പ്രസ്താവിച്ചിട്ടു ണ്ട്. കാശ്യപപ്രജാപതിക്കു ഖശ എന്ന ഭാൎയ്യയിൽ യ ക്ഷരുടെ പൂൎവ്വികൻ ജനിച്ചു എന്നു പുരാണങ്ങളിൽ കാ ണാം. ഇങ്ങനെ യക്ഷരായ ഖശവൎഗ്ഗത്തിൽപ്പെട്ട ഒരു പൂഞ്ച്കാരി ബ്രാഹ്മണകന്യകയെ ഒരു ഖശ, അഥവാ, നാഗരബ്രാഹ്മണനായ കാളിദാസൻ കാശ്മീരരാജധാനി യിൽ പാൎക്കുമ്പോഠം കല്യാണം കഴിച്ചു. ഇതു നിമിത്ത മാണ് 'മേഘദൂതി'ൽ പറഞ്ഞിരിക്കുന്നപ്രകാരം മദ്ധ്യഇ

ന്ത്യയിലെ രാമഗിരിയിൽനിന്നു കാളിദാസൻ പൂഞ്ചായ അളകയിലേയ്ക്കു സന്ദേശം അയയ്ക്കുന്നത്. പൂഞ്ചിനു കുറെ കിഴക്കായി പീർപഞ്ചാൽ പർവ്വതനിരയിൽനിന്ന് ഉത്ഭവിച്ചു ജലംനദിയോടു ചേരുന്ന തോഹിനദിയുടെ ഒരു ചെറിയ വളവിനകത്തു പൂഞ്ച് സ്ഥിതിചെയ്യുന്നു. ഈ സ്ഥിതിനിമിത്തം വടക്കു സമീപമുള്ള കൈലാസഗിരിയുടെ മടിയിലാണ് തോഹിയായ ഗംഗ (നദി) ഇരിക്കുന്ന തെന്നു മേഘദൂതിൽ സരസമായി വർണ്ണിച്ചിരിക്കുന്ന ശ്ലോകത്തിൻെറ രണ്ടു വരികളുടെ പരിഭാഷ ചുവടെ ഉദ്ധരിക്കുന്നു:

"തുംഗാനന്ദംപ്രിയൻപോൽ സുഭഗഗിരി
മടിത്തട്ടിൽ വച്ചോമനിക്കും
ഗംഗാനീരാളമൂർന്നോരളകയെയറിയാ-
നില്ലിനിക്കാമചാരിൻ."

കാളിദാസൻെറ ജീവിതത്തെപ്പററി പ്രായേണ കൊടുംകൂരിരുട്ടിൽ കിടന്നുഴലുന്ന ഇന്നുള്ളവരുടെ മുമ്പിൽ കുറെ പ്രകാശം പൊഴിക്കുന്ന ഒന്നാണ് 'മേഘദൂത്' എന്ന സന്ദേശകാവ്യം. അദ്ദേഹത്തിൻെറ ആത്മചരിത്രത്തിലെ ഒരു അദ്ധ്യായമെന്ന് ഇതിനെ സത്യപൂർവ്വം വർണ്ണിക്കാവുന്നതാണ്. ഇതിലേയ്ക്കു കടക്കുന്നതിനുമുമ്പു കാളിദാസൻെറ ആദിജീവിതഘട്ടത്തിൽ കുറെ വെളിച്ചം വീശുന്ന എൻെറ കണ്ടുപിടുത്തങ്ങളെ വിവരിച്ചുകൊള്ളട്ടെ. പ്രാഗ്ജ്യോതിഷരാജ്യത്തിലെ ലോഹ്ദേശത്തെ അജ്ഞാതനാമാവായ ഒരു കുഗ്രാമത്തിൽ എ.ഡി. 430-നു സമീപിച്ച് ഒരു ബ്രാഹ്മണകുലത്തിൽ ജനിച്ച കാളിദാസനായ ഈശ്വരദത്തൻ

ഇവിടെവെച്ചു തന്റെ പ്രാരംഭവിദ്യാഭ്യാസം പൂർത്തിയാക്കി. അനന്തരം അദ്ദേഹം ഈ രാജ്യത്തിന്റെ തലസ്ഥാനമായ ചംബാനഗരത്തിൽ പോയി പാർത്തു. ഇവിടെവെച്ചു തന്റെ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം, കുറെ കാലംകൂടി ഇവിടത്തെ നീലസരസ്വതീദേവിയെ (കാളിയെ) ആരാധിക്കുകയും, ചെറുകവിതകൾ രചിക്കുകയും ചെയ്തു കൊണ്ടു താമസിച്ചു. വാസനാകവിയായി ജനിച്ച ഈ ശാരദത്തന് ഇവിടത്തെ കാളിപ്രസാദം നിമിത്തമാണ് കവിതാവാസന ലഭിച്ചതെന്ന് ആ നഗരവാസികൾ വിശ്വസിച്ചുവന്നു. തന്നിമിത്തം അവർ ആ യുവാവിനു കാളിദാസനെന്ന പേരിടുകയും ചെയ്തു. ഇക്കാലത്തു പ്രാഗ്ജ്യോതിഷസിംഹാസനത്തിലേറിയ കാമചന്ദ്രപുത്രൻ സിംഹചന്ദ്രൻ (സാഹിലൻ) കാളിദാസനെ തന്റെ കൊട്ടാരം കവിയായി നിയമിച്ചു.

പ്രാഗ്ജ്യോതിഷത്തിലെ രാജവംശത്തോടു കാശ്മീരരാജവംശത്തിനു വേഴ്ചയുണ്ടായിരുന്നു. അതുകൊണ്ടു കാശ്മീരത്തെ സാഹിത്യവാസനാനുഗ്രഹീതനായ നൃപൻ തുഞ്ജീനൻ ഒന്നാമൻ (എ. ഡി. 451_460) കാളിദാസനെ തന്റെ രാജധാനിയിലേയ്ക്കു പറഞ്ഞയയ്ക്കണമെന്ന് അന്നത്തെ പ്രാഗ്ജ്യോതിഷരാജാവു ബാലചന്ദ്രനോട് അപേക്ഷിച്ചപ്പോൾ, ഇദ്ദേഹം അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു. ഇപ്രകാരം അന്നത്തെ കാശ്മീരതലസ്ഥാനമായ പുരാണാധിഷ്ഠാനത്തിൽ കാളിദാസൻ പാർത്തുതുടങ്ങി. ഇന്നത്തെ രാജധാനി ശ്രീനഗരത്തിന് ഒരു മൂന്നു മൈൽ തെക്കുള്ള പണ്ട്രേന്ധ്യട്ടാൻഗ്രാമത്തിലാണ് പുരാണാധിഷ്ഠാനം നിന്നിരുന്നത്. ഇക്കാലത്തു മുമ്പു പറഞ്ഞതുപോലെ

പൂഞ്ചിലെ ഒരു കന്യകയെ കാളിദാസൻ വിവാഹം ചെയ്യുകയും ചെയ്തു.

എ. ഡി. 460_ൽ തുഞ്ജീനൻ മരിച്ചു. അനന്തരം ഒരു എട്ടുവഷത്തോളംകാലം കാളിദാസൻ കാശ്മീരത്തും ചംബയിലുമായി കഴിച്ചുകൂട്ടി. അപ്പോഠം തൻെറ നാട്ടുകാരനും (ഗൌഡദേശക്കാരനും), സാഹിത്യഭ്രമമുള്ളവനുമായ ബുധഗുപ്തനെ ജ്യേഷ്ഠൻ സ്കന്ദഗുപ്തൻ, അഥവാ പുരഗുപ്തൻ, (എ. ഡി. 454_468) ഗുപ്തസാമ്രാജ്യത്തിൻെറ പശ്ചിമസംസ്ഥാനഗവണ്ണരാക്കി നിയമിക്കുകയുണ്ടായി. രാജപുട്ടാണയിലെ ഇന്നത്തെ ഉജ്ജൈനിനഗരമായിരുന്നു ഈ പശ്ചിമസംസ്ഥാനത്തിൻെറ തലസ്ഥാനം. ഈ സംസ്ഥാനത്തിൽ കാശ്മീരത്തുള്ള ഇൻഡസ് ഭാഗംതൊട്ടു നമ്മദാനദിവരേയും പഞ്ചാബിലും സിന്ധിലുമുള്ള ഇൻഡസ് ഭാഗംതൊട്ട് ഇന്നത്തെ ഡൽഹിവരേയുമുള്ള ദേശങ്ങഠം ഉഠംപ്പെട്ടിരുന്നു. ഇവിടെയുള്ള കാശ്മീരം, പ്രാഗ് ജ്യോതിഷം, വൈശാലി (സിയാൽകോട്ട്), കുമാരവിഷയം (സിന്ധുസാഗരദ്വീപു) മുതലായ സാമന്തരാജ്യങ്ങളുടെ മേൽ ഗുപ്തസമ്രാട്ടുകഠംക്കുണ്ടായിരുന്ന മേൽക്കോയ്മാധികാരം ഉജ്ജൈനീഗവണ്ണരാണ് ചെലുത്തിയിരുന്നതു്. ഇങ്ങനെ അതിവിപുലമായ അധികാരപൂവ്വം ബുധഗുപ്തൻ ഉജ്ജൈനിയിൽ ഭർണം തുടങ്ങിയ ഉടനെതന്നെ ഇദ്ദേഹം കാളിദാസനെ സകുടുംബം ഉജ്ജൈനിയിലേയ്ക്കു ക്ഷണിച്ചു. ക്ഷണം സ്വീകരിച്ച് ആ മഹാകവി കുടുംബസമേതം ഉജ്ജൈനിയിലേയ്ക്കു പോയി ഇവിടെ പാപ്പുറപ്പിക്കുകയും ചെയ്തു.

ഇപ്രകാരം ഉജ്ജൈനിയിലെ സാഹിത്യസദസ്സിലെ

ഒരു രത്നമായി പാത്തിരുന്ന ദീർഘകാലത്തിന്റെ പ്രാരം ഭത്തിൽത്തന്നെ കാളിദാസൻ സ്വന്തം പേരായ ഈശ്വര ദത്തനെന്നതുവെച്ച് 'ധൂത്തവിടസംവാദം' എന്നൊരു ഭാ ണം രചിക്കുകയുണ്ടായി. ഉജ്ജൈനിയിലെ മററു രണ്ടോ മൂന്നോ സാഹിത്യകാരരും ഇതിനെ മാതൃകയാക്കി മററു ഭാ ണങ്ങൾ നിമ്മിക്കുകയും ചെയ്തു. അന്നത്തെ ഒരു പരിഷ്കാ രകേന്ദ്രമായ ഉജ്ജൈനിയിൽ താനും കൂട്ടുകാരായ മററു സാഹിത്യകാരരും നയിച്ചിരുന്ന വിടജീവിതത്തിന്റെ ഒരു തനി റീയലിസ്റ്റിക്ക് ചിത്രമാണ് 'ധൂത്തവിടസംവാദം' വ രച്ചിരിക്കുന്നത്.

ഭാണമെന്ന ഏകാങ്കരചിസന്ധിനാടകത്തിൽ, ഒരു ന ടൻമാത്രമേ ഉണ്ടായിരിക്കാവൂ എന്നും സംസ്കൃതചിത്തനാ യ നടന്റേയോ, തത്തുല്യരായ അന്യരുടേയോ, വിടസാ ഹസികജീവിതസംഭവങ്ങൾ, ഉചിതമായ ആംഗ്യങ്ങൾ സഹിതം അദൃശ്യരായ അന്യരോടുള്ള സംഭാഷണം എന്ന മട്ടിൽ വണ്ണിക്കണമെന്നുമാണ് നിയമം. ഇതിൽ ലാസ്യം കൊണ്ടുവരുകയും ചെയ്യാം. പ്രാചീനകാലത്തെ ജനകീ യപ്രഹസനങ്ങളിൽനിന്ന് ഇതു് ഉത്ഭവിച്ചു എന്നാണ് പണ്ഡിതമതം. പില്ക്കാലഭാണങ്ങളിൽനിന്നു വളരെ വി ഭിന്നമായ മട്ടിലും രീതിയിലുമാണ് 'ധൂത്തവിടസംവാദം' അടങ്ങിയിട്ടുള്ള 'ചതുർഭാണി' എന്ന ഭാണസമാഹാരത്തി ലെ നാലു ഭാണങ്ങളും രചിച്ചിട്ടുള്ളതു്. ഈശ്വരദത്തകൃതി കൂടാതെ ഇതിൽ അടങ്ങിയിട്ടുള്ള മൂന്നു ഭാണങ്ങൾ വരരു ചിയുടെ 'ഉഭയാഭിസാരികാ', ശൂദ്രകന്റെ 'പത്മപ്രാഭൃത ക' ശ്യാമിലകന്റെ 'പാദതാഡിതക' എന്നിവയാണ്. ഇ

തിലെ ശൂദ്രകൻ 'മൃച്ഛകടിക' എന്ന സുപ്രസിദ്ധമായ നാടകത്തിൻെറ കർത്താവുംകൂടി ആയ ബുധഗുപ്തൻ വിക്രമാദിത്യഹർഷനാണ്. ശ്യാമിലകൻ മററു മൂവരുടേയും കാലത്തോ, സമീപകാലത്തോ, ജീവിച്ചിരുന്ന ഒരു അജ്ഞാതനായ സാഹിത്യകാരനാണെന്നുമാത്രം ഊഹിക്കാം.

പില്ക്കാലഭാണങ്ങളെക്കാൾ അധികം വൈവിധ്യവും, അധികം സമുദായാചാരപരിഹാസവും, വ്യക്തിമുദ്രയുള്ള പാത്രസൃഷ്ടിയിൽ അധികം നിപുണതയും, അധികം സംഭാഷണശൈലി അടങ്ങിയ ഭാഷാരീതിയും, കുറെ ഗ്രാമ്യമാണെങ്കിലും അധികം യഥാൎത്ഥമായ കവിതാത്മകത്വവും പ്രസ്തുത നാലു ഭാണങ്ങളും പ്രദർശിപ്പിക്കുന്നുണ്ടെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. ധൂൎത്തശിരോമണിയായ യുവനായകൻ കൃഷ്ണിലകനും, വൃദ്ധനായിട്ടും വിടജീവിതം ഉപേക്ഷിക്കാതെയിരിക്കുന്ന വിശ്വലകൻ എന്ന ജയിനസന്ന്യാസിയും തമ്മിൽ വിടജീവിതത്തിൻെറ സൌന്ദൎയ്യാത്മകവും ധാൎമ്മികവുമായ നിയമങ്ങളെസ്സംബന്ധിച്ച നടക്കുന്ന വാദപ്രതിവാദമാണ് കാളിദാസൻ ഈശ്വരദത്തൻെറ ഭാണത്തിലെ വിഷയം. കൃഷ്ണേശ്വരദത്തനെന്ന കാളിദാസൻെറ പിതൃനാമാങ്കിതമായ പൂൎണ്ണനാമത്തിൻെറ ആദിഭാഗം കൃഷ്ണിലകൻ എന്നതിൽ കാണാം. 'ഇല്ല' എന്നതു ശെമെററ് ഭാഷകളിലെ ഈശ്വരപൎയ്യായമായതുനിമിത്തം, കൃഷ്ണിലകനെന്നതിനെ കൃഷ്ണേശ്വരനെന്നു പരിഭാഷപ്പെടുത്താമെന്നു മുമ്പു ചൂണ്ടിക്കാട്ടിയിരുന്നല്ലോ. തങ്ങളുടെ സൈ്വരഗതി നിയന്ത്രിക്കുന്ന പിതാക്കന്മാരോടു

യുവജനങ്ങൾക്കു തോന്നാവുന്ന സ്വാഭാവികമായ അമർഷം കൃഷ്ണിലകനും പിതാവിനോടു പ്രദർശിപ്പിക്കുന്നുണ്ട്.

ഗുപ്തസാമ്രാജ്യത്തിലെ പശ്ചിമസംസ്ഥാനഗവർണ്ണർ ആയിരുന്നപ്പോൾ, കാളിദാസന്റെ പ്രേരണനിമിത്തം 'കൃഷ്ണചരിതം' എന്ന കാവ്യവും, 'പത്മപ്രാഭൃതക' എന്ന ഭാണവും, മൃച്ഛകടികാ എന്ന നാടകവും, അനേകം മുക്തകങ്ങളും ബുധഗുപ്തൻ രചിക്കുകയുണ്ടായി. എ.ഡി. 476-നു സമീപിച്ച് ഗുപ്തസമ്രാട്ടായി ഭവിച്ചതിനുശേഷം ഇദ്ദേഹം രചിച്ച കൃതിയാണു് ഹർഷവർദ്ധനന്റെ മുമ്പുപറഞ്ഞ 'ലിംഗാനുശാസനം'. 'കൃഷ്ണചരിത'ത്തിൽ ബുധഗുപ്തൻ തന്റെ തൂലികാനാമം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "ശ്രീവിക്രമാങ്കമഹാരാജാധിരാജ പരമഭാഗവത ശ്രീസമുദ്രഗുപ്തകൃതൌ കൃഷ്ണചരിതേ." ഗുപ്തസമ്രാട്ടുകളുടെ സംസ്ഥാനഗവർണ്ണർമാർ ചക്രവർത്തികളുടെ മേൽക്കോയ്മ തങ്ങളുടെ സംസ്ഥാനത്തിനകത്തുള്ള സാമന്തരാജാക്കന്മാരിൽ ചെലുത്തിയിരുന്നതുനിമിത്തം അവർക്കും 'മഹാരാജാധിരാജ'ബിരുദം സ്വീകരിക്കാം. പശ്ചിമദിക്പാലൻ സമുദ്രരാജാവായ വരുണനാണല്ലോ. ഇതു കാരണമാണു് പശ്ചിമസംസ്ഥാനഗവർണ്ണർ ബുധഗുപ്തൻ സമുദ്രഗുപ്തൻ (സമുദ്രസംസ്ഥാനത്തെ രക്ഷിക്കുന്നവൻ) എന്ന തൂലികാനാമം സ്വീകരിച്ചതു്. ബംഗാളിലെ പാലരാജവംശജൻ രാമപാലന്റെ ചരിത്രം വർണ്ണിക്കുന്ന സന്ധ്യാകരനന്ദിയുടെ 'രാമചരിത'കാവ്യത്തിൽ പാലവംശസ്ഥാപകൻ ധർമ്മപാലനു 'സമുദ്രകുലദീപൻ' എന്ന വിശേഷണപദം നല്കിയിരിക്കുന്നു. ബുധഗുപ്തന്റെ സന്ത

തികളായ ബംഗാളിലെ ഖഡ്ഗവംശക്കാരിൽനിന്നു പിൽക്കാലത്തു ജനിച്ചവരാണ് പാലരാജവംശക്കാർ. പാലരാജവംശത്തിനു സാംസ്കാരികബന്ധമുണ്ടായിരുന്ന ജാവായിലെ 'പഞ്ചതന്ത്രാ'നുകരണമായ 'തന്ത്രകാമന്ദക' എന്ന കൃതിയിൽ ബുധഗുപ്തനെ സമുദ്രഗുപ്തനെന്ന പേരിൽ പ്രസ്താവിച്ചിരിക്കുന്നു.

ബുധഗുപ്തൻ ശൂദ്രകനെന്ന തൂലികാനാമത്തിലാണ് 'പത്മപ്രാഭൃതക'യും, 'മൃച്ഛകടിക'യും രചിച്ചതു്. പൂർവ്വമാലവതലസ്ഥാനമായ സിയാൽകോട്ടിലെ ശൂദ്രക (ക്ഷുദ്രമാലവ), അഥവാ, ലിച്ഛവിരാജവംശക്കാരിയാണ് ബുധഗുപ്തന്റെ മാതാവു്. മാതൃവംശപ്പേരാണ് ബുധഗുപ്തന്റെ ശൂദ്രകനാമം. 'കൃഷ്ണചരിത'കാവ്യത്തിൽ താൻ കാളിദാസന്റെ പ്രേരണനിമിത്തമാണ് അതു രചിച്ചതെന്നു ഗ്രന്ഥകാരൻ പ്രസ്താവിച്ചിട്ടുള്ളതുനിമിത്തം, പ്രസ്തുത രണ്ടു നാടകകൃതികളും രചിക്കുന്നതിലും ആ മഹാകവിയുടെ പ്രേരണയുണ്ടായിരുന്നു എന്നു് അനുമാനിക്കാം.

കാളിദാസന്റെ ജീവചരിത്രം സുവ്യക്തമായി മനസ്സിലാക്കുവാൻ അന്നത്തെ ഗുപ്തസാമ്രാജ്യചരിത്രവും കാശ്മീരചരിത്രവും സൂക്ഷ്മമായി അറിഞ്ഞിരിക്കേണ്ടതാണ്. പുരാണങ്ങളിലും 'രാജതരംഗിണി'യിലും പ്രയോഗിച്ചിട്ടുള്ള കല്പഗണിതവും മററും മിത്തുകളാണെന്നു പറഞ്ഞു് ഇന്നത്തെ ഭാരതചരിത്രകാരർ തള്ളിക്കളഞ്ഞതുനിമിത്തം, ഇവക്ക് ഭാരതകാശ്മീരചരിത്രങ്ങളിലെ കാലങ്ങളെ സൂക്ഷ്മമായി നിർണ്ണയിക്കുവാനോ, സംഭവങ്ങളെ സുവ്യക്തമായി

വിവരിക്കുവാനോ ഇന്നുവരെ സാധിച്ചിട്ടില്ല. ഇവർ സങ്കല്പിച്ചിട്ടുള്ള കാശ്മീരചരിത്രകാലങ്ങൾക്കും സൂക്ഷ്മകാലങ്ങൾക്കും തമ്മിലുള്ള ഭീമമായ അന്തരം പ്രത്യക്ഷപ്പെടുത്തുവാൻ പററിയ ഒരു ഉദാഹരണം ചുവടെ ചേക്കുന്നു.

കാശ്മീരത്തെ തനിഭാരതീയനും അതിപ്രബലനുമായ രാജാവു വസുകുലപുത്രൻ മിഹിരകുലൻെറ വാഴ്ചക്കാലം 'രാജതരംഗിണി'യിലെ കല്പഗണിതപ്രകാരമുള്ള കാലക്കണക്കുകളിൽനിന്നും, എ. ഡി. 305-322 എന്നതാണെന്നു ഞാൻ നിർണ്ണയിച്ചിട്ടുണ്ട്. ഇദ്ദേഹത്തെ എ. ഡി. അഞ്ചാംശതകത്തിൽ പേർസ്യയേയും വടക്കുപടിഞ്ഞാറൻപ്രോവിൻസിനേയും ആക്രമിച്ച മംഗോളിയൻനരവംശജരായ എഫ്ത്തലൈററ്സിൻെറ (ശ്വേതഹൂണരുടെ) ഒരു രാജാവാക്കി നമ്മുടെ ചരിത്രകാരർ ഇദ്ദേഹത്തിനു ഉദ്ദേശം എ. ഡി. 510-530 എന്ന കാലം നല്കിയിരിക്കുന്നു. എ. ഡി. 510-530 എന്ന കാലത്തും തൊരമാണപുത്രൻ മിഹിരഗുലൻ എന്നൊരു രാജാവുണ്ടായിരുന്നു. പക്ഷേ, ഇദ്ദേഹവും മംഗോളിയൻനരവംശജരായ ശ്വേതഹൂണരുടെ രാജാവല്ല, പിന്നെയോ, ശ്വേതഹൂണരുടെ സാമന്തർ എന്ന നിലയിൽ അവരുടെ കല്പനപ്രകാരം പഞ്ചാബിനേയും മററും ആക്രമിച്ച തനി ഭാരതീയരും ഗാന്ധാരദേശക്കാരുമായ ചീനഹൂണരുടെ രാജാവുമാത്രമാണ്. സാർവവംശജരായ കുഷാണചക്രവത്തിമാരുടെ പില്ക്കാലസന്തതികളും, ചരിത്രകാരർ ചീനിയോത്സ് അഥവാ, ചെറുകുഷാണർ എന്നു പേരിട്ടിട്ടുള്ളവരും ആണ് ചീനഹൂണർ. ഈ ചീനഹൂണരെ വെറും ഹൂണരെന്നു നാമ

ത്തിൽ ഭാരതീയപുരാണേതിഹാസങ്ങൾ പ്രസ്താവിച്ചിട്ടുമുണ്ട്. ഇവരെ ചീനഹൂണരെന്ന പേരിൽ ഗുപ്തവാഴ്ചക്കാലത്തു രചിച്ച വിശാഖദത്തന്റെ 'മുദ്രാരാക്ഷസ'ത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:

"പശ്ചാത് തിഷ്ഠന്തു കീരാഃ ശകനരപതയഃ
സംഭൃതാശ്ചീനഹൂണൈഃ
കൗലൂതാദ്യശ്ച സിഷ്ടഃ പഥി പഥി വൃണയാദ്
രാജലോകഃ കുമാരം."

ശൂരസേനവർഗ്ഗക്കാരുടെ ഒരു ശാഖയായ കച്ഛവാഹർ എന്ന രജപുത്രരുടെ കൂട്ടത്തിൽ ബണ്ഡൽ-ഖണ്ഡ് ഐതിഹ്യം ചീനഹൂണരെ ഉൾപ്പെടുത്തിയിരിക്കുകയും ചെയ്യുന്നു.

കല്പഗണിതം മുഖേന ഞാൻ നിർണ്ണയിച്ചിട്ടുള്ള സൂക്ഷ്മകാലങ്ങളെ ആസ്പദിച്ചു കാളിദാസന്റെ കാലത്തെ കാശ്മീരഗുപ്തരാജ്യചരിത്രങ്ങളുടെ സാമാന്യഗതി സംഗ്രഹിച്ചു ചുവടെ ചേർക്കുന്നു. കുമാരഗുപ്തൻ ഒന്നാമൻ മഹേന്ദ്രവിക്രമൻ (എ. ഡി. 414-454) തന്റെ വാഴ്ചയുടെ പൂർവ്വാർദ്ധാന്ത്യത്തിനു സമീപിച്ചു പുരുഷപ്രാപ്തിയിൽ എത്താത്ത സ്വപുത്രൻ സ്കന്ദഗുപ്തനെ പ്രബലമായ സൈന്യസമേതം കാശ്മീരത്തേയ്ക്കു് അയച്ചു് അവിടത്തെ രാജാവും ഗോനന്ദവംശജനുമായ യുധിഷ്ഠിരൻ ഒന്നാമനെ (എ. ഡി. 426-435) യുദ്ധത്തിൽ തോല്പിച്ചു ഗാന്ധാരദേശത്തേയ്ക്കു് കാടിച്ചു. അനന്തരം അദ്ദേഹം പിതാവായ ചന്ദ്രഗുപ്തൻ രണ്ടാമൻ വിക്രമാദിത്യന്റെ ഒരു രക്തബന്ധുവായ പ്രതാപാദിത്യൻ ഒന്നാമനെ (എ. ഡി. 435-443) കാ

ശ്മീരരാജാവായി വാഴിക്കുകയും ചെയ്തു. കാശ്മീരയുദ്ധത്തിനു കാരണം അന്നു പേർസ്യയേയും ഗാന്ധാരദേശത്തേയും ആക്രമിച്ചുതുടങ്ങിയ മംഗോളിയരായ ശ്വേതഹൂണന്മാർക്കു കൂട്ടുകൊടുത്തുവന്ന ഗാന്ധാരരാജവംശങ്ങളായ ശകന്മാരോടും ചീനഹൂണരോടും യുധിഷ്ഠിരൻ സഖ്യം ചെയ്തതാണുതാനും.

ഈ യുദ്ധത്തെ തിബത്തിലെ 'ചന്ദ്രഗർഭപരിപൃച്ഛ' എന്ന കൃതി വിവരിച്ചിട്ടുണ്ട്. മഹേന്ദ്രവിക്രമൻ കുമാരഗുപ്തനു മഹേന്ദ്രസേനൻ എന്നു പേരിട്ട് അദ്ദേഹത്തിന്റെ പന്ത്രണ്ടുവയസ്സുമാത്രം പ്രായമുള്ള പുത്രൻ രാജ്യം ആക്രമിച്ച യവനപൽഹികശകന്മാരെ തോല്പിച്ചു എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഇതിലെ യവനർ ചീനഹൂണരും, പഹ്ലവർ പേർസ്യൻരാജ്യഭാഗങ്ങളിൽ ശ്വേതഹൂണർ നിയമിച്ച പേർസ്യൻഗവർണ്ണർമാരും, ശകന്മാർ ശകന്മാരുമാണ്. സ്മരണീയമായ ഈ വിജയത്തിനു കാരണമായ മുന്നൊരുക്കങ്ങളും, പ്ലാനുകളും തയ്യാറാക്കിയ കുമാരഗുപ്തനു വേണം ഇതിന്റെ കീർത്തി ലഭിക്കേണ്ടിയിരുന്നത്. കാളിദാസൻ തുടങ്ങിയ അദ്ദേഹത്തിന്റെ സമകാലീനർ ഇങ്ങനെ പ്രവർത്തിക്കുകയും ചെയ്തു എന്നു പിന്നീടു സ്ഥാപിക്കുന്നതാണ്. എന്നാൽ ഇന്നത്തെ ഇന്ത്യാചരിത്രകാരർ ഇതൊന്നും പരിഗണിക്കാതെ പ്രസ്തുതസൈന്യത്തിനു കേവലം ഒരു അലങ്കാരംമാത്രമായിരുന്ന ബാലന്റെ ചുമലിൽ ഇതിന്റെ കീർത്തി കെട്ടിവെച്ചിരിക്കുന്നു! തന്റെ നാടുവാഴ്ചയുടെ ആരംഭത്തിലുണ്ടായ മറ്റൊരു ചീനഹൂണാക്രമണം താൻ തടഞ്ഞു എന്നു സ്കന്ദഗുപ്തൻ ഭിടാരി

ലാട് ശാസനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ അതിൻെറ അന്ത്യത്തിലുണ്ടായ ചീനഹൂണാക്രമണത്തെ സമ്പൂർണ്ണമായി ചെറുക്കുവാൻ തനിക്കു സാധിച്ചില്ലെന്നുള്ളതിന് അദ്ദേഹത്തിൻെറ വിലകുറച്ച നാണയങ്ങൾ സാക്ഷ്യംവഹിക്കുന്നുണ്ടുതാനും.

പ്രതാപാദിത്യൻ ഒന്നാമൻെറ പൌത്രൻ തുഞ്ജീനൻ ഒന്നാമൻെറ (എ. ഡി 451 — 460) രാജധാനിയിലാണ് കാളിദാസൻ പാർത്തിരുന്നത്. ഇദ്ദേഹത്തിൻെറ കാലത്തു കാശ്മീരത്തിൽ ഒരു ക്ഷാമമുണ്ടായി എന്നു കൽഹണൻ പറയുന്നുണ്ട്. തുഞ്ജീനൻെറ സമകാലീനനായ പാരസികരാജാവ് എറൂസ്സിൻെറ വാഴ്ചക്കാലത്ത് (എ. ഡി. 457 — 484) പെർസ്യയിലും ഏഴുവർഷത്തെ ക്ഷാമം ഉണ്ടായി എന്നു പാരസികചരിത്രകാരർ പ്രസ്താവിച്ചിരിക്കുന്നു. ഈ പൊരുത്തം എൻെറ കാലനിർണ്ണയത്തിൻെറ സൂക്ഷ്മത സ്ഥാപിക്കുന്നില്ലേ? ഗുപ്തർ കാശ്മീരത്തു സ്ഥാപിച്ച മേൽക്കോയ്മ എ. ഡി. 482വരെ മാത്രമേ നിലനിന്നുള്ളു. ഗാന്ധാരത്തിലേയ്ക്കു ബഹിഷ്കൃതനായ യുധിഷ്ഠിരൻെറ സന്തതിപരമ്പരയിൽപ്പെട്ട മേഘവാഹനൻ ആദ്യം പ്രാഗ്ജ്യോതിഷരാജവംശത്തിലെ ഒരു കുമാരിയെ വേട്ട് അവരുടെ ആനുകൂല്യം നേടി. അനന്തരം എ. ഡി. 482-ൽ അദ്ദേഹം താൻ ജനിച്ചുവളൎന്ന ഗാന്ധാരദേശത്തെ ചീനഹൂണന്മാരുടേയും ശകന്മാരുടേയും സൈന്യസമേതം കാശ്മീരം ആക്രമിച്ച് അതിൻെറ സിംഹാസനം കരസ്ഥമാക്കി. ചില ഗുപ്തസാമ്രാജ്യഭാഗങ്ങളും ഇദ്ദേഹം ആക്രമിച്ചു കീഴടക്കാതെയിരുന്നില്ല. ഇതോടുകൂടി കാശ്മീര

ത്തു ഗുപ്തഃമൽക്കോയ്മ അവസാനിക്കുകയും ചെയ്തു. അന്നു ബുധഗുപ്തനായിരുന്നു ഗുപ്തചക്രവത്തി.

മേഘവാഹനൻ ഏ. ഡി. 490-ൽ മരിച്ചു. ഇദ്ദേഹത്തിൻെറ പുത്രൻ പ്രവരസേനൻ ഒന്നാമൻ പിന്നീട് ഏ. ഡി. 497വരെ കാശ്മീരം ഭരിച്ചു. പ്രവരസേനൻെറ മരണാനന്തരം, തൻെറ രണ്ടു പുത്രന്മാരായ ഹിരണ്യനും, തൊരമാണനും തമ്മിൽ സിംഹാസനലബ്ധിക്കായി ഒരു ആഭ്യന്തരയുദ്ധം തുടങ്ങി. മേഘവാഹനൻെറ കാലംമുതല്ക്കുതന്നെ കാശ്മീരത്തു തനിക്കു നഷ്ടപ്പെട്ടുപോയ മേൽക്കോയ്മ വീണ്ടെടുക്കുവാൻ ബുധഗുപ്തൻ പ്ലാനിടാതെയിരുന്നില്ല. ഇതിൻെറ ആദ്യത്തെ പടിയായി അന്നുതന്നെ ഇദ്ദേഹം തൻെറ പുത്രി അഞ്ജനയെ മേഘവാഹനൻെറ പൌത്രൻ തൊരമാണനു കല്യാണംകഴിച്ചുകൊടുത്തിരുന്നു. തൊരമാണൻെറ ശ്വശുരനായി കൽഹണൻ പറഞ്ഞിട്ടുള്ള ഇക്ഷ്വാകുവംശജൻ വജ്രേന്ദ്രൻ വാസ്തവത്തിൽ ഇക്ഷ്വാകുവംശജനായ ബുധഗുപ്തൻതന്നെയാണ്. വജ്രനായ ഇന്ദ്രൻെറ പുരമായ ഇന്ദ്രപ്രസ്ഥമായിരുന്നല്ലോ ബുധഗുപ്തൻെറ മാതാവിൻെറ വംശക്കാരുടെ രാജധാനി സിയാൽക്കോട്. ഹിരണ്യനും തൊരമാണനും തമ്മിൽ പോരു തുടങ്ങിയപ്പോൾ, ബുധഗുപ്തൻ തൻെറ ജാമാതാവു തൊരമാണനെ ഗൂഢമായി സഹായിച്ചു. പക്ഷേ, ഈ പണി തല്ക്കാലം പററിയില്ല. ഹിരണ്യൻ അനുജനെ തോല്പിച്ചു കാരാഗൃഹത്തിൽ പാപ്പിച്ചു. ഇതിൽവെച്ചു തൊരമാണൻ മരിക്കുകയും ചെയ്തു.

ഏ. ഡി. 505-ൽ ഹിരണ്യൻ മരിച്ചു. അപ്പോൾ

കിരീടാവകാശിയായ തൊരമാണപുത്രൻ പ്രവരസേനൻ രണ്ടാമനു പ്രായപൂർത്തി വന്നിരുന്നില്ല. അതുകൊണ്ടു തൻെറ പൌത്രൻെറ റീജൻറായി കാശ്മീരം ഭരിക്കുവാൻ ബുധഗുപ്തൻ തൻെറ സേവനും ഒരു സാഹിത്യകാരനുമായ മാതൃഗുപ്തനെ നിയോഗിച്ചു. ഒരു വൎഷവും ഏതാനും മാസങ്ങളും കഴിഞ്ഞപ്പോൾ ബുധഗുപ്തൻ ഏ. ഡി. 506-ൽ മരണമടഞ്ഞു. ഉടനെതന്നെ മാതൃഗുപ്തൻ റീജൻറുദ്യോഗം ഒഴിയുകയും ചെയ്തു.

അനന്തരം പ്രവരസേനൻ രണ്ടാമൻ (ഏ. ഡി. 506-521) കാശ്മീരം ഭരിച്ചു. ഇദ്ദേഹമാണ് ഇന്നത്തെ രാജധാനി ശ്രീനഗരം സ്ഥാപിച്ചതു്. പ്രവരസേനൻെറ വാഴ്ചയോടുകൂടി കാശ്മീരം സ്വതന്ത്രവും പ്രബലവുമായ ഒരു രാജ്യമായി ഭവിച്ചു. ബുധഗുപ്തപുത്രനും, തൻെറ മാതുലനുമായ ഭാനുഗുപ്തൻ ദ്വാദശാദിത്യനെ ചീനഹൂണനൃപൻ മിഹിരഗുലൻ തോല്പിച്ചു ഗുപ്തസാമ്രാജ്യത്തിൻെറ ചില ഭാഗങ്ങൾ കരസ്ഥമാക്കിയപ്പോൾ, ഇവയിൽ ചിലതു മാതുലനു വീണ്ടെടുത്തുകൊടുക്കുവാൻ പ്രവരസേനൻ ചീനഹൂണരോടു യുദ്ധംചെയ്യുകയും ചെയ്തു.

കുമാരഗുപ്തൻ ഒന്നാമൻെറ മുകളിൽ വിവരിച്ച ദിഗ്വിജയത്തെപ്പററിയുള്ള ജനകീയകഥകൾ ബാല്യംമുതല്ക്കു കേട്ടിരുന്ന കാളിദാസൻ വാൎദ്ധക്യത്തിൽ ഈ ചീനഹൂണജേതാവിൻെറ പുത്രന്മാരുടെ കാലത്തു ചീനഹൂണർ ഗുപ്തസൈന്യങ്ങളെ തുടരെത്തുടരെ പരാജയപ്പെടുത്തുന്നതു കാണുകയുണ്ടായി. ഇതിൽനിന്നു ജനിച്ച സ്വാഭാവികമായ കുണ്ഠിതംനിമിത്തം അദ്ദേഹം 'രഘുവംശ'മഹാകാ

വ്യം രചിച്ചു. ഇതിലെ രഘുകുമാരഗുപ്തൻ ഒന്നാമൻെറ പ്രതിരൂപവും, അഗ്നിവൎണ്ണൻ സ്കന്ദഗുപ്തൻേറയും ബുധഗുപ്തൻേറയും പ്രതിരൂപവുമാണ്. രഘുവും, ഗുപ്തന്മാരും ഒന്നുപോലെ ഇക്ഷ്വാകുവംശജരാണെന്നുള്ള വസ്തുതയും ഇവിടെ ഓൎക്കേണ്ടതാണ്. രഘുവിൻെറ ഉത്തരദേശദിഗ്വിജയവൎണ്ണനയിൽ കാളിദാസൻ താൻ ബാല്യംമുതല്ക്കേ അത്യധികം ബഹുമാനിച്ചിരുന്ന കുമാരഗുപ്തൻെറ ദിഗ്വിജയത്തെയാണ് വാസ്തവത്തിൽ വൎണ്ണിച്ചിരിക്കുന്നതും. ജനസാമാന്യത്തിനിടയ്ക്കു രഘു നേടിയിരുന്ന സ്വാധീനത വൎണ്ണിക്കുന്ന ചുവടെ ഉദ്ധരിച്ചിട്ടുള്ള ഒരു ശ്ലോകത്തിൽ താൻ യഥാൎത്ഥത്തിൽ വൎണ്ണിക്കുന്നതു കുമാരഗുപ്തനെയാണെന്നു കാളിദാസൻ സൂചിപ്പിച്ചിട്ടുണ്ട്:

"ഇക്ഷുച്ഛായ നിഷാദിന്യസ്തസ്യ ഗോപ്തുർഗ്ഗുണോദയം
ആകുമാരകഥോദ്ഘാതം ശാലിഗോപ്യോ ജഗുർയശഃ"

ഇതിലെ 'ഇക്ഷു', 'ആകു' എന്ന പദങ്ങൾ കൂട്ടിച്ചേൎത്താൽ, ഇക്ഷ്വാകു എന്ന കുമാരഗുപ്തൻെറ വംശനാമം കിട്ടും. 'ആകുമാര' എന്നതിലെ ആദ്യഅക്ഷരം എടുത്തുകളഞ്ഞു ശേഷിച്ചതിനോടു 'ഗോപ്തുർ' എന്നതു ചേൎത്താൽ, കുമാരഗോപ്തുർ എന്നതു ലഭിക്കുമല്ലോ. ഗോപ്തുസ് എന്നതിനും, ഗുപ്തൻ എന്നതിനും ഒന്നുപോലെ രക്ഷിക്കുന്നവൻ എന്നാണ് അൎത്ഥവും. അതുകൊണ്ടു കുമാരഗുപ്തൻെറ നാമം കാളിദാസൻ ഇതിൽ സൂചിപ്പിച്ചിട്ടുണ്ടെന്നു വിചാരിക്കുകയും ചെയ്യാം.

പ്രസ്തുതസൂചനകൾ കാണുന്നതു കേവലം ഭാവനാധിക്യത്തിൻെറ ഫലം മാത്രമാണെന്നു പറയുന്നവൎക്കു സ

മാധാനമായി രഘുവിൻെറ ഉത്തരദിക്കിലുള്ള സിന്ധുതീരാ ക്രമണം വൎണ്ണിക്കുന്ന മൂന്നു ശ്ലോകങ്ങൾ ചുവടെ ഉദ്ധരിക്കുന്നു:

"തതഃ പ്രതസ്ഥേ കൌബേരീം ഭാസ്വാനിവ രഘുർദിശം
ശരൈരുസ്രൈരിവോദീച്യാനുദ്ധരിഷ്യൻ രസാനിവ.
വിനീതാധ്വശ്രമാസ്തസ്യ സിന്ധുതീരവിചേഷ്ടനൈഃ
ദുധുവുർവാജിനഃ സ്കന്ധാംല്ലഗ്നകുങ്കുമകേസരാൻ.
തത്ര ഹൂണാവരോധാനാം ഭത്തൃഷു വ്യക്തവിക്രമം
കപോലപാടനാദേശി ബഭൂവ രഘുചേഷ്ടിതം."

സുപ്രസിദ്ധങ്ങളായ ഈ മൂന്നു ശ്ലോകങ്ങളിൽ രണ്ടാമത്തേതിലെ 'സിന്ധുതീര' എന്നതിനുപകരം കാണുന്ന 'വങ്ക്ഷുതീര' എന്ന പാഠവും, മൂന്നിലെ 'കപോലപാടനാദേശി' എന്നതിനുപകരമുള്ള 'കപോലപാടലാദേശി' എന്ന പാഠവും ശരിയല്ല. രഘുവിൻെറ ദിഗ്വിജയം പൂൎവ്വദിക്കിലുള്ള സുംഹത്തിൽ (ഗയ നില്ക്കുന്ന ദക്ഷിണരാഢത്തിൽ) തുടങ്ങി ദക്ഷിണ, പശ്ചിമ എന്നീ ദിക്കുകൾ കടന്നു ഉത്തരദിക്കിലെ പ്രാഗ്ജ്യോതിഷത്തിൽ അവസാനിക്കുന്നു. ബീഹാറിലെ സുംഹ ജയിച്ചതിനുശേഷം, രഘു ശേഷിച്ച പൂൎവ്വദിക്കുകളായ വംഗം (ബംഗാൾ), ഉല്ക്കലം (ഒറിസ്സ), കലിംഗം (മഹേന്ദ്രഗിരിയുള്ള ഗഞ്ചാംജില്ല) എന്നിവയിൽ വിജയം നേടുന്നു.

പിന്നീട് അദ്ദേഹം ദക്ഷിണദിക്കിലെ പാണ്ഡ്യം, കൊങ്കണം അഥവാ കേരളം, എന്നിവയിൽ ദിഗ്വിജയം നടത്തുന്നു. ഈ പാണ്ഡ്യം പുരാണപ്രസിദ്ധമായ താമ്രപൎണ്ണിമഹാനദി (ഇന്നത്തെ മഹാനദി) തീരങ്ങളിലുണ്ടായിരു

ന്ന പണ്ടത്തെ ഉത്തരപാണ്ഡ്യമാണ്. പാണ്ഡ്യത്തിൽനിന്നു കൊങ്കണ-കേരളത്തിലേയ്ക്കു പ്രവേശിക്കുവാൻ രഘു കടക്കുന്ന സഹ്യാദ്രി ഇതേ നാമവുംകൂടി ഇന്നു വഹിക്കുന്ന അജണ്ടാപർവ്വതനിരയാണ്. അനന്തരം രഘു പശ്ചിമദിക്കിലെ രാജ്യങ്ങളായ അപരാന്തം (ഗുജറാത്തും കച്ഛും), പാരസികം (സിന്ദ്), യവനമ്ലേച്ഛദേശങ്ങൾ (പഞ്ചാബ്) എന്നിവ ആക്രമിച്ചു കീഴടക്കുന്നു. രാവണൻെറ കാലത്തെ ലങ്കാനഗരം നിന്നിരുന്ന ത്രികൂടഗിരിയാണ് കാളിദാസൻെറ അപരാന്തത്തിലെ ത്രികൂടഗിരിയും. ഇതു ഗുജറാത്തിലെ പോർബന്തർ സ്റ്റേററിലെ ത്രിശിഖരവാനായ ബർഡാപർവ്വതമാണ്.

സിന്ദിൻെറ പശ്ചിമഭാഗം കാളിദാസൻെറ കാലത്തു പെർസ്യാസാമ്രാജ്യത്തിലുൾപ്പെട്ടിരുന്നതുനിമിത്തമാണ് കാളിദാസൻ സിന്ദിനു പാരസികം എന്ന പേരു നല്കിയിരിക്കുന്നതു്. മത്സ്യപുരാണപ്രകാരം തുർവസുക്കൾ യവനരും, അനുസന്തതികൾ മീശവളർത്തുന്ന മ്ലേച്ഛരുമാണ്. ഇവരുടെ വംശക്കാരായ സാമന്തന്മാർ കാളിദാസൻെറ കാലത്തു പഞ്ചാബിനെ ഭരിച്ചിരുന്നു. യവന-മ്ലേച്ഛദേശത്തെ കാളിദാസൻെറ 'ദ്രാക്ഷാവലയഭൂമി' മദിര(മുന്തിരിച്ചെടി) കൃഷിയുള്ള ജലം(പണ്ടത്തെ മദിര അഥവാ, മദ്ര) നഗരപ്രദേശവുമാണ്.

ഈ 'ദ്രാക്ഷാവലയഭൂമി'യിൽനിന്നു രഘു സിന്ധുതീരമുള്ള കുബേരദിക്കിലേയ്ക്കു (ഉത്തരദിക്കിലേയ്ക്കു) കടക്കുന്നു. ഈ സിന്ധുതീരവിജയമാണ് മുകളിലുദ്ധരിച്ച മൂന്നു ശ്ലോകങ്ങളിലും വർണ്ണിച്ചിട്ടുള്ളതു്. 'മേഘദൂതി'ലെ കുബേരരാ

ജധാനി അളകയുള്ള കാശ്മീരമാണ് ഈ ഉത്തരദിക്കെന്നു 'കൌബേരീം ദിശം' എന്ന പദങ്ങൾമുഖേന ഒന്നാംശ്ലോകത്തിൽ കവി ധ്വനിപ്പിച്ചിരിക്കുന്നു. കാശ്മീരതലസ്ഥാനത്തിന്റെ പത്തു മൈൽ വടക്ക് ഒഴുകി ജലംനദിയിൽ ചേരുന്ന സിന്ദ് (സിന്ധു) നദീദേശമാണ് കാളിദാസന്റെ സിന്ധുതീരം. ഈ ദേശം കുങ്കമച്ചെടികൃഷിക്കു പേരെടുത്തിരുന്നതുനിമിത്തം കുങ്കമത്തിനു കാശ്മീരജന്മം എന്ന പര്യായം ലഭിച്ചു. ഇതുകാരണമാണ് സിന്ധുതീരത്തു വിശ്രമിച്ചു നിലത്തുകിടന്നുരുണ്ട രഘുവിന്റെ കുതിരകളുടെ കേസരങ്ങളിൽ കുങ്കമം പററിയിരുന്നു എന്നു കവി വർണ്ണിച്ചിരിക്കുന്നത്. ഈ സിന്ദ്നദി ജലത്തിനോടു ചേരുന്നതിനു സമീപമുള്ള ഇന്നത്തെ പരസ്പൂർ ഗ്രാമവും, ഒരു മുപ്പതു മൈൽ അകലെയുള്ള പമ്പാർഗ്രാമവുമാണ് ഇന്നത്തെ കാശ്മീരത്തെ ഏററവും പ്രധാനപ്പെട്ട കുങ്കമച്ചെടികൃഷിസ്ഥലങ്ങൾ.

മൂന്നാംശ്ലോകത്തിൽ, ഹൂണഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർ യുദ്ധക്കളത്തിൽവെച്ചു മൃതിയടയുമ്പോൾ ദുഃഖസൂചകമായി തങ്ങളുടെ മുഖങ്ങൾ പിച്ചിക്കീറി രക്തമയമാക്കുന്ന പതിവു കവി വർണ്ണിച്ചിരിക്കുന്നു. ഇതു ഗാന്ധാരദേശത്തെ ചീനഹൂണരുടെ ഒരു ആചാരമാണെന്നു വിചാരിക്കാം. ഗാന്ധാരത്തെ ശ്വേതഹൂണസാമന്തരായ ചീനഹൂണരോടും ശകന്മാരോടും യുധിഷ്ഠിരൻ സഖ്യംചെയ്തതുകാരണമാണല്ലോ കുമാരഗുപ്തൻ കാശ്മീരം ആക്രമിച്ചതു്. യുധിഷ്ഠിരനെ ഈ യുദ്ധത്തിൽ സഹായിക്കുവാൻ ചീനഹൂണരും ശകന്മാരും കാശ്മീരരാജധാനി നില്ക്കുന്ന

സിന്ധുതീരത്തു വന്നിരുന്നു. ഇവരെയാണ് രഘുവായ കുമാരഗുപ്തൻ പരാജയപ്പെടുത്തിയതു്.

പശ്ചിമസംസ്ഥാനഗവൺമെൻ്റ്ര് ബുധഗുപ്തൻെറ തലസ്ഥാനമായ ഉജ്ജൈനിയിൽ മുകളിൽ വിവരിച്ചതുപോലെ കാളിദാസൻ താമസിച്ചുകൊണ്ടിരുന്നപ്പോഠം സ്കന്ദഗുപ്തൻ (ഏ. ഡി. 454—468) മരിക്കുകയും, പുത്രൻ നരസിംഹഗുപ്തൻ ബാലാദിത്യൻ(ഏ ഡി. 468—473) ഗുപ്തസിംഹാസനമേറുകയും ചെയ്തു. ഇതോടുകൂടി ഗുപ്തസാമ്രാജ്യം കരസ്ഥമാക്കുവാൻ ബുധഗുപ്തൻ നിശ്ചയിച്ചു് അതിനുവേണ്ട പ്രാരംഭപ്രവത്തനങ്ങഠം ആരംഭിച്ചു. ഈ പ്രവത്തനങ്ങഠം ഫലിച്ചതു നരസിംഹഗുപ്തൻെറ പിൻഗാമി കുമാരഗുപ്തൻ രണ്ടാമൻെറ (ഏ. ഡി. 473—476) വാഴ്ചാന്ത്യത്തിലായിരുന്നുതാനും. തൻെറ സംസ്ഥാനത്തിലെ സാമന്തരാജാക്കന്മാരുടെ ഭക്തി നരസിംഹഗുപ്തനിൽനിന്നു മാററി തന്നോടാക്കുന്നതിലാണ് ബുധഗുപ്തൻ ആദ്യമായി ശ്രദ്ധ പതിപ്പിച്ചതു്. ഇതിൽ ഈ സാമന്തന്മാരുടെ ഇടയ്ക്കു തൻെറ കവിതമൂലേന വലിയ സ്വാധീനതയുണ്ടായിരുന്ന കാളിദാസൻ ബുധഗുപ്തൻെറ ഏററവും പ്രധാനപ്പെട്ട ഏജൻറായി പ്രവത്തിക്കുകയും ചെയ്തു. കുമാരവിഷയസാമന്തൻ വരരുചി കാളിദാസൻെറ ഉററമിത്രമാണല്ലോ. സിയാൽകോട്ട് സാമന്തൻ ഭർത്തൃഹരിയേയും, ചംബാസാമന്തൻ ഗോപിചന്ദ്രനേയും സന്യാസിമാരാക്കിയ വരരുചി ഇവരിൽ അത്യധികം സ്വാധീനത ചെലുത്തിയിരുന്നു. കാശ്മീരത്തിലെ രാജവംശത്തോടും കാളിദാസന് അടുപ്പമുണ്ടായിരുന്നല്ലോ.

തുഞ്ജീനൻെറ മരണംമുതല്ക്കു മേഘവാഹനൻെറ സിംഹാസനാരോഹണംവരെയുള്ള കാശ്മീരചരിത്രസംഭവങ്ങൾ കൽഹണൻ വൎണ്ണിച്ചിട്ടുള്ളതിൽ കാശ്മീരത്തു ബുധഗുപ്തൻ നടത്തിവന്ന പ്രസ്തുതയുദ്ധപ്രവൎത്തനങ്ങൾ കാണാവുന്നതാണ്. സന്തതിയില്ലാതെ തുഞ്ജീനൻ മരിച്ചപ്പോൾ, മററൊരു വംശത്തിലുള്ള വിജയൻ കാശ്മീരരാജാവായി. ഒരു വൎഷത്തെ ഭരണത്തിനുശേഷം എ. ഡി. 461-ൽ വിജയൻ മരിച്ചു ഉടനെ ജയേന്ദ്രൻ (എ. ഡി. 461—470) കാശ്മീരസിംഹാസനമേറുകയുണ്ടായി. ജയേന്ദ്രൻ തൻെറ മന്ത്രിയായ സന്ധിമത്തിനെ, അഥവാ ആൎയ്യരാജനെ, ഇദ്ദേഹത്തിൻെറ രാജദ്രോഹത്തിനു തടവിൽ പാൎപ്പിക്കുകയും, കടുക്കം വധിക്കുകയും ചെയ്തു. മരിച്ചയുടനെ സന്ധിമത്തിൻെറ ഗുരുവായ ഈശാനൻ അദ്ദേഹത്തെ പുനൎജ്ജീവിപ്പിച്ചു തൻെറ വസതിയിൽ ഗൂഢമായി പാൎപ്പിച്ചു. ജയേന്ദ്രൻ സന്തതിയില്ലാതെ മരിച്ചപ്പോൾ കാശ്മീരത്തുകാർ സന്ധിമത്തിനെ (എ. ഡി. 470—482) തങ്ങളുടെ രാജാവാക്കി വാഴിച്ചു. ഒരു വലിയ ശിവഭക്തനായിരുന്ന ഇദ്ദേഹം ശൈവമതം പ്രചരിപ്പിക്കുന്നതിലാണ് പ്രധാനമായി ശ്രദ്ധിച്ചിരുന്നതു്. രാജധാനി രുദ്രാക്ഷധാരികൾകൊണ്ടു നിറഞ്ഞിരുന്നു. ഇതിൽ തൻെറ പ്രജകൾക്കു കഠിനമായ അതൃപ്തി തോന്നിയിരുന്നു. അവർ മററൊരാളെ വാഴിക്കുന്നതിനെപ്പററി ചിന്തിച്ചുകൊണ്ടിരുന്നപ്പോളാണ് മേഘവാഹനൻ കാശ്മീരം ആക്രമിച്ചതു്. ഉടനെ സന്ധിമത് സ്ഥാനത്യാഗംചെയ്തു സന്ന്യസിക്കുവാൻ പോവുകയും ചെയ്തു.

കൽഹണൻെറ പ്രസ്തുത വിവരണത്തിലെ ഗുരു ഈശാനൻ ഈശ്വരവർമ്മൻ എന്ന വ്യക്തിനാമമുള്ള വരരുചിയാണ്. വരരുചിയുടെ പിടിയിൽപ്പെട്ട ഗുപ്തസമ്രാട്ടുകളോടുള്ള ഭക്തി ബുധഗുപ്തനിലേയ്ക്കു മാററുവാൻ മന്ത്രിയായിരിക്കുമ്പോൾ സന്ധിമത് ശ്രമിച്ചതിനാണ് അദ്ദേഹത്തെ ജയേന്ദ്രൻ തടവിൽ പാർപ്പിച്ചത്. കാളിദാസൻ മുഖേനയാണ് ബുധഗുപ്തൻ വരരുചിയെ പാട്ടിലാക്കി ഇപ്രകാരം ചെയ്യിച്ചതെന്നു വിചാരിക്കാം. ഈശാനൻ ഒരു മഹായോഗിയാണെന്നു സൂചിപ്പിക്കുവാനാണ് കൽഹണൻ ഐതിഹ്യപ്രകാരം സന്ധിമത്തിൻെറ വധകഥയും പുനർജ്ജീവനകഥയും പറയുന്നത്. വരരുചി ജാലന്ധരീനാഥനെന്ന ഒരു മഹായോഗിയായിരുന്നല്ലോ. എ. ഡി. 476-ൽ ഗുപ്തസിംഹാസനം കരസ്ഥമാക്കുമ്പോൾ ബുധഗുപ്തനെ വരരുചി, സന്ധിമത്, ഭർത്തൃഹരി, ഗോപീചന്ദ്രൻ മുതലായ പശ്ചിമസംസ്ഥാനസാമന്തന്മാർ സഹായിക്കുകയും ചെയ്തിരുന്നു.

തൻെറ സംസ്ഥാനത്തിലെ സാമന്തരെ സ്വാധീനപ്പെടുത്തുവാൻ വേണ്ട പ്രവൃത്തികൾ തുടങ്ങിയതിനുശേഷം ബുധഗുപ്തൻ അതിൻെറ തെക്കൻ അതൃത്തിയിലുള്ള ദക്ഷിണാപഥത്തിലെ ഏററവും പ്രബലമായ വാകാടകരാജ്യത്തിലെ രാജാവിനെ പാട്ടിലാക്കുന്നതിൽ ശ്രദ്ധപതിപ്പിച്ചു. വടക്കു മഹാദേവമേകലപവ്വതനിരകളും, തെക്കു ഹൈദരബാദ്, ബാസ്റ്റാർ എന്നീ നാട്ടുരാജ്യങ്ങളും, കിഴക്ക് ഒറിസ്സയിലെ സോൺപൂർജില്ലയും, പടിഞ്ഞാറ് ഖണ്ഡേഷ് ജില്ലയും, അതൃത്തികളായുള്ള ഒരു വിശാലമായ

രാജ്യമായിരുന്നു ഇതു്. ഇതിന്റെ തലസ്ഥാനമായ പ്രവരപുരം അഥവാ, നന്ദിവർദ്ധനം, നാഗപുരം നഗരത്തിനു് ഒരു മുപ്പത്തിഅഞ്ചു മൈൽ വടക്കുള്ള ഇന്നത്തെ നന്ദ്പൂർഗ്രാമത്തിൽ സ്ഥിതിചെയ്തിരുന്നു. വാകാടകർ എന്ന രാജവംശമാണു് ഇതിനെ അന്നു ഭരിച്ചുവന്നതു്.

ഈ രാജ്യത്തിനു ദക്ഷിണകോസലമെന്നു കാളിദാസന്റെ കാലത്തിനുമുമ്പു പേരുണ്ടായിരുന്നു. പഞ്ചാബിലെ മദ്ര-പാണ്ഡ്യരാജ്യതലസ്ഥാനമായ സാകലരുടെ അപരനാമമായ ഭദ്രങ്കര എന്നതിന്റെ ഒരു രൂപഭേദമായ ഭദ്രാവതി എന്ന നാമമുള്ള നഗരമായിരുന്നു ദക്ഷിണകോസലത്തിന്റെ ഒരു പ്രധാനതലസ്ഥാനം. ഇന്നത്തെ ചണ്ഡനഗരത്തിനു സമീപമുള്ള ഭണ്ഡക്ഗ്രാമത്തിലാണു് ഭദ്രാവതി സ്ഥിതിചെയ്തിരുന്നതു്. വാകാടകരാജ്യത്തിന്റെ കിഴക്കൻഭാഗങ്ങൾ പഞ്ചാബിലെ മദ്ര-പാണ്ഡ്യവംശത്തിന്റെ ഒരു ശാഖയായ പാണ്ഡ്യർ കാളിദാസന്റെ കാലത്തു വാകാടകരുടെ സാമന്തരായി ഭരിച്ചുവന്നിരുന്നു. ഇവരെയാണു് രഘു തോല്പിച്ചതും.

പുരാണങ്ങൾ വിദിശയിലെ ശുക്ലപ്രവീരൻ എന്ന പേരിൽ പ്രസ്താവിച്ചിട്ടുള്ള ഒന്നാംകുഷാണചക്രവർത്തി കുജുലൻ കടകഭോജന്റെ കുലസ്ഥാപകൻ ശേഷനാഗവംശജൻ വിന്ധ്യാശക്തിതന്നെയാണു് വാകാടകവംശത്തിന്റേയും കുലസ്ഥാപകൻ. ചന്ദ്രഗുപ്തൻ രണ്ടാമൻ വിക്രമാദിത്യന്റെ (എ. ഡി. 380-414) സമകാലീനനായ പൃഥിവീസേനൻ ഒന്നാമന്റെ കാലത്താണു് വാകാടകർ അതിപ്രബലരായി ഭവിച്ചതു്. ഒരു ദിഗ്വിജയം നടത്തി ഇ

ദ്ദേഹം മദ്ധ്യയിന്ത്യാരാജ്യങ്ങളായ കുന്തളം (അജണ്ടപർവ്വത ദേശം), ത്രികൂടം (മേകലപർവ്വതദേശം), ലാടം (വരലാടമായ സൂറററ്, ബസ്സീൻ എന്നീ ജില്ലകൾ), ആന്ധ്ര എന്നീ രാജ്യങ്ങളെ കീഴടക്കി. പൃഥ്വീസേനന്റെ പ്രാബല്യം ജനിപ്പിച്ച ആശങ്കനിമിത്തം ചന്ദ്രഗുപ്തൻ അദ്ദേഹത്തിന്റെ സഖ്യം നേടുവാനായി തന്റെ ഒരു പുത്രിയെ പൃഥ്വീസേനപുത്രൻ രുദ്രസേനൻ രണ്ടാമനു കല്യാണംകഴിച്ചു കൊടുത്തു. കുമാരഗുപ്തൻ ഒന്നാമന്റേയും, സ്കന്ദഗുപ്തന്റേയും സമകാലീനനായിരുന്നു ഈ രുദ്രസേനൻ. രുദ്രസേനപുത്രൻ പ്രവരസേനൻരണ്ടാമൻ യുവരാജാവായിരിക്കുമ്പോൾ തന്നെ കവിതാവാസന പ്രദർശിപ്പിച്ചിരുന്നു. ഇതുനിമിത്തം ഇദ്ദേഹം അന്നുമുതൽക്കേ കാളിദാസനെ അത്യധികം ബഹുമാനിച്ചുവന്നിരുന്നു.

കാളിദാസനോടുള്ള പ്രവരസേനന്റെ ബഹുമാനത്തെ പ്രയോജനപ്പെടുത്തി തന്റെ സാമ്രാജ്യമോഹം സാധിക്കുന്നതിൽ വാകാടകരുടെ ആനുകൂല്യം നേടുവാൻ ബുധഗുപ്തൻ നിശ്ചയിച്ചു. അതുകൊണ്ടു നരസിംഹഗുപ്തന്റെ വാഴ്ച്ചാരംഭത്തിൽ കാളിദാസനെ തന്റെ രാജദൂതനായി ബുധഗുപ്തൻ വാകാടകരാജധാനി പ്രവരപുരത്തേയ്ക്കു പറഞ്ഞയച്ചു. ബുധഗുപ്തന്റെ കല്പനയനുസരിച്ചു കാളിദാസൻ തന്റെ കുടുംബത്തെ അവരുടെ നാടായ കാശ്മീരത്തെ വൃഞ്ചിൽ കൊണ്ടുചെന്നു പാർപ്പിച്ചതിനുശേഷം, പ്രവരപുരത്തേയ്ക്കു പോയി അവിടെ ഒരു വർഷത്തിലധികംകാലം താമസിക്കുകയും ചെയ്തു.

കാളിദാസന്റെ പ്രവരപുരവാസത്തിനുള്ള ലക്ഷ്യ

ങ്ങൾ പ്രവരസേനൻ രണ്ടാമൻെറ 27-ാംവഷ്ത്തിലെ പട്ടൻശാസനത്തിൽ കാണാം. പട്ടൻശാസനം രചിച്ചതു സേനാപതികാത്യായനൻെറ കീഴുദ്യോഗസ്ഥൻ കാളിദാസൻ ആണെന്നും, ഇതു ചെമ്പുതകിടിൽ എഴുതിയതു് ഈശ്വരദത്തൻ എന്ന തട്ടാനാണെന്നും ഇതിൽ പ്രസ്താവിച്ചിരിക്കുന്നു. കാളിദാസമഹാകവിയുടെ ചങ്ങാതി വരരുചി കാത്യായനഗോത്രക്കാരനാണ്. കാളിദാസൻെറ വ്യക്തിനാമം ഈശ്വരദത്തനെന്നുമാണല്ലോ. പ്രസ്തുതശാസനത്തിലെ ഈ മൂന്നു പേരുകളും കാളിദാസൻെറ പ്രവരപുരനിവാസത്തിനു നിസ്സംശയമായി സാക്ഷ്യം വഹിക്കുന്നുണ്ടു്. കാളിദാസനേയും ചങ്ങാതി വരരുചിയേയും അത്യധികം ബഹുമാനിച്ചിരുന്ന പ്രവരസേനൻെറ പ്രീതി നേടുവാനായി ഇവർ ഇരുവരുടേയും സ്മരണയെ നിലനിൎത്തുന്ന നാമങ്ങൾ പ്രവരസേനൻെറ ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചിരുന്നിരിക്കണം. പോരെങ്കിൽ കാളിദാസൻെറ ദൌത്യം പിന്താങ്ങുന്ന ഐതിഹ്യവുമുണ്ടു്. പൃഥിവീസേനൻ ഒന്നാമൻ കീഴടക്കിയ രാജ്യങ്ങളുടെ കൂട്ടത്തിൽ കുന്തളത്തേയും വാകാടകശാസനങ്ങൾ പ്രസ്താവിക്കുന്നുണ്ടു്. തൻനിമിത്തം വാകാടകൎക്കു കുന്തളനൃപരെന്ന പേരു കിട്ടുമല്ലോ. 'സേതുബന്ധം' എന്ന മഹാരാഷ്ട്രപ്രാകൃതകാവ്യം രചിച്ച പ്രവരസേനൻെറ രാജധാനിയിൽ വിക്രമാദിത്യഹഷൻെറ ദൂതനായി കാളിദാസമഹാകവി കുറേനാൾ പാൎത്തിരുന്നു എന്നും, പ്രസ്തുതകാവ്യം തിരുത്തിക്കൊടുത്തതു കാളിദാസനാണെന്നും, ഈ ദൌത്യത്തെ ആസ്പദിച്ചു് ഈ മഹാകവി 'കുന്തളേശ്വരദൌത്യം' എന്നൊരു നാടകം രചിച്ചിരുന്നു എന്നുമാണു് പ്രസ്തുത ഐതിഹ്യം.

ഇപ്രകാരം കാളിദാസൻ പ്രവരപുരത്തു പാത്തുവരുമ്പോൾ, സമീപസ്ഥലത്ത് അന്നു നിവസിച്ചിരുന്ന ദിങ്നാഗനുമായി ന്യായശാസ്ത്രത്തെ സംബന്ധിച്ച് ഒരു വാദപ്രതിവാദം നടത്തുകയും, അന്നു ഗൃഹത്തിൽ പാത്തുവന്ന തൻെറ ഭാൎയ്യക്കുള്ള സന്ദേശമെന്ന രൂപത്തിൽ 'മേഘദൂതു്' രചിക്കുകയും ചെയ്തു. പ്രസ്തുതവാദപ്രതിവാദത്തിൻെറ കഥ മുകളിൽ വിവരിച്ചിരുന്നല്ലോ. അന്നു ദിങ്നാഗൻ പാത്തിരുന്നതു പ്രവരപുരത്തിനു് ഒരു പത്തുമൈൽ തെക്കു കിഴക്കായി നില്ക്കുന്ന ഇന്നത്തെ രാംതേക്ക് നഗരത്തിലെ ഒരു കുന്നിലുള്ള ഗുഹയിലായിരുന്നു. 'മേഘദൂതിലെ' രാമഗിരിയായ ഇതിൽ ഇന്നൊരു രാമക്ഷേത്രം നില്ക്കുന്നതു കാണാം. ഈ കുന്നിനു സിന്ദൂരഗിരി, തപോഗിരി എന്നീ നാമങ്ങൾ മദ്ധ്യകാലത്തെ ഹൈഹയരാജശാസനങ്ങൾ നല്കിയിരുന്നു. സിന്ധുജാ, ശ്രീ, ഭ്രമരാ എന്നീ നാമങ്ങൾ വഹിച്ചിരുന്ന ദുൎഗ്ഗാദേവിയുടെ ഒരു ക്ഷേത്രം പണ്ടു് ഈ കുന്നിൽ നിന്നിരുന്നിരിക്കണം. ഇതിൽനിന്നു് ഇതിനു സിന്ദൂരഗിരി, ശ്രീപൎവ്വതം, ഭ്രമരഗിരി എന്നീ പേരുകൾ ലഭിച്ചിരുന്നു. തപോഗിരി എന്ന നാമത്തിൻെറ അൎത്ഥം ധ്വനിപ്പിക്കുന്ന 'മനോഭംഗചിത്തവിശ്രാമം' എന്ന പേരു വജ്രയാനകൃതികൾ ഇതിനു നല്കുന്നുണ്ടു്. ഈ കുന്നിലെ ഗുഹയിൽ നാഗാൎജ്ജുനൻ (ദിങ്നാഗനാഗാൎജ്ജുനഗുരു) ദീൎഘകാലം പാത്തിരുന്നു എന്നൊരു സ്ഥലഐതിഹ്യവും ഇല്ലാതില്ല.

സന്ദേശകാവ്യങ്ങളുടെ പതിവുപോലെ, കാളിദാസൻെറ 'മേഘദൂതും' സമകാലീനഭൂമിശാസ്ത്രവിവരങ്ങൾ

ഉൾക്കൊള്ളുന്നുണ്ട്. ഇതിൻെറ നായകനായ യക്ഷൻ ഖശ (യക്ഷ) വർഗ്ഗക്കാരനായ കാളിദാസനാണ്. നായകന് ഒരാണ്ടുകാലത്തെ പ്രവാസം കല്പിച്ച അളകനൃപൻ കുബേരൻ കുബേരപീഠമായ പൂഞ്ച് സ്ഥിതിചെയ്യുന്ന കാശ്മീരത്തു ഗുപ്തസമ്രാട്ടുകളുടെ മേൽക്കോയ്മ ചെലുത്തിയിരുന്ന ഗുപ്തഗവണ്ണർ ബുധഗുപ്തനമത്രേ. 'മേഘദൂതി'ലെ സന്ദേശവാഹകനായ മേഘത്തെ 'തസ്യോത്സംഗേ' എന്നു തുടങ്ങുന്ന ശ്ലോകത്തിൽ 'കാമചാരിൻ' എന്നു സംബോധന ചെയ്തിട്ടുള്ളതിലെ ഒരു ധ്വനി കാമരൂപരാജ്യക്കാരനായ കവിയുടെ ഹൃദയമാണ് മേഘം എന്നാണ്. ഇതിലെ മാർഗ്ഗനിർദ്ദേശത്തിൽ, നിചുളൻെറ രാജധാനിയിൽനിന്നു പുറപ്പെട്ടു സമീപമുള്ള രാമഗിരിയിൽ പാർക്കുന്ന പ്രസിദ്ധനായ ദിഗ്നാഗനെ സന്ദർശിച്ച നേരം കളയാതെ വടക്കുള്ള അമരകണ്ടകം (മേകലപർവ്വതം) കടന്നു പടിഞ്ഞാറുള്ള വിദിശ (ഭിത്സ), ഉജ്ജെനി, ദശപുരം (മന്ദസോർ) എന്നീ നഗരങ്ങളിലേയ്ക്കു പോകുവാൻ നായകൻ ദൂതനോട് ഉപദേശിക്കുന്നു. അനന്തരം സരസ്വതീതീരത്തുള്ള കുരുക്ഷേത്രംവഴി ക്രൌഞ്ചപർവ്വതദേശത്തു ചെന്നെത്തണമെന്നാണ് നായകൻ നിർദ്ദേശിക്കുന്നത്.

വാകാടകരാജാവു പ്രവരസേനൻ രണ്ടാമനാണ് 'മേഘദൂതി'ലെ നിചുളൻ. ഈ പേരിൻെറ ഉത്ഭവം അറിയുവാൻ പുരാണങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. കോസലത്തിലെ ഇക്ഷ്വാകുവംശത്തിലെ അശ്മകൻ, തൽപുത്രൻ, മൂലകൻ എന്നിവർ അശ്മകം, മൂലകം എന്നീ രണ്ടു രാജ്യങ്ങൾ സ്ഥാപിച്ചിരുന്നു. പരശുരാമൻ ഒരു ക്ഷത്രി

യവേട്ടയ്ക്കു പുറപ്പെട്ടിരിക്കുന്നു എന്ന വാൎത്ത കേട്ടപ്പോഴും, മൂലകത്തിലെ സ്ത്രീകൾ തങ്ങളുടെ നിചുളങ്ങൾ (മൂടുവസ്ത്രങ്ങൾ) ഉരിക്കളഞ്ഞു നഗ്നകളായി മൂലകന്റെ രക്ഷാൎത്ഥം അദ്ദേഹത്തിനു ചുററും നിലകൊണ്ടു. ദിഗന്തവിക്രാന്ത പരാക്രമിയായ ഒരു മഹാവീരനാണെങ്കിലും, ഒരു മഹായോഗിയുംകൂടി ആയിരുന്ന ആ ഭാൎഗ്ഗവനാകട്ടെ, മൂലകത്തിലെത്തിയപ്പോൾ, വിചിത്രമായ ഈ കാഴ്ച കണ്ടു ഭയന്നു് അതിവേഗം അവിടംവിട്ടു പോവുകയും ചെയ്തു. അന്നുമുതല്ക്കു മൂലകരാജാക്കന്മാൎക്കു നാരീകവചൻ (നിചുളൻ) എന്ന ബിരുദം ലഭിച്ചിരുന്നു. മൂലകരാജ്യം ദക്ഷിണകോസലമായ വാകാടകരാജ്യത്തിൽ സ്ഥിതിചെയ്തിരുന്നു. 'സുത്തനിപാത' എന്ന ബുദ്ധമതഗ്രന്ഥത്തിന്റെ ഭാഷ്യം മൂലകനും, അശ്മകനും അന്ധക (ആന്ധ്ര) രാജാക്കന്മാരാണെന്നു പ്രസ്താവിച്ചിരിക്കുന്നു. മൂലകവംശജരായ ഇക്ഷ്വാകുകളുടെ അതിപ്രാചീനങ്ങളായ രാജശാസനങ്ങൾ ഗുണ്ടൂർജില്ലയിലെ സുപ്രസിദ്ധമായ ബൌദ്ധസ്തൂപമുള്ള നാഗാൎജ്ജുനികൊണ്ഡയിൽ കണ്ടുപിടിച്ചിട്ടുമുണ്ടു്.

ക്രൌഞ്ചപൎവ്വതദേശത്തുനിന്നു് അതിൽ ഭാൎഗ്ഗവരാമൻ വെട്ടിത്തുറന്ന ഹംസദ്വാരമെന്ന പാതകടന്നു വടക്കു കൈലാസപൎവ്വതമുള്ള കുബേരരാജധാനി അളകയിലേയ്ക്കു പോകുവാൻ ഉപദേശിച്ചുകൊണ്ടു മാൎഗ്ഗനിൎദ്ദേശം അവസാനിപ്പിച്ചിരിക്കുന്നു. കൌഞ്ചപൎവ്വതം കാശ്മീരത്തിന്റെ ദക്ഷിണഭാഗത്തുള്ള ഇന്നത്തെ പീർപഞ്ചാൽ പൎവ്വതനിരയും, ഹംസദ്വാരം ഇതിലെ പ്രധാനപാതയായ പീർപഞ്ചാൽ പാതയുമാണു്. ഇതിനു പഞ്ചാലധാരാ എന്നും,

കാശ്മീരദ്വാരമെന്നും യഥാക്രമം 'രാജതരംഗിണി'യും 'മഞ്ജുശ്രീമൂലകല്പ'വും പേരിട്ടിട്ടുമുണ്ട്. പീർപഞ്ചാൽപർവ്വതനിരയുടെ ഏററവും ഉന്നതമായ കൊടുമുടി തടകൂടി എന്ന നാമം വഹിക്കുന്നു. മലഞ്ചരിവെന്ന അർത്ഥമുള്ള തടമെന്ന പദത്തിനു ഭൃഗു എന്ന പര്യായമുള്ളതായി കാണാം. തടകൂടിയുടെ (ഭൃഗുകൂടിയുടെ) അല്പം തെക്കുള്ള പാതയാണ് ഭാർഗ്ഗവൻ വെട്ടിത്തുറന്ന ഹംസദ്വാരം. 'പഞ്ച' (അഞ്ചു്) എന്ന സംസ്കൃതപദത്തിനു ശെമെററ് ഭാഷകളിൽ 'കംസ്', അഥവാ 'ഹംസ്' എന്ന പദമുള്ളതുനിമിത്തം, ഈ പാതയ്ക്കു ഹംസദ്വാരം എന്ന നാമം ലഭിക്കുകയും ചെയ്തു.

കാശ്മീരത്തു പണ്ടു സ്ഥിതിചെയ്തിരുന്ന സതീസരസ്സിൽ നിവസിച്ചു സമീപദേശങ്ങളിൽ നാശങ്ങൾ വരുത്തിവന്ന ജലോത്ഭവനെന്ന നാഗനെ കൊല്ലുവാനായി വിഷ്ണുവിൻെറ കല്പനയനുസരിച്ചു സോദരൻ ബലഭദ്രൻ സരസ്സിനെ ചുററിക്കിടന്നിരുന്ന പർവ്വതനിരയിൽ ഒരു ദ്വാരം വെട്ടിത്തുറന്നു എന്നു കാശ്മീരത്തെ സ്ഥലമാഹാത്മ്യമായ 'നീലമതമാഹാത്മ്യം' പ്രസ്താവിച്ചിരിക്കുന്നു. ഈ കഥയിലെ ബലഭദ്രൻ 'മേഘദൂതി'ലെ ഭൃഗുപതിയാണ്; ഒരു വിഷ്ണു അവതാരമായ ഭാർഗ്ഗവൻ പരശുരാമനു മുമ്പുള്ള വിഷ്ണു അവതാരം മേഘദൂതിലെ ബലിവിമഥനായ വാമനനും. ഇവയെല്ലാം പ്രസ്താവിച്ചിട്ടുള്ള ശ്ലോകം ചുവടെ ചേർക്കുന്നു:

"പ്രാലേയാദ്രേരുപതടമതിക്രമ്യ താംസ്താൻ വിശേഷാൻ
ഹംസദ്വാരം ഭൃഗുപതിയശോ വർത്മയൻ ക്രൌഞ്ചരന്ധ്രം

തേനോദീചീം ദിശമനുസരേസ്തിര്യഗായാമശോഭീ
ശ്യാമഃ പാദോ ബലിവിമഥനാഭ്യുദ്യതസ്യേവ വിഷ്ണോഃ"

ബുധഗുപ്തൻ വിക്രമാദിത്യഹർഷനെന്നും, പ്രകാശാദിത്യനെന്നും മററുമുള്ള ബിരുദങ്ങൾസഹിതം എ. ഡി. 476-ൽ ഗുപ്തസമ്രാട്ടായതിനുശേഷവും, അദ്ദേഹത്തിൻെറ പ്രധാനരാജധാനിയായ ഉജ്ജെനിയിൽ കാളിദാസൻ പാർത്തിരുന്നു. ഹർഷവർദ്ധനകൃതി 'ലിംഗാനുശാസന'ത്തിനു പൃഥിവീശ്വരനെന്ന പേരിൽ കാളിദാസൻ ഒരു ഭാഷ്യം രചിച്ചിട്ടുള്ളതു് ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. ഇക്കാലത്തു കാളിദാസൻ ഉത്തരമഥുരായായിരുന്ന ധങ്-മാഘലിയാനനഗരത്തിൽനിന്നു നാടുവാണിരുന്ന ഹിനഹൂണനൃപൻ തൊരമാണനെ (എ. ഡി. 484-510) ഇടയ്ക്കിടയ്ക്കു സന്ദർശിക്കാറുണ്ടായിരുന്നു എന്നു 'രഘുവംശ' ത്തിലെ ഇന്ദുമതീസ്വയംവരവർണ്ണന സൂചിപ്പിക്കുന്നു. ഉജ്ജെനിയിൽവെച്ചായിരിക്കാം തന്നെക്കാൾ പ്രായംകുറഞ്ഞ ബുധഗുപ്തൻെറ മരണവർഷമായ എ. ഡി. 506-നു് ഉദ്ദേശം ഒരു പത്തുവർഷത്തിനുമുമ്പു കാളിദാസമഹാകവി മഹായോഗിയായ ചപ്പടീനാഥനെന്ന നിലയിൽ സമാധിയടഞ്ഞതു്.

ഉജ്ജെനീസദസ്സിലെ നവരത്നങ്ങളെപ്പററി ഞാൻ കണ്ടുപിടിച്ചിട്ടുള്ള ചില കൂടുതൽ വിവരങ്ങൾ ഇനി പ്രസ്താവിക്കാം. സുപ്രസിദ്ധമായ വൈദ്യശാസ്ത്രകൃതി 'ചരകസംഹിത'യ്ക്കു് ഒരു ഭാഷ്യം രചിച്ച ഹരിശ്ചന്ദ്രനാണു് ഉജ്ജെനീസദസ്സിലെ ധന്വന്തരി. എ. ഡി. 1111-ൽ ജീവിച്ചിരുന്നവനും 'വിശ്വപ്രകാശം', 'സാഹസാങ്കചരിതം'

എന്നീ കൃതികളുടെ കത്താവുമായ മഹേശ്വരൻ, തന്റെ പൂൎവ്വികരുടെ കൂട്ടത്തിൽ സാഹസാങ്കന്റെ രാജധാനിയിൽ പാൎത്തു 'ചരകസംഹിത'യുടെ ഒരു വ്യാഖ്യാനം രചിച്ച ഹരിചന്ദ്രനെ (ഹരിശ്ചന്ദ്രനെ) ഉൾപ്പെടുത്തിയിരിക്കുന്നതായി ഡാക്ടർ ഹേൎൺലേ ചൂണ്ടിക്കാട്ടിയിരുന്നു. ഈ സാഹസാങ്കൻ ബുധഗുപ്തനാണ്. ഈ സാഹസാങ്കനെ രാജശേഖരകവി ചുവടെ ഉദ്ധരിക്കുന്ന ശ്ലോകവരിയിൽ പ്രസ്താവിച്ചിരിക്കുന്നു:—

"ഭാസോ രാമിലസോമില്ലൌ വരരുചിഃ
ശ്രീസാഹസാങ്കഃ കവിഃ"

ഹരിചന്ദ്രനെ ബാണന്റെ 'ഹൎഷചരിത'ത്തിൽ ഇങ്ങനെ വൎണ്ണിച്ചിരിക്കുന്നു:—

"പദബന്ധോജ്ജ്വലോ ഹാരീ കൃതവൎണ്ണക്രമസ്ഥിതി
ഭട്ടാരഹരിചന്ദ്രസ്യ ഗദ്യബന്ധോ നൃപായതേ."

മറ്റൊരു രത്നമായ ക്ഷപണകൻ സുപ്രസിദ്ധമായ 'ജാതകമാല'യുടെ കത്താവു് ആൎയ്യശൂരനാണ്. ക്ഷപണകപദത്തെ പണ്ടു ബൌദ്ധജയിനഭിക്ഷുക്കളുടെ ഒരു പൎയ്യായമായി ഉപയോഗിച്ചിരുന്നു. ഗദ്യപദ്യസമ്മിശ്രമായ രീതിയിൽ ബൌദ്ധജാതകകഥകൾ, അവയിലടങ്ങിയ ധാൎമ്മികതത്വം അവസാനത്തിൽ പ്രസ്താവിച്ചുകൊണ്ടു്, വിവരിച്ചിട്ടുള്ള ഒരു കൃതിയാണ് 'ജാതകമാല'. ഈ കൃതിയെ സ്സംബന്ധിച്ച് ഇററ്സിങ് എന്ന ചീനസഞ്ചാരി ഒരു കഥ പറഞ്ഞിട്ടുണ്ടു്. ഒരു ദിവസം ഹൎഷചക്രവൎത്തി രാജധാനിയിലെ കവികൾ എല്ലാവരേയും വിളിച്ചുകൂട്ടി പിറേറദിവസം രാവിലെ ബുദ്ധന്റെ ജാതകകഥകളെ ആസ്പദിച്ച്

ഓരോ ശ്ലോകംവീതം രചിച്ചു കൊണ്ടുവരണമെന്നു് അവരോട്ട് ആജ്ഞാപിച്ചു. ഇതനുസരിച്ച് അവർ രചിച്ചു കൊണ്ടുവന്ന ശ്ലോകങ്ങൾ എല്ലാം കൂട്ടിച്ചേർത്തു 'ജാതകമാല' നിർമ്മിക്കുകയും ചെയ്തു. ഈ കഥ വിശ്വാസയോഗ്യമല്ലെങ്കിലും, ബുദ്ധമതത്തെ ഹിന്ദുമതത്തെക്കാളധികം തന്റെ അന്ത്യകാലത്തു ബഹുമാനിച്ചിരുന്നതുമൂലം ഒരു ബൌദ്ധനാണെന്നു ബൌദ്ധഐതിഹ്യം പറയുന്ന താന്ത്രികമതക്കാരൻ ബുധഗുപ്തനാണ് ഇതിലെ ഹർഷൻ എന്നു നിസ്സംശയം വിശ്വസിക്കാം. 'ജാതകമാല'യിലുള്ള ശ്ലോകങ്ങളുടെ ചില വരികൾ അജണ്ടഗുഹയിലെ ചുമരുകളിൽ എഴുതിയിട്ടുണ്ട്. ഇതിന്റെ അക്ഷരവടിവും ആര്യശൂരൻ എ. ഡി. 5-ാംശതാബ്ദത്തിൽ ജീവിച്ചിരുന്നു എന്നു സൂചിപ്പിക്കുന്നു. ക്ഷപണകൻ ആര്യശൂരനേയും, ധന്വന്തരി ഹരിചന്ദ്രനേയും, രഘുകാരൻ കാളിദാസനേയും വരരുചിയുടെ സോദരിപുത്രൻ സുബന്ധുവിനേയും മററും പ്രസ്താവിച്ചിരിക്കുന്ന ഒരു പഴയ ശ്ലോകം ചുവടെ ചേക്കുന്നു:—

"സുബന്ധൌ ഭക്തിർ നഃ ക ഇഹ ര-
ഘുകാരേ ന രമതേ
ധൃതിർദാക്ഷീപുത്രേ ഹരതി ഹ-
രചന്ദ്രോഽപി ഹൃദയം
വിശുദ്ധോക്തിഃ ശൂരഃ പ്രകൃതിമ-
ധുരാ ഭാരവിഗിര-
സ്തഥാപ്യന്തർമോദം കമപി ഭ-
വഭൂതിർ വിതനുതേ."

മറെറാരു ബൌദ്ധനായ രത്നമാണ് വൈശാലിയിൽ (സിയാൽകോട്ടിൽ) ജനിച്ച ജയാദിത്യൻ അമരസിംഹൻ. 'അമരകോശ'കർത്താവും, 'കാശികവൃത്തി'യുടെ ഭാഗികകർത്താവുമായ ഇദ്ദേഹത്തെപ്പററിയുള്ള കഥകളിൽ രണ്ടെണ്ണം ഇവിടെ പ്രസ്താവിക്കാം. ദുഷ്ടനായ അമരസിംഹൻ ഭർത്തൃഹരിയുടെ പതഞ്ജലിഭാഷ്യമായ 'വാക്യപദീയം' നശിപ്പിച്ചുകളഞ്ഞു എന്നതാണ് ഒന്ന്. ഒരു വൈയ്യാകരണനുംകൂടിയായ ശങ്കരാചാര്യരും താനും വ്യാകരണസംബന്ധമായ ഒരു വാദപ്രതിവാദം നടത്തിയപ്പോൾ, ബൌദ്ധദേവി താരയുടെ സഹായംകൊണ്ട് അമരനു ശങ്കരനെ തോല്പിക്കുവാൻ ആദ്യം സാധിച്ചു എന്നും, ഒരു മദ്യകുംഭത്തിൽ ഒളിച്ചിരുന്ന ഈ ദേവിയെ ശങ്കരൻ കണ്ടുപിടിച്ച് അധിക്ഷേപിച്ചപ്പോൾ ദേവി അവിടെനിന്ന് ഓടിപ്പോയി എന്നും, രണ്ടാമതുണ്ടായ വാദത്തിൽ അമരൻ പരാജയപ്പെട്ടതുനിമിത്തം ഇദ്ദേഹം പട്ടിണികിടന്നു മരിച്ചു എന്നുമാണ് രണ്ടാമത്തെ കഥ. ഇതിലെ ശങ്കരാചാര്യൻ ഒരു വൈയാകരണനുംകൂടിയായ ഉജ്ജൈനീരത്നം ശങ്കുവാണ്. ബൌദ്ധരായ വൈയാകരണന്മാർ പാണിനിയെ ബഹുമാനിച്ചിരുന്നു എങ്കിലും, അദ്ദേഹത്തിന്റെ കൃതിയുടെ ഭാഷ്യകാരൻ പതഞ്ജലിയെ തിരസ്കരിച്ചിരുന്നു. ഇതാണ് ഒന്നാംകഥയുടെ നിദാനം.

ഭാരതീയരുടെ രാഷ്ട്രചരിത്രത്തിൽമാത്രമല്ല, സാഹിത്യചരിത്രത്തിലുംകൂടി കല്പഗണിതവും, ഇതിൽനിന്നു ജനിച്ച അവതാരചിരംജീവിവാദങ്ങളും കാണാവുന്നതാണ്. കാമപുത്രനായി പുരാണങ്ങൾ പ്രസ്താവിച്ചിട്ടുള്ള ഹർഷന്റെ

ഷേരു ചരിത്രാതീകാലമനുഷ്യരുടെ കാമദേവന്മാരിൽ ഒരാളായ മഹാവിഷ്ണുവിൻെറ ഒരു ബിരുദമാണ്. അതലാന്തദ്വീപിനെ കടൽ കൊണ്ടുപോയതു കണ്ട ഇദ്ദേഹത്തിൻെറ മറെറാരു ബിരുദമായ വിക്രമാദിത്യൻ എന്നതിനോടു ഹഷ്ബിരുദവും ചേർത്താണ് വിക്രമാദിത്യഹഷനെന്ന നാമം സൃഷ്ടിച്ചിട്ടുള്ളതു്. മഹാവിഷ്ണു 360 ദിവസമുള്ള സാവനവഷം സൃഷ്ടിച്ചതായി ഋഗ്വേദത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇതു് ഇദ്ദേഹത്തിൻെറ പാണ്ഡിത്യം സൂചിപ്പിക്കുന്നു. തന്നിമിത്തം ഇദ്ദേഹം ഒരു പണ്ഡിതവത്സലനുമാണെന്നു് അനുമാനിക്കാം. ഒരു വശത്തു് ഈ ആദിവിക്രമാദിത്യഹഷൻെറ രാഷ്ട്രീയശക്തിയും നിധനകാരകത്വവും, മറുവശത്തു് ഇദ്ദേഹത്തിൻെറ കവിമിത്രത്വവും ഉള്ളവരും, പലതരം കല്പാന്തങ്ങളിൽ ആവിർഭവിക്കുന്നവരുമായ പിൽക്കാലരാജാക്കന്മരിൽ ചിലക്കു പ്രാചീനഭാരതരാഷ്ട്രചരിത്രകാരരായ പുരാണകത്താക്കന്മാർ വിക്രമാദിത്യഹഷ്ബിരുദം നല്കിവന്നിരുന്നു.

പ്രമഗധയിലെ വാരാണസിയിൽ (ചംബയിൽ)നിന്നു നാടുവാണിരുന്ന ധമ്മാശോകൻ മഹാപത്മനന്ദൻ (ബി. സി. 420_390), സാകലയിൽ നാടുവാണിരുന്ന യവന-മദ്രവംശജൻ മെനന്ദർ (ബി. സി. 55_14), വിദിശരാജധാനി സിംഹപുരത്തെ രണ്ടാംകുഷാണചക്രവത്തി ഭീമൻ സാലിവാഹനൻ (എ. ഡി. 78_94), ഉജ്ജൈനിയിലെ ബുധഗുപ്തൻ (എ. ഡി. 476_506), തമിഴകത്തെ കാഞ്ചീവരത്തിലെ പല്ലവചക്രവത്തി നന്ദിവമ്മൻ പല്ലവമല്ലൻ (എ. ഡി. 704_770), എന്നിവർ പ്രസ്തുതബിരുദം

വഹിച്ചിരുന്നവരാണ്. പല്ലവമല്ലനു കാഞ്ചിയിലെ ഇമ്മ ങ്കോത്തിരൈയൻ എന്നു ചെന്തമിഴകാവ്യങ്ങൾ പേരിട്ടിരിക്കുന്നു. കേരളത്തിലും ഒരു വിക്രമാദിത്യഹർഷനുണ്ടായിരുന്നു. ചെന്തമിഴകാവ്യങ്ങളിൽ തകടൂർ ആക്രമിച്ചു പിടിച്ചടക്കിയ പെരുംചേരൻ ഇരുമ്പൊറൈ എന്നു പേരിട്ടിട്ടുള്ള ചേരമാൻപെരുമാൾ കുലശേഖരൻ ഒന്നാമൻ (ഏ. ഡി. 640_657) ആണ് കേരളവിക്രമാദിത്യഹർഷൻ.

ഭാരതീയരുടെ വിക്രമാദിത്യഹർഷബിരുദത്തിനു പകരം, പാരസികർ ഇത്തരം നൃപന്മാക്ക് ഇസ്കന്ദർ എന്നും, ഗ്രീക്കുകാർ അലക്സാണ്ഡർ എന്നും ബിരുദങ്ങൾ നല്കിയിരുന്നു. ഇതും മഹാവിഷ്ണുവിൻെറ സ്കന്ദൻ എന്ന ബിരുദത്തിൻെറ രൂപഭേദങ്ങളാണ്. പെർഷ്യയിലെ കയൻ (കവി) രാജവംശം മുടിച്ച രുമാരാജ്യനൃപനും (ബി. സി. 1947_1935), അവിടത്തെ അക്കമെനെ രാജവംശം നശിപ്പിച്ച മാസിഡോണിയാരാജാവ് അലക്സാണ്ടർമഹാനും (ബി. സി. 336_323) പാരസികർ ഇസ്കന്ദർ എന്ന ബിരുദം നല്കിയിരുന്നു. ഇതുപോലെ, ഗ്രീക്കുകാരും ട്രോയ്നഗരക്കാരുമായി നടന്ന സുപ്രസിദ്ധമായ ട്രോജൻ യുദ്ധത്തിനു കാരണക്കാരനായ ട്രോയ്നഗരത്തിലെ രാജകുമാരൻ പാരിസ്സിനും, ഗ്രീസ്സിൻെറ രാഷ്ട്രീയസ്വാതന്ത്ര്യത്തിന് അന്തംവരുത്തിയ മാസിഡോണിയാരാജാവ് അലക്സാണ്ഡർ മഹാനും, ഗ്രീക്കരാഷ്ട്രചരിത്രകാരർ അലക്സാണ്ഡർ എന്ന ബിരുദമാണ് കൊടുത്തിരുന്നത്. ഇത്തരം നൃപന്മാരെ പ്രാചീനമനുഷ്യർ മഹാവിഷ്ണുവിൻെറ അവതാരങ്ങളായി പരിഗണിക്കുകയും ചെയ്തിരുന്നു. പ്രസ്തുതപാരീസ്സിനു

പോതാക്കേസ് എന്നും ഹോമർ പേരു നല്കിയിട്ടുണ്ട്. പോതാലകൻ എന്നതിന്റെ ഒരു ഗ്രീക്കുരൂപമാണ് ഇതു്. പോതാളകത്തിലെ അവലോകിതേശ്വരബോധിസത്വന്റെ ഒരു ബിരുദമാണ് ഇതു്. പോതാളകം ആദികാലത്തു് അറേബ്യയിൽ സ്ഥിതിചെയ്തിരുന്നു.

ഇതുപോലുള്ള അവതാരവാദം ഭാരതത്തിലെ ചില പ്രസിദ്ധരായ സാഹിത്യകാരന്മാരെ സംബന്ധിച്ചും പണ്ടു നിലവിലിരുന്നിരുന്നു. ഇവരെല്ലാവരും വിക്രമാദിത്യഹർഷബിരുദധാരികളായ പില്ക്കാലനൃപന്മാരുടെ സാഹിത്യസദസ്സുകളെ അലങ്കരിച്ചിരുന്നവരുമാണ്. പല വിദൂരകാലങ്ങളിലുമായി ജീവിച്ചിരുന്നിരുന്ന ഈ സാഹിത്യകാരക്കു വരരുചി, കാളിദാസൻ, വ്യാഢി, പാണിനി മുതലായ ഓരോ ബിരുദങ്ങൾ ഈ പേരുകാരുടെ കൃതികൾക്കുതമ്മിലുള്ള ചില സാദൃശ്യങ്ങൾഹേതുവായി പില്ക്കാലസാഹിത്യചരിത്രകാരർ നല്കിവരുകയും ചെയ്തിരുന്നു. മൂന്നു കാളിദാസന്മാരുണ്ടെന്നുള്ള ഐതിഹ്യത്തിനു നിദാനം ഈ പതിവാണ്. ഇവരിൽ ഒരാൾ ഭീമൻ ശാലിവാഹനന്റെ സദസ്സിലെ ഭാസമഹാകവിയാണ്; ഭാസകാളിദാസന്റെ കൂട്ടുകാരനായ വരരുചി 'കാതന്ത്രം' എന്ന പ്രാകൃതവ്യാകരണത്തിന്റെ കർത്താവായ ശർവ്വവർമ്മനും. ഭാസനാടകങ്ങളിലെ ഭരതവാക്യങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള നൃപനായ രാജസിംഹൻ സിംഹപുരിയിൽനിന്നു നാടുവാണിരുന്ന ഭീമൻ ശാലിവാഹനനാണ്. ഇത്തരം ഒരു സാഹിത്യകാരനാണ് ബുദ്ധഗുപ്തൻ വിക്രമാദിത്യഹർഷന്റെ സദസ്സിലെ ഒരു ഭ താവും, ശങ്കരാചാര്യർ, മൂകശങ്കരൻ, മഹാനാഥൻ, ദത്താ

ത്രേയൻ, വ്യാഡി (വ്യാളി) എന്നീ പേരുകൾ ഉണ്ടായിരുന്ന ശങ്കുവും.

ബുധഗുപ്തനായ സമുദ്രഗുപ്തൻെറ 'കൃഷ്ണചരിത'കാവ്യത്തിൽ, ധമ്മാശോകൻ മഹാപത്മനന്ദൻെറ സമകാലീനനും, ഒരു വൈയാകരണനും കവിയുമായ ഒരു വ്യാളിയെ (വ്യാഡിയെ) ഇങ്ങനെ വണ്ണിച്ചിരിക്കുന്നു:

"രസാചാൎയ്യഃ കവിർവ്യാളിഃ
ശബ്ദബ്രഹ്മൈകവാങ്മുനിഃ
ദാക്ഷീപുത്രവചോവ്യാഖ്യാ
പടുൎമ്മീമാംസകാഗ്രണിഃ"

വ്യാഡി എന്ന പേരുവെച്ച് ശങ്കു ഒരു വ്യാകരണകൃതിയും രചിച്ചിരുന്നു. തൻെറ ഗുരു ശങ്കരേന്ദ്രനെപ്പററി മേണ്ഠൻ 'ഹയഗ്രീവവധ'ത്തിൽ പ്രസ്താവിച്ചിട്ടുള്ള ശ്ലോകം മുകളിൽ ഉദ്ധരിച്ചിരുന്നല്ലോ. അതിൽ ശങ്കുവിൻെറ രസനൈപുണ്യം പ്രശംസിച്ചിരിക്കുന്നതു കാണാം. ഈ ശ്ലോകത്തിൽ പറഞ്ഞിട്ടുള്ള മറെറാരു സാഹിത്യരസവിദഗ്ധനായ മാതൃഗുപ്തനേയും മേണ്ഠനേയും കുറിച്ച് ഒരു കഥയുണ്ട്. മാതൃഗുപ്തൻ കാശ്മീരത്തെ റീജൻറായിരുന്നപ്പോൾ (എ. ഡി. 505-506) മേണ്ഠൻ അദ്ദേഹത്തെ സന്ദശിച്ചു 'ഹയഗ്രീവവധം' കാഴ്ചവെയ്ക്കുകയുണ്ടായി. അതു വായിച്ചുകഴിഞ്ഞതിനുശേഷം ഒരു അഭിനന്ദനവാക്കുപോലും ഉരിയാടാതെ മാതൃഗുപ്തൻ ആ കൃതിയെ, അതിൽനിന്നു തുള്ളിത്തുളുമ്പിയിരുന്ന രസം ചോൎന്നുപോകാതെയിരിക്കുവാൻ ഒരു പൊൻതളികയിൽ വെച്ചു കവിക്കു തിരിച്ചുകൊടുക്കുകയും ചെയ്തു.

മററു രണ്ടു രത്നങ്ങളായ വൈശാലീസാമന്തൻ വേതാളഭട്ടൻേറയും, ചംബാസാമന്തൻ ഘടകപ്പരൻേറയും മററു പേരുകൾ യഥാക്രമം ഭർത്തൃഹരി, ഭർത്തൃമെണ്ഠൻ, മലയാജ്ജുനൻ, പുണ്യരാജൻ എന്നും, ഗോപീചന്ദ്രൻ, ഗോരക്ഷനാഥൻ, മെണ്ഠൻ, വേതാളമെണ്ഠൻ എന്നും ആണെന്നു മുകളിൽ പ്രസ്താവിച്ചിരുന്നല്ലോ. ഖശവഗ്ഗക്കാരായ യക്ഷക്ക് പുണ്യജനങ്ങൾ എന്നും പേരുള്ളതുനിമിത്തം, ഖശവഗ്ഗക്കാരൻ ഭർത്തൃഹരിക്കു പുണ്യരാജൻ എന്നു പേരുവന്നു. സുപ്രസിദ്ധമായ ഭർത്തൃഹരി'ശതകങ്ങ'ളുടെ ഇന്നത്തെ പാഠത്തിൽ പല കാലങ്ങളിലും ജീവിച്ചിരുന്ന ചില കവികളുടെ ശ്ലോകങ്ങൾകൂടി ചേത്തിട്ടുണ്ടെന്നു പ്രൊഫസ്സർ കോശാംബി സ്ഥാപിച്ചിരുന്നു.

ആദിത്യദാസപുത്രനായി കപിത്ഥകനഗരത്തിൽ ജനിച്ചു ദീഘകാലം അവന്തിയിൽ (ഉജ്ജൈനിയിൽ) പാത്തിരുന്ന ദേഹമാണ് മറെറാരു രത്നമായ വരാഹമിഹിരൻ. കപിത്ഥക എന്നതു പൌരാണികകാലത്തെ ഉത്തരപാഞ്ചാലരാജ്യത്തിൻെറ തലസ്ഥാനമായ കാമ്പില്യയുടെ ഒരു പയ്യായമാണ്. സങ്കാശ്യ എന്നും ഇതിനു പേരുണ്ടായിരുന്നു. വരാഹമിഹിരൻെറ ജന്മസ്ഥലമായ കപിത്ഥക ഉത്തരപ്രദേശത്തിലെ ഫട്ടേഗാർനഗരത്തിനു വടക്കുള്ള ഇന്നത്തെ കാമ്പിൽഗ്രാമമാണെന്ന് ആധുനികർ വിചാരിച്ചുവരുന്നതു ശരിയല്ല. തക്ഷശിലക്കു് എതിരായി, ഇൻഡസ്സിനു സമീപമുള്ള ഇന്നത്തെ കാമ്പൽപൂരിൽ പണ്ടു നിന്നിരുന്ന കപിത്ഥകനഗരമാണ് വരാഹമിഹിരൻെറ ജന്മഭൂവു്. ഇക്ഷ്വാകുവംശജൻ മന്ധാതാചക്രവ

ത്തിയുടെ രാജധാനിയായിരുന്നു കാമ്പില്യ (കപിത്ഥക) എന്നു പത്മപുരാണത്തിൽ കാണാം. തക്ഷശിലയ്ക്കു പ ന്ത്രണ്ടുമൈൽ വടക്കുപടിഞ്ഞാറായി നിന്നിരുന്ന ഒരു വ ലിയ തടാകത്തിൽ ഏലാപത്രൻ എന്ന പ്രസിദ്ധനായ ഒരു നാഗൻ പാർത്തിരുന്നു എന്നും ഈ തടാകത്തിൽനിന്നു വാരാണസി (കാശി) വരെ എത്തത്തക്കവിധം ഈ നാ ഗൻതൻെറ ശരീരം നീട്ടിയിരുന്നു എന്നും ഹിയുൻ സ്യാങ് പ്രസ്താവിച്ചിട്ടുണ്ട്. ഈ കാശി കപിത്ഥകയായ സങ്കാ ശ്യയാണ്.

യവനർ (ഗ്രീക്കുകാർ) സ്ഥാപിച്ച പഞ്ചാബിലേയും ഗാന്ധാരത്തേയും രാജ്യങ്ങളുടെ സാമീപ്യം തൻെറ ജനന സ്ഥലത്തിനുണ്ടായിരുന്നതു യവനജ്യോതിശ്ശാസ്ത്രജ്ഞരോ ടുള്ള വരാഹമിഹിരൻെറ അതിയായ ബഹുമാനം സൂചി പ്പിക്കുന്നുണ്ട്. 'ബൃഹത്സംഹിത', 'പഞ്ചസിദ്ധാന്തിക' എന്നീ അതിവിശ്രുതങ്ങളായ ജ്യോതിശ്ശാസ്ത്രകൃതികളുടെ കർത്താവു വരാഹമിഹിരൻ യവനജ്യോതിശ്ശാസ്ത്രജ്ഞരെ അവരുടെ ശാസ്ത്രത്തിൻെറ സൂക്ഷ്മതഹേതുവായി ഋഷികളാ ക്കു തുല്യം ബഹുമാനിച്ചിരുന്നു എന്നുള്ളതിനു പ്രമാണം അദ്ദേഹത്തിൻെറ 'ബൃഹത്സംഹിത'യിലെ ചുവടെ ചേ ക്കുന്ന ശ്ലോകമാണ്.

"മ്ലേച്ഛാ ഹി യവനാസ്തേഷു സമ്യക്‌ശാസ്ത്രമിദം സ്ഥിതം
ഋഷിവത്തേഽപി പൂജ്യന്തേ കിം പുനർദൈവവിദ് ദ്വിജഃ"

വരാഹമിഹിരൻ എ. ഡി. 587_ൽ മരണമടഞ്ഞു വെന്നു് ഈ സംഭവത്തിനു് അമമസ്വാമി എന്ന ജയിന

ആചാര്യൻ നല്കിയിട്ടുള്ള കാലത്തെ ആസ്പദിച്ച് ഇന്നത്തെ പണ്ഡിതന്മാർ വിശ്വസിച്ചുവരുന്നു. ഇതു ശരിയല്ല. അദ്ദേഹം മൃതിയടഞ്ഞതു് ഇതിനു എഴുപതുവർഷം മുമ്പുള്ള എ. ഡി. 517-ൽ ആണെന്നു ഞാൻ വിശ്വസിക്കുന്നു. ജയിനരും ബുദ്ധമതക്കാരും ഒന്നുപോലെ ചിലപ്പോൾ മഹാവീരന്റേയും ഗൌതമന്റേയും ജനനകാലങ്ങളെ അവരുടെ പരിനിർവ്വാണ (മരണ) കാലങ്ങളായും നേരേമറിച്ചും പ്രസ്താവിച്ചിട്ടുള്ളതു കാണാം. കൂടാതെ, വിക്രമാബ്ദത്തിനു ദിഗംബരജയിനന്മാരും ശ്വേതാംബരരും നല്കുന്ന കാലങ്ങൾക്കു തമ്മിൽ വ്യത്യാസമുണ്ടു്. മഹാവീരൻ എഴുപതുവർഷം ജീവിച്ചിരുന്നതുകൊണ്ടു ജയിനരുടെ ഇത്തരം കാലങ്ങൾക്കും യഥാർത്ഥമായവയ്ക്കും തമ്മിൽ എഴുപതുവർഷത്തെ അന്തരമുണ്ടായിരിക്കും. വരാഹമിഹിരൻ ഒരു എഴുപതുവർഷം ജീവിച്ചിരുന്നുവെന്നു വിചാരിക്കാം. അപ്പോൾ അദ്ദേഹത്തിന്റെ ആയുഷ്കാലം എ. ഡി. 447-517 എന്നതാണെന്നു വരും. ഇപ്രകാരം വരാഹമിഹിരനു് എ. ഡി. 476-506 എന്ന കാലത്തു നാടുവാണിരുന്ന ബുധഗുപ്തൻ വിക്രമാദിത്യഹർഷന്റെ സദസ്സിലെ ഒരു രത്നമായി ശോഭിക്കുവാൻ സാധിക്കുന്നതാണു്.

പിന്നെയും, അമരസ്വാമി നല്കിയിട്ടുള്ള മരണകാലവും, വരാഹമിഹിരൻ 'പഞ്ചസിദ്ധാന്തിക'ത്തിൽ തന്റെ കരണവർഷമായി സ്വീകരിച്ചിട്ടുള്ള എ. ഡി. 505 എന്ന വർഷവും തമ്മിൽ ഘടിപ്പിച്ച് ആധുനികരായ ചില പണ്ഡിതന്മാർ അദ്ദേഹം എ. ഡി. 505-ലാണു് ജനിച്ചതെന്നു വിശ്വസിച്ചുവരുന്നു. പല ജ്യോതിശ്ശാസ്ത്ര

ജ്ഞരും തങ്ങളുടെ കൃതി രചിച്ച വഷത്തേയോ, സ്വജീവിതത്തിൽ പ്രാധാന്യമുള്ള ഒരു വഷത്തേയോ, ജ്യോതിശ്ശാസ്ത്രപ്രാധാന്യമുള്ള ഒന്നിനേയോ തങ്ങളുടെ ഗണനത്തിന്റെ പ്രാരംഭവഷമായി സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഏ. ഡി. 505 വരാഹമിഹിരന്റെ ജനനകാലമാണെന്ന് ഇവർ ധരിച്ചിരിക്കുന്നു. ഇതിനു മറെറാരു കാരണം, ആര്യഭടൻ ഒന്നാമൻ എന്ന പ്രസിദ്ധനായ പ്രാചീനജ്യോതിശ്ശാസ്ത്രജ്ഞൻ ഏ. ഡി. 499 അയനാംശമില്ലാത്ത വഷമാണെന്നു പറഞ്ഞിട്ടുള്ളതാണ്. ഇതുനിമിത്തം, ഇതിനടുത്ത കാലത്തെ മററു യാതൊരുവഷത്തിനും ജ്യോതിശ്ശാസ്ത്രപ്രാധാന്യമില്ലെന്ന് ഇവർ അനുമാനിക്കുകയും ചെയ്തു.

പണ്ടത്തെ ഹിന്ദുജ്യോതിശ്ശാസ്ത്രജ്ഞർ ഒരു സൌരവഷം, മുന്നൂററി അറുപത്തി ആറു ദിവസമുള്ളതാക്കി ഗണിച്ചുവന്നിരുന്നു. വരാഹമഹാകല്പത്തിലെ വൈവസ്വതമന്വന്തരാരംഭവഷം ആയതുകൊണ്ട് ഒരു കലിയുഗാന്ത്യവും ഒരു കൃതയുഗാരംഭവുമായ ബി. സി. 3101-ൽനിന്നു 3600 വഷം (366 ദിവസം വീതമുള്ളത്) കഴിയുന്ന ആണ്ട് ഏ. ഡി. 505 ആണെന്നു കാണാം. മൂന്ന്, ആയിരത്തി ഇരുനൂറു വഷകല്പങ്ങൾ കഴിയുന്നതുകൊണ്ടു ഹിന്ദുജ്യോതിശ്ശാസ്ത്രത്തിൽ ഏ. ഡി. 505-നു പ്രാധാന്യമുണ്ട്. ഇതുനിമിത്തമാണ് വരാഹമിഹിരൻ ഇതിനെ തന്റെ കരണവഷമായി കൈക്കൊണ്ടത്. ചരിത്രാതീതകാലത്തു തന്നെ പ്രാചീന ഈജിപ്തുകാർ ഒരു സൌരവഷത്തിൽ $365\frac{1}{4}$ ദിവസമുണ്ടെന്നു സൂക്ഷ്മമായി കണ്ടുപിടിച്ചിരുന്നു. ഇതനുസരിച്ച ബി. സി. 3101-ൽനിന്ന് 3600 സൌരവ

ഷം തികയുന്ന ആണ്ടാണ് എ. ഡി. 499. ഇതുകൊണ്ട് അയനാംശമില്ലാത്ത വഷമായി ആര്യഭടൻ ഇതിനെ പ്രസ്താവിച്ചിരുന്നു. ഈ സംഗതിയിൽനിന്ന് എ. ഡി. 505 വരാഹമിഹിരൻ സ്വീകരിച്ചതു് അതു തന്റെ ജന്മവഷമായതുകൊണ്ടല്ലെന്നു കാണാമല്ലോ. 'പഞ്ചതന്ത്ര'ത്തെ എ. ഡി. ആറാം ശതകത്തിൽ ഗ്രീക്കിലേയ്ക്കു പരിഭാഷപ്പെടുത്തിയ വിഷ്ണുശമ്മ വരാഹമിഹിരനെ ബഹുമാനപുരസ്സരം പ്രസ്താവിച്ചിട്ടുള്ളതും അദ്ദേഹം എ. ഡി. 587-നു വളരെ മുമ്പു മരിച്ചുപോയിരുന്നു എന്നു സൂചിപ്പിക്കുന്നുണ്ടു്.

ഭാരതീയജ്യോതിശ്ശാസ്ത്രത്തിനും ജ്യോത്സ്യത്തിനും മാത്രമല്ല, സംക്ഷിപ്തവും, എന്നാൽ സുവ്യക്തവുമായ രീതിയിൽ വരാഹമിഹിരൻ രചിച്ചിരുന്ന 'ബൃഹത്സംഹിത' ഒരു മുഖ്യപ്രമാണഗ്രന്ഥമായിട്ടുള്ളതു്. പ്രാചീനഭാരതീയഭൂമിശാസ്ത്രത്തിനും ഇവിടത്തെ സമുദായശാസ്ത്രത്തിനുംകൂടി ഒരു പ്രമാണകൃതിയായി അതു പ്രശോഭിക്കുന്നു. വരാഹമിഹിരന്റെ ലഘുജാതകം അറബിയിലേയ്ക്കു വിവത്തനംചെയ്ത പണ്ഡിതകേസരിയായ അൽബിറൂണി, 'ബൃഹത്സംഹിത'യുടെ വൈവിദ്ധ്യത്തേയും സംപൂണ്ണതയേയും കാവ്യാത്മകമായ ലാവണ്യത്തേയും മുക്തകണ്ഠം പ്രശംസിച്ചിട്ടുമുണ്ടു്.

ഉജ്ജൈനീസദസ്സിലെ ശേഷിച്ച രത്നം വരരുചി, വാമനസ്വാമി, ശബരസ്വാമി, ജാലന്ധരീനാഥൻ, ജംഭലദത്തൻ, ലങ്കേശ്വരൻ, രാവണനൻ, കുമാരദാസൻ, മാഠരൻ, ടങ്കൻ, സരഭഭേരുണ്ഡൻ എന്നീ പതിനൊന്നു ബിരുദങ്ങൾ വഹിച്ചിരുന്ന മഹാപണ്ഡിതനും ശ്രുതിധരനും

(കരിക്കൽ കേട്ടാൽ കന്നു് കരിക്കലും മറക്കാത്തവൻ) ആയ മഹാൻ സിംഹപുരത്തെ ക്ഷത്രിയസാമന്തരാജാവായ ഈശ്വരവർമ്മനാണു്. വരരുചിയുടെ ചങ്ങാതി കാളിദാസൻെറ പേരും ഈശ്വരദത്തൻ എന്നാണല്ലോ. ലക്കാമണ്ഡൻശാസനം എന്നു ഭാരതീയ ആർക്കിയോളജിശാസ്ത്രജ്ഞർ പേരിട്ടിട്ടുള്ളതും, ഒരു ജാലന്ധരരാജകുമാരൻെറ പത്നിയായ സിംഹപുരത്തെ ഈശ്വരാ എന്ന രാജകുമാരി പുറപ്പെടുവിച്ചിട്ടുള്ളതുമായ ഒരു ശാസനം കണ്ടുപിടിച്ചിട്ടുണ്ടു്. ലിപികളുടെ വടിവിൽനിന്നു് ഇതു പുറപ്പെടുവിച്ച കാലം എ. ഡി. അറുനൂറിനു സമീപമാണെന്നു് ആർക്കിയോജിശാസ്ത്രജ്ഞർ വിചാരിക്കുന്നു. ഈ കാലംവരെ സിംഹപുരം ഭരിച്ചിരുന്ന പന്ത്രണ്ടു രാജാക്കന്മാരുടെ നാമങ്ങൾ ഇതിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഈ നാമങ്ങളുടെ കൂട്ടത്തിൽ വരരുചിയായ ഈശ്വരവർമ്മൻേറയും ഇദ്ദേഹത്തിൻെറ പിതാവായ പ്രദീപ്തവർമ്മൻേറയും പേരുകൾ കാണാം.

ഓരോ രാജാവിൻെറ വാഴ്ചയ്ക്കു സാധാരണയായി ചരിത്രകാരർ കൊടുത്തുവരുന്ന ഇരുപതു വർഷം ശരാശരി വാഴ്ചക്കാലം കൊടുക്കുന്നതായാൽ ആദിരാജാവായ സേനവർമ്മൻെറ വാഴ്ചാരംഭം ഉദ്ദേശം എ. ഡി. 380 എന്ന കാലത്തും, ഈശ്വരാരാജകുമാരിയുടെ പിതാവും കടവിലത്തെ രാജാവുമായ ഭാസ്കരവർമ്മൻേറതു് ഉദ്ദേശം എ. ഡി. 600 എന്ന കാലവുമാണെന്നു വരുന്നതാണു്. അപ്പോൾ നാലാംരാജാവായ ദത്തവർമ്മപുത്രൻ പ്രദീപ്തവർമ്മൻെറ വാഴ്ചാരംഭവർഷം ഉദ്ദേശം എ. ഡി. 440 എന്നതും, ഇദ്ദേഹത്തിൻെറ പുത്രനും വരരുചിയുമായ ഈശ്വവർമ്മൻേറതു് ഉ

ദ്ദേശം എ.ഡി. 460 എന്നതും ആണെന്നു കാണാം. ഇപ്ര കാരം വരരുചി, ബുധഗുപ്തന്റെ സമകാലീനനായി തീരു ന്നതാണ്. ബുധഗുപ്തനായ ഹഷവദ്ധനന്റെ 'ലിംഗാ നുശാസന'ത്തിനു ഭട്ടദീപ്തസ്വാമിപുത്രൻ ശബരസ്വാമി (വരരുചി) ഒരു ഭാഷ്യമെഴുതിയിരുന്നല്ലോ. പ്രദീപ്തവമ്മ നാണ് ഭട്ടദീപ്തസ്വാമി. ക്ഷത്രിയക്കും ബ്രാഹ്മണനും ത മ്മിൽ വലിയ വ്യത്യാസമുള്ള സാമുദായികനില ഇല്ലാതിരു ന്ന പഴയ കാലത്തു ഭട്ടപദം ക്ഷത്രിയരും സ്വീകരിച്ചിരു ന്നു. അതുപോലെ പണ്ടുള്ള ക്ഷത്രിയനൃപന്മാർ തങ്ങളുടെ പുരോഹിതരായ ബ്രാഹ്മണരുടെ ഗോത്രങ്ങളെ സ്വഗോ ത്രങ്ങളായി അംഗീകരിക്കുകയും ചെയ്തുവന്നിരുന്നു. തന്നി മിത്തം, വരരുചിയുടെ കാത്യായനഗോത്രം അശേഷം അ ളുതത്തിനു വക നല്കുന്നില്ലല്ലോ.

തക്ഷശില, ജലന്ധരം (ജലം), സിംഹപുരി എന്നീ ഗുപ്തസാമ്രാജ്യത്തിന്റെ പശ്ചിമദ്വാരദുഗ്ഗങ്ങൾ നിന്നിരു ന്ന കുമാര, അഥവാ, വാമനവിഷയം മുഴുവനും വാണിരു ന്നതുനിമിത്തമാണ് വരരുചിക്ക് ഏഴ ബിരുദങ്ങൾ ലഭി ച്ചിട്ടുള്ളതു്. മാറം എന്ന പദത്തിനു മാഗ്ഗം(വഴി)എന്നു് അത്ഥമുണ്ട്. തന്മൂലം, ഗുപ്തസാമ്രാജ്യത്തിൽ കടക്കുന്ന വഴിക്കുള്ള ദുഗ്ഗങ്ങളുടെ പാലകനായ വരരുചിക്കു മാറരൻ എന്ന സ്ഥാനം കിട്ടി. ഈ പേരുവെച്ചു കാളിദാസനെ അനുകരിച്ചു വരരുചിയും 'സാംഖ്യസപ്തതി'ക്കു് ഒരു വൃത്തി (ഭാഷ്യം)രചിച്ചിട്ടുണ്ട്. കാളിദാസനായ ഗൗഡപാദന്റെ സാംഖ്യസപ്തതി ഭാഷ്യമാണ് മാറരവൃത്തിയേക്കാൾ അധി കം മൂലകൃതിയെ സൂക്ഷ്മമായി അനുകരിക്കുന്നതെന്നു ചില പണ്ഡിതന്മാർ ചൂണ്ടിക്കാട്ടിയിരുന്നു.

'വാക്യം' എന്ന ഒരു മീമാംസഭാഷ്യം രചിച്ചതു നിമിത്തം, 'വാക്യകാരൻ' എന്ന ബിരുദം നേടിയ ഒരു ടങ്കനെ ശ്രീരാമാനുജൻെറ 'ശ്രീഭാഷ്യ'ത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ചീനത്തെ ചെക്കിയാങ്സംസ്ഥാനത്തിലെ ഒരു ബൌദ്ധഭിക്ഷുമഠത്തിൽനിന്ന് എ. ഡി. പതിന്നാലാംശതാബ്ദത്തിലെ ഒരു പനയോല കണ്ടുപിടിച്ചിട്ടുണ്ട്. ഇതിൽ കാളിദാസനേയും വരരുചിയേയുംപററി എഴുതിയിരുന്നതു് 'ഇൻഡ്യൻ ഹിസ്റ്റാറിക്കൽ ക്വാട്ടേർലി'യിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇതിൽ ശ്രീഭോജദേവൻെറ സഭയിൽ മുഖ്യനും, 'ഉശണ്ഡര'നുമായ വരരുചി ബ്രാഹ്മണൻ പാർത്തിരുന്നു എന്ന മുഖവുരസ്സുശേഷം,

"ഉമയാ സഹിതോ രുദ്രഃ ശങ്കരഃ സഹ വിഷ്ണുനാ
ടങ്കാരശ്ശൂലപാണിശ്ച രക്ഷന്തു ശിവ സർവ്വദാ."

എന്ന ശ്ലോകം കുറിച്ചിരിക്കുന്നു. ഇതിലെ ഭോജൻ പില്ക്കാലമാലവരാജധാനിയായ ഇന്നത്തെ ഉജ്ജൈനിയിലെ ബുധഗുപ്തൻ വിക്രമാദിത്യഹർഷനാണ്. വരരുചിയുടെ ലങ്കാപുരിക്ക് (സിംഹപുരത്തിന്) ബ്രാഹ്മണനഗരം എന്നും മുമ്പു പ്രസ്താവിച്ച പേരുണ്ടായിരുന്നതുനിമിത്തം അദ്ദേഹം ബ്രാഹ്മണനായി ഭവിച്ചു. വരരുചിയുടെ നാലു കൃതികളുടെ പേരുകളുടെ ആദ്യാക്ഷരങ്ങൾ കൂട്ടിച്ചേർത്തുണ്ടാക്കിയ ബിരുദമാണ് 'ഉശണ്ഡര' എന്നതു്. ഈ കൃതികൾ യഥാക്രമം 'ഉദയാഭിസാരിക' എന്ന ഭാണവും, 'ശംബരതന്ത്രം' എന്ന താന്ത്രികഗ്രന്ഥവും, 'ടങ്കവാക്യം' എന്ന മീമാംസഭാഷ്യവും, 'രാവണഭാഷ്യം' എന്ന വൈശേഷികദർശനഭാഷ്യവുമാണ്. 'ശംബരതന്ത്രം' തിബത്തുഭാഷയി

ലേഖ്യ പരിഭാഷപ്പെടുത്തിയ ലങ്കാദേശക്കാരൻ ജയഭദ്രൻ ഇതിനെ 'ചക്രശംബരതന്ത്രം' എന്ന പേരിട്ടിട്ടുണ്ടു്. ശംബരമെന്നതു്, സംഭല എന്ന വരരുചിയുടെ നഗരമായ തക്ഷശിലയുടെ നാമത്തിന്റെ ഒരു രൂപഭേദംമാത്രമാണു്. ടങ്കടീകൻ എന്നതു പരമേശ്വരൻ ശിവന്റെ ഒരു പര്യായമാണു്. ഈശ്വരനെന്ന വരരുചിയുടെ വ്യക്തിനാമം ഇതുനിമിത്തം ടങ്കൻ എന്ന ബിരുദത്തിലും കാണാം.

പ്രസ്തുത മാലയിൽ അനന്തരം കാളിദാസൻ സരസ്വതീചേടനാണെന്നു പറഞ്ഞതിനുശേഷം, മൂറസ്സ് അദ്ദേഹത്തിന്റെ 'കുമാരസംഭവം', 'മേഘദൂതു', 'രഘുവംശം' എന്നീ മൂന്നു കാവ്യങ്ങളുടെ പ്രാരംഭശ്ലോകങ്ങൾ ഓരോന്നു വീതം ഉദ്ധരിച്ചിരിക്കുന്നു. പിന്നീടു്, ത്രയകാവ്യ, വിശസത്രയകാവ്യം, എന്നും ഇതിൽ എഴുതിയിരിക്കുന്നു.

കുമാരനെന്ന നാമത്തിനു വിശാഖനെന്ന പര്യായമുണ്ടല്ലോ. തന്നിമിത്തം 'കുമാരസംഭവ'ത്തിനു 'വിശാഖസംഭവ'മെന്ന പേരു കിട്ടും. മേഘത്തിനു ശദ്രി എന്ന പര്യായമുള്ളതുകാരണം 'മേഘദൂതി'നു 'ശദ്രിദൂതു്' എന്നു പേരിടാം. ആദിത്യനെന്നു് അർത്ഥമുള്ള രഘു എന്ന പദത്തിനു പകരം ഇതേ അർത്ഥമുള്ള സവൻ എന്നതു പ്രയോഗിക്കാം. അതുകൊണ്ടു 'രഘുവംശ'ത്തിനു 'സവവംശം' എന്ന നാമം ലഭിക്കുകയും ചെയ്യും. ഈ മൂന്നു പേരുകളുടേയും ആദ്യാക്ഷരങ്ങൾ ആണു് വി ശ സ എന്നതു്.

ജംഭലദത്തൻ എന്ന പേരുവെച്ചു വരരുചി ഗുണാഢ്യകൃതി 'ബൃഹത്കഥ'യെ ആസ്പദിച്ചു 'വേതാളപഞ്ച

വിംശതി' എന്നൊരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ലങ്കേശപുരൻ എന്ന തൂലികാനാമത്തിൽ വരരുചി രചിച്ചിട്ടുള്ള 'പ്രാകൃതകാമധേനു' എന്ന പ്രാകൃതഭാഷാവ്യാകരണത്തിൻെറ അപരനാമമായിരിക്കാം വരരുചികൃതിയായി അറിയപ്പെടുന്ന 'പ്രാകൃതപ്രകാശം' എന്ന വ്യാകരണഗ്രന്ഥം. ലങ്കേശപുരനെന്ന നാമത്തിൽ വരരുചി ചില സ്തവങ്ങളും രചിച്ചിരുന്നു. ഈ സ്തവങ്ങളിലും, കുമാരദാസനെന്ന പേരിൽ അദ്ദേഹം രചിച്ച 'ജാനകീഹരണം' കാവ്യത്തിലും ഒന്നുപോലെ വരരുചിയുടെ യമകഭ്രമം കാണാം. ഇതിന്ന് ഒരു ഉദാഹരണം 'ജാനകീഹരണം' കാവ്യത്തിൽനിന്നു ചുവടെ ഉദ്ധരിക്കുന്നു:

"നിനദതാ നദതാഡിതമേഖലാ
വിഗലതാടഗലതാവൃതസാനുനാ
അസുഭുജാ സുഭുജാടസുരസംഹതി
പ്രവിദിതാ വിദിതാ ദിശ। ഭ്രൂതാ."

കാളിദാസൻെറ 'രഘുവംശം' കണ്ടിട്ടാണ് 'ജാനകീഹരണം' വരരുചി രചിച്ചതെന്നും, ഇതു കാളിദാസൻ തിരുത്തിക്കൊടുത്തു എന്നും ധ്വനിപ്പിക്കുന്ന ഒരു പഴയ ശ്ലോകം ചുവടെ ചേർക്കുന്നു:

"ജാനകീഹരണം കർത്തും രഘുവംശേ സ്ഥിതേ സതി।
കവിഃ കുമാരദാസശ്ച രാവണശ്ച യദി ക്ഷമഃ"

ഇതിൽ വരരുചിയുടെ രാവണനെന്ന ബിരുദവും ധ്വനിപ്പിച്ചിട്ടുണ്ട്.

മഹാവിഷ്ണുവിൻെറ കല്ക്കി, അഥവാ ഖഡ്ഗി, അവതാരങ്ങളിൽ ഒന്നായി ജയിന ഐതിഹ്യം പ്രസ്താവിച്ചിട്ടുള്ള ബുധഗുപ്തൻ വിക്രമാദിത്യഹർഷന് കൃപാണനരസിംഹൻ എന്ന ബിരുദവും, ഇദ്ദേഹത്തിൻെറ ഒരു സേനാനിയും ശക്തനായ മാടമ്പിയുമായിരുന്ന വരരുചിസ്സു സരഭഭേരുണ്ഡൻ എന്ന നാമവും നല്കി. ഇവരെപ്പററി അതിവിജ്ഞാനപ്രദമായ ഒരു കഥ പത്മപുരാണത്തിൽ ഉണ്ട്. ഇതു സംഗ്രഹിച്ച ചുവടെ ചേക്കുന്നു:

പതഞ്ജലിയുടെ മഹാഭാഷ്യം ബഹുമാനസഹിതം പഠിച്ചിരുന്ന കൃപാണനരസിംഹൻ എന്ന അതിപ്രബലനായ ഗൌഡരാജാവിനു ശസ്ത്രശാസ്ത്രകലാകോവിദനും ജനസ്വാധീനമുള്ളവനും അനേകം ദുർഗ്ഗമദുർഗ്ഗങ്ങളുടെ അധിപനുമായ സരഭഭേരുണ്ഡനെന്ന ഒരു സേനാനി ഉണ്ടായിരുന്നു. ഒരിക്കൽ തൻെറ രാജാവിനെ സകുടുംബം ഹനിച്ച രാജ്യം കൈക്കലാക്കുവാൻ നിശ്ചയിച്ച സരഭൻ അതിനു വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്യുവാൻതുടങ്ങി. പക്ഷേ, പെട്ടെന്നു വിഷൂചിക പിടിപെട്ടു സരഭൻ മരിച്ചതുനിമിത്തം നരസിംഹരാജനും കുടുംബവും രക്ഷപ്പെട്ടു. മരിച്ച് അല്പകാലം കഴിഞ്ഞയുടനെ സിന്ധുദേശത്തു ലക്ഷണമൊത്ത ഒരു കുതിരയായി സരഭൻ ജന്മംകൊണ്ടു. നരസിംഹൻ വൃദ്ധനായിരുന്ന കാലത്ത് ഈ അശ്വത്തെ വിലയ്ക്കു വാങ്ങി ഒരു വൈശ്യൻ അദ്ദേഹത്തിനു സമ്മാനിച്ചു. ഇതിൽ ആരൂഢനായി നരസിംഹൻ പല യുദ്ധങ്ങൾ ജയിക്കുകയും ചെയ്തു.

അന്ന് ഒരിക്കൽ ഇതിൻെറ പുറത്തു കയറി നരസിം

ഹൻ വേട്ടയാടുവാൻ ഒരു കാട്ടിലേയ്ക്കു പരിവാരസമേതം പോയി. മാനുകളെ പിന്തുടൎന്നു രാജാവു് അനുചരരിൽ നിന്നു് അകന്നു. അപ്പോൾ ദാഹിച്ചു കുതിരയിൽനിന്നിറങ്ങി വെള്ളം കണ്ടുപിടിക്കുവാൻ അദ്ദേഹം ഒരു ചെറിയ കുന്നിൽ കയറി. അവിടെ ഭഗവദ് ഗീതയുടെ പതിനഞ്ചാം അദ്ധ്യായത്തിലെ ഒരു ശ്ലോകത്തിൻെറ പകുതി എഴുതിയിരുന്ന ഒരു ഓലത്തുണ്ടു കാററടിച്ചുകൊണ്ടിട്ടിരുന്നതു് രാജാവു കണ്ടു. ഇതെടുത്തു് അദ്ദേഹം വായിച്ചതും അശ്വം നിലത്തു വീണു മുക്തിനേടിയതും ഒന്നായിക്കഴിഞ്ഞു. സരഭഭേരുണ്ഡനായി രൂപാന്തരപ്പെട്ട കുതിര രാജാവിനെ വണങ്ങി ദിവ്യവിമാനത്തിലേറി സ്വൎഗ്ഗത്തിലേയ്ക്കു പോകുകയും ചെയ്തു.

അനന്തരം ആ കുന്നിൻെറ മുകളിൽ നിന്നിരുന്ന ഒരു ആശ്രമം കണ്ടു നരസിംഹൻ അതിൽച്ചെന്നു കയറി. അവിടെ കണ്ട ഒരു ബ്രാഹ്മണനോടു നടന്ന സംഭവം അദ്ദേഹം പറഞ്ഞുകേൾപ്പിച്ചു. അപ്പോൾ, തൻെറ ഒരു ശിഷ്യൻ എഴുതിയ ഒരു ഓലത്തുണ്ടാണതെന്നും അതിലെ ഗീതാശ്ലോകം കേട്ടു മുജ്ജന്മങ്ങളിലെ പാപം തീൎന്നു കുതിര സ്വൎഗ്ഗം പ്രാപിച്ചു എന്നും യോഗിയായ ആ ബ്രാഹ്മണൻ രാജാവിനെ ധരിപ്പിച്ചു. അന്നുമുതല്ക്കു നരസിംഹൻ ഗീതയിലെ പതിനഞ്ചാമദ്ധ്യായത്തിലെ പ്രസ്തുതശ്ലോകാൎദ്ധം എഴുതിയ ഓല ദിനംപ്രതി 'ഫഷംനിമിത്തം ഉന്മീലിതങ്ങളായ നയനങ്ങൾപൂൎവ്വം' വായിക്കുക പതിവായിരുന്നു താനും.

ഈ കഥയിലെ കൃപാണനരസിംഹൻ പുരാണങ്ങളി

ലെ—പ്രത്യേകിച്ചു ജയിനപുരാണങ്ങളിലെ—കല്കി അവ താരങ്ങളിൽ ഒരുത്തനായ ബുധഗുപ്തൻ വിക്രമാദിത്യഹർഷ നാണ്. കൃപാണം ഖഡ്ഗമാണല്ലോ. കല്കിയുടെ പര്യാ യമായി ഖഡ്ഗി എന്ന പദവും പുരാണങ്ങളിൽ പ്രസ്താ വിച്ചിട്ടുള്ളതു കാണാം. പ്രസ്തുതകഥയുടെ അന്ത്യത്തിൽ കൃപാണനരസിംഹൻ 'ഹർഷോന്മീലിതനയനങ്ങൾപൂർവ്വം' മാലയിലെഴുതിയിരുന്ന ഗീതാശ്ലോകാർദ്ധം വായിച്ചിരുന്നു എന്നു പ്രസ്താവിച്ചിരിക്കുന്നതു് അദ്ദേഹത്തിനു ഹർഷനെ ന്ന ബിരുദമുണ്ടായിരുന്നുവെന്നു ധ്വനിപ്പിക്കുവാനാണു താനും.

പതഞ്ജലിഭാഷ്യമാസ്വദിച്ച ഗോപീചന്ദ്രന്റെ പി താവു വിമലചന്ദ്രൻ രചിച്ച മുമ്പു പറഞ്ഞ 'ഭാഗവൃത്തി' യേയും, ഭർത്തൃഹരിയുടെ 'വാക്യപദീയ'ത്തേയും മറ്റൊരു വ്യാകരണഗ്രന്ഥകാരനായ ബുധഗുപ്തൻ ബഹുമാനിച്ചു എ ന്നുള്ള പ്രസ്താവം തികച്ചും വിശ്വസനീയമാണ്. ഇവരി രുവരുടേയും കൃതികളെ ബഹുമാനിച്ചതിനു മറ്റൊരു കാ രണവുംകൂടിയുണ്ട്. ബുധഗുപ്തന്റെ മാതാവു ഭർത്തൃഹരിയു ടെ വൈശാലി (സിയാൽക്കോട്ട്) രാജകുലത്തിലെ ഒരു അംഗമായതും, ഈ വംശത്തിനു വിമലചന്ദ്രന്റെ ചം ബാരാജവംശത്തോടു വേഴ്ചയുണ്ടായിരുന്നതുമാണ് രണ്ടാം കാരണം. ഗൌഡദേശത്തുള്ള സിയാൽക്കോട്ടരാജവംശ ജനായിരുന്നതുനിമിത്തമാണ് ബുധഗുപ്തനായ കൃപാണ നരസിംഹനെ പത്മപുരാണം ഗൌഡരാജാവാക്കിയിരി ക്കുന്നതും.

ബുധഗുപ്തഹർഷൻ ലിഛവിവംശജനാണെന്നു താരാ

നാഥൻ പ്രസ്താവിച്ചിട്ടുണ്ട്. ശ്രീരാമന്റെ ലവൻവഴിക്കുള്ള എട്ടാമത്തെ പിൻഗാമി 'പ്രസുശ്രുതൻ' ആണ് തങ്ങളുടെ കുലസ്ഥാപകൻ എന്ന് ലിഛവികൾ പറഞ്ഞുവന്നിരുന്നു. പ്രസുശ്രുതന്റെ പിതാവായ ഒരു ആധുനികകാലത്തെ ഇക്ഷ്വാകുവംശത്തിന്റെ പൂർവ്വികനാണെന്നു പുരാണങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. അതിപ്രാചീനമായ ഒരു രാജവംശമാണ് ലിഛവിവംശം. പുഷ്യമിത്രശുംഗന്റെ കാലത്ത് ഇവരുടെ ഒരു ശാഖ ബീഹാറിലെ വൈശാലീനഗരത്തിൽ വാണുകൊണ്ടു ശുംഗവംശക്കാരോടു മത്സരിച്ചിരുന്നു. അതിശക്തരായ ഇവരുടെ സഹായം നേടുവാൻ ചന്ദ്രഗുപ്തൻ ഒന്നാമൻ ഒരു ലിഛവികന്യകയെ കല്യാണം കഴിക്കുകയും ചെയ്തിരുന്നു. പഞ്ചാബിലെ വൈശാലിയിൽ (സിയാൽക്കോട്ടിൽ) ബുധഗുപ്തന്റെ മാതൃശാഖയിൽപ്പെട്ട ലിഛവികൾ നാടുവാണിരുന്നു. ഇതിലെ അംഗമായ ഭർത്തൃഹരിക്കു ഭട്ടബിരുദം ഉണ്ടായിരുന്നതുപോലെ ബുധഗുപ്തനും അതു വഹിച്ചിരുന്നു. ബുധഗുപ്തന്റെ ഖഡ്ഗിബിരുദത്തിൽനിന്നു ജന്മമെടുത്ത ഖഡ്ഗ എന്ന ബിരുദവും, അദ്ദേഹത്തിന്റെ ഭട്ടബിരുദത്തിന്റെ ഒരു രൂപമായ ഭാട എന്നതു ദുഷിച്ചുണ്ടായ ഭട എന്ന ബിരുദവും വഹിച്ചിരുന്ന ഒരു രാജവംശം ബംഗാളിലെ ഗൌഡദേശത്തു നാടുവാണിരുന്നു. ആറാംശതാബ്ദത്തിന്റെ അന്ത്യം മുതല്ക്കുള്ള ഇവരുടെ ശാസനങ്ങൾ ഇന്നു കണ്ടുപിടിച്ചിട്ടുണ്ട്. കോമില്ലാനഗരസമീപമുള്ള കമ്മന്തനഗരമാണ് ഇവരുടെ രാജധാനി. ഇവർ ബുധഗുപ്തൻ സ്ഥാപിച്ച വംശത്തിന്റെ പില്ക്കാലസന്തതികൾ ആയിരുന്നു.

ഹിംസിക്കുന്നതു് എന്നു ധാത്വത്ഥമുള്ള ശരഭം, അഥവാ സരഭം, എന്നതിന്നു് എട്ടടിമാൻ എന്ന ഒരു അത്ഥമുണ്ടു്. ഇതിന്നു് എട്ടു കാലുണ്ടെന്നും, ഇതു സിംഹത്തെപ്പോലും കൊല്ലുമെന്നും, മൃഗത്തിൻേറയും പക്ഷിയുടേയും വഗ്ഗത്തിൽ ഇതു് ഉൾപ്പെടുമെന്നും പറഞ്ഞുവരുന്നു. പ്രാചീന ഈജിപ്തുകാരുടെ സ്ഫിംഗ്സ് എന്നതിനോടു് ഇതിനെ സാദൃശ്യപ്പെടുത്താം. മഹാവിഷ്ണു നരസിംഹമായി അവതരിച്ചു ഹിരണ്യകശിപുവിനെ കൊന്നതിനുശേഷവും അദ്ദേഹത്തിൻെറ കോപം ശമിക്കാതെയിരിക്കുന്നതു കണ്ടു് പരമേശ്വരനായ ശിവൻ ശരഭമായി ജനിച്ചു എന്നൊരു കഥയുണ്ടു്. വരരുചിക്കു പത്മപുരാണം നല്കിയിട്ടുള്ള ശരഭഭേരുണ്ഡനെന്നപേരിൽ ഇപ്രകാരം അദ്ദേഹത്തിൻെറ വ്യക്തിനാമമായ ഈശ്വരൻ എന്നതു കാണുകയും ചെയ്യാം. ശരം എന്നതിനു ജലം എന്നും അത്ഥമുണ്ടു്. ജലന്ധരാധിപനാണു് വരരുചി എന്നും ഇതു സൂചിപ്പിക്കുന്നു. ശംബരം എന്നതിനും അത്ഥം ജലം എന്നുതന്നെ. ഭയങ്കരൻ എന്നത്ഥമുള്ള ഭേരുണ്ഡൻ എന്നതും ശിവൻെറ ഒരു പയ്യായമാണു്. സാൽവവംശത്തിൻെറ ഒു ലിംഗശാഖയ്ക്കു ഭേരുണ്ഡർ എന്ന പേരുണ്ടെന്നു സിൽവെയിൻലവി ചൂണ്ടിക്കാട്ടിയിരുന്നു. സാൽവവംശജനാണു് വരരുചി എന്നു് ഇതു സ്ഥാപിക്കുന്നുണ്ടല്ലോ.

വരരുചിയായ ശരഭഭേരുണ്ഡൻെറ രാജദ്രോഹകഥയ്ക്കു കാരണം, എ. ഡി. 482-ൽ നടന്ന മേഘവാഹനൻെറ ആക്രമണത്തേയും, തുടൎന്നുണ്ടായ ചീനാഹൂണരുടേതും ഈ അതിപ്രബലനായ കോട്ടപാലൻ യുദ്ധമായി സ

ഹായിച്ചതാണ്. ധർമ്മാശോകൻ മഹാപത്മനന്ദന്റെ സമകാലീനനായിരുന്ന വരരുചിയും ഇതുപോലെ രാജദ്രോഹം പ്രവർത്തിച്ചതായി കഥ കാണാം. വിഷൂചിക ബാധിച്ചു മരണമടഞ്ഞതിനുശേഷം ശരഭൻ സിന്ധുദേശത്ത് ഒരു അശ്വമായി ജനിച്ചുവെന്നു പറഞ്ഞിട്ടുള്ളതു സിന്ധുസാഗരദ്വീപായ കുമാരവിഷയത്തിന്റെ അധിപനായിരുന്നു വരരുചി എന്നതുനിമിത്തമാണ്. ഇവിടത്തെ ശ്രീപർവ്വതത്തിലെ അശ്വപാദർ എന്ന താന്ത്രികഗുരുപരമ്പരയിൽ പെട്ടിരുന്നതുഹേതുവാലാണ് സരഭൻ അശ്വമായി പിറന്നു എന്നു പറഞ്ഞിട്ടുള്ളത്. ഈ ഗുരുപരമ്പരയിലുൾപ്പെട്ട ഒരു അശ്വപാദയോഗിയെ കാശ്മീരരാജാവു പ്രവരസേനൻ രണ്ടാമനോട്ട 'രാജതരംഗിണി' ഘടിപ്പിച്ചിട്ടുമുണ്ട്.

ഭഗവത്ഗീതയിലെ പതിനഞ്ചാം അധ്യായത്തിന്റെ പ്രാരംഭശ്ലോകങ്ങളിൽ സകല ദിക്കുകളിലുമായി വേരുകളും കൊമ്പുകളും വ്യാപിപ്പിക്കുന്ന അശ്വത്ഥ (അരയാൽ) വൃക്ഷത്തോട് ഈശ്വരനെ സദൃശപ്പെടുത്തിയിരിക്കുന്നു. ഉദാഹരണമായി ആദ്യശ്ലോകം നോക്കുക:

"ഊർദ്ധ്വമൂലമധഃശാഖം അശ്വത്ഥം പ്രാഹുരവ്യയം
ഛന്ദാംസി യസ്യ പർണ്ണാനി യസ്തം വേദ സ വേദവിത്."

സരഭഭേരുണ്ഡൻ അശ്വപാദഗുരുക്കന്മാരിൽ ഒരുത്തനെന്നു സൂചിപ്പിക്കാനാണ് ഗീതയിലെ പതിനഞ്ചാമധ്യായം കഥയിൽ കൊണ്ടുവന്നിട്ടുള്ളത്.

അവസാനമായി കാളിദാസന്റെ കാലം നിർണ്ണയി

ക്കുന്നതിനു ശ്രമിക്കാം. ബി. സി. രണ്ടാംശതകംമുതല്ക്കു് എ. ഡി. ഏഴാംശതകംവരെയുള്ള കാലങ്ങൾ ഈ മഹാകവിക്കു് ഇന്നു നല്കിവരുന്നുണ്ടു്. മുകളിൽ വിവരിച്ച സംഗതികളിൽനിന്നു് ഇദ്ദേഹം എ. ഡി. അഞ്ചാംശതാബ്ദത്തിലെ ബുധഗുപ്തന്റെ സമകാലീനനാണെന്നു സുവ്യക്തമാകുന്നുണ്ടല്ലോ. ആകയാൽ, ബുധഗുപ്തന്റെ കാലം സസൂക്ഷ്മം നിർണ്ണയിക്കുന്നതു കാളിദാസന്റെ കാലം നിർണ്ണയിക്കുന്നതിനു തുല്യമായിരിക്കും.

സുപ്രസിദ്ധരായ ആറു ശകകാരന്മാരെ (അബ്ദസ്ഥാപകരെ)പ്പററി പശ്ചിമഇൻഡ്യയിലെ പഞ്ചാംഗകർത്താക്കന്മാർ പറയാറുള്ള ഒരു പഴയ ശ്ലോകം ചുവടെ ഉദ്ധരിക്കുന്നു:—

> "യുധിഷ്ഠിരോ വിക്രമശാലിവാഹനൌ
> തതോഃ നൃപഃ സ്യാദ് വിജയാഭിനന്ദനഃ
> തതസ്തു നാഗാർജ്ജുനഭൂപതിഃ കലൌ
> കൽക്കീ ഷഡേതേ ശകകാരകാഃ സ്മൃതാഃ"

ഇതിലെ കല്ക്യബ്ദം സ്ഥാപിച്ച കല്കിയായ ബുധഗുപ്തൻ വിക്രമാദിത്യഹർഷൻ, ഈ ശ്ലോകത്തോടു് അവർ അനുബന്ധിച്ചിട്ടുള്ള കല്പഗണിതാസ്പദമായ കാലക്കണക്കുകളിൽനിന്നു് എ.ഡി. 468-ൽ ഉജ്ജയിനിയിലെ പ്രാദേശിക സ്വതന്ത്രനായ ഗുപ്തഗവർണ്ണരായി നിയമിക്കപ്പെട്ട എന്നും, ഈ കല്ക്യബ്ദം തുടങ്ങുന്നതു് എ. ഡി. 468-ൽ ആണെന്നും ഞാൻ കണ്ടുപിടിച്ചിട്ടുണ്ടു്.

എ. ഡി. 783-ൽ ജിനസേനാചാര്യൻ ജൈന 'ഹരിവംശപുരാണം' എന്ന കാവ്യം രചിക്കുകയുണ്ടായി. വ

ദ്ധമാനമഹാവീരൻെറ നിവ്വാണംമുതല്ക്കു കല്ക്കിയുടെ ഭരണാന്ത്യംവരെയുള്ള കാലത്തു പശ്ചിമഇന്ത്യയിൽ നാടു വാണിരുന്ന പ്രബലരായ രാജവംശങ്ങളുടെ പേരുകളും, ഇവരുടെ വാഴ്ചക്കാലങ്ങളും ഇതിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഇവ പറഞ്ഞിട്ടുള്ള ഭാഗം ചുവടെ ഉദ്ധരിക്കുന്നു:

"വീരനിർവ്വാണകാലേ ച പാലകോത്രാഭിഷേക്ഷ്യതേ.
ലോകേടവന്തിസുതോ രാജാപ്രജാനാം പരിപാലകഃ
ഷഷ്ടി വർഷാണി തദ്രാജ്യം തതോ വിഷയഭൂഭുജാം
ശതം ച പഞ്ചപഞ്ചാശരദ് വർഷാണി തദ്ദീരിതം.

ചത്വാരിംശൽ മുരുണ്ഡാനാം ഭൂമണ്ഡലമഖണ്ഡിതം
ത്രിംശത്തു പുഷ്യമിത്രാണാം ഷഷ്ടിർവസ്വഗ്നിമിത്രയോഃ
സശതം രാസഭരാജാനാം നരവാഹനമപ്യതഃ
ചത്വാരിംശത്തതോ ദ്വാഭ്യാം ചതുരിംശച്ഛതദ്വയം

ഭട്ടബാണസ്യ തദ്രാജ്യം ഗുപ്താനാം ച ശതദ്വയം
ഏകത്രിംശച്ച വർഷാണി കാലഹൃദ്ഭിരുദാഹൃതം.
ദ്വിചത്വാരിംശ ദേവതഃ കൽക്കിരാജസ്യ രാജതാ.
തതോടജിതംജയോ രാജാ സ്യാദ് ഇന്ദ്രപുരസംസ്ഥി
തഃ"

മഹാവീരൻ ബി. സി. 527-ൽ ജനിക്കുകയും എഴുപത്തിരണ്ടു വർഷം ജീവിച്ചിരിക്കുകയും ചെയ്തുവെന്നാണു് ജയിനഐതിഹ്യം. ജയിനർ 354 ദിവസംവീതമുള്ള ചാന്ദ്രവർഷം ഉപയോഗിച്ചിരുന്നതുകാരണം മഹാവീരൻെറ ജീവിതകാലം എഴുപതു്—സൌരവർഷമായിരിക്കുന്നതാണു്. അതുകൊണ്ടു് അദ്ദേഹം ബി. സി. 527—457

എന്ന കാലത്തു ജീവിച്ചിരുന്നു എന്നു സിദ്ധിക്കുന്നു. ജയിനരും ബുദ്ധമതക്കാരും ഒരു ജിനന്റെ നിർവ്വാണവും പരിനിർവ്വാണവും തമ്മിൽ വേർതിരിക്കുന്നുണ്ടു്. നിർവ്വാണം ജിനനാകുന്നതും, പരിനിർവ്വാണം മരണവുമാണ്. മഹാവീരൻ ജിനനായതു ജനനകാലമായ ബി. സി. 527-ൽ നിന്നു 42 ചാന്ദ്രവർഷം, അഥവാ 41 സൌരവർഷം, കഴിഞ്ഞപ്പോഴാണ്. തന്നിമിത്തം അദ്ദേഹത്തിന്റെ നിർവ്വാണം ബി. സി. 486-ൽ ആയിരിക്കും. ബി. സി. 486 മുതല്ക്കു് ആയിരം ചാന്ദ്രവർഷമുള്ള, അഥവാ 969 സൌരവർഷമുള്ള, ഒരു കല്പത്തിൽ പശ്ചിമഭാരതത്തിൽ പ്രാബല്യം പ്രാപിച്ച രാജവംശങ്ങളുടെ വാഴ്ചക്കാലങ്ങളാണ് ജിനസേനൻ നല്കിയിരിക്കുന്നതു്.

കൽക്കിസംബന്ധികളായ മററു ജയിനഐതിഹ്യങ്ങളേയും, കാശ്മീരത്തും സമീപദേശങ്ങളിലും കണ്ടുപിടിച്ചിട്ടുള്ള ബുധഗുപ്തന്റെ നാണയങ്ങളേയുംപററി പ്രതിപാദിച്ചതിനുശേഷം ജിനസേനന്റെ കാലക്കണക്കുകളെ വിശദീകരിക്കാം. മററു ജയിനഐതിഹ്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം. കൽക്കിക്കു ചതുർമുഖനെന്നും രുദ്രനെന്നും, പിതാവിനു് ഇന്ദ്രനെന്നും, ശിശുപാലനെന്നും, മാതാവിനു പൃഥിവീസുന്ദരി എന്നും, പുത്രനു് അജിതംജയനെന്നും ദത്തനെന്നും ബിരുദങ്ങളുണ്ടായിരുന്നു. കൽക്കിയുടെ ജനനനഗരമായ ഇന്ദ്രപ്പുരം വഹിച്ചിരുന്ന നാമങ്ങൾ കുസുമപുരം, പാടലീപുത്രം, ലവണദേവിക എന്നിവയാണ്. കൽക്കി ജനിച്ച കാലത്തു മഥുരയിലെ ബലരാമശ്രീകൃഷ്ണവിഗ്രഹങ്ങൾ നിലംപതിക്കുകയുണ്ടായി. കൽ

ക്കിയുടെ വാഴ്ചക്കാലത്തു വിഷൂചികയെന്ന മഹാമാരി നാട്ടാരെ പിടികൂടി. സ്വർണ്ണക്കൊതിയനായ കൽക്കി നന്ദരാജധാനിയിലെ സ്തൂപം പൊന്നിനുവേണ്ടി പൊളിപ്പിച്ചു നോക്കി. കൽക്കിയുടെ പുത്രൻ ജയിനമതം സ്വീകരിക്കുകയും ചെയ്തു.

കൽക്കി മഹാവിഷ്ണുവിൻെറ ഒരവതാരമാണല്ലോ. അതുകൊണ്ടു വിഷ്ണുബിരുദങ്ങളായ ചതുർമുഖൻ (ബ്രഹ്മാവ്), രുദ്രൻ എന്നിവ ബുധഗുപ്തൻ കല്ക്കിക്കും നാട്ടുകാർ നല്കിയിരുന്നതിൽ അത്ഭുതത്തിനു വകയില്ല. മഹാവിഷ്ണുവും പുത്രൻ ശിവനും ഒന്നുപോലെ രുദ്രന്മാരാണ്. മഹാവിഷ്ണുവിനു സനന്ദകുമാരനെന്നും ഇന്ദ്രനെന്നും പേരുകൾ ഉണ്ടായിരുന്നു. ശിശു എന്ന പദത്തിനു കുമാരനെന്ന പര്യായമുണ്ടല്ലോ. ശിശുമാരൻ എന്നതു വിഷ്ണുവിൻെറ ഒരു ബിരുദവുമാണ്. ഇക്കാരണങ്ങളാൽ മഹേന്ദ്രവിക്രമൻ കുമാരഗുപ്തന് ഇന്ദ്രനെന്നും ശിശുപാലനെന്നും ബിരുദങ്ങൾ കിട്ടി. കൂടാതെ, ശിശുപാലനെന്ന ഒരു പ്രബലനായ നൃപനെ വാഴ്ത്തുന്ന കുറേ അക്ഷരങ്ങൾ മാഞ്ഞുപോയ ഒരു ശിലാസ്തംഭലേഖനം പഹ്ലദ്പൂരിൽ കണ്ടുപിടിച്ചിട്ടുമുണ്ട്. ഇതിൻെറ ലിപി കുമാരഗുപ്തൻെറ കാലമായ എ. ഡി. അഞ്ചാംശതാബ്ദത്തിലെ ലിപിയുമാണ്. ശ്ലോകത്തിലുള്ള ഈ ലേഖനം ചുവടെ ചേർക്കുന്നു:

“വിപുലവിജയകീർത്തിഃ ക്ഷത്രസദ്ധർമ്മപാലഃ
സതതദയിതപാർത്ഥഃ പാർത്ഥിവാനീകപാലഃ
ദിശിദിശി ശിശുപാല............തിമപാലഃ
വിഹിത ഇവ വിധാത്രാ പഞ്ചമോ ലോകപാലഃ”

ഇതിലെ അഞ്ചാമത്തെ ലോകപാലൻ മഹാവിഷ്ണു വായ വരുണനാണ്. ദിക്കുകളെ വേർതിരിക്കാതെയിരു ന്ന മഹാവിഷ്ണുവിൻെറ കാലത്തു സകലദിക്കുകളുടേയും പാലനം വിഷ്ണുതന്നെ നടത്തിവന്നിരുന്നു. അതുകൊണ്ടു സോമനും, ഇന്ദ്രനും, യമനും, വരുണനും മഹാവിഷ്ണുത ന്നെയാണ്. ശിവനായ സനത്കുമാരനു വൈധാത്ര (വി ധാതാവിൻെറ പുത്രൻ) എന്ന പേരുള്ളതുകൊണ്ടു വിധാ താവും സനന്ദവിക്രമൻ മഹാവിഷ്ണുതന്നെ. കുമാരഗുപ്തനും മഹേന്ദ്രവിക്രമനാണല്ലോ. ഈ ശ്ലോകത്തിലെ 'വിപുലവി ജയകീർത്തി' എന്നതു രാജശാസനങ്ങളുടെ പതിവായ വെ റും അതിശയോക്തിയല്ല, പിന്നെയോ ഗാന്ധാരദേശപര്യ ന്തം തൻെറ കാശ്മീരയുദ്ധത്തിൽ ദിഗ്വിജയം നടത്തിയ കുമാരഗുപ്തൻെറ വിപുലവിജയകീർത്തിയുടെ സത്യാത്മക മായ വർണ്ണനയാണതാനും.

കുമാരഗുപ്തൻ പൃഥിവീപതി എന്ന ബിരുദം വഹി ച്ചിരുന്നതുകൊണ്ടു ഭാര്യക്കു പൃഥിവീസുന്ദരീ എന്ന ബിരു ദം ഉണ്ടായിരുന്നു എന്നതു വിശ്വാസയോഗ്യമാണ്. അ ജിതംജയൻ, ദത്തൻ എന്നിവർ ബുധഗുപ്തൻെറ, ഭാനുഗു പ്തൻ ദ്വാദശാദിത്യൻെറ, അഥവാ വൈന്യഗുപ്തൻെറ, ബി രുദങ്ങളാണ്. കാശ്മീരത്തെ പ്രവരസേനൻ രണ്ടാമൻെറ മാതുലനായി കൽഹണൻ ഒരു ജയേന്ദ്രനെ പ്രസ്താവിച്ചി ട്ടുണ്ടു. പ്രവരസേനൻെറ മാതാവു ബുധഗുപ്തൻെറ പുത്രി യാണല്ലോ. അതുകൊണ്ടു ജയേന്ദ്രൻ ആയിരിക്കും അജി തംജയൻ, ഭാനുഗുപ്തൻ. കുസുമപുരാദിനാമങ്ങൾ ഗുപ്തത ലസ്ഥാനമായ പാടലീപുത്രത്തിൻെറ പേരുകളാണ്. ക

ലിയുഗാന്ത്യത്തിലുള്ള കല്ക്ക്യവതാരകാലത്തു മഹാമാരി, ക്ഷാമം, പ്രളയം, ശത്രുക്കളുടെ ആക്രമണം മുതലായ ദുരിതങ്ങൾ ഉണ്ടാകുമെന്നു പുരാണങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഇവ എല്ലാം കല്ക്കിയായ ബുധഗുപ്തൻെറ കാലത്തു സംഭവിച്ചു. കാശ്മീരത്തു തുഞ്ജീനൻ ഒന്നാമൻെറ കാലത്തു ക്ഷാമമുണ്ടായല്ലോ. കൃപാണനരസിംഹൻെറ കാലത്തു വിഷൂചിക ഉണ്ടായതു പത്മപുരാണത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഹൂണാക്രമണകാലത്തു പാടലീപുത്രം ഗംഗാനദിയുടെ ഒരു വെള്ളപ്പൊക്കംഹേതുവായി നശിച്ചു എന്നൊരു ഐതിഹ്യവും ഉണ്ട്.

കല്ക്കി ദുഷ്ടനിഗ്രഹം നടത്താറുള്ളതുപോലെ, ബുധഗുപ്തൻ കല്ക്കിയും എ. ഡി. 468-നും 482-നും ഇടയ്ക്കുണ്ടായ ശകന്മാരുടേയും ചീനഹൂണന്മാരുടേയും മൂന്നാമത്തെ ആക്രമണം ചെറുത്തു ദുഷ്ടനിഗ്രഹം നടത്തി. ഇതുനിമിത്തം അദ്ദേഹത്തിനു ന്യായമായി ലഭിച്ച ശകാരി എന്ന ബിരുദം ഇന്നത്തെ ചരിത്രകാരന്മാർ സ്കന്ദഗുപ്തൻ വിക്രമാദിത്യനു് അടിസ്ഥാനരഹിതമായി നല്കിയിരിക്കുന്നു. ശകാരിബിരുദം ബുധഗുപ്തനാണു് ഉണ്ടായിരുന്നതു് എന്നതിനു് 'രഘുവംശ'ത്തിലുള്ള ഇന്ദുമതീസ്വയംവരവർണ്ണനയിലെ ചുവടെ ചേർക്കുന്ന ശ്ലോകം സാക്ഷ്യം വഹിക്കുന്നു:

"അവന്തിനാഥോഽയമുദഗ്രബാഹു-
ർവ്വിശാലവക്ഷാസ്തനുവൃത്തമദ്ധ്യഃ
ആരോപ്യ ചക്രഭ്രമമുഷ്ണതേജാ-
സ്ത്വഷ്ട്രേവ യത്നോല്ലിഖിതോ വിഭാതി."

ഈ ശ്ലോകത്തിൻെറ വ്യാഖ്യാനത്തിൽ അതിലുള്ള പൌരാണിക ഐതിഹ്യം വിശദീകരിക്കുവാൻ ഇതു വിവരിക്കുന്ന ചുവടെ ചേക്കുന്ന മാക്കണ്ഡേയപുരാണശ്ലോകം മല്ലിനാഥൻ ഉദ്ധരിച്ചിട്ടുണ്ട്.

"വിശ്വകമ്മാത്വനുജ്ഞാതഃ ശാകദ്വീപേ വിവസ്വതാ
ഭ്രമമാരോപ്യ തത്തേജഃ ശാതനായോപചക്രമേ."

വിശ്വകമ്മാവിൻെറ (ത്വഷ്ടാവിൻെറ) പുത്രിയും, വിവസ്വാൻെറ (ആദിത്യൻെറ) പത്നിയുമായ സംജ്ഞക്കു ഭർത്തൃതേജസ്സ് അസഹ്യമായിത്തോന്നിയതുനിമിത്തം വിശ്വകമ്മാവു വിവസ്വാനെശാകദ്വീപിൽവെച്ചു കടച്ചിൽ ചക്രത്തിലേററിക്കടഞ്ഞു തേജസ്സു കുറച്ചു എന്നാണ് ഈ പുരാണശ്ലോകത്തിൽ പറഞ്ഞിരിക്കുന്നത്. ഇതിലെ ശാകദ്വീപ് കാശ്മീരം, ഉത്തരപഞ്ചാബ് എന്നിവയടങ്ങിയ ദേശമാണ്. ഈ ദേശമാക്രമിച്ച ശകന്മാരേയും ചീനഹൂണരേയും ബുധഗുപ്തനായ അവന്തി (ഉജ്ജൈനി) നാഥൻ തോല്പിച്ചു ശകാരി എന്ന ബിരുദം നേടിയെന്നാണ് ഈ ശ്ലോകത്തിൽ കാളിദാസൻ ധ്വനിപ്പിച്ചിട്ടുള്ളതു്. കൂടാതെ, മറെറാരു ധ്വനിയും അടങ്ങിയിട്ടുണ്ടിതിൽ. 'രാജതരംഗിണി'യിൽ കാശ്മീരത്തെ പ്രവരസേനൻ ദ്വിതീയൻെറ മാതാവു് ഇക്ഷ്വാകുവംശജൻ വജ്രേന്ദ്രൻെറ പുത്രിയാണെന്നു പ്രസ്താവിച്ചിട്ടുള്ളതു ബുധഗുപ്തനെ ഉദ്ദേശിച്ചാണെന്നു മുകളിൽ ചൂണ്ടിക്കാട്ടിയിരുന്നല്ലോ. ഈ വജ്രനെന്ന ബിരുദം ബുധഗുപ്തൻ വഹിച്ചിരുന്നു എന്നാണ് രണ്ടാമത്തെ ധ്വനി. വിവസ്വാനെ കടഞ്ഞപ്പോൾ അദ്ദേഹത്തിൻെറ തേജസ്സിൻെറ എട്ടിലൊരംശം ഭൂമിയിൽ

പതിച്ചുവെന്നും, ഇതു് അനശ്വരമായതു കാരണം മഹാവിഷ്ണുവിൻെറ വജ്രചക്രം, ശിവൻെറ ശൂലം മുതലായ ദേവന്മാരുടെ ആയുധങ്ങൾ ദേവശില്പി ഇതുകൊണ്ടു നിർമ്മിച്ചുവെന്നും പുരാണങ്ങളിൽ പറഞ്ഞിട്ടുണ്ടു്. വിവസ്വാൻെറ തേജസ്സു വജ്രമയമാണെന്നു് ഇതിൽനിന്നു സിദ്ധിക്കുന്നുണ്ടല്ലോ. അതുകൊണ്ടു്, ബുധഗുപ്തനായ വിവസ്വാനു വജ്രനെന്ന ബിരുദം ഉണ്ടായിരിക്കുന്നതുമാണു്.

കണ്ണിങ്ഹാം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 'മദ്ധ്യകാലഭാരതത്തിലെ നാണയങ്ങൾ' എന്ന ഗ്രന്ഥത്തിൽ, കാശ്മീരനാണയങ്ങളുടെ ചിത്രങ്ങളുള്ള മൂന്നു പ്ലേററുകൾ ഉണ്ടു്. ഇവയിലെ കാശ്മീരനാണയങ്ങളെക്കുറിച്ചു ഡാക്ടർ ഹേർൺലേ 1930-ലെ ബങ്കാൾ ഏഷ്യാററിക് സൊസയിററിയിലെ ജേർണലിലും പ്രൊസീഡിംഗ്സിലും ഒരു ലേഖനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. ഈ പ്ലേററുകളിലെ മൂന്നു നാണയങ്ങൾ കാശ്മീരത്തു മേല്ക്കോയ്മ ചെലുത്തിയിരുന്നതായി 'രാജതരംഗിണി'യിൽ പ്രസ്താവിച്ചിട്ടുള്ള വിക്രമാദിത്യഹർഷൻെറ (ബുധഗുപ്തൻെറ) നാണയങ്ങളാണെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു വശത്തു ഹർഷനെന്ന പേരും അശ്വാരൂഢനായ ഒരു മനുഷ്യചിത്രവും; മറുവശത്തു കുഷാണനാണയങ്ങളിലുള്ളതുപോലെ പീഠാരൂഢയായ ഒരു ദേവിയുടെ ചിത്രവുമുള്ള സ്വർണ്ണനാണയമാണു് ഇവയിലൊന്നു്. ബുധഗുപ്തപുത്രൻ ഭാനുഗുപ്തൻ ദ്വാദശാദിത്യൻെറ നാണയങ്ങളിലുള്ളതുപോലെ, ഈ ദേവിയുടെ പീഠവും പത്മപീഠമാണു്. ഗുപ്തചക്രവർത്തികളുടെ സമകാലീനരായ 'ചെറുകുഷാണ'രാജാക്കന്മാ

രുടെ നാണയങ്ങളോടു സാദൃശ്യമുള്ളതാണ് മറ്റൊന്നു്. ഇതിൽ യശോവർമ്മൻ എന്ന നാമം കാണുകയും ചെയ്യാം.

മൂന്നാമത്തെ നാണയത്തിനു ഗുപ്തചക്രവർത്തികളായ നരസിംഹഗുപ്തൻ, ബാലാദിത്യൻ, കുമാരഗുപ്തൻ രണ്ടാമൻ എന്നിവരുടെ നാണയങ്ങളോടു വളരെ അധികം സാദൃശ്യമുണ്ടു്. ഇവർ ബുധഗുപ്തൻ ഉജ്ജൈനീശവർണ്ണരായിരിക്കുമ്പോഴും ഗുപ്തചക്രവർത്തികളായിരുന്നവരാണല്ലോ. ഈ നാണയത്തിൻെറ ഒരു വശത്തു് ഇതു നിർമ്മിച്ച ടങ്കശാല നിന്നിരുന്ന സ്ഥലമായ ഉജ്ജൈനിയുടെ പേരിൻെറ ആദ്യഅക്ഷരമായ 'ഉ' എന്നതും, വിഷ്ണു എന്നതും, മറുഭാഗത്തു് ചന്ദ്രാദിത്യനെന്ന പേരും കാണാം. പ്രകാശാദിത്യൻ എന്ന ബിരുദത്തിൽ ബുധഗുപ്തൻ പുറപ്പെടുവിച്ച നാണയത്തിലും 'ഉ' എന്ന അക്ഷരമുണ്ടു്. ബുധഗുപ്തനു് ചന്ദ്രാദിത്യനെന്ന ബിരുദമുണ്ടായിരുന്നതിനു് 'രഘുവംശ'ത്തിലെ ഇന്ദുമതീസ്വയംവരവർണ്ണനയിലുള്ള ചുവടെ ചേർക്കുന്ന ശ്ലോകം സാക്ഷ്യം വഹിക്കുന്നുണ്ടു്:

"അസൌ മഹാകാലനികേതനസ്യ
വസന്നദൂരേ കില ചന്ദ്രമൌലേഃ
തമിസ്രപക്ഷേƒപി സഹ പ്രിയാഭിർ-
ജ്യോത്സ്നാവതോ നിർവിശതി പ്രദോഷാൻ."

ഇതിൻെറ പരിഭാഷ നോക്കുക:

"മതിധരനിലയാന്തികസ്ഥനിബ് ഭൂ-
പതിയിരുളൊത്തൊരു പക്ഷമെത്തിയാലും
പ്രതിദിനമബലാസമേതമിന്ദു-
ദ്യുതിയൊടു സന്ധ്യകളിൽ കളിച്ചിടുന്നു."

ഇപ്രകാരം കൃഷ്ണപക്ഷസന്ധ്യകളിൽപ്പോലും ഇന്ദു (ചന്ദ്ര)ദ്യുതിയോടുകൂടി അമ്പലകളുമായി കളിക്കണമെങ്കിൽ, ചന്ദ്രനായിരിക്കണമല്ലോ മഹാകാലക്ഷേത്രം നിന്നിരുന്ന ഉജ്ജൈനിയിലെ പ്രകാശാദിത്യനായ ബുധഗുപ്തൻ.

ശ്രീകൃഷ്ണൻെറ മരണകാലം (ബി. സി. 1394) മുതല്ക്കു തുടങ്ങിയ കലിയുഗത്തിൻെറ സന്ധ്യാംശംമാത്രം അവശേഷിക്കുമ്പോഠം, വിഷ്ണുയശസ്സിൻെറ പുത്രൻ കല്കിയായി അവതരിക്കുമെന്നു പുരാണങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. പരീക്ഷിത്തായ വിഷ്ണുരാതൻെറ പുത്രൻ ജനമേജയൻ വിഷ്ണുയശസ്സിൻെറ മകനും, അശ്വമേധം നടത്തി പഞ്ചാബിലെ കാശിരാജാവിനെ തോല്പിച്ചവനുമായ ശതാനീകൻ ഒന്നാമൻ സാമ്രാജിതൻ (ബി. സി. 1334-1309) ആണ് ഈ കല്കി എന്നു ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്. ശതാനീകൻെറ വാഴ്ചാരംഭത്തിനും ബുധഗുപ്തൻ ഉജ്ജൈനീശ്വരനായ കാലം എ. ഡി. 468-നും തമ്മിൽ 1802 വഷത്തെ അന്തരമുണ്ടല്ലോ. മൂന്നു്, 600 വഷം വീതമുള്ള അബ്ദകല്പങ്ങളുടെ കാലമാണ് 1800 വഷം. അതുകൊണ്ടു്, ശതാനീകനുശേഷമുണ്ടായ കല്കികളിൽ ഒരുത്തനായിരിക്കും യശോവമ്മനെന്നും വിഷ്ണുവെന്നും ബിരുദങ്ങളുള്ള ബുധഗുപ്തൻ. മഹാവിഷ്ണു ചന്ദ്രനും, ആദിത്യനുംകൂടിയായിരുന്നു. മഹാവിഷ്ണുവിൽനിന്നു ജനിച്ച ഹരിവംശക്കാരെ പണ്ടു് ചന്ദ്രാദിത്യകുലക്കാരെന്നു വിളിച്ചുവരുകയും ചെയ്തിരുന്നു.

ഇനി ജയിന 'ഹരിവംശപുരാണ'ത്തിലെ കാലക്കണക്കുകളിലേയ്ക്കു തിരിച്ചുപോകാം. ചാന്ദ്രവഷത്തിൽ ന

ല്പിയിട്ടുള്ള ഈ രാജവംശങ്ങളുടെ വാഴ്ചക്കാലങ്ങളെ സൌരവഷ്മാക്കി നിണ്ണയിച്ച ചുവടെ ചേക്കുന്നു:

1. അവന്തിയിലെ (സിയാൽകോട്ട് തലസ്ഥാനമായിരുന്ന മാലവത്തിലെ) പാലകവംശം: ബി. സി. 486_428.

2. വിഷയഭ്രഷ്ടർ: (കാശ്മീരത്തെ വിഷലാടമെന്ന ദേശത്തു തലസ്ഥാനമുള്ള നന്ദവംശം) ബി. സി. 428_278.

3. മുരുണ്ഡവംശം: (മൌര്യവംശം) ബി. സി. 278_239.

4. പുഷ്യമിത്രവംശം: ബി. സി. 239_210.

5. വസുമിത്രൻേറയും അഗ്നിമിത്രൻേറയും വംശം: ബി. സി. 210_152.

6. രാസഭവംശം: (പഞ്ചാബിലെ മഥുരയിലെ ഗദ്ദഭവംശം) ബി. സി. 152_55.

7. നരവാഹനൻ: (സാകലയിലെ മെന്നന്ദരായ വിക്രമാദിത്യഭോജൻ) ബി. സി. 55_14.

8. ഭട്ടബാണവംശം: (ദക്ഷിണാപഥത്തിലെ ശതവാഹനവംശം) ബി. സി. 14—എ. ഡി. 219.

9. ഗുപ്തവംശം: എ. ഡി. 219_443.

10. കല്ക്കി: (ബുധഗുപ്തൻ) എ. ഡി. 443_484.

'രാജതരംഗിണി'യിൽ ബുധഗുപ്തൻെറ മരണകാലമായി പറഞ്ഞിട്ടുള്ളതു് എ. ഡി. 506 ആണെന്നു ഞാൻ നിണ്ണയിച്ചിട്ടുണ്ടു്. ഗുപ്തചക്രവത്തി എന്ന നിലയിൽ അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള ഏററവും പഴയ

ശാസനത്തിൻെറ കാലം എ. ഡി. 476 എന്നതുമാണ്. ശകകാരരെപ്പററി മുകളിൽ ഉദ്ധരിച്ചിരുന്ന ശ്ലോകപ്രകാരം ബുധഗുപ്തൻ (കൽക്കി) ഉജ്ജൈനിഗവർണർ ആയതിൻെറ കാലം എ. ഡി. 468 ആകുന്നു. അതുകൊണ്ടു ജിനസേനൻ കൽക്കിയുടെ വാഴ്ച്ചാരംഭകാലമായി പറഞ്ഞിട്ടുള്ള എ. ഡി. 443 വാസ്തവത്തിൽ ബുധഗുപ്തൻെറ ജനനകാലമായിരിക്കുമെന്നു നിസ്സംശയം വിശ്വസിക്കാം. കൽക്കിയുടെ വാഴ്ച്ചയ്ക്കു 40 ചാന്ദ്രവർഷം മററു ജയിന ഐതിഹ്യങ്ങൾ നൽകുന്നുണ്ടു്. ഇതു 39 സൌരവർഷമാകും. തൻനിമിത്തം എ. ഡി. 468-ൽ ഉജ്ജൈനിയിൽ സ്വതന്ത്രഗവർണർ ആയ ബുധഗുപ്തൻ എ. ഡി. 507-ൽ മരിച്ചിരിക്കുമല്ലോ. കാശ്മീരക്കാരുടെ ചരമകാലത്തിനും ഇതിനും തമ്മിലുള്ള ഒരു കൊല്ലത്തെ വ്യത്യാസം നിസ്സാരമാണുതാനും. ജിനസേനൻെറ കണക്കനുസരിച്ച ചരമകാലമായിവരുന്ന എ. ഡി. 484 വാസ്തവത്തിൽ ബുധഗുപ്തനു പഞ്ചാബും കാശ്മീരവും നഷ്ടപ്പെട്ട കാലമാണ്. ജിനസേനൻ പറഞ്ഞിരിക്കുന്നതു പശ്ചിമഭാരതത്തിൽ പ്രാബല്യം പ്രാപിച്ചിരുന്ന രാജവംശങ്ങളുടെ കാലമാണെന്നു പറഞ്ഞിരുന്നതു് ഇവിടെ ഓർക്കണം. ഗുപ്തരുടെ പ്രാബല്യം ഇവിടെ ചീനഹൂണരുടെ അധികാരസ്ഥാപനത്തോടുകൂടി അസ്തമിച്ചു. ഇതിൻെറ കാലമാണ് എ. ഡി. 484 എന്നതു്. ചീനഹൂണരാജാവു തൊരമാണൻ ഈ കൊല്ലത്തിൽ വാഴ്ച ആരംഭിച്ചു എന്നു് അദ്ദേഹത്തിൻെറ ഏറാൻശിലാവരാഹശാസനം സൂചിപ്പിക്കുന്നുമുണ്ടു്.

ചീനപ്പൂന്നൂപൻ തൊരമാണെന്നെ ശൂരസേനവര്‍ഗ്ഗക്കാരുടെ നഗരമായിരുന്ന മഥുരയിലെ (ത്സങ്ങ്-മാഘിയാനയിലെ) നീപവംശജൻ സുഷേണനാക്കി 'രഘുവംശ'ത്തിലെ ഇന്ദുമതീസ്വയംവരവര്‍ണ്ണനയിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇദ്ദേഹത്തെപ്പററിയുള്ള അതിവിജ്ഞാനപ്രദമായ അഞ്ചു ശ്ലോകങ്ങളുടെ പരിഭാഷ ചുവടെ ഉദ്ധരിക്കുന്നു:—

"സുമധുരമിഴി! നീപവംശയജ്വാ-
വമലനിവൻ ഗുണമൊക്കെയിന്നിവങ്കൽ
വിമതനിലകൾപോയ് മൃഗങ്ങൾ സിദ്ധാ-
ശ്രമമതിലെന്നകണക്കിണങ്ങി തമ്മിൽ.

മലയിലിവനെഴും വധുക്കൾ ചാര്‍ത്തും
മലയജവും കഴുകിക്കളിന്ദകന്യ
നിലമഥുരയിലായുമിന്നു ഗംഗാ-
ജലവിലസത്തിര ചേൎന്നപോലെഴുന്നു.

ഗരുഡഭയമിവൻ കളഞ്ഞതിൽ പാ-
പ്പൊരു ഫണി കാളിയനേകിയോരു രത്നം
ഉരുരുചിയൊടു കൌസ്തുഭാങ്കനും ശ്രീ
ചെരുകിടുമാറിവനേന്തിടുന്നു മാറിൽ.

വനജമിഴി! മുദാ വരിച്ചു നീ യൌ-
വനയുതനാമിവനൊത്തു കേളിയാടു
വനമലരണിമെത്ത ചേൎന്നു വൃന്ദാ-
വനഭുവി ചൈത്രരഥാഭമപ്രദേശം.

നനവു മിഴിയിലാന്ന ഗൈരികം നൽ-
കിന മണമാന്ന മിനുത്ത പാറതന്നിൽ
ഘനരസമൊടിരുന്നു കാൺക ഗോവ-
ദ്ധനഗൃഹ ചേൎന്ന മയൂരചാരുനൃത്തം.”

ചീനഹൂണൎക്കു ചെറുകുഷാണരെന്ന പേരുണ്ടായിരുന്നതായും, ഇവർ ശേഷനാഗവംശരായ കുഷാണകുലത്തിന്റെ പിൽക്കാലസന്താനങ്ങളാണെന്നും മുമ്പു പ്രസ്താവിച്ചിരുന്നല്ലോ. ശേഷനാഗനായ അനന്തനു നീലനാഗനെന്നും പേരുണ്ട്. പാതാളനാഥനും, മഹാവിഷ്ണുവിന്റെ തമോമയമായ അംശവുമായ അനന്തൻ നീലവസ്ത്രം ധരിച്ചിരുന്നതായി വിഷ്ണുപുരാണം വൎണ്ണിച്ചിട്ടുള്ളതു് ഇതു സൂചിപ്പിക്കുന്നു. ‘ഹരിവംശം’ ദക്ഷിണപാഞ്ചാലനൃപൻ ദ്രുപതന്റെ പിതാമഹനു നീപനെന്നും, വായുപുരാണവും മത്സ്യപുരാണവും നീലൻ എന്നും പേരിട്ടിട്ടുണ്ട്. പൌരവൻ അജമീഢപുത്രൻ നീലൻ സ്ഥാപിച്ച നീല-നീപവംശക്കാരനാണു് ദ്രുപതൻ. പൌരാണികകാലത്തെ ഈ നീല-നീപവംശത്തിന്റെ പിൽക്കാലസന്തതികളാണു് കുഷാണരും ചെറുകുഷാണരായ ചീനഹൂണരും. ചരിത്രാതീതകാലത്തു നീലനാഗൻ ശേഷന്റെ വംശക്കാരായിരുന്നു ഇവർ. എ. ഡി. 484-നോടടുത്തു ഇവർ ഗുപ്തരാജ്യത്തിന്റെ പശ്ചിമസംസ്ഥാനം ആക്രമിച്ചു് അതിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ കൈവശപ്പെടുത്തി അതിനെ ഉത്തരമഥുരയായിരുന്ന തധങ്ങ്-മാഘിയാനയിൽനിന്നു ഭരിച്ചു വന്നിരുന്നു.

ഇന്നു തധങ്ങ്-മാഘിയാന നില്ക്കുന്നതു പണ്ടത്തെ

യമുന, അഥവാ കാളിന്ദിയായ ജലം നദിയും ചിനാബും തമ്മിൽ കൂടിച്ചേരുന്ന സ്ഥലത്തിനു കുറെ വടക്കുകിഴക്കായി ചിനാബിൻെറ കിഴക്കൻ തീരത്തിലാണ്. ഇൻഡസ് നദിക്കും, ഇതിൻെറ പഞ്ചാബിലെ പ്രധാനപ്പെട്ട അഞ്ചു പോഷകനദികൾക്കും ചരിത്രാതീതകാലംമുതല്ക്ക് ഇന്നുവരെ പല ഗതിഭേദങ്ങൾ വന്നിരുന്നു എന്ന് ഈ ദേശത്തെ ആധുനികസർവ്വേ സ്ഥാപിച്ചിട്ടുണ്ട്. അതുകൊണ്ടു ശ്രീകൃഷ്ണൻെറ കാലംമുതല്ക്കു കാളിദാസൻെറതുവരെ ഉത്തരമഥുരയായ ഝങ്ങ്-മാഘിയാന ജലത്തിനും ചിനാബിനും ഇടയ്ക്കു കാളിന്ദിയായ ജലത്തിൻെറ കിഴക്കേ തീരത്തിൽ നിന്നിരുന്നു എന്നു വിശ്വസിക്കാം. ഇതു നിമിത്തമാണ് ഝങ്ങ്-മാഘിയാനയിൽനിന്നു നാടുവാണിരുന്ന സുഷേണൻെറ നെഞ്ചത്തു പ്രിയമാരുടെ സ്തനങ്ങളിൽനിന്നു പററിയ ചന്ദനക്കുട്ടു കളിന്ദകന്യയായ ജലം നദി കഴുകിക്കളഞ്ഞു എന്നു കാളിദാസൻ വർണ്ണിച്ചിരിക്കുന്നതു്. ഝങ്ങ്-മാഘിയാനയ്ക്കു സമീപമുള്ള ഇന്നത്തെ ഗോജ്രഗ്രാമമാണ് പൌരാണികകാലത്തെ വൃന്ദാവനമുള്ള ഗോവർദ്ധനഗ്രാമമെന്നു മുകളിൽ ചൂണ്ടിക്കാട്ടിയിരുന്നല്ലോ. ഈ കാളിന്ദിയിലെ കാളിയനാണ് ശ്രീകൃഷ്ണനു കാളിദാസൻ പറഞ്ഞിരിക്കുന്ന മണി സമ്മാനിച്ചതും.

പ്രസ്തുത ശ്ലോകങ്ങളിൽ ഒടുവിലത്തേതിൽ പ്രസ്താവിച്ചിട്ടുള്ള ഗോവർദ്ധനഗുഹയിലെ മയൂരനൃത്തകഥ എങ്ങനെ ഉത്ഭവിച്ചു എന്നു വിശദീകരിക്കുന്നതിനു കൽഹണനേയും, താരാനാഥനേയും ആശ്രയിക്കേണ്ടിവരുന്നു. 'രാജതരംഗിണി' കാശ്മീരത്തെ പ്രവരസേനൻ രണ്ടാമൻെറ

വാഴ്ച വർണ്ണിക്കുമ്പോൾ, ഇദ്ദേഹം പരാജിതനാക്കിയ മുമ്മുനി എന്ന രാജാവിനെപ്പററി പ്രസ്താവിക്കുന്നുണ്ട്. ഈ മുമ്മുനിയെ പ്രവരസേനൻ പലതവണ തോല്പിച്ച ബന്ധനസ്ഥനാക്കുകയും, ഒടുക്കം മോചിപ്പിക്കുകയും ചെയ്തിരുന്നു. എന്നിട്ടും തൻെറ മേല്ക്കോയ്മ മുമ്മുനി സ്വീകരിക്കാതെയിരുന്നതുകൊണ്ടു കോപിച്ച പിന്നെയും പ്രവരസേനൻ ഈ രാജാവിനെ തോല്പിച്ച ബന്ധനസ്ഥനാക്കിപ്പാർപ്പിച്ചു. ഒടുക്കം മുമ്മുനിയെ വധിക്കുവാൻ നിശ്ചയിച്ച് അതിന് ഒരുങ്ങിയപ്പോൾ, മുമ്മുനി മയൂരനൃത്തംപോലെയുള്ള ഒരു നൃത്തം നടത്തി. ഇതു കണ്ടു കോപം ശമിച്ച പ്രവരസേനൻ മുമ്മുനിയെ കൊല്ലാതെ ഒരു നടന് ഉചിതമായ സമ്മാനങ്ങൾ നല്കി വിട്ടയയ്ക്കുകയും ചെയ്തു. തൻെറ മാതൃപിതാവായ ബുധഗുപ്തൻെറ പുത്രൻ ഭാനുഗുപ്തനിൽനിന്നു ചീനഹൂണർ ചില ദേശങ്ങൾ കരസ്ഥമാക്കിയപ്പോൾ, അവ വീണ്ടെടുത്തു തൻെറ മാതുലനു കൊടുക്കുവാനായി ചീനഹൂണരോടു പ്രവരസേനൻ പൊരുതതായി ഐതിഹ്യമുണ്ട്. ഇതിൽനിന്നു മുമ്മുനി എന്നതു ചീനഹൂണരാജാക്കന്മാരുടെ ഒരു ബിരുദമാണെന്ന് അനുമാനിക്കാം.

താരാനാഥൻ ചുവടെ ചേർത്തിരിക്കുന്നപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "ശ്രീഹർഷൻെറ പിൻഗാമി തൽപുത്രനും, ആറുവർഷം നാടുവാണവനുമായ ശീലനായിരുന്നു. പൂർവ്വദേശത്തു ചന്ദ്രരാജവംശക്കാർ സിംഹചന്ദ്രൻെറ കാലത്തു വീണ്ടും പ്രാബല്യം പ്രാപിച്ചുവന്നുവെങ്കിലും, ഇവരും ലിച്ഛവിവംശജരായ ഹർഷനും പുത്രനായ വർഷനും

ഒടുക്കം കീഴടങ്ങുകതന്നെ ചെയ്തു. ഇക്കാലത്താണു് ചന്ദ്രഗോമി ജീവിച്ചിരുന്നതു്. ശീലനു പശ്ചിമദേശത്തുണ്ടായിരുന്ന സമകാലീനൻ മമ്മയിലെ അതിപ്രബലനായ രാജാവു വ്യാകുലനായിരുന്നു. വ്യാകുലൻ ശീലനെ തോല്പിച്ചു് ഇദ്ദേഹത്തെക്കൊണ്ടു തൻെറ മേല്ക്കോയ്മ സ്വീകരിപ്പിച്ചു് വ്യാകുലൻ മുപ്പത്തിയാറു വഷം ഭരിക്കുകയും ചെയ്തു.”

താരാനാഥൻ പറഞ്ഞിട്ടുള്ള ശ്രീഹഷൻ ബുധഗുപ്തനും, ശീലനും വഷനും ശീലാദിത്യനെന്നും കുഞ്ജരഘടാവഷനെന്നും ബിരുദങ്ങളുള്ള ഭാനുഗുപ്തനും, സിംഹചന്ദ്രൻ ചംബായിലെ ഗോപീചന്ദ്രൻെറ വംശസ്ഥാപകൻ സിംഹചന്ദ്രനും, മമ്മയിലെ വ്യാകുലൻ ചീനഹൂണരാജാവായ തൊരമാണപുത്രൻ മിഹിരഗുലനുമാണു്. മമ്മ എന്നതു മുമ്മുനി എന്നതിൻെറ ഒരു തിബത്തുഭാഷാരൂപമാണെന്നു വിചാരിക്കാം. ‘രാജതരംഗിണി’ മുമ്മുനിവംശത്തെ മയൂരനൃത്തത്തോടു ഘടിപ്പിച്ചിട്ടുള്ളതുനിമിത്തം മയൂരവാഹനർ (മയൂരപുത്രർ) എന്ന ബിരുദം അവക്കുണ്ടായിരുന്നതായി അനുമാനിയ്ക്കാം. മയൂരൻ എന്നതു മഹാവിഷ്ണുവിൻെറ ഒരു ബിരുദമാണു്. ഒരു അത്ഭുതപക്ഷിയായ ഫിനിക്സ് എന്നതിൻെറ പേരും പ്രാചീന ഈജിപ്തുകാർ മഹാവിഷ്ണുവിനു നല്കിയിരുന്നു. അഞ്ഞൂറുവഷം ജീവിച്ചിരുന്നതിനുശേഷം ഈ പക്ഷി, ചിതയുണ്ടാക്കി അതിൽ ചാടി മരിക്കുമെന്നും, അനന്തരം അതിൻെറ ചാരത്തിൽ നിന്നും പുതിയ ഒരു ഫിനിക്സ് ജന്മംകൊള്ളുമെന്നും കഥയുണ്ടു്. ഒരു അരശ്കല്പമായ അഞ്ഞൂറുവഷംതോറും മഹാ

വിഷ്ണുവിൻെറ ഒരു അവതാരമുണ്ടാകും എന്നതാണ് ഈ കഥ സൂചിപ്പിക്കുന്നത്. മയൂരനാമാവായ മഹാവിഷ്ണുവിന്, പുരാതനറോമക്കാർ മയൂരത്തിൻെറ ലത്തീൻരൂപമായ മവോർസ്, അഥവാ, മാർസ് എന്നും പ്രാചീന ഇതലിയിലെ സൈബൻവർഗ്ഗക്കാരും കാസ്കൻവർഗ്ഗക്കാരും മമ്മേർസ് എന്നും നാമകരണം ചെയ്തിരുന്നു. മമ്മേർസ് എന്ന രൂപത്തിൽ മമ്മ എന്ന പേരിൻെറ ധാതു കാണുകയും ചെയ്യാം. മുകളിൽ വിവരിച്ച പല സംഗതികളിൽനിന്നു ബുധഗുപ്തൻെറ സമകാലീനനായ ചീനഹൂണനൃപൻ മിഹിരഗുലപിതാവു തൊരമാണൻ ആണ് ഇന്ദുമതീസ്വയംവരവർണ്ണനയിലെ മധുരരാജാവു സുഷേണൻ എന്നു സിദ്ധിക്കുന്നു. സുഷേണൻ എന്നതുതന്നെ, മഹാവിഷ്ണുവിൻെറ ഒരു പര്യായവുമാണ്.

പോരെങ്കിൽ, ജന്മവൈരികളായ പല കാട്ടുമൃഗങ്ങളും ശത്രുത കൈവെടിഞ്ഞ് ഒരു സിദ്ധാശ്രമത്തിൽ ഇണങ്ങി വസിക്കുന്നതുപോലെ, തൊരമാണൻെറ രാജ്യത്തിൽ ജന്മശത്രുക്കളായ ചീനഹൂണരും ഗുപ്തപ്രജകളും ഇണങ്ങി പാർത്തിരുന്നുവെന്ന്, ഒന്നാംശ്ലോകത്തിൽ കാളിദാസൻ ധ്വനിപ്പിച്ചിരിക്കയും ചെയ്യുന്നു. തൊരമാണനെ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നതിൽനിന്നു തൻെറ അന്ത്യകാലത്തു കാളിദാസൻ, ത്സുങ്-മാഹ്ലിയാനയിൽപോയി തൊരമാണനെ സന്ദർശിക്കാറുണ്ടായിരുന്നു എന്ന് അനുമാനിക്കാം.

മുകളിൽ പറഞ്ഞിട്ടുള്ള കണക്കുകളിൽനിന്ന്, ശകാരിയായ ബുധഗുപ്തൻ വിക്രമാദിത്യമഹഷൻെറ ആയുഷ്ക്കാ

ലം എ. ഡി. 443_506 എന്നതാണെന്നു സിദ്ധിക്കുന്നുണ്ടല്ലോ. ഇദ്ദേഹത്തേക്കാൾ ഒരു പത്തുപന്ത്രണ്ടു വയസ്സു മൂപ്പുള്ളവനായിരുന്ന കാളിദാസമഹാകവി ഇതുകാരണം, ഉദ്ദേശം എ. ഡി. 430_496 എന്ന കാലത്തു ജീവിച്ചിരുന്നുവെന്നു സംശയമെന്യേ വിശ്വസിക്കുകയും ചെയ്യാം.

# ശുദ്ധിപത്രം

| അശുദ്ധം | ശുദ്ധം | പേജ് | വരി |
|---|---|---|---|
| ജോത്സ്യന്മാരെക്കൊണ്ടു | ജ്യോത്സ്യന്മാരെക്കൊണ്ടു | 1 | 15, 16 |
| "സോടർ" | "സോതർ" | 7 | 10 |
| ഇസൊംബെരസു നദി | ഇസോംബാരസ് നദി | 10 | 2 |
| ശരദണ്ഡാശ | ശരദണ്ഡാംശ്വ | 11 | 14 |
| സവി | സാംവി | 14 | 21 |
| സാൽവരാജധാനീയ നാമങ്ങൾക്കു | സാൽവരാജധാനീ നാമങ്ങൾക്കു | 15 | 11 |
| ഇസ്സന്ധരുടെ | ഇസ്സന്ദരുടെ | 15 | 17 |
| "ടക്കു്" | "ടക്തു്" | 17 | 13 |
| റബ്യൂൽ | റന്വൽ | 20 | 8 |
| "ടക്കു്" | "ടക്തു്" | 20 | 14 |
| നിന്നിരുന്ന | നിന്നിരുന്നു | 20 | 19 |
| നന്ദൻ | നന്നൻ | 25 | 5 |
| കശധ്വജൻ | കേശിധ്വജൻ | 36 | 7 |
| കേൾവാൻ | കേൾക്കുവാൻ | 37 | 5 |
| ബി. സി. 3835-ൽ | ബി. സി. 3101-ൽ | 47 | 15 |
| ചഗ്രഹണങ്ങളേയും | ചന്ദ്രഗ്രഹണങ്ങളേയും | 49 | 12 |
| പീപ്പെറസ്സിൽ | പപ്പൈറസ്സിൽ | 51 | 7 |
| ഗ്രസിതാ മമുഞ്ചതം | ഗ്രസിതാമ മുഞ്ചതം | 54 | 13 |
| പ്രാരംഭത്തിൽ ജീവിച്ചിരുന്ന | പ്രാരംഭത്തിനു മുമ്പു മരിച്ച | 62 | 13 |
| പ്രചരിപ്പിരുന്നതു് | പ്രചരിപ്പിച്ചിരുന്നതു് | 62 | 19, 20 |
| അനന്തരം | അനന്തരാ | 65 | 7 |
| പരമാത്മതാം | പരമാത്മതഃ | 65 | 10 |
| ഉദയഭാന | ഉദകഭാന | 67 | 15 |
| പേരുണ്ടായുള്ള | പേരുള്ളതു | 70 | 25 |
| ഖഡ്ഫിസസ്സ് | കഡ്ഫിസസ്സ് | 105 | 24, 25 |

4251

... Book

വ

| | | | |
|---|---|---|---|
| സിംപുരമായ | സിംഹപുരമായ | 113 | 24 |
| പൈശാലീ | വൈശാലീ | 118 | 5 |
| കാർട്ടൻ | കാർട്ടർ | 120 | 17 |
| എഡസ്സിൻെറ | ഫിഡസ്സിൻെറ | 137 | 11 |
| മേലവാഹനൻെറ | മേഘവാഹനൻെറ | 145 | 1 |
| സാകലരുടെ | സാകലയുടെ | 147 | 8 |
| സമകാലീലനായ | സമകാലീനനായ | 147 | 23 |
| ന്യായഗാസ്ത്രത്തെ | ന്യായശാസ്ത്രത്തെ | 150 | 3 |
| പെരുംചേരൻ | പെരുംചേരൽ | 159 | 5 |
| കേള്ളരവിക്രമാദിത്യഹർഷൻ | കേരളവിക്രമാദിത്യ ഹർഷൻ | 159 | 7 |
| പാരിസ്സിനു | പാരീസ്സിൻെറ പിതാവു പ്രിയാമിനു | 159 | 25 |
| വ്യാഢി | വ്യാഡി | 160 | 12 |
| വൈവസ്വത | സ്വയംഭു | 165 | 14 |
| ലക്കാമണ്ഡൻ | ലക്കാമണ്ഡൽ | 167 | 5, 6 |
| അക്കേയോജി | അക്കേയോളജി | 167 | 10, 11 |
| പഞ്ചംപഞ്ചാശരദ് | പഞ്ചപഞ്ചാശദ് | 179 | 9 |
| ചത്വാരിംശൽ | ചത്വാരിംശൻ | 179 | 10 |
| ദ്വിചത്വാരിംശദേവതഃ | ദ്വിചത്വാരിംശദ്ദേവതാഃ | 179 | 16 |
| എന്നിവർ ബുധഗുപ്തൻെറ | എന്നിവ ബുധഗുപ്തപുത്രൻ | 182 | 18 |
| വിവസ്വാനൊകദ്വീപിൽ | വിവസ്വാനെ ശാക ദ്വീപിൽ | 184 | 10 |
| അവന്നി | അവന്തി | 184 | 15 |
| നരസിംഹഗുപ്തൻ, ബാലാമിത്യൻ | നരസിംഹഗുപ്ത ബാലാദിത്യൻ | 186 | 4 |
| ഭട്ടബാണവംശം: (ദക്ഷിണാപഥത്തിലെ ശതവാഹനവംശം) | ഭട്ടബാണവംശം: | 188 | 17, 18 |
| സൈബയിൻ | സബയിൻ | 195 | 5 |

[library stamp]

4251

~~This is a Bad Book~~

is a Good Book

This is a very fine book.

# സാഹിത്യ
# ഗവേഷണമാല
(ഒന്നാം ഭാഗം)

4251

ഗ്രന്ഥകർത്താ:
എ. ബാലകൃഷ്ണപിള്ള

AMINA BOOK STALL,
TRICHUR-1.

PUBLISHERS:
THE MANGALODAYAM LTD.,
TRICHUR.

1954/1129